ജനകീയ ആസൂത്രണ

പ്രസ്ഥാനം


അധികാരം ജനങ്ങളിലേക്ക്

വികസന റിപ്പോർട്ട് - 1996

മഞ്ഞപ്ര ഗ്രാമ പഞ്ചായത്ത്

68-3

വടക്കുവശം:
അയ്യംപുഴ ഗ്രാമപഞ്ചായത്ത്



1996 ലെ

മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് ഭൂപടം

വടക്കുവശം
അയ്യംപുഴ ഗ്രാമപഞ്ചായത്ത്

വാർഡ് I

വാർഡ് II

വാർഡ് III

വാർഡ് IV

വാർഡ് V

വാർഡ് VI

വാർഡ് VII

വാർഡ് VIII

തെക്കുവശം
കാലടി ഗ്രാമപഞ്ചായത്ത്

കിഴക്കുവശം
കിടങ്ങൂർ ഗ്രാമപഞ്ചായത്ത്

പടിഞ്ഞാറുവശം
മലയാറ്റൂർ ഗ്രാമപഞ്ചായത്ത്

ആമുഖം

നമ്മുടെ ഭരണഘടന പഞ്ചവത്സര പദ്ധതികളുടെ ആസൂത്രണത്തിൽ പഞ്ചായത്ത്‌രാജ് സംവിധാനങ്ങൾക്ക് പങ്കാളിത്തം ഉറപ്പുനൽകുന്നു. 9–ാം പഞ്ചവത്സര പദ്ധതിയുടെ രൂപീകരണത്തിൽ ഈ ചുമതലകൾ നിർവ്വഹിക്കപ്പെടുന്നതിന് ഒട്ടേറെ പ്രായോഗിക തടസങ്ങളുണ്ടെങ്കിലും മുൻ അനുഭവങ്ങൾ ഇല്ലാതെ തന്നെ താഴെ തട്ടിൽ നിന്നും ആസൂത്രണം തുടങ്ങണമെന്നുള്ള നമ്മുടെ സർക്കാരിന്റെ തീരുമാനമാണ്, ആസൂത്രണ പ്രക്രിയ താഴെ തട്ടിൽ നിന്നും ആരംഭിച്ചത്. 9–ാം പദ്ധതിയുടെ അടങ്കലിന്റെ 35–40% തുകയ്ക്ക് വരുന്ന സ്കീമുകൾ പഞ്ചായത്ത് തലത്തിൽ രൂപപ്പെടുത്തി എടുക്കുക മാത്രമല്ല പുതിയ ഒരു വികസന സംസ്കാരം വളർത്തിയെടുക്കുക എന്നതാണ് ലക്ഷ്യം. 1996 ജൂലൈയ് 14ന് ചേർന്ന സംസ്ഥാന പ്ലാനിംഗ് ബോർഡ് യോഗമാണ് ആസൂത്രണ വികേന്ദ്രീകരണം സംബന്ധിച്ച തീരുമാനമെടുത്തത്. ഇതിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാർ 9–ാം പദ്ധതി "വികേന്ദ്രീകരണവും ജനപങ്കാളിത്തവും ബഹുജനപ്രസ്ഥാനം" എന്ന സർക്കാർ വിജ്ഞാപനം GO (MS) 10/96/Plg 30–7–96 ൽ പുറപ്പെടുവിച്ചു. ഈ ഉത്തരവ് പ്രകാരമാണ് ജനകീയ ആസൂത്രണപരിപാടി സംസ്ഥാന ആസൂത്രണ ബോർഡ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി ചിങ്ങം 1 ന് സംസ്ഥാന വ്യാപകമായി എല്ലാ പഞ്ചായത്ത്–മുൻസിപ്പൽ പ്രദേശത്തും ക്യാമ്പയിൻ ഉദ്ഘാടനം ചെയ്യപ്പെട്ടു. നമ്മുടെ പഞ്ചായത്തിൽ ക്യാമ്പയിൻ ഉദ്ഘാടനം മുൻ നിയമ സഭാ സ്പീക്കർ ശ്രീ. ഏ. പി. കുര്യൻ നിർവ്വഹിച്ചു. തുടർന്ന് ജില്ലാതല പരിശീലനത്തിന് 4 പ്രതിനിധികളെ അയച്ചു. പഞ്ചായത്ത് തലത്തിൽ ഗ്രാമസഭകൾ സംഘടിപ്പിക്കുന്നതിനും ക്യാമ്പയിൻ ഗ്രൂപ്പ് തിരിച്ച് ചർച്ച നടത്തി റിപ്പോർട്ട് ശേഖരിക്കുന്നതിനുമായി ഒന്നാംഘട്ട ഏകദിന ക്യാമ്പ് 21–9–96–ൽ നടത്തി ഇതിൽ 70 പേർ പങ്കെടുത്തു. തുടർന്ന് നടന്ന 8 വാർഡുകളിലെ ഗ്രാമ സഭകൾ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതായിരുന്നു.

ഗ്രാമസഭ പങ്കാളിത്തം

വാർഡ്	വില്ലേജ്	എണ്ണം
I	മഞ്ഞപ്ര	178
II	,,	205
III	,,	102
IV	,,	60
V	,,	158
VI	,,	140
VII	മഞ്ഞപ്ര & തുറവൂർ	128
VIII	മഞ്ഞപ്ര & തുറവൂർ	178

ഗ്രാമസഭകളിൽ വിവിധ നിലവാരത്തിലുള്ള ചർച്ചകൾ നടന്നു. ഓരോ വിഷയത്തിനും ഓരോ ഗ്രൂപ്പ് തിരിച്ച് ചർച്ച നടത്തി. തുടർന്ന് (30–10–96 to 1–11–96) ജില്ലാതല രണ്ടാംഘട്ട പരിശീലനത്തിൽ പഞ്ചായത്ത് പ്രസിഡൻറും സെക്രട്ടറിയും മെമ്പർമാരും പങ്കെടുത്തു. ഗ്രൂപ്പ് ലീഡർമാരുടെയും P. R. P. മാരുടേയും രണ്ടാംഘട്ട ഏകദിന ക്യാമ്പ് 5–11–96 –ൽ വീണ്ടും നടത്തി. ഇതിൽ 63 പേർ പങ്കെടുത്തു. വാർഡുകളിൽ നിന്ന് കിട്ടിയ റിപ്പോർട്ടുകൾ 12 പേപ്പറുകളാക്കി. 12 വിഷയങ്ങൾ വികസന റിപ്പോർട്ടുകളാക്കാൻ 12 ഗ്രൂപ്പുകൾ തിരിച്ചു രൂപം നൽകുകയും വികസന റിപ്പോർട്ട് രൂപീകരിക്കുകയും ചെയ്തു. വികസന റിപ്പോർട്ട് തയ്യാറാക്കാൻ വിവിധ ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥൻമാരുടെ സഹകരണവും, ദ്വീതീയ വിവര ശേഖരത്തിന് സഹായവും കിട്ടിയിട്ടുണ്ട്. കൂടാതെ വിവിധ വാർഡുകൾ കേന്ദ്രീകരിച്ച് പ്രാഥമിക വിവരകണക്കുകൾ ശേഖരിക്കുകയും പഠനപര്യടനങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു.

സാമൂഹിക സാംസ്കാരിക ചരിത്രം

എറണാകുളം ജില്ലയുടെ വടക്ക് കിഴക്ക് അങ്കമാലി ഹൈവെ ജംഗ്ഷനിൽ നിന്നും 6 കി. മീ. കിഴക്ക് ഭാഗത്തായിട്ടാണ് മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. 7.2 ച. കി. മീ. വിസ്തൃതിയുള്ള ഈ പഞ്ചായത്തിനോട് ചേർന്ന് കിടക്കുന്ന തീർത്ഥാടന കേന്ദ്രങ്ങളാണ്, ശ്രീ ശങ്കരാചാര്യരുടെ ജന്മംകൊണ്ട് പവിത്രമായ കാലടിയും, സെ. തോമസിന്റെ പാദസ്പർശംകൊണ്ട് അനുഗ്രഹീതമായ മലയാറ്റൂരും. 8 വാർഡുകളിലായി 4500 ഓളം വീടുകളും 14463 ജനസംഖ്യയും ഉണ്ട്.

ചരിത്രരേഖകളിൽ മഞ്ഞപാറ എന്നുകൂടി പറഞ്ഞുകാണുന്ന ഈ നാടിന്റെ പ്രാചീനത വിളംബരം ചെയ്യുന്നതാണ് പുത്തൂർപ്പള്ളി ക്ഷേത്രഭിത്തിയിലുള്ള "വട്ടെഴുത്ത്" രേഖ.

1756-ൽ കോഴിക്കോട് സാമൂതിരി കൊച്ചിയെ ആക്രമിച്ച് ആലങ്ങാടും, പറവൂരും ഉൾപ്പെടുന്ന ഈ പ്രദേശങ്ങൾ കൈവശപ്പെടുത്തി. നഷ്ടപ്പെട്ട രാജ്യഭാഗങ്ങൾ തിരിച്ചെടുക്കുന്നതിന് കൊച്ചിരാജാവ് തിരുവിതാംകൂർ രാജാവിന്റെ സഹായം അപേക്ഷിച്ചു. യുദ്ധചിലവിന് പുറമെ കരപ്പുറം ദേശവും ആലങ്ങാട്, പറവൂർ എന്നീ സ്വരൂപങ്ങളും അവയുടെ മേലുള്ള സർവ്വ അവകാശങ്ങളും വിട്ടു കൊടുക്കാമെന്ന് കൊച്ചി രാജാവ് വ്യവസ്ഥ ചെയ്തു. അയ്യപ്പൻ മാർത്താണ്ഡവർമ്മ ദളവയുടെയും നേതൃത്വത്തിൽ രണ്ടായി തിരിഞ്ഞ് യുദ്ധം ചെയ്ത് തിരുവിതാംകൂർ സൈന്യം സാമൂതിരിയെ തോൽപ്പിച്ചു. സാമൂതിരിയുടെ അപേക്ഷയനുസരിച്ച് സന്ധിചെയ്യുകയും കൊച്ചി രാജാവുമായുള്ള വ്യവസ്ഥയനുസരിച്ച് കരപ്പുറം ദേശവും, ആലങ്ങാടും, പറവൂരും 1764-ൽ തിരുവിതാംകൂറിനോട് ചേർക്കപ്പെടുകയും ചെയ്തു.

ഈ ഭരണ സംവിധാനത്തിലുണ്ടായ മാറ്റം നിമിത്തം തിരുവിതാംകൂറിനോടു ചേർക്കപ്പെട്ട ആലങ്ങാട് മണ്ഡപത്തിൽ ഉൾപ്പെട്ട പ്രവർത്തിയായി തീർന്ന മഞ്ഞപ്ര. അക്കാലത്ത് പ്രവർത്തിയുടെ ഭരണത്തലവൻ ചന്ദ്രക്കാരനായിരുന്നു. റവന്യൂജുഡീഷ്യൽ അധികാരത്തിന് പുറമെ ക്ഷേത്ര ഭരണാധികാരവും ചന്ദ്രക്കാരനിൽ ആയിരുന്നു. ചന്ദ്രക്കാരന്റെ ഓഫീസ് ഇരുന്ന സ്ഥലത്തിന് ചന്ദ്രപ്പുര എന്നായിരുന്നു നാമധേയം. ആപേരിൽ തന്നെ സ്ഥല നാമം ഇപ്പോഴും നിലനിന്നു പോരുന്നു. മഞ്ഞപ്ര ഗ്രാമ പഞ്ചായത്തിന്റെ പ്രധാന ജംഗ്ഷനുകളിൽ ഒന്നാണ് ചന്ദ്രപ്പുര വില്ലേജ് ഓഫീസ്, ഗ്രാമപഞ്ചായത്ത് ഓഫീസ്, കൃഷിഭവൻ, ഗ്രാമക്ഷേമം ലൈബ്രറി എന്നീസ്ഥാപനങ്ങൾ ചന്ദ്രക്കാരന്റെ ഓഫീസ് സ്ഥിതി ചെയ്തിരുന്ന കോമ്പൗണ്ടിൽ തന്നെ പ്രവർത്തിച്ചുവരുന്നു.

1764-ൽ തിരുവിതാംകൂറിന്റെ വടക്കു കിഴക്കായി സ്ഥിതി ചെയ്തിരുന്നതും വടക്ക് ചാലക്കുടി പുഴയും കിഴക്ക് കൊച്ചി സംസ്ഥാനത്തിന്റെ ഭാഗമായ മലയാറ്റൂരും റിസർവ്വു വനങ്ങളും, തെക്ക് പെരിയാറും പടിഞ്ഞാറ് കൊച്ചി സംസ്ഥാനത്തിന്റെ ഭാഗമായ കാഞ്ഞൂരും കോതകുളങ്ങര പ്രവർത്തിയും ആയിരുന്നു. ഇതിൽ നിന്നും മഞ്ഞപ്ര പ്രവർത്തിയുടെ ഭരണാധികാര മേഖലയുടെ വ്യാപ്തി മനസിലാക്കാവുന്നതാണ്. 1884 വരെ വിജ്ഞാപ്പെടാതെ നിലനിന്ന പ്രവർത്തി കാലടി, മാണിക്യമംഗലം, പിരാരൂർ, മറ്റൂർ, തോട്ടകം ഉൾപ്പെടുന്ന പ്രദേശങ്ങൾ ഉൾക്കൊള്ളിച്ച് മാണിക്യമംഗലം വില്ലേജ് രൂപീകരിക്കപ്പെട്ടു.

1949 ൽ ജനപ്രതിനിധികൾക്ക് ചെറിയ അധികാരങ്ങൾ നൽകി വില്ലേജും യൂണിയൻ രൂപീകരിച്ചതിനെ തുടർന്ന് മഞ്ഞപ്ര പ്രവർത്തി ഉൾപ്പെടുന്ന പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന മഞ്ഞപ്ര വില്ലേജും യൂണിയൻ രൂപീകൃതമാവുകയും പ്രസിഡൻറായി മഞ്ഞപ്ര വടക്കുംഭാഗം കരയിൽ കോളാട്ടുകുടി ഉറുമീസ് ചെറിയാൻ തിരഞ്ഞെടുക്കപ്പെട്ടു. പ്രായപൂർത്തി വോട്ടവകാശം നിയമമായതിന്ശേഷം 1953-ൽ ആദ്യമായി നടന്ന പഞ്ചായത്തു തെരഞ്ഞെടുപ്പിൽ പറയത്തു ഇരവി കൊച്ചുക്കുട്ട മേനോൻ പ്രസിഡൻറായി പത്തുവർഷകാലത്തിനുശേഷം 1963-ൽ നടന്ന തിരഞ്ഞെടുപ്പിനെ തുടർന്ന് നീണ്ട 15വർഷകാലത്തിനുള്ളിൽ മംഗലി മത്തായി വി. വി. ലോനപ്പൻ വടക്കുംഞ്ചേരി, കെ. പി. പൗലോസ് കോളാട്ടുകുടി

എന്നിവർ പ്രസിഡൻറായിരുന്നു. പഞ്ചായത്തുകളുടെ പുനഃസംഘടനയെ തുടർന്ന് 50 ച. മൈൽ വിസ്തീർണ്ണമുണ്ടായിരുന്ന മഞ്ഞപ്ര പഞ്ചായത്തിൽ നിന്നും ആനപ്പാറ, ദേവഗിരി ഭാഗങ്ങൾ തുറവൂർ പഞ്ചായത്തിലേയ്ക്ക് ആക്കുകയും വലിയ തോടിൻറെ കിഴക്കുഭാഗം അയ്യമ്പുഴ പഞ്ചായത്തായും 1980–ൽ രൂപീകരിച്ചു. മഞ്ഞപ്ര വില്ലേജ് മുഴുവൻ ഉൾപ്പെടുന്ന മഞ്ഞപ്ര പഞ്ചായത്ത് എറണാകുളം ജില്ലയിലെ ഏറ്റവും ചെറിയ പഞ്ചായത്ത് ആയിതീർന്നു. 1980-ലെ പഞ്ചായത്ത് തിരഞ്ഞെടുപ്പിനെ തുടർന്ന് വി. കെ. മാത്യു വടക്കുംഞ്ചേരിയും, തുടർന്നു ടി.ഡി. പൗലോസ് തിരുത്തനത്തി എന്നിവർ പ്രസിഡൻറായി. 1988ൽ നടന്ന പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ കാലാവധി അവസാനിച്ചു. 1995 സെപ്റ്റംബർ 30 വരെ ഏ. കെ. ജോസഫ് അരീയ്ക്കൽ പഞ്ചായത്ത് പ്രസിഡൻറ് ആയിരുന്നു. 1994ലെ പഞ്ചായത്ത് രാജ് ആക്റ്റ് അനുസരിച്ച് മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് വനിതാ സംവരണത്തിൽ വരികയും പ്രസിഡൻറായി ശ്രീമതി മേരി ബോസ് തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

നൂറ്റാണ്ടുകളായി ജനവാസകേന്ദ്രമായിരുന്നതും കൊച്ചി രാജ്യത്തിൻറെ ഭാഗമായി പറവൂർ രാജാവിൻറെ ഭരണത്തിൻ കീഴിൽ ആയിരുന്ന ഈ പ്രദേശത്തുനിന്നും പ്രകൃതിക്ഷോഭവും, പകർച്ച വ്യാധിയും മൂലം ജനവാസമില്ലാതായി തീർന്ന സ്ഥലങ്ങളിൽ മതവിശ്വാസികളും സംസ്ക്കാര സമ്പന്നരും, കലാപ്രതിഭകളും ഉണ്ടായിരുന്ന ജനവിഭാഗം അധിവസിച്ചിരുന്നു.

ജീർണ്ണിച്ച് നാശം മോശമായ നിരവധി ഹൈന്ദവ ക്ഷേത്രാവശിഷ്ടങ്ങളും വലിയ തോടിൻറെ കിഴക്കുഭാഗങ്ങളിൽ കാണുന്നതിൽ നിന്നും നമുക്ക് മനസിലാക്കാവുന്നതാണ്. മഞ്ഞപ്ര വില്ലേജിൽ മൂഴിക്കുളം, അട്ടിപ്പേറ് വസ്തുക്കളും നിലനിന്നതിൽ നിന്നും ഈ പ്രദേശത്തിൻറെ ചരിത്രപരമായ സവിശേഷതയും 12–ാം നൂറ്റാണ്ടിൽ കച്ചംകൂടി തീരുമാനമനുസരിച്ച് ഹൈന്ദവരുടെ ആരാധനയ്ക്കായി പണിചെയ്ത പുത്തൂർപ്പള്ളി വിഷ്ണുക്ഷേത്രം മഞ്ഞപ്ര വടക്കുംഭാഗം ജംഗ്ഷനു സമീപമാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിൻറെകീഴിലാണ് ക്ഷേത്രഭരണം ഇപ്പോഴും നടന്നുവരുന്നത്. ക്രൈസ്തവരും, ഹിന്ദുക്കളും ഇടതിങ്ങി താമസിക്കുന്ന ഈ ഗ്രാമ പഞ്ചായത്തിൽ ഊരായ്മ ദേവസ്വം വക കാർപ്പിള്ളിക്കാവ് ക്ഷേത്രവും അമ്പാടത്ത് വക ശ്രീധർമ്മ ശാസ്താ ക്ഷേത്രവും ഉണ്ട്. ക്രിസ്തീയർക്കായി പറവൂർ രാജാവിൽ നിന്നും ദേവാലയം പണിയുന്നതിന് സിദ്ധിച്ച സ്ഥലത്ത് 1401–ൽ സ്ഥാപിക്കപ്പെട്ടതാണ് ഇന്നുകാണുന്ന മാർ സ്ലീവാ ഫൊറോനാ പള്ളി. ക്രിസ്തീയ സഭ ഭിന്നിച്ചതിനുശേഷം കൊല്ല വർഷം 1048–ൽ സ്ഥാപിച്ചതാണ് സെ. ജോർജ് യാക്കോബായ സുറിയാനി പള്ളി. വടക്കുപ്രദേശങ്ങളിലെ ക്രൈസ്തവരും ആരാധനയ്ക്കായി മേരിഗിരി, തവളപ്പാറ എന്നിവിടങ്ങളിൽ ഫൊറോനാ പള്ളിയുടെ കീഴിലുള്ള 2 ദേവാലയങ്ങളും തവളപ്പാറയിൽ യാക്കോബായ പള്ളിയും ഉണ്ട്. മഞ്ഞപ്ര സൗത്തിൽ ക്രൈസ്തവ ദേവാലയം നിർമ്മാണ ഘട്ടത്തിലാണ്. ഇതിനെല്ലാം പുറമെ 2 കോൺവെൻറുകളും കരിങ്ങാലിക്കാട് പുല്ലത്താൻ കവലയ്ക്ക് കിഴക്കുവശം വിശ്വകർമ്മ ഓഫീസ് മന്ദിരങ്ങളും, ന്യൂവിക്ടറിതീയേറ്ററിനു സമീപം N. S. S. ൻറെ മന്ദിരവും സൗത്തിലും വടക്കുംഭാഗത്ത് S. N. D. P. ശാഖാ ഓഫീസുകളും പ്രവർത്തിക്കുന്നു.

ഭൂപ്രകൃതിയും വിഭവങ്ങളും

എറണാകുളം ജില്ലയുടെ വടക്ക് കിഴക്ക് ഭാഗത്തായി ഈ ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നു. 720 ഹെക്ടർ വിസ്തീർണ്ണമാണ് ഉള്ളത് ആലുവ താലൂക്കിലെ അങ്കമാലി വികസന ബ്ലോക്കിൽ ഉൾപ്പെടുന്ന ഈ ഗ്രാമ പഞ്ചായത്ത് മഞ്ഞപ്ര റവന്യൂ വില്ലേജിൽപ്പെടുന്നു. എട്ട് വാർഡുകളുള്ള ഈ പഞ്ചായത്ത് കേരളത്തെ 13 കാർഷിക മേഖലയായി തിരിച്ചിട്ടുള്ളതിൽ സെൻറർ മിഡ് ലാൻറ് സോൺ എന്നിവയിൽ ലാറ്ററേറ്റ് മണ്ണിൽപ്പെട്ടതാണ്. ഈ മണ്ണായതിനാൽ പ്രധാന കൃഷി നെല്ല്, വാഴ, മരച്ചീനി, റബ്ബർ, തെങ്ങ് എന്നിവയാണ്. തെങ്ങാണ് പ്രധാന സസ്യസമ്പത്ത്. വയലോലകളാൽ ചുറ്റപ്പെട്ട് വടക്കുനിന്നും തെക്കുകിഴക്കോട്ടു ചരിവുള്ള ഭൂപ്രദേശമാണ്. ഈ ഭൂപ്രകൃതി അനുസരിച്ച് സമതലങ്ങൾ, ഉയർന്ന സമതലം നെൽപ്പാടങ്ങൾ എന്നിങ്ങനെ മൂന്നായി തിരിക്കാവുന്നതാണ്.

ഭൂപ്രകൃതി മേഖലകൾ	വി. ഹെക്ടറിൽ	%
സമതലം	408	56.6
ഉയർന്ന സമതലം	50	7
നെൽപ്പാടങ്ങൾ	262	36.4
ആകെ	720	100

ഗ്രാമ പഞ്ചായത്തിന്റെ 60% സ്ഥലം ചെങ്കല്ല് ചേർന്ന മണ്ണും 20% കളിമണ്ണും 20% മണൽ കലർന്നതുമായ പശിമരാശിമണ്ണും കൂടിയതാണ്.

കാലാവസ്ഥ

ഈ പ്രദേശം പ്രകൃതിദത്ത സമശീതോഷ്ണ കാലാവസ്ഥകൊണ്ട് അനുഗ്രഹീതമാണ്.

ജലസമ്പത്ത്

പ്രകൃതിദത്തമായ വലിയതോടും ചെറിയ തോടുകളും, കുളങ്ങളും, ചിറകളും, ഉറവുചാലുകളും ഇതിനുപുറമേ ചാലക്കുടി ഇറിഗേഷൻ പ്രോജക്ടിന്റെ മഞ്ഞപ്ര ബ്രാഞ്ച് കനാലുകളും ഉപകനാലുകളും, നീലീശ്വരം നമ്പർ 2 കനാലിന്റെ ടെയിൽലാൻറും, മാറ് ചെറിയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുമാണ് ഈ പഞ്ചായത്തിന്റെ നിലവിലുള്ള ജലസമ്പത്ത്.

പഞ്ചായത്തിലെ പ്രധാന കുളങ്ങളും ചിറകളും.

ക്രമ നമ്പർ	കുളത്തിന്റെ/ചിറയുടെ പേര്	സ്ഥിതി ചെയ്യുന്ന വാർഡ്
1	ആക്കുന്ന് കുളം	I
2	കളരിക്കൽ ചിറ	II
3	മുളരിപ്പാടം ചിറ	II
4	നരിപ്പിള്ളി ചിറ	II
5	കരിങ്ങാലിക്കാട് ചിറ	III
6	കോഴികുളം	IV
7	തൃപ്പൻ ചിറ	V
8	പുത്തൂർപ്പിള്ളി ചിറ	VI
9	നരിക്കുഴി ചിറ	VI
10	കാറാപ്പാടം ചിറ	VI
11	തേവർപ്പാടം ചിറ	VI
12	മേരിഗിരി ചിറ	VII
13	ചക്കിങ്ങൽ ചിറ	VIII

(ഇതിനുപുറമെ നിരവധി സ്വകാര്യ കുളങ്ങളും നിലവിലുണ്ട്.)

നിലവിലുള്ള ഡാമുകൾ

ക്രമ നമ്പർ	ഡാമിന്റെ പേര്	സ്ഥിതി ചെയ്യുന്ന വാർഡ്
1	മുരിങ്ങേടത്തുപാറ	VII
2	ഒഴുപ്പിള്ളി	VII
3	കോതായ്	V
4	കൈതക്കാ	V

തോടുകൾ

1 വലിയ തോട് (3.കി. മീ. നീളം) — I, III, V, VII എന്നീ വാർഡുകളിൽ കൂടി കടന്നു പോകുന്നു.

2 നരിക്കുഴി, ചിറക്കാമറ്റം തോട് (4 കി. മീ. നീളം) — I, II, III, Iv, vi, viii എന്നീ വാർഡുകളിൽ കൂടി കടന്നുപോകുന്നു.

മുകളിൽ പറഞ്ഞിട്ടുള്ള ജലസമ്പത്തുകൾ ഉണ്ടെങ്കിലും ഗ്രാമ പഞ്ചായത്തിന്റെ മിക്കഭാഗങ്ങളിലും ജനുവരി മുതൽ ജൂൺ വരെ ജലദൗർലഭ്യമുണ്ട്. VII, VIII എന്നീ വാർഡുകളിൽ ഈ കാലയളവിൽ രൂക്ഷമായ ജല ദൗർലഭ്യം അനുഭവപ്പെടുന്നു. ഗ്രാമ പഞ്ചായത്തിൽ കൂടി കടന്നുപോകുന്ന മഞ്ഞപ്ര ബ്രാഞ്ച് കനാലിൽ ഡിസംബർ മുതൽ ജൂൺ വരെയുള്ള കാലയളവിൽ വെള്ളം വരാത്തതിനാലാണ് ഈ വരൾച്ച അനുഭവപ്പെടുന്നത്.

കൃഷിയും ജലസേചനവും

ആർഷഭാരതത്തിൽ കേരളത്തിന്റെ ഏകദേശം മദ്ധ്യഭാഗത്തായി സ്ഥിതിചെയ്യുന്ന പ്രകൃതി സുന്ദരവും ഫലഭൂയിഷ്ഠവുമായ ഒരു ഗ്രാമമാണ് മഞ്ഞപ്ര. വടക്കും കിഴക്കും അതിർത്തികൊണ്ട സഹ്യന്റെ നിബിഡമായ വനങ്ങളാൽ ചുറ്റപ്പെട്ട ഈ ഭൂപ്രദേശം കൃഷിയ്ക്കും അനുബന്ധ തൊഴിലുകൾക്കും പണ്ടുമുതലേ പ്രസിദ്ധമാണ്. നമ്മുടെ മുഖ്യ ആഹാരം നെല്ലരിയായതുകൊണ്ടായിരിക്കണം ഇവിടുത്തെ പ്രധാന കൃഷി നെൽകൃഷി തന്നെയായിരിന്നു. മരച്ചീനി, വാഴ, കമുക്, കുരുമുളക്, എന്നീ കൃഷികളും ധാരാളമായിരുന്നു. ചാമ, പുല്ല്, പയർ, മുതിര, എള്ള് തുടങ്ങിയ ധാന്യവിളകളുടെ കാര്യത്തിലും നമ്മുടെ ഗ്രാമം സമ്പന്നമായിരുന്നു. ചേന, ചേമ്പ്, ചെറുകിഴങ്ങ് കാച്ചിൽ, കൂർക്ക, ചക്ക, മാങ്ങ എന്നിവയെല്ലാം നമുക്ക് സുലഭമായിരുന്നു. എന്നാൽ തെങ്ങ് കൃഷി പണ്ടുകാലത്ത് അത്ര വലിയ പ്രചാരത്തിലായിരുന്നില്ല. ചുരുക്കം ചില വീടുകളുടെ മുറ്റത്തിനുചുറ്റും മാത്രം തെങ്ങുകൃഷി ഒതുങ്ങി നിന്നു. നെൽകൃഷി എന്നാൽ പാടങ്ങളിലും അതിനോടുചേർന്ന മറ്റങ്ങളും, മ്യാൽ എന്നിവിടങ്ങളിലും നെൽകൃഷി വ്യാപകമായി നടത്തിവന്നിരുന്നു. ജലസേചന സൗകര്യങ്ങളൊന്നുമില്ലാതിരുന്ന അക്കാലത്ത് പ്രകൃതിദത്തമായ ജലശ്രോതസുകളും, നീർച്ചാലുകളും, തോടുകളും, ചിറകളും ജലസേചനത്തിന് ഉപകരിച്ചിരുന്നു. തുലാവ്, വേത്ത്, കൈറ കൊട്ട തുടങ്ങിയ മനുഷ്യ ശക്തികൊണ്ട് പ്രവർത്തിപ്പിക്കുന്ന ചെറിയതരം യന്ത്രസംവിധാനവും ജലസേചനത്തിനു ഉപയോഗിച്ചിരുന്നു. കന്നുകാലികളെകൊണ്ട് പ്രവർത്തിപ്പിക്കുന്ന കാളത്തേക്കുകളും അന്ന് നിലവിലുണ്ടായിരുന്നു. മാനത്തെ മഴയെ ആശ്രയിച്ചു മാത്രം നെൽകൃഷി നടത്തി വന്നിരുന്ന മറ്റങ്ങൾ അക്കാലത്ത് ധാരാളമായിരുന്നു എന്ന് മനസിലാകുമ്പോൾ നെൽകൃഷിയ്ക്ക് പൂർവ്വീകന്മാർ കൊടുത്തിരുന്ന പ്രാധാന്യം മനസിലാക്കാവുന്നതേയുള്ളു. കന്നുകാലികളെ പൂട്ടി നിലം ഉഴുത് ശരിയാക്കുന്ന സമ്പ്രദായം മാത്രമായിരുന്നു അന്ന് നിലവിലുണ്ടായിരുന്നത്. കരി, നുകം, ചെരിപ്പ്, ഞൗരി, തൂമ്പ എന്നീ ഉപകരണങ്ങളായിരുന്നു ഉപയോഗിച്ചിരുന്നത്. ഇന്നത്തേപോലെതന്നെ വെത, നടീൽ എന്നിങ്ങനെയായിരുന്നു അന്നും. എന്നാൽ പൊടികൃഷി (വെള്ളത്തിലല്ലാത്ത) എല്ലാം വെതയായിരുന്നു. ചവർ, ചാണകം, ചാരം, എന്നിവയായിരുന്നു ആ കാലഘട്ടത്തിലെ വളപ്രയോഗം. ഉഴവുപാട്ടും, കൊയ്ത്തുപാട്ടും, തേക്കുപാട്ടും നമ്മുടെ ഗ്രാമത്തിന്റെ രോമാഞ്ചമായിരുന്നു. നമ്മുടെ വയലുകളിലും, തോടുകളിലും, മറ്റ് ജലാശയങ്ങളിലും സുഭിക്ഷമായ മത്സ്യ സമ്പത്തിന്റെ കാലഘട്ടമായിരുന്നു അത്. മത്സ്യബന്ധനം ചെറിയ തോതിലെങ്കിലും ഉപജീവനമാർഗമായി സ്വീകരിച്ചിരുന്നവരും ചുരുക്കമുണ്ടായിരുന്നു. കൃഷിയല്ലാതെ മറ്റു തൊഴിലുകൾ വളരെ വിരളമായിരുന്ന അക്കാലത്ത് 90% തൊഴിലാളികളും ഈ മേഖലയിൽ പണിയെടുത്തുപോന്നു. എല്ലാ തൊഴിലിനും നെല്ലായിട്ടായിരുന്നു കൂലി ലഭിച്ചിരുന്നത്. കൃഷിപ്പണികൾ ഇല്ലാത്ത സമയങ്ങളിൽ കർഷകതൊഴിലാളികൾക്ക് അർദ്ധ പട്ടിണിയുടെ കാലഘട്ടമായിരുന്നു. കൃഷിപ്പണികൾക്ക് വരുന്ന മുഴുവൻ തൊഴിലാളികൾക്കും പണി കൊടുക്കുവാൻ കഴിയാത്ത സാഹചര്യം ഉണ്ടായിരുന്നു.

പ്രകൃതിയെമാത്രം ആശ്രയിച്ച് കൃഷി നടത്തിയിരുന്ന അക്കാലത്ത് വെള്ളപ്പൊക്കം വരാച്ച, കൊടുങ്കാറ്റ് എന്നിവ കൃഷികൾക്ക് പ്രത്യേകിച്ച് നെൽകൃഷിക്ക് ഒരു നിത്യ ഭീഷണിയായിരുന്നു. മാത്രമല്ല80% കൃഷിനിലങ്ങളുടെയും ഉടമസ്ഥത മറ്റ് ജന്മിമാർക്കായിരുന്നു. ജന്മിഭോഗവും മറ്റും തീർത്തുകഴിഞ്ഞാൽ കൃഷിക്കാരന് കാര്യമായി ഒന്നും ലഭിച്ചിരുന്നില്ല. മേൽപ്പറഞ്ഞതുപോലുള്ള ഒട്ടേറെപ്രതികൂലഘടകങ്ങൾ ബഹുഭൂരിപക്ഷംവരുന്ന ഇടത്തരം, ചെറുകിട കൃഷിക്കാരെ ഒട്ടേറെ വിഷമിപ്പിച്ചു. എന്നാൽ നമ്മുടെ ഗ്രാമത്തിന്റെ മനസാമീപ്യം കൃഷിയേയും ബന്ധപ്പെട്ട മറ്റ് തൊഴിലുകൾക്കും ഏറെ സഹായകമായിരുന്നിട്ടുണ്ട്. ഈ കാലഘട്ടത്തിൽ തെങ്ങുകൃഷി നമ്മുടെ ഗ്രാമത്തിൽ പുരോഗമിക്കുവാൻ തുടങ്ങി.

ശാസ്ത്രീയമായ കൃഷി രീതികളുടെ ആവിർഭാവം, വളപ്രയോഗം, ജലസേചന സൗകര്യങ്ങൾ, കൃഷിഭൂമിയുടെ ഉടമസ്ഥത കർഷകന് ലഭിച്ചത്, അത്യുൽപ്പാദന ശേഷിയുള്ള വിളകളുടെ രംഗപ്രവേശം, വൈദ്യുതി, യന്ത്രവൽകൃത സൗകര്യങ്ങൾ, പമ്പ് സെറ്റ്, എന്നീ ഘടകങ്ങൾക്ക് കാർഷിക മേഖലയിൽ പ്രത്യേകിച്ച് നെൽകൃഷി രംഗത്ത് ഒരു പുത്തൻ ഉണർവ്വുണ്ടാക്കുവാൻ

കഴിഞ്ഞു. എന്നാൽ ഈ അനുകൂല സാഹചര്യം അധികനാൾ നിലനിന്നില്ല. വളത്തിന്റെയും, മരുന്നും വിലവർദ്ധന, കൂലിവർദ്ധന, സാധനങ്ങളുടെ വിലവർദ്ധന, ഉൽപ്പാദന ചെലവുമായി പൊരുത്തപ്പെടാത്ത ഉൽപ്പന്നവില തുടങ്ങിയ പ്രതികൂല സാഹചര്യങ്ങളും നെൽകൃഷിയിൽ നിന്നും പിൻതിരിയുകയല്ലാതെ ഗത്യന്തരമില്ലാത്ത ചുറ്റുപാടിൽ കർഷകനെ കൊണ്ടെത്തിച്ചു. ഈ കാലയളവിൽ തന്നെ നമ്മുടെ ഗ്രാമത്തിന്റെ ഒരു പ്രധാന കൃഷിയും കർഷകർക്ക് നല്ല ഒരു വരുമാന മാർഗ്ഗവുമായിരുന്ന കമുക് കൃഷി പലവിധത്തിലുള്ള രോഗങ്ങളാൽ ക്ഷയിക്കുവാൻ തുടങ്ങി ചുരുങ്ങിയ കാലയളവിനുള്ളിൽ ആ കൃഷി ഏക്കദേശം പൂർണ്ണമായും നശിച്ചുകഴിഞ്ഞു. ഈ പരിതസ്ഥിതിയിൽ തെങ്ങ്, കുരുമുളക്, റബ്ബർ തുടങ്ങിയ തോട്ടവിളകളിൽ കർഷകർ കൂടുതൽ ശ്രദ്ധിക്കുവാൻ തുടങ്ങി നെൽകൃഷി ചെയ്തിരുന്ന പുരയിടങ്ങളും മാത്രമല്ല നെൽവയലുകളും മേൽപ്പറഞ്ഞ കൃഷിത്തോട്ടങ്ങളായി മാറി. ഈ കാലയളവിനുള്ളിൽ തന്നെ ഓരോ വർഷവും വിത്തിടുമ്പോഴും കാർഷിക മേഖലയിൽ നിന്നും കർഷകർ അപ്രത്യക്ഷമായിക്കൊണ്ടിരുന്നു. നെൽവയലുകളുടെ വിസ്തൃതി ഗണ്യമായി കുറഞ്ഞു. ഇപ്പോഴും അപകടകരമായി കുറഞ്ഞുകൊണ്ടിരിക്കുന്നു. തൻമൂലം ഭാവിയിൽ സംഭവിക്കുവാൻ പോകുന്ന ദൂരവ്യാപകമായ പ്രത്യാഘാതങ്ങളും നിസാരമായി തള്ളിക്കളയാവുന്നതല്ല.

തുടർന്ന് തെങ്ങ് കൃഷിയോട് അതിരറ്റ ആഭിമുഖ്യം പ്രദർശിപ്പിച്ച കർഷകർ കേരളത്തിൽ ഒരു കേരവിപ്ലവം തന്നെ സൃഷ്ടിച്ചു. അത്യുൽപ്പാദന ശേഷിയുള്ള തെങ്ങിനങ്ങളുടെ രംഗപ്രവേശവും ഈ രംഗത്ത് ചലനമുണ്ടാക്കി. താഴത്തെതട്ടിലുള്ളവർ തുടങ്ങി വൻകിടക്കാർ വരെ തെങ്ങുകൃഷിയുടെ ഗുണഭോക്താക്കളായി മാറി. എല്ലാ തെങ്ങുകർഷകരുടെയും സാമ്പത്തികമായ വളർച്ചയിലും നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തീക വികസനത്തിലും കേരകൃഷി ഒരു നിർണ്ണായക ഘടകമായിത്തീർന്നു. ഭേദപ്പെട്ട ഉൽപ്പാദനം, ന്യായമായ വില, എല്ലാമായി പൊരുത്തപ്പെടുന്ന ഉൽപ്പാദനചെലവ് എന്നിവയെല്ലാം അനുകൂലഘടകങ്ങളായിരുന്നു. നമ്മുടെ ഗ്രാമത്തിലെ തെങ്ങുകൃഷിക്കാരുടെ ജീവിത നിലവാരത്തിലും ആ കാലഘട്ടം ഒരു നല്ലകാലം തന്നെയായിരുന്നു.

എന്നാൽ അധികം വൈകാതെ തന്നെ മേൽ പറഞ്ഞ കൃഷിപ്രതിസന്ധിയെ നേരിട്ടു തുടങ്ങി വേരുചീയൽ, കാറ്റ്വീഴ്ച ഓല മഞ്ഞളിപ്പ് എന്നീ പേരുകളിൽ അറിയപ്പെടുന്ന മാരകരോഗങ്ങളും കേരകൃഷിയെ ബാധിക്കുകയും ദ്രുതഗതിയിൽ തെങ്ങുകളെ ബാധിച്ച് നശിപ്പിക്കുകയും ചെയ്തു. ഈ രോഗത്തിനെതിരെ നാളിതുവരെ ഫലപ്രദമായി ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ലാത്ത സാഹചര്യത്തിൽ നമ്മുടെ ഗ്രാമത്തിൽ ചുരുങ്ങിയത് 80% തെങ്ങുകളും മേൽപ്പറഞ്ഞ രോഗത്തിന്റെ പിടിയിൽ അമർന്നുകഴിഞ്ഞു. തേങ്ങവില യിൽ വന്ന വിലയിടിവും കൂടിയായപ്പോൾ കേരകൃഷിക്കാരന്റെ അവസ്ഥ കൂനിന്മേൽ കുരു പോലെയായി. തെങ്ങുകൃഷിയും ഈ സാഹചര്യത്തിൽ വംശനാശം നേരിടുന്ന അവസ്ഥയിൽ എത്തി നിൽക്കുന്നു.

കുരുമുളക്: വിദേശിയർ കറുത്ത സ്വർണ്ണം എന്ന് വിശേഷിപ്പിച്ചിരുന്ന കുരുമുളക് പണ്ടു മുതലേ നമ്മുടെ ഗ്രാമത്തിലെ ഒരു പ്രധാനവിളയായിരുന്നു. വലിയ അദ്ധ്വാനശേഷിയൊ, സാമ്പത്തീക ബാദ്ധ്യതയൊ ഇല്ലാത്ത ഈ കൃഷി നമ്മുടെ ഗ്രാമത്തിന്റെയും, സംസ്ഥാനത്തിന്റെയും സാമ്പത്തീക വളർച്ചയ്ക്ക് ഗണ്യമായ സംഭാവന നൽകിയിട്ടുണ്ട്. ഒരുകാലത്ത് ഒരു മുളക്കൃഷി കൊണ്ട് ഗണ്യമായ സാമ്പത്തീകനേട്ടം കൈവരിക്കുവാനും കർഷകർക്ക് കഴിഞ്ഞിട്ടുണ്ട്. ഒരുകാലത്ത് വിദേശനാണ്യം നേടിത്തരുന്നതിൽ കുരുമുളക് ഒന്നാം സ്ഥാനത്തായിരുന്നു. എന്നാൽ പിൽക്കാലത്ത് സംഭവിച്ച വിലനിലവാര തകർച്ചയും ഈ കൃഷിയെ ബാധിച്ച ദ്രുതവാട്ടം, സാവധാനവാട്ടം എന്നീ രോഗങ്ങളും കുരുമുളക് കൃഷിയേയും പ്രതിസന്ധിയിലാക്കി. ഈ കൃഷിയും കുറഞ്ഞ് കുറഞ്ഞ് ഇപ്പോൾ ശുഷ്കമായ അവസ്ഥയിലാണ്

റബ്ബർ: വർഷങ്ങൾക്കുമുൻപ് റബ്ബർ കൃഷി നമ്മുടെ ഗ്രാമത്തിൽ വളരെ വിരളമായിരുന്നു. പൂർവ്വകാല കൃഷിയുടെ ചരിത്രത്തിൽ റബ്ബർ നമുക്ക് ഒരു അസുലഭ വസ്തുവായിരുന്നു. എന്നാൽ മറ്റു കൃഷികളെല്ലാം വിവിധ കാരണങ്ങളാൽ പരാജയപ്പെട്ട സാഹചര്യത്തിൽ റബ്ബർ കൃഷി വളരെ വേഗതയിൽ തന്നെ നമ്മുടെ ഗ്രാമത്തിൽ വികസിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ പുരയിടങ്ങളിലെ മറ്റു പലതരം കൃഷികളും റബ്ബറിനുവേണ്ടി വഴിമാറികൊണ്ടിരിക്കുന്നു. തോട്ടകൃഷി എന്ന നിലയിൽ നിന്ന് ചെറിയ തുണ്ട് ഭൂമിപോലും ഇന്ന് റബ്ബർകൃഷി ചെയ്തുവരുന്നു. "പട്ടമരപ്പ്" എന്ന പ്രതിവിധിയില്ലാത്ത രോഗവും, കാറ്റ് മൂലമുണ്ടാകുന്ന മരം മറിയലും, ഒടിയലും റബ്ബറിന് ഒരു ഭീഷണിയാണെങ്കിലും ഇപ്പോഴത്തെ നിലയിൽ റബ്ബർ കൃഷി സാമാന്യം ലാഭകരമാണ് എന്നു പറയാം.

ഇന്നത്തെ വിളയെ സംബന്ധിച്ച്

കാർഷിക മേഖലയിൽ പോയ കാലഘട്ടത്തെ അപേക്ഷിച്ച് **വിളകളുടെ** കാര്യത്തിലും മറ്റും വലിയ മാറ്റങ്ങൾ വരുത്തിയിരിയ്ക്കുന്നു. പണ്ട് നമ്മുടെ ഉല്പന്നങ്ങളായിരുന്ന ചാമ, മുതിര, പുല്ല്, ചിലകിഴങ്ങുവർഗങ്ങൾ എന്നിവയെല്ലാം അപ്രത്യക്ഷമായി. പ്രധാന കൃഷിയായിരുന്ന നെൽ വിത്തിനങ്ങൾ, ചെമ്പാവ്, അതിയൻ, ഓണോട്ടൻ, തകര, ആര്യൻ, പാണ്ടി, രാജമേനി, ഇട്ടികണ്ടപ്പൻ തുടങ്ങിയ പോഷക മൂല്യമുള്ള ഇനങ്ങളും തിരോധാനം ചെയ്തു. പകരം അത്യുൽപാദനശേഷിയുള്ള I. R. 8, I. R. 20, ജയ, കഞ്ചർ 28, ജ്യോതി, രമ്യ എന്നിങ്ങനെ ഒട്ടേറെ വിത്തിനങ്ങൾ ഇപ്പോൾ പ്രചാരത്തിലുണ്ട്. പക്ഷെ നെൽകൃഷി പണ്ടത്തെക്കാൾ ചുരുങ്ങിയത് 60% എങ്കിലും കുറഞ്ഞുപോയിട്ടുണ്ട്. തെങ്ങിൻ തൈകൾ പ്രധാനമായും ആരക്കുഴത്തൈ, പടിഞ്ഞാറൻതൈ, നാടൻതൈ എന്നിങ്ങനെയുള്ള ഇനങ്ങളിൽ നിന്നും ടി×ഡി, ഡി×ടി, കുറ്റ്യാടി, ലക്ഷദ്വീപ് തുടങ്ങി ഒട്ടേറെ അത്യുൽപ്പാദനശേഷിയുള്ള ഇനങ്ങൾ രംഗപ്രവേശം ചെയ്തു. കേരകൃഷിയുടെ ഇപ്പോഴത്തെ അവസ്ഥ മുൻ പ്രസ്താവിച്ചിട്ടുണ്ട്. പണ്ട് കാലത്ത് കമുക് കൃഷിയിൽ നമ്മുടെ ഗ്രാമം ഒരുവിധം സമ്പന്നമായിരുന്നു ഒരു ദീർഘകാല വിളയെന്ന നിലയിൽ നമ്മുടെ കാർഷികരംഗത്ത് ഒരു കാലത്ത് കർഷകന് വളരെ സാമ്പത്തിക നേട്ടമുണ്ടാക്കിയിരുന്നു. പക്ഷെ തെങ്ങുകൃഷിയെ ബാധിച്ച വിധത്തിലുള്ള രോഗം ആദ്യമായി പിടികൂടി നശിപ്പിച്ചത് കമുക് കൃഷിയെ ആയിരുന്നു. അത്യുൽപ്പാദന ശേഷിയുള്ള മംഗള തുടങ്ങിയ പുതിയ കമുകിൻ ഇനങ്ങൾ ഇപ്പോൾ രംഗത്തുണ്ടെങ്കിലും കൃഷി ചെയ്ത് കാ ഫലം ആകുമ്പോൾ രോഗം ബാധിച്ച് നശിച്ചുപോകുന്നു. കുരുമുളക് കൃഷിയിൽ പഴയ ഇനങ്ങളായ നാടൻ, തെക്കൻ, എന്നീ ഇനങ്ങളുടെ സ്ഥാനത്ത് പന്നിയൂർ, കരിമുണ്ട തുടങ്ങിയ പുതിയ ഇനങ്ങളും സ്ഥാനം പിടിച്ചു. ഈ കൃഷിയും രോഗത്തിന്റെ പിടിയിലമർന്ന് നശിച്ചുകൊണ്ടിരിക്കുന്നു.

വാഴകൃഷി: പ്രസിദ്ധമായ നേന്ത്രവാഴകൃഷിയിൽ നമ്മുടെ ഗ്രാമം പണ്ടുമുതലേ പ്രസിദ്ധമാണ്. പാളയം കോടൻ, പൂവൻ, കണ്ണൻ, കുഴിപൂവൻ എന്നീ ഇനം വാഴകളും നമ്മുടെ പുരയിടങ്ങളിൽ സുലഭമായിരുന്നു. നേന്ത്രവാഴയിനത്തിൽ പണ്ട് നമ്മുടെ ഗ്രാമത്തിൽ നാടൻ എന്ന ഒരിനം മാത്രമേ ഉണ്ടായിരുന്നുള്ളു. പുരയിടങ്ങളിലും അതുപോലുള്ള പ്രദേശങ്ങളിലും കൃഷിചെയ്തിരുന്ന നേന്ത്രവാഴ ഇപ്പോൾ പാടങ്ങളിലും അതിനോടുചേർന്ന പ്രദേശങ്ങളിലേക്കും വ്യാപിച്ചു. പുരയിടങ്ങളിലും മറ്റും ഇപ്പോൾ നേന്ത്രവാഴകൃഷി വിരളമാണ്. മഞ്ചേരി, മേട്ടുപാളയം, മേലൂർവാഴക്കണ്ണ് എന്നീ ഇനങ്ങളും ഇപ്പോൾ സുലഭമായി കൃഷി ചെയ്തുവരുന്നു. പഴയ കുഴിപൂവനോട് സാമ്യമുള്ള "റോബസ്റ്റ" എന്ന പുതിയ ഒരിനം വാഴയും നമ്മുടെ ഗ്രാമത്തിൽ ഇപ്പോൾ പ്രചാരത്തിലുണ്ട്. ഏറെ അദ്ധ്വാനവും, പണച്ചെലവും പരിചരണവും വേണ്ടിവരുന്ന ഈ കൃഷിയിൽ എല്ലാ അനുകൂല ഘടകങ്ങളും ഒത്തിണങ്ങിയാൽ ലാഭകരമായിത്തീരുന്നതാണ്. പലവിധത്തിലുള്ള രോഗ, കീടബാധകളും വാഴകൃഷിയെ ബാധിക്കാറുണ്ട്. വിപുലമായ രീതിയിൽ നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് കൃഷി ചെയ്തുവരുന്ന നേന്ത്രവാഴക്കുലകൾ മറ്റ് സ്ഥലങ്ങളിലേക്കും ഗണ്യമായികയറ്റി അയച്ചുവരുന്നു. നമുക്ക് വിളവെടുപ്പില്ലാത്ത ചുരുക്കം ചില സമയങ്ങളിൽ മാത്രം ചെറിയ തോതിൽ നമ്മുടെ ഗ്രാമത്തിലേക്കും നേന്ത്രക്കുലകൾ ആവശ്യത്തിന് വന്നുകൊണ്ടിരിക്കുന്നു.

മരച്ചീനി: മരച്ചീനി പണ്ടുമുതൽക്കേ നമ്മുടെഗ്രാമത്തിലെ ഒരു പ്രധാന കൃഷിയായിരുന്നു. മരച്ചീനി കൃഷിയില്ലാത്ത ഒരു വീട് അന്ന് നമ്മുടെ ഗ്രാമത്തിൽ ഉണ്ടായിരുന്നുവോ എന്ന് സംശയമാണ്. അരി കഴിഞ്ഞാൽ ഗ്രാമീണരുടെ മുഖ്യ ആഹാരമായിരുന്നു മരച്ചീനി. പാവപ്പെട്ടവരും, ഇടത്തരക്കാരുമായ ബഹുഭൂരിപക്ഷം വരുന്ന ഗ്രാമീണരുടെ ഭക്ഷണത്തിന്റെ 50% ത്തിലധികം പങ്കും മരച്ചീനി നിർവ്വഹിച്ചുപോരുന്നു. വെട്ടിമാടൻ, ഇലമുറിയൻ, പാലായിവെള്ള, വേളാങ്കി, പൊട്ടുവരിയ്ക്ക തുടങ്ങി ഒട്ടേറെ ഇനങ്ങൾ ആകാലത്ത് കൃഷി.ചെയ്തുവന്നു. ജനസംഖ്യ വർദ്ധിക്കുകയും പുരയിടങ്ങളുടെ വിസ്തൃതി ഗണ്യമായി ചുരുങ്ങുകയും മറ്റു കൃഷികൾ പുരയിടങ്ങളിൽ ആധിപത്യം നേടുകയും മൂഷികശല്യം വർദ്ധിക്കുകയും ഒക്കെ ആയപ്പോൾ പുരയിടങ്ങളിൽ നിന്നും ഈ കൃഷി ഏറെക്കുറെ പൂർണ്ണമായും നാമാവശേഷമായി. കഴിഞ്ഞ ഒരിടവേളയിൽ ഈ കൃഷി ശുഷ്കമായെങ്കിലും ചുരുങ്ങിയ കാലയളവിൽ വീണ്ടും പുരോഗമിച്ചു വരുന്നു. നമ്മുടെ പാടശേഖരങ്ങളിലും അതിനോടുചേർന്ന പ്രദേശങ്ങളിലും 6 മാസക്കപ്പ, വേളാങ്കി എന്നീ ഇനങ്ങളും വ്യാപകമായി കൃഷി ചെയ്തുവരുന്നു. മുൻകാലങ്ങളെപ്പോലെ മരച്ചീനിയും ഇപ്പോൾ നമ്മുടെ ഗ്രാമത്തിൽ നിന്നും പുറത്തേയ്ക്ക് കയറ്റിപ്പോകുന്നു. ചില പ്രത്യേക സമയങ്ങളിൽ നമ്മുടെ ഗ്രാമത്തിലേക്കും മരച്ചീനി വരുന്നുണ്ട്.

മേൽപറഞ്ഞ കൃഷിരീതി ആധിപത്യം പുലർത്തിയിരുന്ന നമ്മുടെ പുരയിടങ്ങളിൽ ഇടയ്ക്കുവന്ന കുടിയേറക്കാരാണ് ജാതി, ഗ്രാമ്പു, കൊക്കൊ തുടങ്ങിയ ഉൽപ്പന്നങ്ങൾ. ജാതിയ്ക്കയ്ക്ക് ഒരു കാലത്ത് സാമാന്യം നല്ല വില കിട്ടിയിരുന്നു. എന്നാൽ ഇപ്പോഴത്തെ നില ആശാവഹമല്ല. ഒരു കൊക്കൊ വിപ്ലവത്തിലൂടെ രംഗത്തുവന്ന കൊക്കൊ കൃഷിയുടെ പതനവും പെട്ടന്നായിരുന്നു. കൊക്കൊകൃഷിയും ഏറെക്കുറെ അപ്രത്യക്ഷമായികഴിഞ്ഞു. ഇവിടങ്ങളിലെല്ലാം ഇപ്പോൾ റബ്ബർ കുടിയേറ്റം തുടരുകയാണ്. ജാതികൃഷിയും ഇപ്പോൾ വിലയിടിവ് മൂലം പ്രതിസന്ധി നേരിടുകയാണ്.

പച്ചക്കറി, പൈനാപ്പിൾ: നമ്മുടെ നെൽപ്പാടങ്ങളിലും അനുയോജ്യമായ മറ്റു സ്ഥലങ്ങളിലും വികസിച്ചുകൊണ്ടിരിക്കുന്ന ഒന്നാണ് പച്ചക്കറി കൃഷി. നമ്മുടെ പുരയിടങ്ങളിലും മറ്റും പാവൽ, പടവലം, വെള്ളരി, കുമ്പളം, പയർ, ചീര, കൂർക്ക എന്നിവ പണ്ടുമുതൽ കൃഷിചെയ്തുവന്നിരുന്നു എങ്കിലും ഇതുപോലെ വലിയ തോതിൽ അന്ന് കൃഷി ചെയ്തിരുന്നില്ല. പച്ചക്കറി വിത്തിനങ്ങളിൽ ഗുണമേന്മയുള്ള പുതിയ വിത്തുകൾ ഇപ്പോൾ സുലഭമാണ്. ഒട്ടേറെ കീട, രോഗ ബാധകളുടെ ആക്രമണം നേരിടുന്ന ഈ കൃഷിയ്ക്ക് സാമ്പത്തീക ചെലവുകളും, മനുഷ്യ പ്രയത്നവും, പരിചരണങ്ങളും നല്ലതുപോലെ വേണ്ടിവരും. ജലസേചനം, കാലാവസ്ഥ തുടങ്ങിയ അനുകൂല ഘടകങ്ങൾ നേരെയായാൽ പച്ചക്കറി കൃഷി ലാഭകരമാണെന്ന് പറയുന്നു. വിളവെടുപ്പ് സീസണുകളിൽ ധാരാളം പച്ചക്കറി നമ്മുടെ ഗ്രാമത്തിൽ നിന്നും പുറംമാർക്കറ്റുകളിൽ വിൽപ്പന നടത്തുന്നു. പൈനാപ്പിൾ കൃഷിയും ഇപ്പോൾ നമ്മുടെ ഗ്രാമത്തിൽ വികസനം പ്രാപിച്ചുവരുന്നു. പച്ചക്കറി, പൈനാപ്പിൾ കൃഷികൾ പ്രധാന തൊഴിലായി സ്വീകരിച്ചിട്ടുള്ളവരും നമ്മുടെ ഗ്രാമത്തിൽ ചുരുക്കമല്ല.

സമീപകാലത്ത് വന്നമാറ്റം ഇന്നത്തെ നില:

കർഷിക വിളകളുടെ കാര്യത്തിലും മറ്റും സമീപ കാലത്ത് വന്ന മാറ്റങ്ങളെ സംബന്ധിച്ച് മുൻ പ്രസ്താവിച്ചുവല്ലൊ. നെൽകൃഷി മേഖലയിൽ ഉഴവ് നടത്തുന്നതിന് ഏറെക്കുറെ പൂർണ്ണമായും യന്ത്രവൽക്കരണം നടപ്പിലായിക്കഴിഞ്ഞു. എന്നാൽ മറ്റുപണികൾക്ക് പ്രത്യേകിച്ച് കൊയ്ത്തിന് ആളെ കിട്ടുവാൻ ഇന്ന് വളരെ ബുദ്ധിമുട്ടായിരിക്കുന്നു. മറ്റു തൊഴിലുകൾ തേടിയുള്ള പോക്ക്, പാർപ്പിട പ്രശ്നം, ചെറുകിട-വൻകിട വ്യവസായ സംരംഭങ്ങൾ, മറ്റ് സംരംഭങ്ങൾ എന്നിവമൂലം ഭൂമിയിന്മേലുള്ള സമ്മർദ്ദം ഏറിവരുന്നു. ഈ സാഹചര്യത്തിൽ നെൽവയലുകളും, മറ്റ് കൃഷിയിടങ്ങളും മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി രൂപപ്പെട്ടുവരുന്നു. കാർഷിക മേഖലയുടെ തകർച്ച മൂലം അതിനോടുള്ള വിരസതയും അമിതമായ ലാഭേഛയും നിമിത്തം ഫലഭൂയിഷ്ഠമായ നമ്മുടെ കൃഷിയിടങ്ങൾ, ഇഷ്ടിക നിർമ്മാണം, മെറ്റൽ ക്രഷർ, മറ്റു വ്യവസായ സംരംഭങ്ങൾ, കച്ചവട സ്ഥാപനങ്ങൾ എന്നിവയുടെ കടന്നാക്രമണത്തിൽപ്പെട്ട് പിടയുകയാണ്. മേൽപ്പറഞ്ഞ വ്യവസായ സ്ഥാപനങ്ങളോട് ചേർന്നുള്ള കൃഷിക്കാരും ഗത്യന്തരമില്ലാതെ തങ്ങളുടെ നിലങ്ങൾ വിട്ടൊഴിഞ്ഞുപോകുന്നു. തന്മൂലം ശുദ്ധവായു, ശുദ്ധജലം, എന്നിവയുടെ ലഭ്യത നഷ്ടപ്പെട്ട് അന്തരീക്ഷ മലിനീകരണം, ജലമലിനീകരണം, വരൾച്ച, വെള്ളപ്പൊക്കം തുടങ്ങിയ പ്രശ്നങ്ങളും പരിസ്ഥിതി പ്രശ്നങ്ങളും രൂക്ഷമായി തീരുന്നു. ഈ നില ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. മേൽപ്പറഞ്ഞതിന്റെയെല്ലാം പ്രത്യാഘാതമെന്നവണ്ണം കൃഷി പണി അറിയാവുന്നവരുടെയും പണി ചെയ്യുന്നവരുടെയും എണ്ണം കുറഞ്ഞു വരുന്നു. പുതിയ തലമുറ രംഗപ്രവേശം ചെയ്യാത്തതുമൂലം പിൻതുടർച്ചക്കാരില്ലാതെ അനന്തവിദൂര ഭാവിയിൽ ഈ മേഖല "പൂരം കഴിഞ്ഞ പൂരപ്പറമ്പ്" പോലെ ആകാനാണ് സാദ്ധ്യത. ഇപ്പോഴത്തെ ഈ ദുരവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തേണ്ടിയിരിക്കുന്നു.

ഈ മേഖലയിലെ വികസന പ്രശ്നങ്ങളെ സംബന്ധിച്ച്:

കാർഷീക മേഖലയുടെ നവോത്ഥാനത്തിന് അടിയന്തിരമായി തുടക്കം കുറിയ്ക്കേണ്ടിയിരിയ്ക്കുന്നു വർഷങ്ങളായി എല്ലാ പ്രതികൂല സാഹചര്യങ്ങളോടും ഏറ്റുമുട്ടി അദ്ധ്വാനിച്ചിട്ടും എല്ലാ മേഖലകളിലും പിൻതള്ളപ്പെട്ട് ഒരു തരം അപകർഷതാ ബോധത്തോടെ കഴിഞ്ഞു കൂടുന്ന കർഷകർക്ക് ഭാവിയെക്കുറിച്ച് പ്രതീക്ഷയ്ക്ക് വകനൽകുന്ന ഒരു രംഗമായി കാർഷീക വൃത്തിമാറേണ്ടിയിരിക്കുന്നു. കൂടാതെ അഭ്യസ്തവിദ്യരായ യുവതി യുവാക്കളെ ഈ രംഗത്തേയ്ക്ക് ആകർഷിക്കുകയും വേണം. അതിന് എല്ലാ കൃഷികളും ലാഭകരമായി തീരുന്ന ഒരു സാഹചര്യം സൃഷ്ടിച്ചേ പറ്റൂ. കുറച്ച് അദ്ധ്വാനിക്കുകയും കൂടുതൽ സുഖമായി ജീവിക്കുകയും ചെയ്യുന്ന മറ്റ് മേഖലകളിലുള്ളവരെ പോലെ

തന്നെ എല്ലാ കൃഷിക്കാരനും സമൂഹത്തിൽ മാന്യമായി ജീവിക്കുവാനുള്ള ഒരു പരിതസ്ഥിതി ഉണ്ടായേ പറ്റൂ. തൊഴിൽ ചെയ്ത് ജീവിക്കുന്നതിനോട് യുവതലമുറയ്ക്ക് ഇന്നുള്ള മനോഭാവവും മാറേണ്ടിയിരിക്കുന്നു. അവരുടെ തെറ്റിദ്ധാരണകളും തീർക്കുവാൻ ശരിയായ ബോധവത്ക്കരണം നടത്തേണ്ടതും അത്യാവശ്യമാണ്. എല്ലാ കൃഷികളും ലാഭകരമാക്കുന്നതിന് ജലസേചനസൗകര്യം, ഗുണമേന്മയുള്ള വിത്തിനങ്ങളുടെ ലഭ്യത, മിതമായ വിലക്ക്വളം, കീടനാശിനി തുടങ്ങിയ എല്ലാറ്റിന്റേയും ലഭ്യത വെള്ളപ്പൊക്കം, വരൾച്ച തുടങ്ങിയ പ്രകൃതി ക്ഷോഭങ്ങളിൽ നിന്നുള്ള സംരക്ഷണം, തക്കസമയത്തുവേണ്ട വിദഗ്ദ ഉപദേശങ്ങൾ, ഉൽപ്പന്നങ്ങൾക്ക് ലാഭകരമായ വില എന്നിവ അടിയന്തിര പ്രാധാന്യമുള്ള ഘടകങ്ങളാണ്. അതുപോലെ തന്നെ നമ്മുടെ ഗ്രാമീണ സൗന്ദര്യത്തേയും, കാർഷിക മേഖലകളേയും, ശ്വാസംമുട്ടിച്ചു കൊല്ലുന്ന അമിതമായ വ്യവസായ വൽക്കരണത്തേയും അതുപോലുള്ള പ്രവർത്തനങ്ങളേയും ശക്തമായി നിയന്ത്രിച്ചേ പറ്റൂ. നമ്മുടെ കൃഷിഭൂമികൾ അതേപടി നിലനിർത്തി ഓരോ പ്രദേശത്തെ മണ്ണിന്റേയും മറ്റ് അനുകൂല ഘടകങ്ങളുടേയും ലഭ്യതയനുസരിച്ച് അതാതിടങ്ങളിൽ അനുയോജ്യമായ വിവിധയിനം കാർഷിക വിളകൾ ഉൽപ്പാദിപ്പിച്ച് പരമാവധി ഉൽപ്പാദനം വർദ്ധിപ്പിക്കാവുന്നതാണ്. കാർഷിക ഉൽപ്പന്നങ്ങളിൽ അധിഷ്ഠിതമായ ഒരു വ്യവസായനയത്തെക്കുറിച്ചും നാം ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു. ഇത് കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനും ഉൽപ്പാദനക്ഷമത വർദ്ധിക്കുന്നതിനും ഇടവരുത്തും. ചുരുക്കത്തിൽ കർഷകന് അതിന്റെ വിളകളെ സംബന്ധിച്ച് ഒരു സുരക്ഷാബോധവും ഭാവിയെ സംബന്ധിച്ച് ഒരു പ്രതീക്ഷയും ഉണ്ടാകേണ്ടതാണ് അനിവാര്യമാണ്.

നിലവിലുള്ള ജലസേചന സൗകര്യങ്ങൾ:

കാർഷിക മേഖലയുടെ വളർച്ചയ്ക്കും അനുസ്യൂതമായ പുരോഗതിക്കും അവിഭാജ്യ ഘടകമാണ് ജലം. റബ്ബർ തുടങ്ങി ചുരുക്കം ചില വിളകൾക്കുമാത്രമേ ജലസേചന സൗകര്യം പരിമിതമായി വേണ്ടിവരുന്നുള്ളൂ. മറ്റെല്ലാ പ്രധാന വിളകൾക്കും തക്കസമയത്ത് ജലം അത്യാവശ്യമാണ്. വിളപരിപാലനത്തിന്റെ അടിസ്ഥാന ഘടകങ്ങളിൽ പ്രധാന ഇനമാണ് ജലസേചനം. നമ്മുടെ പഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങൾക്കും ജലസേചന സൗകര്യം ലഭിക്കുന്നതിന് നിലവിലുള്ള ജലസേചന സംവിധാനമായിരുന്നു ചാലക്കുടി ഇടതുകര കനാലിന്റെ മഞ്ഞപ്ര ബ്രാഞ്ചും അതിന്റെ ബ്രാഞ്ചുകളും.

കുറെ വർഷങ്ങൾക്കു മുൻപ് ഈ സംവിധാനം കുറച്ചൊക്കെ തൃപ്തികരമായി പ്രവർത്തിച്ചിരുന്നു അതിന്റെ നേട്ടങ്ങൾ നമ്മുടെ ഗ്രാമത്തിൽ ഒരുകാലത്ത് പ്രതിഫലിച്ചുമിരുന്നു. എന്നാൽ ഈ പദ്ധതി നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് പ്രത്യേകിച്ചും പഞ്ചായത്തിന്റെ തെക്കൻ പ്രദേശങ്ങളിൽ തികഞ്ഞ പരാജയമായി തീർന്നിരിക്കുന്നു മെയിൻ കനാലിന്റെ സ്ട്രാർട്ടിംഗ് പോയിന്റിലുള്ള വലിയ ചോർച്ചയും, വർഷങ്ങളായി കനാൽ മെയിന്റനൻസ് നടത്താത്തതുമാണ് ഇതിന്റെ പ്രധാന കാരണങ്ങൾ. നമ്മുടെ ഗ്രാമത്തിന്റെ മൊത്തം കാർഷീക മേഖലയെ ഇത് ഗുരുതരമായി ബാധിച്ചിട്ടുണ്ട്. നമ്മുടെ ഗ്രാമത്തിന്റെ തെക്കൻ പ്രദേശങ്ങളിൽ ജലസേചനത്തിന് ഉദ്ദ്യേശിച്ച് നിവിലുള്ള നീലീശ്വരം നമ്പർ II മൈനർ ലിഫ്റ്റ് ഇറിഗേഷൻ കനാലിന്റെ പ്രവർത്തനവും തുടക്കം മുതൽക്കേ ആശാവഹമല്ല. നമ്മുടെ പഞ്ചായത്ത് അതിർത്തിയിൽ കൊറമം തോട്ടിൽ നമ്മുടെ കൃഷിയിടങ്ങൾക്കുമായി വലിയതോട്ടിൽ സ്ഥാപിച്ചിട്ടുള്ള പമ്പ്സെറ്റിന്റെ പ്രവർത്തനം ഡിപ്പാർട്ടുമെന്റ് അധികൃതരുടെ മാത്രം അനാസ്ഥ മൂലം തകരാറിലാണ്. നമ്മുടെ ആയക്കട്ട് ഏക്കറിയയിൽ 10% പോലും സ്ഥലത്ത് വെള്ളമെത്തിക്കുവാൻ ഈ പദ്ധതി കൊണ്ട് കഴിയുന്നില്ല. മേൽപ്പറഞ്ഞ തോട്ടിൽ പ്രവർത്തിപ്പിക്കുന്ന മോട്ടോർ കേടുവരുന്നത ഒരു നിത്യ സംഭവമാണ്. ആഴ്ചകളോളം പിന്നിടുമ്പോഴും കൃഷിക്കാരുടെ പരാതി കൊണ്ട് പൊറുതി മുട്ടുമ്പോഴും മാത്രമാണ്, റിപ്പയർ പൂർത്തിയാക്കുന്നത്. അപ്പോഴെയ്ക്കും സുഭിക്ഷമായി വെള്ളം ലഭിച്ചിരുന്ന പ്രദേശങ്ങളും വരൾച്ചയുടെ പിടിയിൽ ആയിക്കഴിയും. കനാലിന്റെ അറ്റകുറ്റപണികളും വാച്ചറുടെ സംവിധാനവും എല്ലാം അവതാളത്തിലാണ്. ഡിപ്പാർട്ട്മെന്റ് അധികാരികളും ഉത്തരവാദിത്വത്തോടെ പ്രവർത്തിച്ചാൽ ഈ പ്രശ്നങ്ങൾക്ക് ഏറെ പരിഹാരം കാണാവുന്നതാണ്. ഈ രണ്ട് പദ്ധതികളുടെയും പരാജയം മൂലം ഇവയെ ആശ്രയിച്ച് മാത്രം പ്രവർത്തിപ്പിക്കാവുന്ന പഞ്ചായത്തിന്റെ ആഭിമുഖ്യത്തിലുള്ള മിനിലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളായ തവളപ്പാറ, നടമുറി, ആക്കുന്ന്, കളരിയ്ക്കൽചിറ, കരിങ്ങാലിക്കാട് തുടങ്ങിയ സ്കീമുകളും ഭാഗികമായും ചിലത് പൂർണ്ണമായും പ്രവർത്തിക്കുന്നില്ല. ചാലക്കുടി പദ്ധതിയുടെ വെ

ള്ളംകൊണ്ട് പ്രവർത്തനം നടത്തുന്ന, കോതായി ഡാം, കൈതകം ഡാം എന്നീ ഡാമുകളും ഇപ്പോഴും പ്രവർത്തനക്ഷമമല്ല. രണ്ട് ഡാമുകളും ഇപ്പോഴും അല്പമെങ്കിലും വെള്ളം ശേഖരിക്കുവാൻ പറ്റാത്തവിധത്തിൽ പൊട്ടി പൊളിഞ്ഞു കിടക്കുന്നു. നമ്മുടെ ഗ്രാമത്തിന്റെ പൂർണ്ണമായ ആവശ്യം നിറവേറ്റുന്നതിന് നിർമ്മാണത്തിലിരിക്കുന്ന ഇടമലയാർ പദ്ധതിയുടെ പൂർത്തീകരണംകൊണ്ട് മാത്രമെ സാധ്യമാകൂ.

കൂലി വ്യവസ്ഥകൾ: കാർഷിക മേഖലയിൽ പണ്ടുകാലങ്ങളിൽ നിന്നും കൂലി സേവന വ്യവസ്ഥകളിൽ ഗണ്യമായ മാറ്റവും വർദ്ധനയും കാലാനുസൃതമായി വന്നുകൊണ്ടിരിക്കുന്നു. കൃഷിപ്പണികൾക്ക് തൊഴിലാളികൾക്ക് വേതനമായി നെല്ല് കൊടുത്തു കൊണ്ടിരുന്ന ഒരു പതിവാണ് പണ്ടുമുതൽക്കേ ഉണ്ടായിരുന്നത്. ജോലി സമയത്തെ സംബന്ധിച്ച് ഇത്ര മണിക്കൂർ എന്ന വ്യക്തമായ നിബന്ധനകളൊന്നും ഉണ്ടായിരുന്നില്ല. രാവിലെ മുതൽ വൈകുന്നേരം വരെ പണിചെയ്താൽ കിട്ടുന്ന വേതനംകൊണ്ട് സാമാന്യമായി ജീവിച്ചുപോകുവാൻ കഴിയുമായിരുന്നില്ല സീസണുകളിലെ കൃഷിപ്പണികൾ കഴിഞ്ഞാൽ ഇടവേളകൾ തൊഴിലാളികൾക്ക് മിക്കവാറും തൊഴിൽരഹിത ദിനങ്ങളായിരുന്നു. മിക്കവാറും കർഷകർക്ക് അവരുടെ പണികൾക്ക് സ്ഥിരമായി തൊഴിലാളികൾ ഉണ്ടായിരുന്നു. ഓണം, വിഷു തുടങ്ങിയ ഉത്സവവേളകളിൽ കൃഷിക്കാർ അവരുടെ തൊഴിലാളികൾക്ക് നെല്ല്, നാളികേരം, എണ്ണ, ഓണക്കോടി എന്നിവ കൊടുക്കുന്ന പതിവുണ്ടായിരുന്നു. ചില പ്രാദേശിക ഉത്സവങ്ങൾക്കും മേൽപ്പറഞ്ഞതു പോലുള്ള ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് കൊടുത്തുപോന്നു. കർഷക തൊഴിലാളികൾക്ക് ഇന്നത്തെപ്പോലെ സുഭിക്ഷമായിട്ടല്ലെങ്കിലും ഭക്ഷണം കൊടുക്കുന്ന രീതി പണ്ടുമുണ്ടായിരുന്നു. കൊയ്യുന്നതിന് മെതി, പതിർപാറ്റൽ തുടങ്ങിയ പണികൾക്കുശേഷം നെല്ലിന്റെ ഏഴിലൊന്ന് ഭാഗം പതമ്പായി തൊഴിലാളികൾക്ക് കൊടുത്തിരുന്നു.

അടുത്തകാലത്തായി കൂലിനിരക്കുകളിലും മറ്റും വലിയ വ്യത്യാസങ്ങൾ വന്നു ചേർന്നു. നെല്ല് വേതനമായി കൊടുക്കുന്ന രീതി പൂർണ്ണമായും നിന്നുപോയി. വേതനമായി കൊടുക്കുന്ന നെല്ലിന് കാലാനുസൃതമായ കൂലി നിരക്കിന്റെ അത്ര രൂപ വില ലഭിക്കുന്നില്ല എന്നതു തന്നെ പ്രധാനകാരണം. ചുരുക്കത്തിൽ നെല്ലിന് ആനുപാതികമായി വിലവർദ്ധിക്കുന്നില്ല എന്ന് സാരം. കൊയ്യുന്നതിന് ഏഴിലൊന്ന് വീതം എന്നുള്ളത് അടുത്തകാലത്തായി ആറിലൊന്ന് എന്നായിട്ടുണ്ട്. ചില പ്രദേശങ്ങളിൽ ദിവസകൂലി തികച്ചും പ്രാബല്യത്തിൽ വന്നിട്ടുണ്ട്. സ്ത്രീ തൊഴിലാളിക്ക് ഇപ്പോഴും ദിവസകൂലി, സുഭിക്ഷമായ ഭക്ഷണം, ചായ, കാപ്പി എന്നിവയ്ക്കു പുറമെ 50,55 രൂപയും പുരുഷ തൊഴിലാളിക്ക് മേൽപ്പറഞ്ഞ വ്യവസ്ഥയനുസരിച്ച് 80,90 രൂപായും ഇപ്പോഴും നിലവിലുണ്ട്. കാലത്ത് 8 മണി മുതൽ വൈകുന്നേരം 5 മണിവരെ എന്നുള്ളതാണ് ഏകദേശ സമയകണക്ക്. കാലത്ത് ഭക്ഷണം, ഉച്ചഭക്ഷണം, കാപ്പി, ഉച്ചയ്ക്ക് ഒരു മണിക്കൂർ വിശ്രമം ഇവയെല്ലാം ഈ സമയത്തിൽ നിന്ന് വീണ്ടും കുറയണം. കാർഷിക വിളകൾക്ക് പ്രത്യേകിച്ച് ഹ്രസ്വകാല വിളകൾക്ക് 50% ത്തിലധികം പണികൾ തൊഴിലാളികളെക്കൊണ്ട് ചെയ്യിച്ചാൽ കൃഷിക്കാരന് നഷ്ടമാണ്. കാർഷിക വൃത്തിയിൽ കൃഷിക്കാരന്റെ ലാഭം എന്ന് പറയുന്നത് അവന്റെ അദ്ധ്വാനത്തിന്റെ കൂലിയാണ്. പ്രതികൂല സാഹചര്യത്തിൽ ഈ അദ്ധ്വാനം നഷ്ടമായി തീരുന്നു.

കൃഷിപ്പണികൾക്ക് മാത്രമല്ല, എല്ലാതൊഴിലുകൾക്കും ഒരു ഏകീകൃത കൂലിവ്യവസ്ഥ നടപ്പിലാക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും, മറ്റു പലമേഖലകളിലും വ്യവസ്ഥാപിത കൂലി സേവനനിരക്കുകൾ നിലവിലുള്ളപ്പോൾ കാർഷികമേഖല, കെട്ടിടനിർമ്മാണം, കാർപ്പെന്ററി തുടങ്ങിയ പണികൾക്ക് ആര്, എങ്ങിനെ, എന്ത് മാനദണ്ഡത്തിൽ സേവന, വേതനവ്യവസ്ഥകൾ നിശ്ചയിക്കുന്നു എന്ന് വ്യക്തമല്ല. ഏത് തൊഴിലിനും വേതനം നിശ്ചയിക്കുമ്പോഴും കൊടുക്കുന്നവന്റെയും വാങ്ങുന്നവന്റെയും അഭിപ്രായങ്ങൾ കേട്ട് നിശ്ചയിക്കുവാനുള്ള ഒരു വ്യവസ്ഥാപിത മാർഗം ഉണ്ടാകേണ്ടത് അനുപേക്ഷണീയമാണ്.

ഗ്രാമസഭകളിൽ ഉയർന്നു വന്ന ആവശ്യങ്ങൾ

1 നമ്മുടെ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും വ്യാപിച്ചുകിടക്കുന്ന ചാലക്കുടി ഇടതുകര കനാലിന്റെ എല്ലാ ബ്രാഞ്ചുകളും ആണ്ടുതോറും സുഗമമായ ജലസേചനത്തിന് ഉതകുന്ന വിധത്തിൽ മെയിൻറനൻസ് നടത്തുക. ജലസേചനത്തിനും കുടി വെള്ളക്ഷാമത്തിനും മിനി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ നടത്തിപ്പിനും ഇത് അത്യാവശ്യമാണ്.

2 നീലീശ്വരം നമ്പർ II ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഒന്നും രണ്ടും വാർഡുകളിൽ ഏകദേശം രണ്ട് കി. മീ. നീളം എല്ലാ വർഷവും മെയിൻറനൻസ് നടത്തുകയും റീ സർവ്വേ 372/6 ൽ പ്പെട്ട ടെയിൽലാൻറ് ആയക്കെട്ടിൽ പെടുന്ന പടിഞ്ഞാറ് വശം കരിങ്ങാലിക്കാട് പാടത്തേക്ക് ഇറക്കുകയും, മറേറ ബ്രാഞ്ച് ആക്കുന്ന് കുളം വരെ അറകുറ പണി നടത്തി ശരിയാക്കി കൊറമം തോട്ടിൽ ഒരു 50 HP പമ്പ് സെറ്റു കൂടി സ്ഥാപിച്ച് ജല ലഭ്യത വർദ്ധിപ്പിക്കുക. ടി വാർഡുകളിലെ 30 Hrs. സ്ഥലങ്ങളിൽ മൂന്നാം വിള കൃഷി ഇറക്കുവാനും കുടി വെള്ള ക്ഷാമത്തിനും ഇത് ഉപകരിക്കുന്നതാണ്.

3 കൈതകം ഡാമിന്റെ മെയിൻറനൻസും കുളിക്കടവ് നിർമ്മാണവും അടിയന്തിരമായി നടത്തുക. ഡാമിന്റെ ഇരുവശവും കരിങ്കല്ലുകൊണ്ട് കെട്ടി ഡാമിന്റെ ഷട്ടറുകൾ സ്ഥാപിച്ച് ജലസേചനം സുഗമമാക്കുക. ഏകദേശം മഞ്ഞപ്ര കിഴക്കേപൊടം മുഴുവനായും മറ്റു മിനിലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ നടത്തിപ്പിനും ഇതു ഉപകരിക്കുന്നുണ്ട്.

4 കൈതകം ഡാമിൽനിന്നും ആക്കുന്ന് ലിഫ്റ്റിറിഗേഷൻ വരെയുള്ള കനാൽ അറകുറപണി നടത്തി ഒരു വശം നടപ്പാതയായി ഉപകരിക്കത്തക്ക രൂപത്തിൽ പണി തീർക്കുക.

5 കോതായി ഡാമിന്റെ അറകുറ പണി തീർത്ത് ഷട്ടർ സ്ഥാപിച്ച് ജലസേചന സൗകര്യം വർദ്ധിപ്പിക്കുക. ഉദ്ദേശം 50 Hr. നിലങ്ങളിൽ ജലസേചനത്തിനും, കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും ഇത് ഉപകരിക്കുന്നതാണ്.

6 കോതായി മുതൽ മുല്ലശ്ശേരി വരെയുള്ള തോടിന്റെ പണികും ഇരുവശവും വീതി കൂട്ടി ചെയ്യുക.

7 തുപ്പൻചിറ മുതൽ കൈതകം ഡാം വരെയുള്ള തോട് സ്ഥാപിച്ച് ഇരുവശവും കെട്ടി ജല നിർഗമനത്തിനും ജലസേചനത്തിനും ഉപയുക്തമാക്കുക.

8 നടമുറി പുഞ്ചയിൽ നിന്നും ആരംഭിച്ച് കോതായിയിൽ അവസാനിക്കുന്ന തോട് ഇരുവശവും കെട്ടി അറകുറപണികളും തീർക്കുക.

9 കിഴക്കേ പാടത്ത് അപ്പിച്ചോട്ടിൽ നിന്നും ആരംഭിച്ച് കൈതകം ഡാമിന്റെ മെയിൻ കനാലിൽ അവസാനിക്കുന്ന കൈതോട് കോൺക്രീറ് പണി നടത്തി ജലനിർഗമന ജലസേചന സൗകര്യം വർദ്ധിപ്പിക്കുക.

10 6, 7, 8 വാർഡുകളിൽപ്പെട്ട കല്ലുകുളംപാടം, ചക്കുങ്ങൽപാടം, തേറുപാടം, കുരിയപാടം, കാറാപ്പാടം എന്നീ പാടശേഖരങ്ങളിലെ നിലവിലുള്ള കൈതോടുകളും ഇരുവശവും കെട്ടി മണ്ണൊലിപ്പ് തടയുന്നതിനും ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനും ഉപയുക്തമാക്കുക. ടി പാടശേഖരങ്ങളിലേക്കുള്ള ഇടവഴികളും വീതിക്കൂട്ടി വാഹന ഗതാഗതത്തിന് സൗകര്യപ്പെടുത്തുക.

11 കരിങ്ങാലിക്കാട് പാടത്തിന്റെ മദ്ധ്യഭാഗത്ത് റോഡരുകിൽ നിന്നാരംഭിച്ച് തോട്ടകം പുഞ്ചയിൽ അവസാനിക്കുന്ന കൈതോട് ഉദ്ദേശം 600 Mrs. റീ സർവ്വേ അളവനുസരിച്ച് കോൺക്രീറ് പണി നടത്തി പടിഞ്ഞാറുവശം നടപ്പാതയായി ഉപകരിക്കത്തക്ക രീതിയിൽ പണി തീർക്കുക.

12 മുളരിപ്പാടത്തുള്ള അമ്പലക്കുളം കുഴിയൻപാടം തോട് ആവശ്യമായ ആഴത്തിലും വീതിയിലും കോൺക്രീറ് പണി തീർത്ത് ആവശ്യമായ ഇടങ്ങളിൽ ക്രോസ്ബാർ പുനഃസ്ഥാപിച്ച് പണി പൂർത്തിയാക്കുക. (നീളം 1 Kms)

13 ഉദ്ദേശം 300 മീറർ നീളം വരുന്ന ആശാരിപുഞ്ച പാലക്കായ് തോട് ഇരുവശവും കെട്ടി ആവശ്യത്തിന് ക്രോസ്ബാർ കൊടുത്ത് പണി പൂർത്തിയാക്കുക.

14 കോതായി ഡാമിൽ നിന്നും ആരംഭിച്ച് കൈതകം ഡാമിന്റെ മേക്കുകൂടി നടുവത്തുചാൽവഴി വള്ളേലി കണ്ടത്തിൽ വന്ന് അവിടെവച്ച് കൈതകം ഡാമിന്റെ കനാലിനടിയിൽ കൂടി തെക്കോട്ട് ആനട്ടാം കുഴിയിൽ എത്തുന്ന ജലനിർഗമന-ജലസേചനതോട് വീതി കൂട്ടി ഇരുവശവും കെട്ടി പണി പൂർത്തിയാക്കുക.

15 മഴക്കാലങ്ങളിൽ കൈതകം ഡാമിൽ നിന്നും കനാലിലൂടെ കരകവഞ്ഞ് വരുന്ന വെള്ളം മൂലം കൃഷിനാശം സംഭവിക്കുന്നത് ഒഴിവാക്കാൻ ടി ജലം വലിയ തോട്ടിലേക്ക് ഒഴുക്കിക്കളയുവാൻ വേണ്ട സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

16 നമ്മുടെ പഞ്ചായത്തിൽ 8–ാം വാർഡിൽ കല്ലുകുളംഭാഗം തുടങ്ങി നരിക്കുഴി വള്ളിയ്ക്കാത്തോട്, കരിങ്ങാലിക്കാട് ഭാഗങ്ങളിൽകൂടി ഒഴുകി കുഴിയംപാടം വലിയതോട്ടിൽ ചെന്നെത്തുന്ന തോട് ആവശ്യത്തിന് ആഴവും, വീതിയും എടുത്ത് സൈഡുകെട്ടി ആവശ്യമുള്ള സ്ഥലങ്ങളിൽ ക്രോസ് ബാറുകെട്ടിയും ഒരുവശം സഞ്ചാരയോഗ്യമായ വിധത്തിലും പണി ചെയ്യുകയും, കരിങ്ങാലിക്കാട് പാലത്തിനോട് ചേർന്ന് വടക്കുവശത്ത് നിലവിലുള്ള പൊതുകുളിക്കടവ് സ്ത്രീകൾക്കായും നിജപ്പെടുത്തുക, റോഡിന് തെക്കുവശം പുരുഷൻമാർക്കായി ഒരു കുളിക്കടവ് നിർമ്മിക്കുക. ടി തോട് നിർമ്മാണം കൊണ്ട് ടി പ്രദേശങ്ങളിലെ പയറോലി പാടം പുഞ്ച, തോട്ടകം പുഞ്ച തുടങ്ങിയ നിലങ്ങളിൽ വിരിപ്പു കൃഷി (ചോറുവെത) കൂടി ചെയ്യുന്നതിന് സൗകര്യം ഉണ്ടാകുന്നതും ആവശ്യമായ സമയങ്ങളിൽ ജലസേചനത്തിനും ജലനിർഗമനത്തിനും സംവിധാനം ഉണ്ടാകുന്നതായിരിക്കും.

17 പഞ്ചായത്തിന്റെ 7–ാം വാർഡിൽ വലിയചാൽ പുഞ്ചയിൽ നിന്നും വലിയതോടിന്റെ രണ്ടുവശവും കെട്ടി ബലപ്പെടുത്തുക.

18 ഒഴുപ്പിള്ളി ഡാം, മുരിങ്ങാടത്തുപാറ ഡാം എന്നിവ നന്നാക്കി. ഡാമിൽ ഷട്ടർ ഉപയോഗിച്ച് ജലം സംഭരിച്ച് ഡാമിൽനിന്നുള്ള കൈതോടുകളും നന്നാക്കി ജലസേചന സൗകര്യം കാര്യക്ഷമമാക്കുക.

19 കിഴക്കേ പാടത്തെ വലിയ തോട്ടിൽ ആനട്ടാം കുഴിയിൽ ഒരു പമ്പ് ഹൗസ് സ്ഥാപിച്ച് പമ്പ് സെറ്റ് വെച്ച് ടി പ്രദേശത്തും ഏറ്റവും ഉയർന്ന ഭാഗത്ത് ടാങ്കുകെട്ടി പൈപ്പ് വഴി വെള്ളം എത്തിച്ച് അവിടെ നിന്നും ഫീൽഡ് ചാനലുകളും വഴി 200 ഏക്കർ വരുന്ന സ്ഥലത്ത് ജലസേചന സൗകര്യം ലഭ്യമാക്കാവുന്നതാണ്. 3 വാർഡുകളിൽ ജലസേചനത്തിനും, കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും ഈ പദ്ധതി ഉപകരിക്കുന്നതാണ്. എസ്റ്റിമേറ്റ് പ്രകാരം 23 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഫീൽഡ് ചാനൽ, പമ്പ് ഹൗസ് എന്നിവക്കുള്ള സ്ഥലം സൗജന്യമായി ലഭിക്കുന്നതാണ്.

20 വലിയതോട്ടിൽ കൈതകം ഭാഗത്ത് പമ്പ് ഹൗസ് നിർമ്മിച്ച് പമ്പ്സെറ്റ് സ്ഥാപിച്ച് പൈപ്പ്ലൈൻ വഴി പുരയിടങ്ങളിൽ എത്തിച്ചാൽ ഉദ്ദേശം 150 ഹെ. പുരയിടങ്ങളിൽ ജലസേചനം നടത്തുന്നതിനും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും ഈ പദ്ധതി പ്രയോജനപ്പെടുന്നതാണ്.

21 ചുണങ്ങാകുന്നിന്റെ പടിഞ്ഞാറുഭാഗത്തു പുതിയ കുളം വെട്ടി 10 HP യുടെ ഒരു പമ്പുസെറ്റ് സ്ഥാപിക്കുക.

22 ആക്കുന്ന് കിഴക്കുവശം ചുണങ്ങാക്കുന്ന് ഭാഗത്തുവരുന്ന പാത്തിക്കുഴിയിൽ 25 HP യുടെ ഒരു പമ്പുഹൗസും പമ്പുസെറ്റും സ്ഥാപിച്ചാൽ ചുണങ്ങാക്കുന്നിന്റെ കിഴക്കുഭാഗം വരുന്ന 50 ഏക്കറോളം സ്ഥലത്ത് ജലസേചനം നടത്താവുന്നതാണ്.

23 കിഴക്കേ തോട്ടിൽ കൂരികുഴി തോട്ടിൽ 50 H. P. യുടെ ഒരു മോട്ടോർ സ്ഥാപിച്ച് ആക്കുന്ന് പാടത്ത് ജലസേചന സൗകര്യം ഏർപ്പെടുത്താവുന്നതാണ്. തന്മൂലം പ്രവർത്തനരഹിതമായി കിടക്കുന്ന ആക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പുനരുദ്ധാരണത്തിനുകൂടി ഇത് പ്രയോജനപ്പെടും.

24 ചെറുചാൽ പുഞ്ചയുടെ പടിഞ്ഞാറ് ഭാഗത്ത് പുതുതായി ഒരു കുളം നിർമ്മിച്ച് പമ്പ് ഹൗസും മോട്ടോറും സ്ഥാപിച്ച് ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

25 വളയൻ തോട്ടിൽ ഒരു പമ്പ് ഹൗസും, പമ്പുസെറ്റും സ്ഥാപിച്ച് ജലസേചനസൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

26 ഇലവന്തി ലക്ഷംവീട് കോളനിയുടെ മേൽഭാഗത്ത് ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുക.

27 ചാത്തൻവേലി നിലത്തിന്റെ കൃഷി ആവശ്യത്തിന് വേണ്ടി പുതിയതായി ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.

28 നിലവിലുള്ള കളരിയ്ക്കൽ ചിറ പു

നരുദ്ധരിച്ച് പരമാവധി വെള്ളമെത്താവുന്ന പുരയിടങ്ങളിൽ പൈപ്പ്ലൈൻ വഴി വെള്ളമെത്തിക്കുക. ജലസേചനത്തിനും കുടിവെള്ളക്ഷാമത്തിനും ഇത് ഏറെ പരിഹാരമായിരിക്കും.

29 നിലവിലുണ്ടായിരുന്നതും ഇപ്പോൾ പ്രവർത്തനരഹിതമായി കിടക്കുന്നതുമായ ആക്കുന്ന് ഹരിജൻ കോളനി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പുനരുദ്ധരിച്ച് നടപ്പിലാക്കുക.

30 നിലവിലുള്ള കരിങ്ങാലിക്കാട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പുനരുദ്ധരിച്ച് കൂടുതൽ സ്ഥലങ്ങളിൽ ജലസേചനസൗകര്യം ഏർപ്പെടുത്തുക.

31 വെള്ളിയത്തു പാറയിൽ നിർമ്മാണത്തിലിരിക്കുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ എസ്റ്റിമേറ്റിൽ, ടി സ്ഥലത്തെ മണ്ണിന്റെ ഘടനാ മാറ്റം പദ്ധതി ചെലവിൽ കാതലായ വർദ്ധനവ് വരുമെന്നതുകൊണ്ട് (മണ്ണ് എന്ന് കണക്കാക്കിയത് കുളപാറയായി) ടി എസ്റ്റിമേറ്റ് പുതുക്കി നിശ്ചയിക്കുക.

32 നടമുറി ലിഫ്റ്റ് ഇറിഗേഷ സ്കീം അറകുറ പണികൾ തീർത്ത് കൂടുതൽ സ്ഥലങ്ങളിലേക്ക് ജലസേചനം വർദ്ധിപ്പിച്ച് പ്രവർത്തന സജ്ജമാക്കുക.

മേരിഗിരി പള്ളി വക ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ വെള്ളം മേരിഗിരി ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ അപ്പുറത്തേയ്ക്ക് എത്തിക്കുവാൻ കനാൽ ക്രോസ് ചെയ്ത് ഒരു പാത്തി നിർമ്മക്കുക.

മുരിങ്ങേടത്തു പാറയിൽ നിന്നും തെക്കേമാ താഴത്തേയ്ക്ക് നെൽ കൃഷിക്കും വെള്ളമെത്തിക്കുന്നതിന് ആവശ്യമായ ഇടങ്ങളിൽ പാത്തികൾ വാർക്കുക.

കരിങ്ങാലിക്കാട് കപ്പേളയ്ക്കു കിഴക്കു വശമുള്ള കലുങ്കിനോട് ചേർന്നുള്ള കാഡാക്കേട് പണി തീർത്തിരിക്കുന്നിടത്തുനിന്നും തോട്ടകം പുഞ്ചവരെ എത്തിച്ച് ജലസേചനസൗകര്യം വർദ്ധിപ്പിക്കുകയും വഴിയിലെ വെള്ളക്കെട്ടിന് പരിഹാരമുണ്ടാക്കുകയും ചെയ്യുക.

7, 8 വാർഡുകളിൽ മേരിഗിരി, ഏലവന്തി, കരമല, തേവർപാടം എന്നീ റോഡുകളിൽ കൂടി കനാൽവെള്ളം തിരിക്കുന്നത് ഒഴിവാക്കുവാൻ കാഡതോട് നിർമ്മിക്കുക. കൈതാരത്ത് വീയത് കാളിപ്പറമ്പിൽ അയ്യപ്പൻ എന്നിവരുടെ പുരയിടങ്ങളിൽ നിലവിലുള്ള തോട് കോൺക്രീറ്റ് ചാനൽ ആക്കുകയും ചെയ്യുക.

നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് കാഡയുടെ ആഭിമുഖ്യത്തിൽ പണിതീർത്തിട്ടുള്ള കാഡ ചാനലുകൾ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ എല്ലാവർഷവും മെയിന്റനൻസ് നടത്തി ജലസേചനം സുഗമമാക്കുക. കാഡ ചാനൽ കെട്ടിയിട്ടില്ലാത്ത ഇടങ്ങളിൽ ചാനൽപ്പണി നടത്തി പൂർത്തിയാക്കുക.

പഞ്ചായത്തിന്റെ തെക്കൻ പ്രദേശങ്ങളിലെ ജനങ്ങളുടെ സൗകര്യം കണക്കിലെടുത്ത് കോപ്പറേറ്റീവ് ബാങ്കിന്റെ ഒരു എക്സ്റ്റൻഷൻ കൗണ്ടറും, ഒരു വളംഡിപ്പോയും മുളരിപാടം പരിസരത്ത് തുടങ്ങുവാൻ ആവശ്യമായ നടപടികളും സ്വീകരിക്കുക.

കർഷകർക്കിടയിലെ തർക്കങ്ങളും പരിഹരിക്കുന്നതിന് നെല്ലുല്പാദക കർഷക പ്രതിനിധികളെ ഉൾപ്പെടുത്തി വാർഡ് തലത്തിൽ കമ്മറ്റികളും രൂപീകരിക്കുക.

കളരിയ്ക്കൽ ചിറയിലേക്കുള്ള വൈദ്യുതി ലൈൻ സ്വകാര്യ വ്യക്തിയുടെ പുരയിടത്തിൽ കൂടി പോകുന്നത് മാറ്റി പഞ്ചായത്ത് റോഡിൽകൂടി ആക്കുക.

ജലസേചനം

ചിറകൾ കുളങ്ങൾ

കോഴികുളം ചെളികോരി താഴ്ത്തി സൈഡ്കെട്ടി ഇറിഗേഷൻ സൗകര്യം ഉണ്ടാക്കുക.

തുപ്പൻചിറ വികസിപ്പിച്ച് ലിഫ്റ്റ് ഇറിഗേഷൻ സൗകര്യം ഏർപ്പെടുത്തുക 4, 5 വാർഡുകളുടെ ആവശ്യം.

പുത്തൂർപ്പിള്ളി ചിറ നന്നാക്കി ജലസേചനസൗകര്യം ഏർപ്പെടുത്തുക.

കാറ്റിപാടം ചിറ, നരികുഴി ചിറ, തേവർപാടം ചിറ എന്നീ 3 ചിറകളും യഥാർത്ഥ വിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി സൈഡ് കെട്ടി ചിറകളിൽ നിന്നുള്ള ചാനലുകളും നന്നാക്കുകയും ചെയ്യുക. കൂടാതെ മേൽപറഞ്ഞ ചിറകളിൽ പമ്പ് ഹൗസും പമ്പ് സെറ്റും സ്ഥാപിച്ച് വെള്ളം എത്താത്തിടത്ത് ജലസേചന സൗകര്യം ഏർപ്പെടുത്തണം.

തവളപ്പാറ, ആനപ്പാറ റോഡിൽ മെയിൻ റോഡിനുചേർന്നുള്ള ചക്കുങ്ങചിറ വിസ്തൃതി അളന്ന് തിട്ടപ്പെടുത്തി താഴ്ത്തി സൈഡുകളും കരിങ്കല്ല് കെട്ടി സംരക്ഷിക്കുകയും ചിറയിൽ പമ്പുസെറ്റ് സ്ഥാപിച്ച് നെൽകൃഷിയെ സംരക്ഷിക്കുക. നീന്തൽതാരങ്ങളെ പരിശീലിപ്പിക്കത്തക്കവിധത്തിൽ ടി ചിറ നീന്തൽ പരിശീലനത്തിന് ഉപകരിക്കത്തക്കവിധത്തിൽ പ്ലാൻ ചെയ്യുക.

നെൽപ്പാടങ്ങളിൽ കൃഷിക്ക് ദോഷം വരുന്നവിധത്തിൽ ചോലവൃക്ഷങ്ങളും വെച്ചുപിടിപ്പിക്കുന്നത് നിരോധിക്കുവാനുള്ള അധികാരം പഞ്ചായത്തിനും പഞ്ചായത്ത്, വാർഡ് തലത്തിലുള്ള മോണിറ്ററിംഗ് കമ്മറ്റിയ്ക്കും നൽകുക.

കുര്യാപാടത്തിന്റെ തെക്കേ അറ്റത്തുള്ള തലക്കുളം (പുല്ലേലിയുടെ കുളം) നന്നാക്കി 10 HPയുടെ മോട്ടോർ സ്ഥാപിച്ച് ജലസേചന സൗകര്യം ഏർപ്പെടുത്തുക.

വളം നിർമ്മാണ കമ്പനികൾക്ക് കൂടുതൽ സബ്സീഡി നൽകി കർഷകർക്ക് മറ്റുള്ള വിധത്തിൽ കൊടുക്കുന്ന സബ്സീഡി നിലനിർത്തുക.

ധാന്യ വിളകൾക്ക് കൊടുക്കുന്നതുപോലുള്ള പ്രാധാന്യം നാണ്യ വിളകൾക്കും നൽകുക.

റബ്ബർ കൃഷിയ്ക്ക് നൽകി വരുന്ന സബ്സീഡി കാലാനുസൃതമായ വർദ്ധനയോടും മാറ്റത്തോടും കൂടി സ്ഥിരം നടപ്പിൽ വരുത്തുക. അതോടൊപ്പം 4–ാം ഗ്രേഡ് റബ്ബർ ഷീറ്റ് ഉണ്ടാക്കുന്നതിനുള്ള സാങ്കേതികവിദ്യ കൃഷിക്കാരെ പഠിപ്പിക്കുന്നതിനുള്ള കാർഷിക സെമിനാർ നടത്തുക.

പഞ്ചായത്ത് വക പൊതു സ്ഥലങ്ങളിൽ വരുമാനമുള്ള വൃക്ഷ തൈകൾ നട്ടു പിടിപ്പിക്കുക.

മണ്ണും, ഇലയും പരിശോധിച്ച് രോഗനിർണ്ണയം നടത്തുന്നതിനുള്ള സഞ്ചരിക്കുന്ന ലബോറട്ടറിയുടെ സേവനം മാസത്തിൽ ഒരിക്കൽ നമ്മുടെ ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്നതിന് വേണ്ട ഏർപ്പാടുകൾ ചെയ്യുക.

കൃഷി സ്ഥലങ്ങൾ സന്ദർശിച്ച് കൃഷിയുടെ രോഗനിവാരണ മാർഗങ്ങളും, ഉൽപ്പാദന വർദ്ധനവിനും വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള സൗകര്യങ്ങൾ കാര്യക്ഷമമാക്കുക.

കൃഷിഭവൻ വഴി കൃഷിക്കാർക്ക് വിതരണം നടത്തുന്ന എല്ലായിനം വിത്തുകൾ, വളം, കീടനാശിനി, ഫലവൃക്ഷ തൈകൾ തുടങ്ങിയവ എല്ലാഭാഗത്തും ലഭിക്കുന്നതിന് വിതരണ വിവരം അറിയിക്കുന്ന വാർത്താ ബോർഡുകൾ ആവശ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കേണ്ടതാണ്.

സമർത്ഥരായ കർഷകരെ തെരഞ്ഞെടുത്ത് പാരിതോഷികം നൽകി ആദരിച്ചിരുന്നതും, കർഷകദിനം ആഘോഷിക്കുന്നതും പൂർവ്വാധികം ഭംഗിയായി നടത്തുക.

കേട് വന്ന തെങ്ങുകൾ വെട്ടി മാറ്റി ഗുണമേൻമയുള്ള തെങ്ങിൻതൈകൾ വെച്ച് പിടിപ്പിച്ച് കേരകൃഷി പുനരുദ്ധരിക്കുന്നതിനു വേണ്ടി തെങ്ങൊന്നിന് 500 രൂപയെങ്കിലും നഷ്ടപരിഹാരം നൽകുകയും, തെങ്ങ് സംരക്ഷണത്തിന് ആവശ്യമായ വളം, ഇത്തൾ, തുരിശ്,

കീടനാശിനികളും എന്നിവ സൗജന്യ നിരക്കിൽ എല്ലാ കർഷകർക്കും ലഭിക്കുന്നതിന് വേണ്ടി നടപടികളും സ്വീകരിക്കുകയും ചെയ്യുക.

കർഷക പ്രതിനിധികളെ ഉൾപ്പെടുത്തി കേടില്ലാത്ത സ്ഥലങ്ങളിൽ നീക്കം (ലക്ഷദ്വീപ്, ആൻറമാൻ–നിക്കോബാർ ദ്വീപുകളും തുടങ്ങിയ സ്ഥലങ്ങളും) വിത്തു തേങ്ങ സംഭരിച്ച് പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ നഴ്സറികളും ആരംഭിച്ച് കൃഷിഭവൻ വഴി കർഷകർക്ക് സൗജന്യ നിരക്കിൽ വിതരണം നടത്തുക.

ജലസേചനത്തിന് കിണർ, കുളം എന്നിവ കുഴിക്കുന്നതിനും, പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനും കർഷകർക്ക് 50% സബ്സീഡി നൽകുക. ആയത് ബാങ്ക് ലോൺ വഴിയായിരിക്കണമെന്നുള്ള വ്യവസ്ഥ ഇല്ലാതാക്കുക.

നെൽവിത്ത്, പച്ചക്കറികളുടെ വിത്ത്, നല്ലയിനം തൈകളും, മറ്റ് കാർഷിക ഉപകരണങ്ങളും, വളം, കീടനാശിനി, തുടങ്ങിയവ കർഷക സമിതികളും വഴി സൗജന്യനിരക്കിൽ വിതരണം നടത്തുക.

പഴം, പച്ചക്കറി, പുഷ്പങ്ങളും എന്നിവയ്ക്ക് മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നതിലേക്ക് ടി കൃഷികളുടെ വികസനത്തിന് ധനസഹായം നൽകുകയും അടുക്കള തോട്ട നിർമ്മാണത്തിന് മുന്തിയ പരിഗണന നൽകുകയും ചെയ്യുക.

എല്ലാ വിളകൾക്കും വിള ഇൻഷുറൻസ് ഏർപ്പെടുത്തി പ്രീമിയം സർക്കാർ അടയ്ക്കുക.

കർഷകർക്കും, കർഷക തൊഴിലാളികൾക്കും ഗ്രൂപ്പ് ഇൻഷുറൻസ് ഏർപ്പെടുത്തി പ്രീമിയം സർക്കാർ അടയ്ക്കുക.

എല്ലാ കാർഷിക ആവശ്യത്തിനും ജലസേചനത്തിനുള്ള വൈദ്യുതി കണക്ഷൻ എളുപ്പത്തിൽ ലഭിക്കുന്നതിനുള്ള ഏർപ്പാടുണ്ടാക്കുകയും വൈദ്യുതി സൗജന്യമാക്കുകയും ചെയ്യുക.

അർഹരായ എല്ലാ കർഷകർക്കും, കർഷക തൊഴിലാളികൾക്കും പ്രതിമാസ പെൻഷൻ സമ്പ്രദായം ഏർപ്പെടുത്തി വിതരണം നടത്തുക.

നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനും, കൃഷിചെലവ് കുറയ്ക്കുന്നതിനും അതുവഴി കൃഷി ആദായകരമാക്കുന്നതിനും ഉതകുന്ന കൂട്ടുകൃഷി സമ്പ്രദായം കർശനമായി നടപ്പാക്കുക.

തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും, കാർഷീക മേഖലകളുടെ വളർച്ചയ്ക്കും വേണ്ടി കാർഷികാധിഷ്ടിത ചെറുകിട വ്യവസായങ്ങളും തുടങ്ങുന്നതിന് തൊഴിൽ രഹിതരായ യുവതീ, യുവാക്കളെ സന്നദ്ധരാക്കുവാൻ വിദഗ്ധരുടെ നേതൃത്വത്തിൽ കാർഷീക വ്യവസായ ശിൽപ്പശാലകളും നടത്തുകയും അതിന് ധനസഹായം നൽകുകയും ചെയ്യുക.

കാർഷിക ഉൽപ്പന്നങ്ങളും കേട് കൂടാതെ സൂക്ഷിക്കുന്നതിനും, അവയ്ക്കു ന്യായമായ വിലലഭിക്കുന്നതിനും ഉചിതമായ നടപടികളും സ്വീകരിക്കുക.

മണ്ണിന്റെ ഫലഭൂയിഷ്ടത നിലനിർത്തി കൃഷിയോഗ്യമാക്കുന്നതിനു വേണ്ടി അമിതമായ രാസവള പ്രയോഗം നിരുത്സാഹപ്പെടുത്തി. ജൈവ വള പ്രയോഗം പ്രോത്സാഹിപ്പിക്കുന്നതിനും, കമ്പോസ്റ്റ് കുഴികളും നിർമ്മിക്കുന്നതിന് വിദഗ്ധരുടെ ഉപദേശവും സാമ്പത്തീക സഹായവും നൽകുകയും, ജൈവ കീടനാശിനി, ജീവാണു വളങ്ങളും എന്നിവ പ്രോൽസാഹിപ്പിക്കുകയും ചെയ്യുക.

കാർഷിക വിളകൾക്ക് കനത്തനാശം വരുത്തുന്ന എലികളെ നശിപ്പിക്കുന്നതിന് വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്തി എലി നശീകരണ വാരം എല്ലാ വർഷവും ആചരിക്കുക.

കൃഷി നിലങ്ങളുടെ നിലനിൽപ്പ് തന്നെ ഇല്ലാതാക്കുന്നതും, വരൾച്ച, വെള്ളപ്പൊക്കം എന്നിവയ്ക്ക് ഇടവരുന്നതുമായ നിലംനികത്തൽ, നിലംകുഴിച്ച് മണ്ണെടുക്കൽ എന്നിവ ഫലപ്രദമായി തടയുന്നതിന് നെല്ലുൽപ്പാദക കർഷക പ്രതിനിധികളെ ഉൾപ്പെടുത്തി വാർഡ്തലത്തിൽ ഒരു 5 അംഗ മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കുകയും ടി കമ്മറ്റിയുടെ ശുപാർശ പ്രകാരം അല്ലാതെ മേൽ പ്രവർത്തനങ്ങളും നടത്തുവാൻ ആരെയും അനുവദിക്കാതിരിക്കുകയും

ചെയ്യുക.

ജല മലിനീകരണം, വായു മലിനീകരണം, കുടി വെള്ളക്ഷാമം, പരിസ്ഥിതി പ്രശ്നങ്ങൾ എന്നിവക്ക് ഇടവരുത്തുന്നതും മനുഷ്യ വാസത്തിന് ഭീക്ഷണിയുമായ ഇഷ്ടിക കളങ്ങൾ, മെറ്റൽ ക്രഷറുകൾ തുടങ്ങിയ മറ്റ് സംരംഭങ്ങൾ എന്നിവ പൂർണ്ണമായും നിരോധിക്കുക.

ഈ പഞ്ചായത്തിൽപ്പെട്ട പൊതുതോടുകൾ, കുളങ്ങൾ, ചിറകൾ, കനാലുകൾ, വഴികൾ തുടങ്ങിയവ അധികൃതരെക്കൊണ്ട് അളപ്പിച്ച് അതിർത്തി കല്ലുകൾ സ്ഥാപിച്ച് കയ്യേറിയിരിക്കുന്നത് ഒഴിപ്പിച്ചെടുക്കുക.

കാർഷിക മേഖലയുടെ വളർച്ചയ്ക്കും, കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും സുപ്രധാനമായ ജലസേചന സൗകര്യം ലഭിക്കുന്നതിന് നിലവിലുള്ള സൗകര്യങ്ങൾ നമ്മുടെ പഞ്ചായത്തുപ്രദേശത്ത് തീർത്തും അപര്യാപ്തമാകയാൽ ജലക്ഷാമം പരിഹരിക്കുന്നതിനുമുതകുന്ന ഇടമലയാർ പദ്ധതിയുടെ നിർമ്മാണം യുദ്ധകാലടിസ്ഥാനത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ നടത്തുക.

കാർഷീക രംഗത്ത് നിന്നും ജനം പിൻമാറുകയും കൃഷിക്കും കൃഷിപണികൾക്കും തൊഴിലാളികളെ കിട്ടുവാൻ പ്രയാസം നേരിടുകയും, കൂലിചെലവ് വർദ്ധിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഞാറു പറി, നടീൽ, കൊയ്ത്ത്, മെതി എന്നിവക്ക് യന്ത്രവത്കരണം നടപ്പിലാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുക എല്ലാ കൃഷികൾക്കും നിലവിലുള്ള രാസവള സബ്സിഡി വർദ്ധിപ്പിക്കുകയും ചെയ്യുക.

ഇടമലയാർ കനാലും ചാലക്കുടി ഇടതുകര കനാലിന്റെ ഭാഗങ്ങളും നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് ക്രോസ് ചെയ്യുന്നിടങ്ങളിൽ ഷട്ടറുകൾ സ്ഥാപിച്ച് പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ വെള്ളം എത്തിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതാണ്.

തവളപ്പാറ അഗ്രികൾച്ചറൽ ഡവലപ്പ്മെൻറ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് ഫെബ്രുവരി മാസം മുതൽ ജലദൗർലഭ്യം അനുഭവപ്പെടുന്നു. നിലവിലുള്ള കുളം താഴ്ത്തി, മൺചാലുകൾക്ക് പകരം പൈപ്പ് ലൈൻ വഴി കൃഷിയിടങ്ങളിൽ വെള്ളമെത്തിക്കുകയും പമ്പ്സെറ്റ് റിപ്പയർ ചെയ്യുകയും ചെയ്താൽ 10 ഏക്കർ സ്ഥലത്തുകൂടി കൂടുതലായി ജലസേചന സൗകര്യം ലഭിക്കുന്നതാണ്.

നടപ്പു പദ്ധതികൾ

1 മിനികിറ്റു പദ്ധതി പ്രകാരം 1992-'93 ൽ 52ഉം 94-'95 ൽ 128 ഉം 95-'96 ൽ 56ഉം കി. ഗ്രാം. പുതിയ ഇനങ്ങളിൽ നെൽ വിത്ത് വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 1994-'95 ൽ 21.5 കി. ഗ്രാം. എള്ള് വിത്തും വിതരണം ചെയ്തിട്ടുണ്ട്.

2 ഗ്രൂപ്പ് ഫാമിംഗ് പദ്ധതി പ്രകാരം 1992-'93 ൽ 80,000 രൂപ നെൽ കൃഷിക്കായി വിനിയോഗിച്ചു.

3 സമഗ്ര നെൽകൃഷി വികസന പദ്ധതി പ്രകാരം 1992-'93 ൽ 40,400ഉം 1993 '94 ൽ 44,200 ഉം രൂപ ചെലവഴിച്ചു.

4 നെൽകൃഷി ഉൽപ്പാദന ബോണസ്

1992-'93ൽ 41,357 രൂപയും 1993 '94 1,04,423 ഉം 1994-95 ൽ 1,45,563 ഉം 95-96 ൽ 47502ഉം രൂപ വിതരണം ചെയ്തു. നടപ്പുസാമ്പത്തിക വർഷം 38,622/ വിതരണം ചെയ്തു കൊണ്ടിരിക്കുന്നു.

5 പ്രധാനമന്ത്രിയുടെ പ്രത്യേക ഘടക പദ്ധതി

1993-94ൽ കിണർ കുഴിക്കുന്നതിനും പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനുമായി 22,000 രൂപ ചെലവഴിച്ചു.

6 സമഗ്ര നാളികേര വികസനപദ്ധതി:

92-93ൽ 30,244 രൂപയും 94-95 ൽ 1,1,68,000 രൂപയും 95-96ൽ 3,90,000 രൂപയും ചെലവഴിച്ച് 96-97ൽ 4,55,000 രൂപ അനുവദിച്ചിട്ടുണ്ട്.

സുഗന്ധവിള വികസന പദ്ധതി പ്രകാരം:

1993-94 ൽ 2250 ഉം 1994-95 ൽ 2400 ഉം 1995-96 ൽ 18,350 ഉം രൂപ ചെലവഴിച്ചു. ഈ സാമ്പത്തിക വർഷം 18,550 രൂപ അനുവദിച്ചിട്ടുണ്ട്.

കുരുമുളക് കൃഷി: 1995-96 ൽ 2Hr. സ്ഥലത്ത് വ്യാപിച്ചതിലേക്ക് 10,000 സബ്സീഡി നൽകി.

കുരുമുളക് കൃഷി ഹെക്ടറിൽ: മെച്ചപ്പെടുത്തിയ വകയിൽ 72,120 രൂ. 3 വർഷത്തിലായി വിതരണം ചെയ്തു.

പച്ചക്കറി കൃഷി വികസന പദ്ധതിപ്രകാരം:

മഞ്ഞപ്രയിലെ രണ്ടു സ്ക്കൂളുകളിലായി 340 വിത്ത് പാക്കറ്റ് വീതം എല്ലാ വർഷവും നൽകിയിരുന്നു. ഏറ്റവും നന്നായി കൃഷിചെയ്ത 3 വിദ്യാർത്ഥികൾക്ക് സമ്മാനം നൽകാനായി 450/ രൂപ വീതം ഓരോ വർഷവും ചെലവഴിച്ചു. കൂടാതെ സെ. മേരീസ് യു. പി. സ്ക്കൂളിൽ പച്ചക്കറിതോട്ടം നിർമ്മിച്ചതിന് കഴിഞ്ഞവർഷം 3500 രൂ. നൽകി

വേര് കിഴങ്ങ് വിള പദ്ധതി പ്രകാരം:

1992-93 ൽ 5 കിറ്റും 95-96 ൽ 8 കിറ്റും കർഷകർക്ക് ലഭ്യമാക്കി.

പഴവർഗ വികസന പദ്ധതി പ്രകാരം:

1992-93 ൽ 6000 രൂപയും 94-95 ൽ 29,016 ഉം 95 96 ൽ 17,400 ഉം രൂ. ചെലവാക്കി,

ജൈവ വള വികസന പദ്ധതി:

ഈ പദ്ധതി പ്രകാരം 19,200/ രൂപ വിവിധ വർഷങ്ങളിലായി ചെലവു ചെയ്തിട്ടുണ്ട്.

ചെറുകിട തോട്ടങ്ങളിൽ യന്ത്രവത്കരണം:

ഈ പദ്ധതി പ്രകാരം 50% സബ്സീഡിയിൽ മുളരിപ്പാടത്തിന് ഒരു പവർ ടില്ലർ നൽകി.

ബയോഗ്യാസ് പദ്ധതി പ്രകാരം:

8350 രൂപ പദ്ധതിക്കാലത്ത് ചെലവഴിച്ചു.

കൃഷി പൊതുജന പങ്കാളിത്തം:

സെമിനാറുകൾ, സമിതിയോഗങ്ങൾ, നല്ല കർഷകരെ തെരഞ്ഞെടുക്കൽ എന്നീ കാര്യങ്ങൾക്കായി 11,700 രൂപ നടപ്പു പദ്ധതിക്കാലത്ത് ചെലവായി.

എണ്ണക്കുരു വികസന പദ്ധതി പ്രകാരം:

878/ രൂപ നടപ്പ് പദ്ധതിക്കാലത്ത് എള്ള് കൃഷിക്ക് ചെലവായി.

തൈവിതരണം:

അംഗീകൃത നഴ്സറി സ്വകാര്യമേഖലയിൽ ആരംഭിക്കുന്നതിലേക്ക് 11,750 രൂ. നൽകി

യുവാക്കൾക്കായുള്ള പ്രത്യേക തൊഴിൽദാന പദ്ധതികൾ:

114 പേർ അംഗങ്ങളായി. ഇവർക്ക് പരിശീലനത്തിനും, രണ്ടുപേർക്ക് തൊഴിലിനുമായി 15,700 രൂ. ചെലവഴിച്ചു.

പ്രത്യേക ഘടക പദ്ധതി:

പട്ടികജാതിക്കായുള്ള പ്രത്യേക ഘടക പദ്ധതി പ്രകാരം

92–93ൽ	14,651 രൂപ
93–94ൽ	9432 ,,
94–95ൽ	72,376 ,,
95–96ൽ	50,620 ,,
96–97ൽ	44,150രൂപയുംചെലവഴിച്ചു

മണ്ണ് പരിശോധന, വിത്ത്, വളം, കീടനാശിനി എന്നിവയുടെ ഗുണനിലവാര പരിശോധന എന്നിവ എല്ലാവർഷവും നടത്തിവരുന്നു. പയർകൃഷി വികസനപ്രകാരം 1160/ രൂപ വിത്തിന്റെ സബ്സീഡിയായി ലഭ്യമായി. വിജ്ഞാന വ്യാപനത്തിന്റെ ഭാഗമായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ചർച്ചകളും, സെമിനാറുകളും എന്നിവ സംഘടിപ്പിക്കാറുണ്ട്.

സ്ത്രീകൾക്കുള്ള പ്രത്യേക പദ്ധതി പ്രകാരം 28,250 രൂപ സബ്സീഡിയായി നൽകി.

രോഗങ്ങൾ:

നെല്ല്– പോളരോഗം, പുള്ളിക്കുത്ത് രോഗം എന്നിവ കാണുന്നു.

തെങ്ങ്– വേര് രോഗം, ഓലചീയൽരോഗം, മച്ചിങ്ങാ കൊഴിച്ചിൽരോഗം, കൂമ്പു ചീയൽ എന്നിവ.

കുരുമുളക്– ദ്രുതവാട്ടം, സാവധാനവാട്ടം.

വാഴ– ഇലപുള്ളിരോഗം, കൊക്കാൻ, കൂമ്പടപ്പ് രോഗം.

കീടങ്ങൾ:

നെല്ല്– തണ്ടുതുരപ്പൻ, ഗാളീച്ച, ചാഴി, ഇലചുരുട്ടി.

തെങ്ങ്– കൊമ്പൻ ചെല്ലി, ചെമ്പൻ ചെല്ലി, പൂങ്കുലച്ചാഴി.

കുരുമുളക്– പൊള്ളുവണ്ട്, ഇലപ്പേൻ.

വാഴ– ചെല്ലി, മാണപ്പുഴു.

കൃഷിയും ജലസേചനവും

പട്ടിക I

ഈ പഞ്ചായത്തിലെ ഭൂരിഭാഗം ഭൂവുടമസ്ഥരുടെയും ഭൂപരിധി അരഹക്കറിൽ താഴെയാണ്.

അവലംബം -വില്ലേജ് ഓഫീസ് റിക്കാർഡ്

ഭൂപരിധി	കുടുംബങ്ങളുടെ എണ്ണം
1സെൻറ് മുതൽ 10സെൻറ് വരെ	537
10മുതൽ 25വരെ	1598
25 ,, 50 ,,	1134
50 ,, 1ഏക്കർ വരെ	681
1ഏക്കർ മുതൽ 2 ,,	352
2 ,, 5 ,,	79
5ഏക്കറിനു മുകളിൽ	9
മൊത്തം	4390

പട്ടിക II

അവലംബം-പഠനപര്യടനം

ഭൂപ്രകൃതി	വിസ്തൃതി (ഹെക്ടർ)	ശതമാനം
സമതലം	408	56.6
ഉയർന്ന സമതലം	50	7
നെൽപ്പാടം	262	36.4
ആകെ	720	100

പട്ടിക III

വിള വിസ്തീർണ്ണവും ഉൽപ്പാദനവും

വിള	വിസ്തീർണ്ണം	മൊത്ത ഉൽപ്പാദനം
നെല്ല് (ഒന്നാം വിള)	262 Hr.	
നെല്ല് (രണ്ടാം വിള)	262 ,,	2070 ടൺ
നെല്ല് (മൂന്നാം വിള)	81 ,,	
പയർ	5 ,,	3250 കി.
പച്ചക്കറികം	60 ,,	12 ടൺ
തെങ്ങ്	325 ,,	2830750 എ. (8710/ഹെ.)
വാഴ	100 ,,	2700 ടൺ
കുരുമുളക്	40 ,,	14(350കി/Hr.)
പ്ലാവ്	5 ,,	350 കി/വർഷം
മാവ്	5 ,,	30 ടൺ
റബ്ബർ	50 ,,	820 കി/ഹെ.
ജാതി	35 ,,	
ഇഞ്ചി	17 ,,	68 ടൺ 4ടൺ/ഹെ.
മഞ്ഞം	25 ,,	50 ടൺ (2ടൺ/ഹെ.)
കമുക്	25 ,,	16800/ഹെ.
മരച്ചീനി	40 ,,	8000 ടൺ (20ടൺ/ഹെ.)
കശുമാവ്	8.05 ,,	4 ടൺ (800കി./ഹെ.)
എള്ള്	20 ,,	4ടൺ200കി/Hr
പൈനാപ്പിം	25	500ടൺ20ടൺ/Hr.

പട്ടിക IV അവലംബം } വില്ലേജ് ഓഫീസ് / കൃഷി ഓഫീസ്

ഭൂമി സംബന്ധിച്ച വിവരങ്ങൾ

ഇനം	വിസ്തീർണ്ണം ഹെക്ടർ
നിലം	262
പുരയിടം	377.696
പുറമ്പോക്ക്	80.0251
കൃഷിയോഗ്യ തരിശ്	
കൃഷിയോഗ്യമല്ലാത്ത തരിശ്	0.2783
ആകെ	720 ഹെ.

പട്ടിക V അവലംബം കൃഷിഭവൻ

വളത്തിന്റെ ഉപയോഗങ്ങൾ

1993-94		1994-95		1995-96	
കീടനാശിനി		കീടനാശിനി		കീടനാശിനി	
ദ്രവം	ഖരം	ദ്രവം	ഖരം	ദ്രവം	ഖരം
24 ലി	120 Kg	25 ലി	141 Kg	28 ലി.	154Kg.
രാസവളം		രാസവളം		രാസവളം	
15200 Kg.		17500 Kg.		22000 Kg.	

പട്ടിക VI അവലംബം കൃഷിഭവൻ

നടീൽ വസ്തുക്കൾ

ഇനം		എണ്ണം	
	1993-94	1994-95	1995-96
തെങ്ങ്	290	260	230
കശുമാവ്	—	—	—
കുരുമുളക്	10000	—	3800
കവുങ്ങ്	500	—	100
ജാതി	—	100	—
റ്റ്വാവ്	7	—	—
സപ്പോട്ട	2	—	—
ഗ്രാമ്പൂ	—	50	—
കൊക്കോ	—	100	—

പട്ടിക VII കാർഷികോപകരണങ്ങൾ

വാർഡ് നമ്പർ	ഉഴവുപകരണങ്ങൾ			മരുന്നുതളി യന്ത്രങ്ങൾ			മെതിയന്ത്രം	തെങ്ങുകയറ്റയന്ത്രം	ഷെർട്ട ബിറ്റം പമ്പുസെറ്
	ട്രാക്ടർ	ടില്ലർ	നാടൻ കലപ്പ	റോക്സ് പ്രെയർ	നാപ്പ് സ്റ്റാക്ക് സ്പ്രെയർ	മറ്റുള്ളവ			
1	—	8	1	2	10	—	—	—	5
2	—	5	—	—	8	—	—	—	2
3	—	1	3	1	5	—	—	—	4
4	—	—	—	1	8	—	—	—	2
5	—	—	—	1	4	—	—	—	2
6	1	—	—	1	5	—	—	—	2
7	—	—	—	1	6	—	—	—	2
8	—	1	2	—	5	—	—	—	2

വളം, കീടനാശിനി പ്രയോഗങ്ങൾ

മുൻ കാലങ്ങളിൽ നമ്മുടെ വയലോലകളിൽ വളം ചേർക്കലും കീട നിവാരണ പ്രക്രിയയും ആണ് നിലവിലുണ്ടായിരുന്നത്. എന്നാൽ ഇന്ന് അത് വളപ്രയോഗവും കീടനാശിനി പ്രയോഗവും എന്ന നിലയിൽ ആയിരിക്കുന്നു. പണ്ടുകാലങ്ങളിൽ പച്ചിലവളവും ചാണകവും ചേർത്ത് നിലം ഒരുക്കിയിരുന്നിടത്ത് ഇപ്പോഴും നിലം ഒരുക്കിയതിനുശേഷം നാം രാസവള പ്രയോഗം നടത്തുന്നു. രാസവള പ്രയോഗം തുടങ്ങിയ കാലങ്ങളിൽ അതിന് പെട്ടെന്നുള്ള വളർച്ചയും ഉൽപ്പാദന ക്ഷമതയും അനുഭവപ്പെട്ടിരുന്നു. അക്കാര്യത്തിൽ എന്റെ അഭിപ്രായം പറഞ്ഞാൽ ഫലഭൂയിഷ്ടമായിരുന്ന നമ്മുടെ മണ്ണിൽ രാസവളംകൂടി ചെന്നപ്പോഴും മണ്ണിന്റെ ഫലഭൂയിഷ്ടത പെട്ടെന്ന് വലിച്ചെടുക്കുവാൻ രാസപ്രക്രിയ ചെടിയെ സഹായിച്ചിരുന്നു. എന്നാൽ ഇപ്പോഴും തുടർച്ചയായുള്ള രാസപ്രക്രിയയിലൂടെ ഭൂമിയിൽ അമ്ലാംശം വളരെ കൂടുകയും അതുകൊണ്ട് ചെടികൾക്ക് വളം വലിച്ചെടുക്കുവാൻ സാധിക്കാതെ വരികയും ചെയ്തിരിക്കുന്നു. അതുകൊണ്ട് രാസവള പ്രയോഗം ആവുന്നത്ര കുറയ്ക്കുകയും കൃഷി ഓഫീസറുടെ നിർദ്ദേശാനുസരണം ആവശ്യത്തിന് കുമ്മായം ചേർത്ത് മണ്ണിലുള്ള അമ്ലത നീക്കം ചെയ്യേണ്ടതാണ്. അതിനുശേഷം മുൻകാലങ്ങളിൽ ഉണ്ടായിരുന്നതുപോലുള്ള വളംചേർക്കൽ പ്രാവർത്തികമാക്കി മണ്ണിന്റെ ഫലഭൂയിഷ്ടത വീണ്ടെടുക്കുവാൻ ഓരോ കർഷകരും ശ്രമിച്ചാൽ വരുംകാലങ്ങളിൽ ഇപ്പോഴത്തെ വിളവ് അല്പം കുറഞ്ഞാലും ഫലഭൂയിഷ്ടമായ മണ്ണ് രൂപപ്പെടുത്തി എടുക്കുവാൻ സാധിക്കും.

പണ്ടു കാലങ്ങളിൽ വിതയോ നടീലോ കഴിഞ്ഞ് ഇരുപത് ഇരുപത്തഞ്ച് ദിവസങ്ങൾക്കിടയിൽ ചാരം പാറുന്ന ഒരു രീതി ഉണ്ടായിരുന്നു. അതുകൊണ്ടു വല്ല കീടങ്ങളും ഉണ്ടെങ്കിൽ നശിച്ചു പോവുകയും അതോടൊപ്പം തന്നെ ഒരു വളപ്രയോഗവും ആയിരുന്നു. അക്കാലങ്ങളിൽ കൃഷിക്ക് ഒരുഏകീകൃത സ്വഭാവം ഉണ്ടായിരുന്നു അതുകൊണ്ട് കീടനിവാരണ പ്രക്രിയ ഒരേ സമയത്ത് എല്ലായിടത്തും ചെയ്തിരുന്നതിനാൽ ഒന്നിച്ച് നശിച്ചിരുന്നു. അന്ന് പ്രകൃതിയിൽത്തന്നെ കീടങ്ങളെ നശിപ്പിക്കുന്ന ജീവികളും ഉണ്ടായിരുന്നു. ഇന്ന് അതെല്ലാം കീടനാശിനി പ്രയോഗത്തിലൂടെ നശിച്ച് നാമാവശേഷമായി. മാത്രവുമല്ല ഇന്ന് കൃഷിയിറക്കുന്നതിലോ അതുപോലുള്ള മറ്റു കാര്യങ്ങളിലൊ ഒരു ഏകീകൃത സ്വഭാവം ഇല്ലാതായിരിക്കുന്നു. അതിനാൽ കീടനാശിനി പ്രയോഗം നടത്തുമ്പോഴും കുറെ കീടങ്ങൾ നശിക്കുകയും ബാക്കിയുള്ളത് അടുത്ത പ്രദേശങ്ങളിലേക്ക് ചേക്കേറുകയും ചെയ്യുന്നു. ഈ പ്രക്രിയ തുടരുന്നതിനാൽ നേരത്തേ കീടനാശിനിപ്രയോഗം നടത്തിയ ഭാഗത്ത് ഒന്നോ രണ്ടോ ആഴ്ച കഴിയുമ്പോഴും വീണ്ടും കീടനാശിനി പ്രയോഗം നടത്തേണ്ടതായി വരുന്നു. ഈ രീതി ഓരോരുത്തരും അവരവരുടെ ഭാവനയ്ക്കനുസരിച്ച് ഡോസ് കൂട്ടി ചെയ്തുകൊണ്ടിരിക്കുന്നു. ഇതിന് പരിഹാരമെന്നോണം ഒരു പാടശേഖരം മുഴുവൻ ഒരു ദിവസം അല്ലെങ്കിൽ ഒന്നു രണ്ട് ദിവസങ്ങൾക്കുള്ളിൽ കീടനാശിനി പ്രയോഗം നടത്തിയാൽ മേൽ പറഞ്ഞിരിക്കുന്നതിന് പരിഹാരമായിരിക്കും. ഇവിടെയാണ് കൂട്ടു കൃഷി സമ്പ്രദായത്തെ കുറിച്ച് നാം ഓരോരുത്തരും ബോധവാൻമാരാകേണ്ടത്.

കൂലി സേവന വ്യവസ്ഥകൾ

ഇന്ന് കൂലി എന്ന വാക്കിന് പ്രസക്തി ഏറിയേറി വരികയും സേവനം എന്ന വാക്ക് മദർതെരേസയെ പോലുള്ള ചുരുക്കം ചിലർക്കു വേണ്ടി മാറ്റി നിർത്തിയിരിക്കുന്ന ഒരു രീതിയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. അതിന് തക്കതായ കാരണങ്ങളും ഉണ്ട് എന്നത് വിസ്മരിക്കാവുന്നതല്ല. കാരണം ജീവിത ചെലവും ജീവിത സൗകര്യങ്ങളും അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. കാർഷിക മേഖലയിൽ കർഷകന് കൊടുക്കാവുന്ന കൂലിനിരക്കിന് പരിധിയുണ്ട്. എന്നാൽ മറ്റു പല മേഖലകളിലും അതിന്റെ പരിധി വളരെ കൂടുതലാണ്. ഉദാഹരണമായി കാർഷീക മേഖലയിലെ കൊയ്ത്ത് തന്നെ എടുക്കാം. ഒരു വീട്ടിൽ നിന്നും മൂന്ന് ആൾ കൊയ്ത്തിനിറങ്ങിയാൽ കൊയ്യുന്നതിനും, ചുമക്കുന്നതിനും, മെതിക്കുന്നതിനും, ചേറ്റി എടുക്കുന്നതിനും കൂടി ഏകദേശം ഒൻപത് പണി ദിവസങ്ങൾ വേണ്ടിവരുന്നു. കിട്ടുന്നകൂലി ഏതാണ്ട് ആറ്, ഏഴ് പറ നെല്ലാണ്. അതായത് 300–350 രൂപ. എന്നാൽ മറ്റു മേഖലകളിൽ ഇതേ ഒൻപത് പണിക്ക് കിട്ടുന്നകൂലി മേൽപ്പറഞ്ഞതിന്റെ ഇരട്ടിയിൽ അധികം വരുന്നു. അതുകൊണ്ട് ഈ മേഖലയിൽ പണി ചെയ്യുന്ന

വരുടെ എണ്ണം അനുദിനം കുറഞ്ഞുകൊണ്ടിരിക്കുന്നു. ഇതിന് പരിഹാരമായി സർക്കാർ സബ്സിഡി ഏർപ്പെടുത്തുകയോ യന്ത്രവത്കൃത കൃഷി, വിളവെടുപ്പ് രീതി എല്ലാ കർഷകർക്കും എത്തിക്കുകയോ ചെയ്യേണ്ടതാണ്. അതുപോലെ തന്നെ കാർഷിക മേഖലയിൽ ഏർപ്പെടുന്നതിനുള്ള സേവന സൗകര്യങ്ങളും വർദ്ധിപ്പിക്കുകയും എല്ലാ കർഷകർക്കും ആവശ്യമായ സമയത്ത് കൃഷിയിടങ്ങളിൽ തന്നെ കിട്ടുവാൻ വേണ്ട ഏർപ്പാടുകളും കർശനമാക്കുകയും ചെയ്യേണ്ടതാണ്.

പ്രശ്നങ്ങൾ

തൊഴിലും കൂലിയും തമ്മിൽ കർഷക മേഖലയിൽ പൊരുത്തപ്പെട്ടു പോകുന്നില്ല. നെൽ കൃഷി ചെയ്യുന്ന പാടശേഖരങ്ങളിൽ ഒരു പ്രദേശത്ത് വെള്ളക്കൂടുതൽ മൂലം കൃഷി നശിക്കുമ്പോൾ മറ്റു ചില പ്രദേശങ്ങളിൽ വെള്ളത്തിന്റെ അപര്യാപ്തത മൂലം നാശം സംഭവിക്കുന്നു. നിലവിലുള്ളതും ജലലഭ്യതയ്ക്കുള്ള സൗകര്യങ്ങളും നല്ല രീതിയിൽ ഉപയോഗപ്പെടുത്തുന്നില്ല. അമിതമായ അമ്ലതയും കീടങ്ങളുടെ ശല്യവും വിളകളെ പ്രതികൂലമായി ബാധിക്കുന്നു. കാർഷിക മേഖലയിലുള്ള പുതിയ പുതിയ കണ്ടുപിടുത്തങ്ങൾ കാലാകാലങ്ങളിൽ കർഷകരിൽ എത്തുന്നില്ല. കാർഷികമേഖലയിൽ പെട്ടാൽ നല്ല രീതിയിൽ ജീവിക്കാൻ പറ്റില്ല എന്ന ജനങ്ങളിലുള്ള വിശ്വാസം അനുദിനം വർദ്ധിച്ചു വരുന്നു. ഇതിനുള്ള അപവാദം റബ്ബർ കൃഷി മാത്രമായി ചുരുങ്ങിയിരിക്കുന്നു. തെങ്ങിന്റെ കാറ്റുവീഴ്ച രോഗവും വിലയിടിവും ഈ മേഖലയെ ഒന്നടങ്കം തകിടം മറിച്ചിരിക്കുന്നു. കർഷകരുടെയും, ഉപഭോക്താക്കളുടെയും ഇടയിൽ പ്രവർത്തിക്കുന്ന ഇടത്തട്ടുകാർ ഇരുകൂട്ടരേയും അമിതമായി ചൂഷണം ചെയ്യുന്നു. നമ്മുടെ കറുത്ത മുത്തായ കുരുമുളകിന്റെ ദ്രുതവാട്ടം ആ മേഖലയുമായി ബന്ധപ്പെട്ടവരുടെ പ്രതീക്ഷ കീഴ്മേൽ മറിച്ചിരിക്കുന്നു. പഴം, പച്ചക്കറി മേഖലയിൽ KHDP യുടെ പ്രവർത്തനം സ്തുത്യർഹമാണെങ്കിലും വിലക്കുറവും കീടബാധയും ഒഴിവാക്കാൻ നടപടി ഉണ്ടാകണം. നിലവിലുള്ള സർക്കാർ സബ്സിഡികൾ ഫലപ്രദമായി കർഷകർക്ക് ലഭിക്കുന്നില്ല. വളം കീടനാശിനി എന്നിവയ്ക്ക് ഒരു ഏകീകൃത വില നിലവാരം ഇല്ല. പല കടകളിലും പല വില ഈടാക്കുന്നു കാർഷീക വായ്പ കിട്ടാനുള്ള ബുദ്ധിമുട്ടും കാലതാമസവും ഒരു പ്രധാന പ്പെട്ട പ്രശ്നമാണ്. പുതിയ നാണ്യ സുഗന്ധ ദ്രവ്യ കൃഷി നടപ്പാക്കുവാൻ വേണ്ട ബോധവത്ക്കരണം നടക്കുന്നില്ല. മേൽപ്പറഞ്ഞ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും കൃഷി ഒരു അഭിമാനമുള്ള, ജീവിത സാധ്യതയുള്ള തൊഴിലാണെന്ന് വരുത്തി തീർത്ത് യുവതലമുറയെ ഇതിലേക്ക് ആകർഷിക്കുവാൻ വേണ്ട നടപടികളും സ്വീകരിക്കുക.

സാദ്ധ്യതകൾ

പഴയ ജല സ്രോതസുകളും, സംഭരണികളും എന്നിവ കാലാകാലങ്ങളിൽ അറ്റകുറ്റ പണികളും തീർക്കുക. വർഷ കാലങ്ങളിൽ കിട്ടുന്ന ജലം സംഭരിച്ചു വെച്ച് ആവശ്യത്തിന് ജലസേചനത്തിന് ഉപയോഗിക്കാം. വയലുകളിൽ ജല നിർഗമന ജലസേചന തോടുകളും അറ്റകുറ്റപണികളും നടത്തി സംരക്ഷിക്കുക. ഇടമലയാർ പദ്ധതി എത്രയും വേഗം പണി തീർക്കുവാൻ കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ സമ്മർദ്ദം ചെലുത്തുക. ജൈവവള പ്രയോഗം മണ്ണിന്റെ ഫല ഭൂയിഷ്ടത വർദ്ധിപ്പിക്കും എന്നതുകൊണ്ട് അത് പരിപോഷിപ്പിക്കുവാൻ ധനസഹായവും പ്രോത്സാഹന സെമിനാറുകളും നടത്തുക. വിദ്യാലയങ്ങളിൽ ഹൈസ്ക്കൂൾ വിഭാഗത്തിൽ കൃഷി ഒരു പാഠ്യപദ്ധതിയായി ഉൾപ്പെടുത്തി ക്ലാസ് എടുക്കുകയും പ്രവർത്തി പരിചയം നൽകുകയും ചെയ്യുക. പത്താം ക്ലാസ് കഴിഞ്ഞ് പുറത്തുവരുന്ന യുവാക്കൾ കൂടുതലായി ഈ രംഗത്തേയ്ക്ക് വരുവാൻ ഓരോരുത്തർക്കും അഭിരുചിയും താൽപ്പര്യവും അനുസരിച്ച് ക്ലാസ് കൊടുത്ത് പരിചയം സിദ്ധിച്ച യുവാക്കളെ വളർത്തിയെടുക്കുക. കാർഷികാധിഷ്ഠിത വ്യവസായങ്ങളും പരിപോഷിപ്പിക്കത്തക്ക രീതിയിൽ ബോധവൽക്കരണ സെമിനാറുകളും നടത്തുകയും വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് ധനസഹായം ലഭിക്കുവാൻ വായ്പാസമ്പ്രദായം ഉദാരമാക്കുക.

മേൽ വിവരിക്കുന്ന കൃഷിയെ സംബന്ധിക്കുന്ന കാര്യങ്ങളും റെഡ് ടേപ്പിസത്തിൽ കുടുങ്ങി പോകാതെ പ്രാവർത്തികമാക്കാൻ ജനകീയാസൂത്രണം വഴി സാദ്ധ്യമായാൽ ഗാന്ധിജി വിഭാവനം ചെയ്ത ഗ്രാമാന്തരീക്ഷം രൂപപ്പെടുത്തുക വഴി ജീവനുള്ള ഗ്രാമീണ ജനതയേയും പുതിയ ഒരു ഇൻഡ്യയേയും രൂപപ്പെടുത്താൻ നമുക്ക് സാധിക്കും എന്ന് ആശംസിക്കാം.

ക്ഷീര വികസനം - മഞ്ഞപ്ര പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന ക്ഷീര വികസന പദ്ധതികൾ

പദ്ധതി-1 മാതൃകാ ഡയറി ഫാം പദ്ധതി

യുവജനങ്ങളുടെ തൊഴിൽ സാദ്ധ്യത ലക്ഷ്യമാക്കി മോഡൽ ഡയറി ഫാം യൂണിറ്റ് പദ്ധതി ഉൽപ്പാദനക്ഷമതയുള്ള മൂന്ന് പശുക്കളെ വാങ്ങണം. മൂന്ന് ഉരുക്കൾക്ക് ആവശ്യമായ പച്ചപുല്ല് സ്വന്തമായി കൃഷി ചെയ്തുണ്ടാക്കാൻ സാധ്യതയില്ലെങ്കിൽ, 50-60 Kg പുല്ലിന്റെ ലഭ്യത ഉള്ളവരെ തിരഞ്ഞെടുക്കാം. സ്വന്തമായി കൃഷി ചെയ്യുന്നവർക്ക് മോട്ടോർ പമ്പ് സെറ്റ് ലഭ്യമാക്കി എല്ലാ സമയത്തും പുല്ലിന്റെ ലഭ്യത ഉറപ്പാക്കണം.

ക്ഷീര വികസന വകുപ്പിലെ ഉദ്യോഗസ്ഥർ പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളെ സന്ദർശിക്കുന്നതും ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതും കൂടാതെ മറ്റെല്ലാ രീതിയിലുള്ള സഹായവും നല്കി പദ്ധതിയുടെ വിജയം ഉറപ്പാക്കാൻ സഹായിക്കും. പശുവിൽ നിന്നും ലഭിക്കുന്ന ചാണകം, ഗോമൂത്രം എന്നിവ പ്രയോജനപ്പെടുത്തി മറ്റുകൃഷിയും പ്രോത്സാഹിപ്പിക്കും. സബ്സിഡിയായി ഒരു യൂണിറ്റ് 10,000/- ലഭ്യമാക്കണം.

പദ്ധതി-2 കന്നുകാലിതൊഴുത്ത് നിർമ്മാണം

വൃത്തിയുള്ള പരിസരം സങ്കരയിനം കറവപശുക്കൾക്കും കിടാക്കൾക്കും അനിവാര്യമാണ്. രോഗങ്ങൾ മൂലം കർഷകർക്ക് നേരിടുന്ന കഷ്ടനഷ്ടങ്ങളിൽ നിന്നും ഒരു പരിധിവരെ മോചനം നേടാൻ നല്ല തൊഴുത്തും പരിസരവും സഹായിക്കും. ഒരു തൊഴുത്തിന് (15 X 10 അടി വിസ്തീർണ്ണമുള്ളത്) 3000 രൂപ വരെ ധനസഹായമാ ലഭ്യമാക്കാം.

പദ്ധതി-3 വൈറ്റമിൻ സപ്ലിമെന്റ്, മിനറൽ മിക്സ്ച്ചർ:

വൈറ്റമിൻ സപ്ലിമെന്റ്, മീനെണ്ണ എന്നിവ കിടാക്കളുടെ ശരിയായ വളർച്ചക്കും, മിനറൽ മിക്സ്ച്ചർ കറവപശുക്കൾക്കു ഉണ്ടാകുന്ന ധാതുലവണങ്ങളുടെ കുറവുകൊണ്ടുമൂലമുണ്ടാകുന്ന അസുഖങ്ങളിൽ നിന്നും മോചനം നല്കും. മേൽ പറഞ്ഞവ പകുതി വിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കി കൂടുതൽ കർഷകർ ഇതു വാങ്ങി ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുക വഴി കന്നുകുട്ടികളെ നേരത്തെ മദിയിലെത്തിക്കാനും കറവപശുക്കളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാനും സഹായിക്കും. ഇത് പഞ്ചായത്തിലെ പാലിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുകയും കന്നുകുട്ടിളെ നേരത്തെ മദിയിലെത്തിക്കുക വഴി കർഷകനു സാമ്പത്തിക നേട്ടത്തിനും ഇടവരുത്തും. 200 കിലൊ മിനറൽ മിക്സ്ച്ചർ 150കുപ്പി (1 കുപ്പി 5000ml) വൈറ്റമിൻ സപ്ലിമെന്റ് കർഷകർക്ക് യഥാക്രമം 10 രൂപ, 30 രൂപ എന്നീ നിരക്കുകളിൽ ലഭ്യമാക്കാവുന്നതാണ്. ഈ പദ്ധതി നടപ്പിലാക്കാൻ പഞ്ചായത്ത് 6500 രൂപ വകയിരുത്താവുന്നതാണ്.

പദ്ധതി-4 കർഷക സമ്പർക്ക പരിപാടികൾ:

ക്ഷീര കർഷകരുമായി മുഖാമുഖം ചർച്ചകൾ നടത്തുന്നതിനും, ശാസ്ത്രീയമായ പശുവളർത്തൽ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനും ഉള്ള പദ്ധതിയാണ് ഇത്. കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥരെയും ഇത്തരം ക്ലാസുകളിൽ പങ്കെടുപ്പിക്കാവുന്നതാണ്. നോട്ടീസ് തയ്യാറാക്കുന്നതിനും ചർച്ചയിൽ പങ്കെടുക്കുന്നവർക്ക് ലഘുഭക്ഷണം നൽകുന്നതിനും ക്ലാസൊന്നിന് 250-രൂപ വക കൊള്ളിക്കാവുന്നതാണ്.

പദ്ധതി-5 പുൽകൃഷി വികസനം

ആദായകരമായ ക്ഷീരോൽപ്പാദനത്തിനും, ഉരുക്കൾക്ക് രോഗപ്രതിരോധ ശക്തിയുണ്ടാവുന്നതിനും ഗുണനിലവാരമുള്ള പച്ചപ്പുല്ല് ലഭ്യമാവണം. സ്ഥലമുള്ള കർഷകരെ കൊണ്ട് സ്വയം കൃഷി ചെയ്യിക്കാൻ ശ്രമിക്കേണ്ടതും സ്വന്തമായി

സ്ഥല സൗകര്യമില്ലാത്ത കർഷകർക്ക് അത് ലഭ്യമാക്കാൻ പഞ്ചായത്തു വക പുറമ്പോക്ക് സ്ഥലങ്ങളോ, ഭൂവുടമകളുടെ സ്ഥലം പാട്ടത്തിനെടുത്തോ കൃഷി ചെയ്യാവുന്നതാണ്. 2 ഹെക്ടർ സ്ഥലത്ത് കൃഷി നടപ്പാക്കാൻ 2000/- രൂപ വക കൊള്ളിക്കാവുന്നതാണ്. പുൽവിത്ത്, പുൽകടകം, രാസവളം എന്നിവ ലഭ്യമാക്കാനാണ് ഈ തുക.

പദ്ധതി-6 പാലുല്പന്ന നിർമ്മാണക്ലാസുകൾ

പാലിന്റെ ഉപഭോഗം വർദ്ധിപ്പിക്കുക പഞ്ചായത്തിലെ ജനങ്ങളുടെ പ്രത്യേകിച്ച് കുട്ടികളുടെ ആരോഗ്യ നില മെച്ചപ്പെടുത്തുന്നതിനും രുചികരമായ പാലുല്പന്നങ്ങൾ നിർമ്മിക്കാൻ വീട്ടമ്മമാർക്ക് പരിശീലനം നൽകുന്ന പദ്ധതിയാണിത്. ചോക്ലേറ്റ്, പേഡ, ബർഫി, ഗുലാബ് ജാമുൻ പനിനീർ, തുടങ്ങിയ വിവിധ ഉൽപ്പന്നങ്ങൾ ഉണ്ടാക്കാം. ഒരു ക്ലാസിന് 150/ രൂപ പ്രകാരം 10 ക്ലാസ് നടത്തുന്നതിന് 1500/രൂപ വക കൊള്ളിക്കാം.

പദ്ധതി-7 തൊഴുത്ത് വൃത്തിയാക്കുന്നതിന് അണുനാശിനി വിതരണം ചെയ്യുന്ന പദ്ധതി:

തൊഴുത്ത് വൃത്തിയായും, അണുവിമുക്തമായും സൂക്ഷിക്കുന്നതിനും അകിട് അണുവിമുക്തമാക്കി സൂക്ഷിക്കുന്നതിനും ആവശ്യമായ രാസപദാർത്ഥങ്ങൾ പകുതി വിലയ്ക്ക് ലഭ്യമാക്കുന്നതാണ് ഈ പദ്ധതി. പഞ്ചായത്തിൽ 200 പേർക്ക് 30 രൂപ വിലയ്ക്ക് കെമിക്കൽസ് അടങ്ങിയ കിറ്റ് ലഭ്യമാക്കാം. ഈ പദ്ധതി പ്രകാരം പഞ്ചായത്തിന് 6000 രൂപ ചെലവ് പ്രതീക്ഷിക്കാം.

പദ്ധതി-8 ഉൽപ്പാദനശേഷിയുള്ള കറവപശു വിനെ വാങ്ങാൻ പദ്ധതി:

ഉൽപ്പാദനശേഷിയുള്ള കറവപശുവിനെ വാങ്ങി ആദായകരമായ രീതിയിൽ ക്ഷീരോൽപ്പാദനം നടത്തുന്നതിന് ബാങ്ക് വായ്പകൂടി ഉപയോഗപ്പെടുത്തിയുള്ള പദ്ധതി. 10 ലിറ്റർ ഉൽപ്പാദനശേഷിയുള്ള കറവപശുക്കൾക്ക് 5000 രൂപ വരെ ധനസഹായവും ബാക്കി ബാങ്ക് വായ്പയായും ലഭ്യമാക്കാം.

പദ്ധതി-9 കന്നുകാലിത്തീറ്റ നിർമ്മാണ യൂണിറ്റ്:

അങ്കമാലി മേഖലയിൽ സുലഭമായ അരിതവിട്, തേങ്ങാപ്പിണ്ണാക്ക് എന്നിവ കൂടുതൽ ഉപയോഗപ്പെടുത്തിയുള്ള കന്നുകാലിത്തീറ്റ നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്ന പദ്ധതി. 2 മെട്രിക് ടൺ ശേഷിയുള്ള പ്ലാന്റ് സ്ഥാപിക്കാൻ 6,00,000/ രൂപ ചിലവുവരും. പഞ്ചായത്തിന്റെ ധനസഹായമായി 2,00,000/ രൂപയും 200 രൂപ മുഖവിലയുള്ള 1000/ ഓഹരികൾ വഴി 2,00,000/ രൂപയും ബാങ്ക് വായ്പയായി 2,00,000/ രൂപയും ലഭ്യമാക്കണം. കർഷകരുടെ ഒരു സൊസൈറ്റി രൂപീകരിച്ച് ഈ പദ്ധതി ഏറ്റെടുപ്പിക്കാവുന്നതാണ്.

മഞ്ഞപ്ര പഞ്ചായത്തിൽ നടപ്പാക്കാവുന്ന ക്ഷീരവികസന പദ്ധതികൾ 1996-97

ക്രമ നം.	പദ്ധതിയുടെ പേര്	യൂണിറ്റ്	പദ്ധതി അടങ്കൽ	ആകെ തുക	സബ്സീഡി യൂണീറ്റിനാന്നിന്	പഞ്ചായത്ത് നീക്കി വയ്ക്കേണ്ടതുക
1	മാതൃക ഡയറി ഫാം യൂണിറ്റ് പദ്ധതി	2	30,000	60,000	10000	20,000
2	കന്നുകാലി തൊഴുത്ത് നിർമ്മാണം	15	6,000	90,000	3000	45,000
3a	വൈറമിൻ സപ്ലിമെൻറ്	150 കുപ്പി	60	9000	30	4500
3b	മിനറൽ മിക്സ്ച്ചർ	200 Kg	20	4000	10	2000
4	കർഷക സമ്പർക്ക പരിപാടി	10	250	2500	250	2500
5	പുൽകൃഷി വികസനം	2 ഹെക്ടർ	1000	2000	1000	2000
6	പാലുല്പന്ന നിർമ്മാണ ക്ലാസുകൾ	10	150	1500	150	1500
7	തൊഴുത്ത് വൃത്തിയാക്കുന്നതിന് കെമിക്കൽസ് നല്കുന്ന പദ്ധതി	200	60	12000	30	6000
8	ഉൽപാദന ശേഷിയുള്ള കറവ പശുക്കളെ വിതരണം ചെയ്യുന്ന പദ്ധതി	10	10000	1,00,000	5000	60,000
9	കന്നുകാലിത്തീറ്റ നിർമ്മാണയൂണിറ്റ്	1	6,00000	6,00,000	2,00,000	2,00,000
10	വാണിജ്യാടിസ്ഥാനത്തിലുള്ള പുൽകൃഷി പദ്ധതി	2 Hectars	15,000	8,81000 30000 9,11000	15,000	3,33,500 30000 3,63,500

9-ാം പദ്ധതി

മൃഗസംരക്ഷണ മേഖല

കഴിഞ്ഞ മൂന്ന് ദശാബ്ദ കാലത്തിനുള്ളിൽ മഞ്ഞപ്ര പഞ്ചായത്തിലെ മൃഗസംരക്ഷണ മേഖലയിലുണ്ടായ മാറ്റങ്ങളും ഗുണപരവും പ്രകടവുമാണ്. ഇവിടെ മൊത്തം ഉണ്ടായ വർദ്ധനവിന് കാരണം സംസ്ഥാന ഗവൺമെന്റ് നടപ്പാക്കിയിട്ടുള്ള വിവിധ നയപരിപാടികളാണ്. എടുത്തു പറയേണ്ട ഒരു മാറ്റം ഈ പ്രദേശത്തെ കാലിസമ്പത്തിൽ 80 ശതമാനത്തോളം അത്യുൽപ്പാദന ശേഷിയുള്ള സങ്കരയിനം കന്നുകാലികളായി മാറി എന്നുള്ളതാണ്, ഉൽപ്പാദനശേഷി കുറഞ്ഞ നാടൻ കന്നുകാലികളുടെ സ്ഥാനത്താണ് ഇത്. 1960 ന് മുൻപ് സിന്ധി മൂരികളുടെ ബീജംശേഖരിച്ച് നാടൻ കന്നുകാലികളിൽ കൃത്രിമ ബീജസങ്കലനം നടത്തിയിരുന്ന സമ്പ്രദായമാണ് നിലവിലുണ്ടായിരുന്നത്. 1960 കളിൽ ധവള വിപ്ലവത്തിന്റെ ഭാഗമായി വിദേശ ജനസ്സുകളായ ജേഴ്സി, ഹോൾസ്റ്റീൻ ഫ്രിഷ്യൻ സ്വാൺസ്വിസ്സ് എന്നിവയുടെ ബീജം നാടൻ പശുക്കളിൽ കുത്തിവച്ച് അത്യുൽപ്പാദന ശേഷിയുള്ള സങ്കരയിനം പശുക്കളെ വാർത്തെടുത്തു പാലിനും ജൈവ വളത്തിനുമായി കാർഷിക വൃത്തിയിലേർപ്പെട്ടിട്ടുള്ള കർഷകർ കൂടുതലായി പശു പരിപാലനത്തിൽ ശ്രദ്ധ കാണിച്ചതോടൊപ്പം തന്നെ പാലിന്റെ പ്രതിശീർഷക ഉപഭോഗത്തിൽ ഗണ്യമായ മാറ്റം വന്നിട്ടുണ്ടെന്നുള്ളത് എടുത്തുപറയേണ്ടതാണ്.

1987ൽ നടന്ന കാനേഷുമാരി കണക്കനുസരിച്ച് ഈ പഞ്ചായത്തിലെ മൃഗസമ്പത്തിൽ വന്ന പ്രകടമായ വ്യത്യാസം നാടൻ കന്നുകാലികളുടെ എണ്ണം കുറയുകയും സങ്കരയിനത്തിന്റെ എണ്ണം വർദ്ധിച്ചതുമാണ്. എരുമയുടെ എണ്ണത്തിൽ ഗണ്യമായ ഒരു വർദ്ധനവ് ഉണ്ടായിട്ടില്ല. കോഴികളുടെ എണ്ണത്തിൽ വർദ്ധനവുണ്ട്. നാടൻ കോഴികൾക്കുപകരം അത്യുൽപ്പാദന ശേഷിയുള്ള റോഡോഐലറ്റ്, കലിംഗ ബ്രൗൺ, ഗിരിരാജ തുടങ്ങിയ ഇനമാണ് ഇപ്പോൾ കാണപ്പെടുന്നത്. കറുത്ത നാടൻ പണികൾക്ക് പകരം വെളുത്തശീമ പന്നികൾ കൂടുതൽ പഞ്ചായത്തിൽ വ്യാപ്തമായിട്ടുണ്ട്.

എന്നാൽ ഈ മാറ്റത്തിന്റെ കൂടെ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ പഞ്ചായത്തിലെ മറ്റുവികസന പ്രവർത്തനങ്ങളും റബ്ബർ കൃഷിയിൽ വന്നവ്യാപനവും പാടശേഖരങ്ങളുടെ ശോഷിപ്പും പുല്ല്, വൈക്കോൽ തുടങ്ങിയവയുടെ ദൗർലഭ്യത്തിലേക്ക് വഴിതെളിച്ചു. നമ്മുടെ സംസ്ഥാനത്തിന്റെ മൊത്തം പ്രശ്നമെന്നോണം കാലിത്തീറ്റയുടെ വിലയിൽ വന്ന ക്രമാതീതമായ വർദ്ധനവും ഉൽപ്പാദനത്തിന് തദനുസൃതമായ വിലയില്ലാത്തതുമായ അവസ്ഥ ഈ മേഖലയുടെ പുരോഗതിക്ക് തടസം നിൽക്കുന്നു.

പശുപരിപാലനം ഒരു മുഖ്യതൊഴിലായും ഉപതൊഴിലായും മുൻപോട്ടു കൊണ്ടുപോകുന്ന വളരെ പേർ ഈ പഞ്ചായത്തിലുണ്ട്. കാലിത്തീറ്റ, പിണ്ണാക്ക് തുടങ്ങിയവ കടകളിൽ നിന്നും വാങ്ങുകയും, പുല്ല് പറമ്പിൽ നിന്നും പാടങ്ങളിൽ നിന്നും സംഭരിച്ചാണ് ഈ പ്രദേശത്തെ പശുക്കളെ പരിപാലിക്കുന്നത്. ചെറുകിട കർഷകർക്ക് വൈക്കോലും വില കൊടുത്ത് വാങ്ങേണ്ട അവസ്ഥയാണ്. തീറ്റപ്പുല്ല് മുഖ്യമായോ, ഇടവിളയായോ കൃഷിചെയ്യുന്ന കർഷകർ അപൂർവ്വമാണ്. ഈ മേഖലയിലെ കർഷകർ ഇടവിളയായി തീറ്റപ്പുല്ല് കൃഷിചെയ്യാത്തത് പുൽവിത്തുകളുടെ ദൗർലഭ്യവും ഈ രംഗത്തുള്ള അറിവുകുറവും മൂലമാണ്. വരുംകാലങ്ങളിൽ ഇവ പരിഹരിക്കേണ്ടതാണ്. പാടശേഖരങ്ങളിലെ വരമ്പുകൾ, ബണ്ടുകൾ, കൈയ്യാലകൾ തുടങ്ങിയവയിൽ തീറ്റപ്പുല്ല് കൃഷിചെയ്യുവാൻ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

അടുക്കളമുറ്റത്തെ കോഴിവളർത്തൽ ഈ പഞ്ചായത്തിൽ വളരെയധികം പ്രചാരം നേടിയിട്ടുണ്ട്. കോഴിവളർത്തുന്ന കർഷകരെ രോഗപ്രതിരോധത്തിന്റെ ആവശ്യകത പറഞ്ഞു മനസിലാക്കേണ്ടതും രോഗംമൂലം കോഴികൾ നശിക്കുന്നത് ഒഴിവാക്കുവാൻ വേണ്ട പ്രതിരോധ നടപടികൾ സ്വീകരിക്കുകയും വേണം.

പേവിഷ നിയന്ത്രണത്തിന് വേണ്ട അളവിൽ വാക്സിൻ ലഭ്യമാകുന്നില്ല. പേവിഷ നിർമ്മാർജ്ജനത്തിന് വേണ്ട നടപടികൾ സ്വീകരിക്കണം.

പന്നി വളർത്തലിൽ താൽപ്പര്യക്കാർ ഏറെയുണ്ടെങ്കിലും ആവശ്യമായ പന്നികുഞ്ഞുങ്ങളെ ലഭ്യമാക്കാൻ കഴിയുന്നില്ല എന്നതാണ് പ്രശ്നം. പൂർണ്ണമായും സർക്കാർ ഫാമുകളെ ആശ്രയിക്കാതെ സ്വകാര്യ സ്ഥാപനങ്ങളുടെയും മറ്റ് ഏജൻസികളുടെയും പങ്കാളിത്തത്തോടെ പഞ്ചായത്തിൽ പന്നി കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ചു വിതരണം ചെയ്യാൻ കഴിയണം. കോഴികുഞ്ഞുങ്ങളുടെ ദൗർലഭ്യം പരിഹരിക്കാൻ ഒരു ദിവസം പ്രായമുള്ള കോഴികുഞ്ഞുങ്ങളെ രണ്ടുമാസം വളർത്തി പൊതുജനങ്ങൾക്ക് വിതരണം ചെയ്യുവാൻ കഴിയുംവിധം എഗ്ഗർ നഴ്സറികൾ സ്ഥാപിക്കണം.

ആദായകരമായ പാലുൽപ്പാദനത്തിന് തടസമായി നിൽക്കുന്ന കാലിത്തീറ്റയുടെ വർദ്ധിച്ചവില സർക്കാർ ഇടപ്പെട്ട് കുറയ്ക്കാൻ ശ്രദ്ധിക്കണം. മറ്റുമാർഗങ്ങളും ആരായേണ്ടതാണ്. പഞ്ചായത്തിലെ പാൽ ഉൽപ്പാദനം കൂട്ടുവാനും തൊഴിലില്ലായ്മ പ്രശ്നം ഒരളവുവരെ പരിഹരിക്കാനും 2, 3 പശുക്കൾ അടങ്ങുന്ന മിനി ഡയറി യൂണിറ്റുകൾ വാർഡുതോറും സർക്കാർ ധനസഹായത്തോടെ പഞ്ചായത്തിൽ ആരംഭിക്കാവുന്നതാണ്. 15 പേർ അടങ്ങുന്ന വനിതാ യൂണിറ്റുകൾ രൂപീകരിച്ച് പശുവളർത്തൽ പ്രോത്സാഹിപ്പിക്കാവുന്നതാണ്. വനിതാ സംരംഭകരെ സഹകരണാടിസ്ഥാനത്തിൽ യോജിപ്പിച്ച് ക്ഷീര ഗ്രാമങ്ങൾ രൂപീകരിക്കാവുന്നതാണ്. പഞ്ചായത്തിലെ എല്ലാ സങ്കരയിനം പശുക്കളേയും ഘട്ടം ഘട്ടമായി ഉൾജ്ജിത കന്നുകുട്ടി പരിപാലന പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് ആനുകൂല്യം നൽകേണ്ടതാണ്.

വീട്ടു മുറ്റത്തെ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുവാൽ 45 ദിവസം പ്രായമുള്ള കോഴികുഞ്ഞുങ്ങളെ സൗജന്യ നിരക്കിൽ നൽകാവുന്നതാണ്. പ്രതിവർഷം 1000 യൂണിറ്റുകൾ വീതം സ്ഥാപിക്കാവുന്നതാണ്. കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുവാൻ എഗ്ഗർ നഴ്സറികൾ സ്ഥാപിക്കണം. ഇറച്ചിക്കോഴി വ്യാപകമാക്കുന്നതിലേക്കായി കുടുംബത്തിലെ സ്ത്രീകളുടെയും കുട്ടികളുടെയും ഒഴിവു സമയം ഉപയോഗപ്പെടുത്തി രണ്ടാഴ്ചയിലൊരിക്കൽ 250 ഇറച്ചിക്കോഴികളെ വീതം വിൽപ്പനയ്ക്ക് സജ്ജമാക്കുന്ന ഒരു സമഗ്രപദ്ധതി പഞ്ചായത്തിൽ നടപ്പാക്കാവുന്നതാണ്.

പുറമേ നിന്നും വരുത്തി. കടകളിൽ വിൽക്കപ്പെടുന്ന മുട്ടയുടെ തോത് ഈ പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കുന്ന മുട്ട ഉപഭോഗത്തിന് തികയുന്നില്ല എന്ന് വ്യക്തമാകുന്നു. പന്നി വളർത്തുന്ന കർഷകർക്ക് പന്നിക്കുഞ്ഞുങ്ങളെ ലഭ്യമാക്കാൻ വേണ്ട നടപടികളും ഉണ്ടാകണം. വെള്ളം കെട്ടിനിൽക്കുന്ന സ്ഥലങ്ങളിൽ താറാവ് വളർത്തൽ പ്രോത്സാഹിപ്പിക്കാവുന്നതുമാണ്. ഇറച്ചിക്കോഴി വളർത്തലിന്റെ പ്രാധാന്യം മനസിലാക്കി അത് വ്യാപകമാക്കണം. തൊഴിൽ സാധ്യതയും ലാഭകരവുമായ ഒരു മേഖലയാണത്. ഈ മേഖലയിൽ കർഷകർ തികച്ചും അസംഘടിതരാണ്. ഇറച്ചി ഉൽപ്പാദന വിതരണ സഹകരണ സംഘം പഞ്ചായത്തിലോ ബ്ലോക്ക് അടിസ്ഥാനത്തിലോ നിലവിൽ വന്നാൽ മാത്രമേ മദ്ധ്യവർത്തികളുടെ ചൂഷണത്തിൻ നിന്നും കർഷകരെ രക്ഷിക്കാനാകുകയുള്ളൂ.

മുയൽ വളർത്തൽ, പ്രോത്സാഹിപ്പിക്കുന്നതിലേക്കായി വിവിധ സ്കൂളുകളിൽ 8-ാം ക്ലാസിൽ പഠിക്കുന്ന 25 കുട്ടികൾ വീതം ഓരോ വർഷവും തെരഞ്ഞെടുത്ത് അവർക്ക് ഓരോ ആൺമുയലും രണ്ടു പെൺമുയലും അടങ്ങുന്ന ഓരോ യൂണിറ്റു വീതം നൽകാവുന്നതാണ്. 9 ാം ക്ലാസിലും 10-ാം ക്ലാസിലുമെത്തുമ്പോൾ അവർ ഒരു ജോഡി മുയൽക്കുഞ്ഞുങ്ങളെ വീതം പഞ്ചായത്തിനു തിരികെ നൽകണം. അവയെ വീണ്ടും വിതരണം ചെയ്യാവുന്നതുമാണ്.

ഈ പഞ്ചായത്തിൽ ചിതറിക്കിടക്കുന്ന പ്രാദേശിക അറവുശാലകൾ ഏകോപിപ്പിച്ച് ശാസ്ത്രീയമായി നിർമ്മിച്ച ഒരു അറവുശാല ഈപഞ്ചായത്തിൽ ആവശ്യമുണ്ട്. പൊതുജനാരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്ന രീതിയിലാണ് ഒട്ടുമിക്ക അറവുശാലകളുടേയും പ്രവർത്തനരീതി റോഡരികിൽ കെട്ടിത്തൂക്കിയുള്ള മാംസ വിൽപ്പന നിരോധിച്ച് മാതൃകാ മീറ്റ് സ്റ്റോളുകൾ വഴി ഇറച്ചി വിതരണം ചെയ്യണം. അറവുശാലകൾക്കും മീറ്റ് സ്റ്റോളിനും വേണ്ടി വരുന്ന ചിലവ് സർക്കാരിന്റെ ഭാഗത്തുനിന്നും വഹിക്കണം.

മൃഗപരിപാലനത്തിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർ വൈദ്യസഹായത്തിനും മറ്റ് സാങ്കേതിക ഉപദേശങ്ങൾക്കുമായി മഞ്ഞപ്ര മൃഗാസ്പത്രിയെയാണ് ആശ്രയിക്കുന്നത്. ഈ സ്ഥാപനത്തിൽ ഒരു ടെലഫോൺ കണക്ഷൻ എത്രയും വേഗം സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.

ചുരുക്കത്തിൽ കഴിഞ്ഞ മൂന്ന് ദശാബ്ദങ്ങളായിട്ടു വികാസം കൈവരിക്കാത്ത ഗ്രാമീണ സമ്പദ്ഘടനയ്ക്ക് കാതലായ സംഭാവന നൽകിയ അസൂയാവഹമായ നേട്ടങ്ങളും കൈവരിച്ച ഒരു രംഗമാണ് മൃഗസംരക്ഷണമേഖല. എന്നാൽ ആസൂത്രണ പ്രക്രിയയിൽ കാര്യമായ പ്രാധാന്യവും, സ്ഥാനവും, പദ്ധതിവിഹിതവും ഈ മേഖലയ്ക്ക് കിട്ടിയിട്ടില്ല. അതിനാൽ വരുംകാല പദ്ധതികളിൽ വേണ്ടത്ര പ്രാധാന്യവും, വിഹിതവും, ശ്രദ്ധയും കൊടുത്താൽ പ്രതിശീർഷ ഭൂമിയുടെ ലഭ്യതയിലും ആളോഹരി വരുമാനത്തിലും വളരെ പിന്നോക്കം നിൽക്കുന്നതും, സാക്ഷരതയിലും, തൊഴിലില്ലായ്മയിലും, ജീവിത നിലവാരത്തിലും മുൻപന്തിയിൽ നിൽക്കുന്നതുമായ കേരളം പോലുള്ള സംസ്ഥാനത്ത് അനന്യസാധ്യതയുള്ള രംഗമാണ് മൃഗസംരക്ഷണ പ്രവർത്തനങ്ങളും എന്നത് സംശയാതീതമായി പറയുവാൻ കഴിയും.

മൃഗസംരക്ഷണകേന്ദ്രം മഞ്ഞപ്ര

1 ആകെ വിസ്തീർണ്ണം —

2 കെട്ടിടം – ഡിപ്പാർട്ടുമെൻറൽ കെട്ടിടം അറ്റകുറ്റപ്പണികളും നടത്തണം.

3 പ്രതിമാസത്തിൽ ചികിൽസക്കെത്തുന്ന മൃഗങ്ങളും

പശു	1000
എരുമ	200
കിടാരി	400

കൂടാതെ കോഴി, ആട്, നായ്ക്കളും മുതലായ പക്ഷിമൃഗാദികളേയും ചികിൽസക്ക് കൊണ്ടുവരാറുണ്ട്.

കേന്ദ്രവികസന നിർദ്ദേശങ്ങൾ

1 ആശുപത്രിയ്ക്ക് ചുറ്റും മതിൽവേണം.

2 ഇപ്പോഴത്തെ നിലവിലുള്ള ജീർണ്ണിച്ച കെട്ടിടം പൊളിച്ച് ആധുനിക സൗകര്യങ്ങളോടു കൂടിയ കെട്ടിടം പണിയണം.

3 വെള്ളം, വൈദ്യുതി, ഓപ്പറേഷൻ ടേബിളും, മൈക്രോസ്കോപ്പ്, റഫ്രിജറേറർ, അണുനശീകരണത്തിനുള്ള സ്റെറിലൈസർ മൃഗങ്ങളെ നിർത്തി പരിശോധിക്കാനുള്ള ഷെഡ്, ട്രവിഡ് ഇവയെല്ലാം അത്യാവശ്യമായി നടപ്പാക്കേണ്ട കാര്യമാണ്.

4 മൃഗാസ്പത്രി വികസന സമിതി രൂപീകരിക്കുകയും മൃഗസംവരണ മേഖലയിലെ പ്രവർത്തനങ്ങളും ഏകോപിപ്പിച്ച് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ശാസ്ത്രീയമായി നടപ്പിലാക്കുകയും വേണം.

5 മൃഗാശുപത്രിയിൽ മുഴുവൻ സമയവും ഡോക്ടറുടെ സേവനം ഉറപ്പുവരുത്തേണ്ടതാണ്.

രോഗവിവരങ്ങൾ 95-'96

പട്ടിക-1

		പശു	എരുമ	ആട്	പന്നി	കോഴി
1	ദഹനസംബന്ധമായ രോഗം ബാധിച്ചത്	372	72	72	16	48
2	ശ്വാസ കോശ സംബന്ധമായ	68	12	60		19
3	ഉപാപജയം സംബന്ധമായ	96	31	30		
4	ത്വക്ക് രോഗം	60	10	8		
5	ധാതു ലവണങ്ങളുടെ അഭാവം	110	21			
6	പാദ രോഗങ്ങളും	1188	96	36	12	84
7	പ്രത്യുൽപ്പാദനവുമായി ബന്ധപ്പെട്ട്	108	10	18	2	
8	വന്ധ്യത	132	16			
9	അകിടുവീക്കം	24	12			
10	മുടന്തൽപനി	20	11			
11	പകർച്ചവ്യാധി	10				500
1	പേവിഷബാധ പ്രതിരോധ കുത്തിവയ്പ് നടത്തിയത്	പട്ടി—302				
2	ബീജസങ്കലനം:	പശു—1100	കിടാരി—402		എരുമ—175	
3	രണ്ടിലധികം പ്രാവശ്യം കുത്തിവച്ചത്:	74	72	30		

പാൽ ഉൽപ്പാദന സഹകരണ സംഘങ്ങൾ

APCOS—2 (സഹകരണ മേഖല)
P. D. D. P. – 3 (സ്വകാര്യ മേഖല)

2	മുട്ട ഉൽപ്പാദനം പ്രതിദിനം	3000
3	പുറമെ നിന്ന് വരുന്ന മുട്ട	2000
4	മുട്ട ക്കോഴി ഫാമുകൾ	ഇല്ല
5	ഇറച്ചിക്കോഴി ഫാമുകൾ	10
6	ഇറച്ചി കടകൾ	24
7	അറവു ശാലകൾ	ഇല്ല
8	കാലിത്തീറ്റ ഉൽപ്പാദനം	ഇല്ല
9	കോഴിത്തീറ്റ ഉൽപ്പാദനം	ഇല്ല
10	തീറ്റപ്പുൽ ഉൽപ്പാദനം	1 ഹെക്ടർ

വിപണനം

ഇറച്ചിക്കോഴി 90% പുറത്തു കൊണ്ടുപോയി വിൽക്കുന്നു.

പട്ടിക II

അവലംബം മൃഗസംരക്ഷണഓഫീസ് മഞ്ഞപ്ര.

കാനേഷുമാരി കണക്ക്

നാടൻ പശു – കറവയുള്ളത് 175
കറവയില്ലാത്തത് 50
സങ്കരയിനം പശു – കറവയുള്ളത് 1000
കറവയില്ലാത്തത് 500
നാടൻ എരുമ – കറവയുള്ളത് 150
– കറവയില്ലാത്തത് 59
പോത്ത് – 26
ആട് – 1500
പൂവൻകോഴി – 1650
മുട്ടയിടുന്നകോഴി 4731
മുട്ടയിടാത്തത് – 10458

നടപ്പുപദ്ധതികൾ

1 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി
2 പോഷക നിർമ്മാർജ്ജന പദ്ധതി
3 ഊർജ്ജിത പന്നി വളർത്തൽ പരിപാടി
4 കന്നുകാലി പ്ലേഗ് നിർമ്മാർജനം
5 ബീജസങ്കലനം വർദ്ധിപ്പിക്കൽ പദ്ധതി
6 വിജ്ഞാന വ്യാപനം
7 മൃഗാരോഗ്യം, മൃഗ ചികിൽസ
8 വീട്ടു വളപ്പിലെ കോഴി വളർത്തൽ.

ക്ഷീരവികസനം നടപ്പുപദ്ധതികൾ

1 കർഷക സമ്പർക്ക പരിപാടി
2 ക്ഷീരോൽപ്പാദന നിർമ്മാണ പ്രദർശനം
3 മാതൃക ഡയറി യൂണിറ്റ്
4 കാലിത്തൊഴുത്ത് നിർമ്മാണം
5 വിജ്ഞാനാധ്യാപന പരിപാടി
6 പുൽക്കൃഷി വ്യാപനം
7 ക്ഷീര സഹകരണ സംഘം ആധുനികവൽക്കരണം

പ്രത്യേക ഘടക പദ്ധതി

For SC/ST

നിർദ്ദേശങ്ങൾ

1 പശു വളർത്തുന്നതിന് താല്പര്യമുള്ള കർഷകർക്ക് ധനസഹായം നൽകുക. ഒരു വാർഡിൽ150 കുടുംബങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുക.

2 കാലിത്തീറ്റ പുൽവിത്ത് സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.

3 കന്നുകാലികളെ സൗജന്യനിരക്കിൽ ഇൻഷുർ ചെയ്യുക.

4 ബയോഗ്യാസ് പ്ലാൻറുകളെക്കുറിച്ചുള്ളബോധവൽക്കരണവും സാമ്പത്തീക സഹായവും.

5 പഞ്ചായത്തിൽ ലഭ്യമാകുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുക.

6 കന്നുകാലിതൊഴുത്ത് പണിയുന്നതിന് സബ്സീഡിയോടുകൂടി ധനസഹായം ചെയ്യുക.

7 ചന്ദ്രപ്പുര, തവളപ്പാറ എന്നീ സ്ഥലങ്ങളിൽ മൃഗാശുപത്രിയുടെ സബ്സെൻറർ സ്ഥാപിക്കുക.

8 എരുമ വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിൻെറ ഭാഗമായി 500 കുടുംബാംഗങ്ങൾക്ക് ധനസഹായം നൽകുക.

9 ആട് വളർത്തുന്നതിന് പ്രോത്സാഹനം നൽകുക.

10 പന്നി വളർത്തുന്നതിന് വാർഡ് ഒന്നിക്ക് 50 കുടുംബങ്ങൾക്ക് പകുതി നിരക്കിൽ നല്ലയിനം പന്നികുഞ്ഞുങ്ങളെ വിതരണം ചെയ്യുക.

11 മുയൽ വളർത്തുന്നതിന് സൗജന്യ നിരക്കിൽ മുയൽ കുഞ്ഞുങ്ങളെ വിതരണം ചെയ്യുക.

12 ഇറച്ചിക്കോഴി, മുട്ടക്കോഴി കുഞ്ഞുങ്ങളെ വളർത്തുന്നതിന് വാർഡ് ഒന്നിക്ക് 100 കുടുംബങ്ങൾക്ക് കോഴിക്കുഞ്ഞുങ്ങളെ 50% സബ്സീഡിയോടെ വിതരണം ചെയ്യുക. കോഴി വളർത്തുന്നതിന് പരിശീലനം നൽകുക.

13 സമയാസമയങ്ങളിൽ കോഴികൾക്ക് രോഗപ്രതിരോധ കുത്തിവയ്പ് നടത്തുക.

14 കർഷക ബോധവൽക്കരണ സെമിനാർ വാർഡുകൾ തോറും നടപ്പാക്കുക.

15 മൃഗാശുപത്രിയിൽ മൃഗങ്ങളുടെ ജനന രജിസ്ട്രേഷൻ നടപ്പാക്കുക.

16 പഞ്ചായത്തിൽ ഒരു അറവുശാല നിർമ്മിക്കുക.

17 പേവിഷബാധ തടയുന്നതിന്, പട്ടിവളർത്തുന്നതിന് ലൈസൻസ് സമ്പ്രദായം നടപ്പിലാക്കുക.

18 സമയാസമയങ്ങളിൽ വാക്സിനേഷൻ കൊടുക്കുക.

19 അലഞ്ഞു നടക്കുന്ന നായകളെ പിടിച്ചു കൊല്ലുക.

20 നായപിടുത്തത്തിന് 2 പേർക്ക് പരിശീലനം നൽകുക.

മത്സ്യ ബന്ധനം

ഈ പഞ്ചായത്തിൽ മത്സ്യബന്ധനം ഒരു ഉപതൊഴിലാണ്. രണ്ട് സ്വകാര്യ മത്സ്യഫാമുകളും പഞ്ചായത്തിൽ ഉണ്ട്.

നിർദ്ദേശങ്ങൾ:

1 പൊതുകുളങ്ങളിൽ മൽസ്യം കൃഷിചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക.

2 സ്വകാര്യ കുളങ്ങളുള്ള വ്യക്തികൾക്ക് മൽസ്യം കൃഷിചെയ്യുന്നതിന് പരിശീലനവും സൗജന്യനിരക്കിൽ മൽസ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുകയും ചെയ്യുക.

3 മൽസ്യസംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിക്കുക.

വിദ്യാഭ്യാസം

വിദ്യാഭ്യാസത്തിൽ പിന്നോക്കാവസ്ഥയിലായിരുന്ന ഈ പ്രദേശത്ത് 90 വർഷം മുൻപ് ഇന്നത്തെ വില്ലേജ് ഓഫീസ് കോമ്പൗണ്ടിൽ ഷെഡ് നിർമ്മിച്ച് സർക്കാർ പ്രൈമറി സ്ക്കൂൾ ആരംഭിക്കുകയും തുടർന്ന് നമ്മുടെ നാട്ടിലെ മഹാമനസ്ക്കരും ദീർഘവീക്ഷണവും വിദ്യാഭ്യാസ തൽപ്പരരുമായ പറയത്ത് ഇരവിരാമൻ, അമ്പാടത്ത് കുഞ്ഞുണ്ണി, മംഗലി കുഞ്ഞുവറീത് പാറയ്ക്ക ഔസേപ്പ് എന്നിവർ ചേർന്ന് സർക്കാരിലേക്ക് സ്ഥലവും സ്ക്കൂൾ കെട്ടിടവും പണിതീർത്ത് കൊടുക്കുകയും ചെയ്തതിനെ തുടർന്നാണ് സർക്കാർ സ്ക്കൂൾ റോഡിന്റെ കിഴക്ക് ഭാഗത്ത് പ്രവർത്തിച്ചു തുടങ്ങിയത്. 1966 ൽ അപ്പർ പ്രൈമറിയായി ഉയർത്തി. 1974-ൽ ഹൈസ്ക്കൂളായി ഔപചാരികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു. റോഡിന്റെ പടിഞ്ഞാറു വശത്തുള്ള സ്ഥലം മഞ്ഞപ്ര പഞ്ചായത്തിൽ നിന്നും ഹൈസ്ക്കൂളിനുവേണ്ടി വാങ്ങി ഏൽപ്പിച്ചതാണ്.

മാർ സ്ലീവാ പള്ളിയുടെ മാനേജ്മെന്റിൽ 1919-ൽ ഇൻഫന്റ് ജീസ്സസ് L. P. സ്കൂൾ തവളപ്പാറയിലും, 1930ൽ സെ. മേരീസ് L.P. സ്ക്കൂളും, 1932-ൽ നടമുറി സെ. റോക്കീസ് L. P. സ്ക്കൂളും, 1950ൽ സെ.മേരീസ് L.P. സ്ക്കൂളും സ്ഥാപിക്കുകയുണ്ടായി.

1950-ൽ പറയത്ത്, അമ്പാടത്ത് കുടുംബക്കാർ സ്ഥലവും, കെട്ടിടവും നൽകി ആരംഭിച്ചതാണ് മഞ്ഞപ്ര സൗത്തിലുള്ള ജൂനിയർ ബേസിക് സ്ക്കൂൾ. വിദ്യാഭ്യാസ മേഖലയ്ക്ക് 4കുടുംബക്കാർ ചെയ്തിട്ടുള്ള ത്യാഗവും സേവനവും സമൂഹ്യ കാഴ്ചപ്പാടും എന്നും സ്മരിക്കപ്പെടേണ്ടതാണ്.

3 സ്ക്കൂളുകൾ

ഗവ: ഹൈസ്ക്കൂൾ മഞ്ഞപ്ര		
അദ്ധ്യാപകർ		26
	ആണ്	4
	പെണ്ണ്	22
കുട്ടികൾ:	ആണ്	304
	പെണ്ണ്	324
	ആകെ	628
ലപ്സ്സം ഗ്രാന്റ് കിട്ടുന്ന കുട്ടികൾ	ആകെ	120
പൊതു നിലവാരം 30%ത്തിൽ		262
മൂത്രപ്പുര	ഉണ്ട്	30%-40% ഇറക്ക്-114
കക്കൂസ്	ഉണ്ട്	40%-50% ഇറക്ക്-134
കുടിവെള്ളം	ഉണ്ട്	50%-60% ഇറക്ക്- 72
വൈദ്യുതി	ഉണ്ട്	60% മുകളിൽ
പാചകവൃത്തി	ഉണ്ട്	46
95-'96 Working days		193
S C കുട്ടികളുടെ എണ്ണം		ആൺ 30+ST 1 പെൺ 44+ST 1
മാതൃസംഗമം		ഉണ്ട്
P. T. A.		ഉണ്ട്

കുട്ടികളുടെ പൊതുനിലവാരം
S. S. L. C. വിജയ ശതമാനം

92–'93	52%
93–'94	48%
94–'95	44%
95–'96	37%

4 ആവശ്യങ്ങൾ

1 ഗവ. ഹൈസ്ക്കൂളിന്റെ കിഴക്കേ കോമ്പൗണ്ടിന് ചുറ്റു മതിലില്ല. സാമൂഹ്യ വിരുദ്ധർ അക്ഷരാർത്ഥത്തിൽ അഴിഞ്ഞാടുന്നു. അടിയന്തിരമായി ചുറ്റു മതിൽ പണിയണം.

2 സ്റ്റേജ് ആകെ തകർന്നിരിക്കയാണ്. എപ്പോഴും വേണമെങ്കിലും കുട്ടികളുടേയോ അദ്ധ്യാപകരുടേയോ തലയിൽ വീഴാം. സ്റ്റേജ് റിപ്പയർ ചെയ്യണം.

3 പല ക്ലാസുകളിലും ആവശ്യത്തിന് ബെഞ്ചും ഡെസ്ക്കുമില്ല. ആയതിനാൽ 25 ബഞ്ചും 25 ഡസ്ക്കും പണിയണം.

J.B.S. നടുവട്ടം

ഏകദേശം 45 വർഷം പഴക്കമുള്ള L. P. സ്ക്കൂൾ വളരെ പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശത്താണ് ഈ സ്ക്കൂൾ.

ആൺകുട്ടികൾ – 76
പെൺകുട്ടികൾ – 87
ആകെ – 163

SC 7+20=27
മതപരിവർത്തനം ചെയ്ത കുട്ടികൾ = 2+1
സ്ഥലം 50 സെന്റ്
ചുറ്റുമതിൽ ഇല്ല
5 ഡിവിഷൻ, 5 അദ്ധ്യാപകർ
മൂത്രപ്പുര ഉണ്ട്.
95–96 Working days—193
മാതൃസംഗമം ഉണ്ട്. P. T. A. പ്രവർത്തിക്കുന്നു.
വിജയശതമാനം 30% താഴെ—12
30%—40% 18
40%—50% 19
50%—60% 16
60%ത്തിനുമുകളിൽ 98
ലപ്സ്സം ഗ്രാന്റ്തുക 1873

ആവശ്യങ്ങൾ

1 ഇപ്പോൾ P. T. A. നടത്തുന്ന നഴ്സറി യുണ്ട്. വളരെബുദ്ധിമുട്ടിയാണ് നടത്തുന്നത്. ആയതിനാൽ നഴ്സറി ഗവ. അംഗീകൃത നഴ്സറിയാക്കുക.

2 കെട്ടിടത്തിന്റെ മേൽക്കൂര അപകട നിലയിലാണ്. റിപ്പയർ ചെയ്യണം.

3 ചുറ്റും മതിൽ പണിയുകയും, ഗേറ്റ് സ്ഥാപിക്കുകയും ചെയ്യണം.

4 15 ഡസ്ക്കും 15 ബഞ്ചും കുട്ടികളുടെ ആവശ്യത്തിന് പണിയുക. ഇപ്പോൾ ഫർണീച്ചർ കുറവാണ്. കുടിവെള്ളം ഇല്ല. അതിനുള്ള സൗകര്യം ചെയ്യണം.

III H. I. J. L. P. S. തവളപ്പാറ

കുട്ടികൾ— ആൺ 45
പെൺ 43
ആകെ 88

SC. 4+5 സ്ഥലം 1 ഏക്കർ 14 സെന്റ്
കെട്ടിടം 3
മൂത്രപ്പുര 2
ഡിവിഷൻ 4 Trs 4
കുടിവെള്ളം ഉണ്ട്.

ചുറ്റും മതിൽ ഉണ്ട്. കുട്ടികളുടെ പഠന നിലവാരം തരക്കേടില്ല. സബ്ജില്ലാ, ജില്ലാ ലോംഗ് ജമ്പിന് സമ്മാനം കിട്ടിയിട്ടുണ്ട്. P T A കമ്മിറ്റി ഉണ്ട്. സ്ക്കൂളിൽ കഞ്ഞി കൊടുത്തതിന് 1585 രൂപ ചിലവായി. എയ്ഡഡ് സ്ക്കൂൾ ആണ്. മഞ്ഞപ്ര പള്ളി മാനേജ്മെന്റ്.

St. Rocky's L P. S മഞ്ഞപ്ര

ആകെ ഡിവിഷൻ—5
അദ്ധ്യാപകർ— M —1
Female —4
ആൺകുട്ടികൾ—37
പെൺകുട്ടികൾ—44
ആകെ—81
95–'96 ൽ Working days—192
മൂത്രപ്പുര—2
കക്കൂസ് —1
കുടിവെള്ളം — ഉണ്ട് SC/Nil
വൈദ്യുതി — ഇല്ല
പാചകവൃത്തി— ഉണ്ട്
മാതൃസംഗമം — ഉണ്ട്
P. T. A. — ഉണ്ട്

കുട്ടികളുടെ പൊതു നിലവാരം
40% to 50% — 57
50% to 60% — 25
60% — — 18
ലപ്സ്ം ഗ്രാൻറ് — 14
വിക. സ്ക്കോളർഷിപ്പ് — 1
Aided സ്ക്കൂൾ സ്ഥലം — 32c.
മഞ്ഞപ്ര പള്ളി മാനേജ്മെൻറ്
St. Mary's U. P. S. മഞ്ഞപ്ര
ആകെ ഡിവിഷൻ — 22
അദ്ധ്യാപകർ —
ആണ് — 6
പെണ്ണ് — 21
കുട്ടികൾ ആണ് — 482
പെണ്ണ് — 439
S. C. കുട്ടികൾ ആണ് — 56
പെണ്ണ് — 79
മൂത്രപ്പുര — ഉണ്ട്
കക്കൂസ് — "
വൈദ്യുതി — "
കുടിവെള്ളം — "
പാചകമുറി — "
95–'96 ൽ Working days —
മാതൃസംഗമം — ഉണ്ട്
P. T. A. — "
ലപ്സ്ം ഗ്രാൻറ് — "
വിക. സ്ക്കോളർഷിപ്പ് — "
Aided School —
മഞ്ഞപ്ര പള്ളി മാനേജ്മെൻറ്.

VI സെ. മേരിസ് എൽ പി. എസ് മഞ്ഞപ്ര

CMC സിസ്റ്റേഴ്സിൻറെ മാനേജ്മെൻറിൽ പ്രവർത്തിക്കുന്ന എയ്ഡഡ് സ്ക്കൂൾ.

ആകെ ഡിവിഷൻ – 12
അദ്ധ്യാപകർ – 13
കുട്ടികൾ – ആണ് – 234
പെണ്ണ് – 229
S. C. കുട്ടികൾ ആണ് – 26
പെണ്ണ് – 26
മൂത്രപ്പുര – ഉണ്ട്
കക്കൂസ് – ഉണ്ട്
വൈദ്യുതി – ഉണ്ട്
കുടിവെള്ളം – ഉണ്ട്
പാചകമുറി – ഉണ്ട്
മാതൃസംഗമം – P. T. A.
ലപ്സ്ം ഗ്രാൻറ് – 52
വി. സ്ക്കോളർഷിപ്പ്

നമ്മുടെ പഞ്ചായത്തിൽ ഒരു ഗവൺമെൻറ് ഹൈസ്ക്കൂളും ഒരു ഗവൺമെൻറ് എൽ. പി. സ്ക്കൂളും ഒരു എയ്ഡഡ് യു. പി സ്ക്കൂളും 3 എയ്ഡഡ് എൽ. പി. സ്ക്കൂളുകളും ഉണ്ട്. മഞ്ഞപ്ര ഗവൺമെൻറ് ഹൈസ്ക്കൂളിൻറെ നേതൃത്വത്തിൽ സ്ക്കൂൾ കോംപ്ലക്സ് പ്രവർത്തിക്കുന്നു. അദ്ധ്യാപകർക്ക് കുറുപ്പംപടി DIET യിൽ നിന്നുമുള്ള പ്രായോഗിക നിർദ്ദേശങ്ങളും മാതൃകാ ക്ലാസുകളും സംഘടിപ്പിക്കുന്നു. സ്ക്കൂൾ P. T. A. യും കോംപ്ലക്സ് പ്രവർത്തനങ്ങളോട് സഹകരിക്കുന്നു. നമ്മുടെ നാട്ടിൽ നിന്നും അനേകം കുട്ടികൾ അടുത്തുള്ള സ്ഥലങ്ങളിലെ മലയാളം/ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിലേക്ക് പോകുന്നുണ്ട്. ഇംഗ്ലീഷ് മീഡിയം സ്ക്കൂളിൽ പഠിച്ചാൽ ഇംഗ്ലീഷിൽ നല്ല പരിജ്ഞാനമുണ്ടാകും എന്ന വിചാരവും പല സ്ക്കൂളുകളിലേയും പഠന നിലവാരത്തെക്കുറിച്ചുള്ള ആശങ്കയുമാണ് ഇതിന് കാരണം. നമ്മുടെ സ്ക്കൂളുകളിലെ പാഠ്യ–പാഠ്യേതര പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും സ്ക്കൂളുകളിലെ അച്ചടക്കം കൃത്യമായി പാലിക്കുകയുമാണ് കുട്ടികൾ മറ്റു സ്ക്കൂളുകളിൽ പോകുന്നത് തടയുന്നതിനുള്ള മാർഗം.

കുട്ടികളുടെ കായികവും കലാപരവുമായ വളർച്ചക്ക് പഞ്ചായത്തു തലത്തിൽ കായിക മേളകളും കലാമേളകളും നടത്തുന്നത് നന്നായിരിക്കും. പണ്ട് കാലത്തുണ്ടായിരുന്ന നാടൻ കലാരൂപങ്ങൾ പരിപോഷിപ്പിച്ച് വളർത്തുന്നതിന് പഞ്ചായത്ത് നേതൃത്വം കൊടുക്കണം. സ്ക്കൂളുകളോട് ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തി പരിചയ പ്രവർത്തനങ്ങൾ പരിപോഷിപ്പിച്ചാൽ പല കുട്ടികളെ സംബന്ധിച്ചും അത് ഉപജീവനമാർഗം വരെയാകും.

എല്ലാ സ്ക്കൂളുകളിലും സ്ക്കൂൾ അക്കാഡമിക സമിതികൾ ഉണ്ടാക്കണം. അതിൻറെ ഘടന താഴെപ്പറയുന്നു.

സ്ക്കൂൾ സന്ദർശിച്ച ദിവസം —
സ്ക്കൂളിൻറെ പേര് —
അദ്ധ്യാപകൻറെ പേര് —
വിഷയം —
തീർക്കേണ്ട പാഠഭാഗം —

തീർന്നത് —
ഉപയോഗിച്ച പഠനോപകരണങ്ങളുടെ വിശദാംശം —
പഠനോഗം സമയത്തിനു തീർത്തില്ലെങ്കിൽ അതിനുള്ള കാരണം —
അദ്ധ്യാപകർ നേരിടുന്ന ബുദ്ധിമുട്ടുകൾ —
പഠിപ്പിച്ച പിരീടുകളുടെ എണ്ണം —
വിജയിച്ച കുട്ടികളുടെ എണ്ണം —
കുട്ടികളുടെ പൊതു നിലവാരത്തെപ്പറ്റി അദ്ധ്യാപകന്റെ അഭിപ്രായം —
നിലവാരം മെച്ചപ്പെടുത്താൻ അദ്ധ്യാപകന്റെ നിർദ്ദേശം —
സ്ക്കൂൾ ലബോറട്ടറിയെപ്പറ്റി അദ്ധ്യാപകന്റെ അഭിപ്രായം —
നടത്തിയ രചനകളുടെ എണ്ണം —
കോംപ്ലക്സ് പ്രവർത്തനത്തെപ്പറ്റി അദ്ധ്യാപകന്റെ അഭിപ്രായം —

പ്രൈമറി ക്ലാസുകളിൽ പ്രത്യേകിച്ചും 80/90 ശതമാനം കുട്ടികൾ ജയിച്ചു എന്നും ഉറപ്പു വരുത്തണം.

ഓരോ മാസത്തിലും ഒരു തവണയെങ്കിലും അക്കാദമിക് സമിതികൾ സ്ക്കൂൾ സന്ദർശിക്കണം. അക്കാദമിക് സമിതിയിൽ ബന്ധപ്പെട്ട സ്ക്കൂൾ സ്ഥിതിചെയ്യുന്ന വാർഡിലെ മെമ്പർ, വിദ്യാഭ്യാസത്തിന്റെ ചുമതല വഹിക്കുന്ന മെമ്പർ, പഞ്ചായത്ത് പ്രസിഡൻറ്, P. T. A. പ്രസിഡൻറ് എന്നിവർ അംഗങ്ങളായിരിക്കും.

സാക്ഷരതാ പ്രവർത്തനം നല്ലനിലയിൽ നടന്നിരുന്ന പ്രദേശമാണ് മഞ്ഞപ്ര പഞ്ചായത്ത് ഇന്ന് സാക്ഷരതാ പ്രവർത്തനം വളരെ മന്ദഗതിയിലാണ്. പഞ്ചായത്ത് താൽപ്പര്യമെടുത്ത് സാക്ഷരതാ പ്രവർത്തനം ഊർജ്ജിതപ്പെടുത്തണം.

ബാലവാടികൾ

– മഞ്ഞപ്രയിൽ 7 ബാലവാടികളുണ്ട്. പല സന്ദർഭങ്ങളിലും ഇവയിൽ പലതിനേറെയും പ്രവർത്തനം തടസപ്പെട്ടിട്ടുണ്ട്. ബാലവാടി അദ്ധ്യാപകരുടെ പ്രതിമാസ അലവൻസ് ഇപ്പോൾ തുച്ഛമാണ് അത് വർദ്ധിപ്പിക്കണം. കുട്ടികൾക്കും ഗർഭിണികളായ അമ്മമാർക്കും ഉള്ള ഭക്ഷണവിതരണം കാര്യക്ഷമമാക്കണം.

മഞ്ഞപ്ര പഞ്ചായത്തിലെ വിദ്യാഭ്യാസ പുരോഗതിക്ക് സ്വീകരിക്കാവുന്ന കാര്യങ്ങൾ.

1 J. B. S. up grade ചെയ്തത് യു. പി. ആക്കുക യു. പി. സ്ക്കൂളിനാവശ്യമായ കെട്ടിടവും സൗകര്യങ്ങളും P. T. A. യുടെ സഹകരണത്തോടെ സർക്കാർ ചെയ്യണം.

2 മഞ്ഞപ്ര ഗവ. ഹൈസ്ക്കൂൾ, ഹയർസെക്കൻററി ആക്കി ഉയർത്തുക. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് മുൻതൂക്കം നൽകുക. കോളേജുകളിൽ നിന്ന് പ്രീ-ഡിഗ്രി വേർപെടുത്തുന്നതിന്റെ ഭാഗമായി, ഗവൺമെൻറ് എയ്ഡഡ്, അൺഎയ്ഡഡ് മേഖലയിൽ ഹയർ സെക്കൻററി സ്ക്കൂളുകൾ അനുവദിക്കാൻ ഗവൺമെൻറ് ആലോചിക്കുന്നുണ്ട്. ഈ അവസരം പ്രയോജനപ്പെടുത്തുക.

3 എല്ലാ വാർഡുകളിലും നഴ്സറി സ്ക്കൂളുകൾ ആരംഭിക്കുക.

4 ക്ലാസ്സ് ലീഡർമാരെ കഴിവിന്റെ മാനദണ്ഡത്തിൽ തെരഞ്ഞെടുക്കുകയും അവരിൽ നിന്ന് സ്ക്കൂൾലീഡറെ തെരഞ്ഞെടുക്കുകയും ചെയ്യുക.

5 തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങളായ I. T. I. പോളിടെക്നിക്ക് എന്നിവയിൽ ഏതെങ്കിലും ഒരെണ്ണം സ്ഥാപിക്കണം അദ്ധ്യാപകർക്ക് കാലാകാലങ്ങളിൽ പ്രത്യേക പരിശീലന കോഴ്സുകൾ നടത്തുക.

മഞ്ഞപ്രയിൽ രണ്ട് പാരലൽ കോളേജുകൾ പ്രവർത്തിക്കുന്നു.
1 ലയോള കോളേജ്.
2 റോയൽകോളേജ്.

ഇവിടെ പ്രീ-ഡിഗ്രി S. S. L. C. എന്നീ വയ്ക്ക് ബാച്ച് ക്ലാസുകളും, ഹൈസ്ക്കൂൾ, യു. പി. സ്ക്കൂൾ, L. P. സ്ക്കൂൾ പ്രീ-ഡിഗ്രി എന്നീ വിഭാഗങ്ങൾക്ക് ട്യൂഷനും ഉണ്ട്.

6 കൂടാതെ പഞ്ചായത്ത് കേന്ദ്രീകരിച്ച് സ്ക്കൂൾ കോംപ്ലക്സ് എന്ന ആവശ്യം പ്രാവർത്തികമാക്കേണ്ടതാണ്. ഇതുമൂലം ഒരു പ്രദേശത്തുള്ള വിവിധ വിദ്യാലയങ്ങൾ തമ്മിൽ അക്കാദമിക് സംബന്ധമായും കുട്ടികളുടെ വിദ്യാഭ്യാസ, വിദ്യാഭ്യാസേതര വിഷയങ്ങളിൽ ഐക്യമുണ്ടാകുവാനും സഹായിക്കും.

7 ഹൈസ്ക്കൂളിൽ കമ്പ്യൂട്ടർ ക്ലാസ്സുകൾ ഏർപ്പെടുത്തുക.

8 പഞ്ചായത്ത് തലത്തിൽ അദ്ധ്യപകരെ വിളിച്ചുചേർത്ത് വിദ്യാഭ്യാസ പ്രശ്നങ്ങൾ ചർച്ച ചെയ്യണം. അദ്ധ്യാപകർക്ക് അക്കാദമിക് പരിശീലനം പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തുക.

9 പഞ്ചായത്ത് വിദ്യാഭ്യാസ സമിതി രൂപീകരിക്കുക. ഈ സമിതി മാസത്തിൽ ഒരിക്കലെങ്കിലും സ്ക്കൂൾ സന്ദർശനം നടത്തി പ്രശ്നങ്ങൾ നേരിട്ടു മനസ്സിലാക്കി പരിഹാരങ്ങൾ കാണേണ്ടതാണ്.

10 സ്ക്കൂളുകളിൽ ഒരു ദിവസം രണ്ടു വിഷയങ്ങൾ മാത്രം പഠിപ്പിക്കുക

11 നാലു വയസിന് താഴെയുള്ള കുട്ടികളെ നഴ്സറി ക്ലാസ്സിൽ അയക്കുന്ന സമ്പ്രദായം കർശനമായി അവസാനിപ്പിക്കുക

12 നിലത്തെഴുത്തിനെ പ്രോൽസാഹിപ്പിക്കണം. നിലത്തെഴുത്താശാൻമാരെ പ്രോൽസാഹിപ്പിക്കണം. അവർക്ക് ഗ്രാൻറുകൾ പഞ്ചായത്തു വഴി നൽകണം.

13 ബാലവാഡികളെ അംഗൻ വാഡികളായി ഉയർത്തുകയും പഠനസൗകര്യങ്ങളും, കളിസൗകര്യങ്ങളും വർദ്ധിപ്പിക്കണം.

പട്ടിക II വിദ്യാലയ സൗകര്യങ്ങൾ

ക്രമനമ്പർ	സ്ക്കൂളിന്റെ പേര്	വിസ്തീർണ്ണം	ഓഫീസ് മുറി	സ്റ്റാഫ് റൂം	വായനശാല	ചുറ്റുമതിൽ/വേലി	കുടിവെള്ളം	കക്കൂസ്	കമ്പോസ്റ്റ് കുഴി	ചുറ്റുപാട്	കളിസ്ഥലം	കിണർ
1	JBS നടുവട്ടം LPS	50 സെ.	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്
2	HIJ LPS തവളപ്പാറ	1 ഏക്കർ 14 സെ.	ഉണ്ട്	ഉണ്ട്	,,	,,	,,	,,	,,	,,	,,	,,
3	സെ. റോക്കീസ് LPS മഞ്ഞപ്ര	32 സെ.	,,	,,	,,	,,	,,	,,	ഉണ്ട്	,,	ഇല്ല (ഉണ്ടാക്കുക)	ഉണ്ട്
4	ഗവ. ഹൈസ്ക്കൂൾ മഞ്ഞപ്ര	1.40	,,	,,	ഉണ്ട്	,,	,,	,,	,,	,,	,,	,,
5	സെ. മേരീസ് UPS മഞ്ഞപ്ര		,,	,,	ഉണ്ട്	,,	,,	,,	,,	,,	ഉണ്ട്	,,
6	സെ. മേരീസ് LPS മഞ്ഞപ്ര		,,	,,	,,	,,	,,	,,	,,	,,	,,	,,

ആരോഗ്യം

മഞ്ഞപ്ര പഞ്ചായത്തിൽ നിലവിലുള്ള ഗവൺമെൻറ് ഹോമിയോ ഡിസ്പെൻസറിയും തവളപ്പാറയിലുള്ള ഒരു സബ്സെൻററും മാത്രമാണ് ആരോഗ്യരംഗത്തെ സർക്കാർ സ്ഥാപനങ്ങൾ. സ്വകാര്യ മേഖലയിൽ മൂന്ന് ആശുപത്രികളും രണ്ട് ക്ലിനിക്കുകളും പ്രവർത്തിച്ചുവരുന്നു. മഞ്ഞപ്ര പഞ്ചായത്തിൽ ഒരു ഹെൽത്ത് മിഡ് വൈഫിൻെറ സേവനം ലഭ്യമാണ്.

ആധുനിക സൗകര്യങ്ങളുള്ള ഒരു അലോപ്പതി ആശുപത്രി സർക്കാർ ആഭിമുഖ്യത്തിൽ അനുവദിച്ചു എങ്കിലും അതിനുവേണ്ട സൗകര്യപ്രദമായ സ്ഥലവും കെട്ടിടവും സജ്ജമാക്കാൻ കഴിയാത്തതു കൊണ്ട് അത് ഇതുവരെ ആരംഭിച്ചിട്ടില്ല.

A ആരോഗ്യ സംരക്ഷണത്തെകുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കാൻ വേണ്ടി പ്രത്യേകിച്ചും പകർച്ച വ്യാധികളും മറ്റു മാരക രോഗങ്ങളും തുടങ്ങിയവയെ നിയന്ത്രിക്കുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കുക. എയ്ഡ്സ്, ഡെങ്കിപ്പനി, എലിപ്പനി, കോളറ, പ്ലേഗ് തുടങ്ങിയ രോഗങ്ങളെയും അവയുടെ പ്രതിരോധ മാർഗങ്ങളേയും പററി ജനങ്ങളെ ബോധവൽക്കരിക്കുക. പോഷകമൂല്യങ്ങളുടെ കുറവുകൊണ്ടുണ്ടാകുന്ന രോഗങ്ങളെപ്പററിയും അവ തടയേണ്ടതിൻെറ ആവശ്യകതയും ജനങ്ങളെ അറിയണം. കൊതുകുകളെ നിർമ്മാർജ്ജനം ചെയ്യുവാൻ പഞ്ചായത്തിൻെറ എല്ലാ വാർഡിലും പ്രത്യേകിച്ചും വെള്ളം കെട്ടി കിടക്കുന്ന സ്ഥലങ്ങളിൽ മരുന്നു തളിക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം.

മനുഷ്യരുടെ സുഖകരമായ ജീവിതത്തിനും ആരോഗ്യത്തിനും നിലനിൽപ്പിനുതന്നെയും അത്യന്താപേക്ഷിതങ്ങളായ നെൽപ്പാടങ്ങളും, ജലാശയങ്ങളും, വനങ്ങളും, വൃക്ഷ സസ്യ ജന്തുജാലങ്ങളും (Flora and Fauna) എന്നിവയെ സംരക്ഷിച്ചും പരിസ്ഥിതി മലിനീകരണം. തടഞ്ഞും, പ്രകൃതിയുടെ സന്തുലിതാവസ്ഥയെ സംരക്ഷിക്കുന്നതിന് താഴെ പറയുന്ന കാര്യങ്ങളും നടപ്പിലാക്കുക.

1 പ്രകൃതി വിഭവങ്ങളായ കല്ല്, മണൽ, മണ്ണ്, മരം എന്നിവയുടെ ക്രമാതീതമായ ചൂഷണം തടയുക.

2 മെറാൽ ക്രഷറുകളും, കരിങ്കൽ ക്വാറികളുടെ പരിസരങ്ങളിൽ മാത്രമായി നിജപ്പെടുത്തുകയും, ജനവാസ ദൂരം കുറഞ്ഞത് 500 മീ. ആക്കുകയും ചെയ്യുക.

3 നെൽപ്പാടങ്ങളിൽ എല്ലാത്തരം കാർഷികേതര പ്രവർത്തനങ്ങളും നിരോധിക്കുക.

4 ഓരോ വൃക്ഷവും വെട്ടിമാററുമ്പോൾ പകരം വൃക്ഷങ്ങൾ നടുക.

5 മണ്ണിനെ പരിപുഷ്ടി പെടുത്തുന്നതിന് ജൈവ വളങ്ങളുടേയും, ജീവാണു വളങ്ങളുടേയും ഉപയോഗം വർദ്ധിപ്പിക്കുക.

6 മനുഷ്യർക്കും ജീവജാലങ്ങൾക്കും ദോഷകരമായ കീടനാശിനികളുടെ പ്രയോഗം നിരുത്സാഹപ്പെടുത്തുകയും പ്രകൃതി ദത്തമായവയുടെ ഉപയോഗം വർദ്ധിപ്പിക്കുകയും ചെയ്യുക.

7 മഞ്ഞപ്ര ഗവ. ഹോമിയോ ഡിസ്പെൻസറിക്ക് അടിയന്തിരമായി ജലവിതരണത്തിനുള്ള പദ്ധതി ചെയ്യുക. ടി ആശുപത്രിയിലേക്ക് ആവശ്യമായ ബാൻഡേജ്, കോട്ടൺ, മെഡിസിൻ തുടങ്ങിയവ നൽകുക. ചുരുങ്ങിയത് 10 രോഗികളെയെങ്കിലും കിടത്തി ചികിൽസിക്കാനാവശ്യമായ ഒരു കെട്ടിടം നിർമ്മിക്കുക. മഞ്ഞപ്ര പഞ്ചായത്തിൽ ഒരു അലോപ്പതി ആശുപത്രിയും, ഒരു ആയൂർവ്വേദ ആശുപത്രിയും തുടങ്ങുക.

3 പരിസര മലിനീകരണം തടയുന്നതിന് ഹെൽത്ത് ഡിപ്പാർട്ടുമെൻറും ഗ്രാമപഞ്ചായത്തും നടപടി എടുക്കണം. പൊതുനിരത്തുകളിലും, കനാൽ ബണ്ടുകളിലും നടത്തുന്ന മൽസ്യ മാംസ കച്ചവടം നിറുത്തി, അവ വിൽക്കുന്നതിന് പ്രത്യേക സ്ഥലങ്ങൾ ഏർപ്പെടുത്തണം.

9 വടക്കുംഭാഗം കവല, ചന്ദ്രപ്പുര കവല എന്നീ സ്ഥലങ്ങളിൽ അടിയന്തിരമായി കക്കൂസ്, മൂത്രപ്പുര എന്നിവ നിർമ്മിക്കണം.

10 മഞ്ഞപ്ര പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം നിർമ്മിക്കണം. ജനങ്ങളുടെ ആരോഗ്യത്തെ തകർക്കുകയും അവയെ മരണത്തിലേക്ക് നയിക്കുകയും ചെയ്യുന്ന വ്യാജമദ്യവും സ്പിരിററും ഇവിടെ സുലഭമാണ്. വ്യാജമദ്യ നിർമ്മാണവും വിൽ

പ്പനയും തടയാൻ പൊതു ജന സഹായത്തോടെ പഞ്ചായത്ത് നടപടികളും എടുക്കണം.

11 പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ ചപ്പു ചവറുകളും ഇടാൻ പ്രത്യേകം പെട്ടികളും സ്ഥാപിക്കുകയും കാലാ കാലങ്ങളിൽ അവ മാറ്റുവാൻ പഞ്ചായത്തിൽ നിന്നും കൂലിക്കാരെ നിയമിക്കുകയും ചെയ്യുക. ഈ വസ്തു ഉപയോഗിച്ച് കമ്പോസ്റ്റു വളം നിർമ്മിക്കാൻ ഏർപ്പാടു ചെയ്യുക.

12 വടക്കും ഭാഗം, പുല്ലേത്താൻ കവല, ചന്ദ്രപ്പുര എന്നീ കവലകളിൽ വെയ്റ്റിംഗ് ഷെഡ് ഉണ്ടാക്കുക.

13 പേവിഷ ബാധയുടെ പ്രശ്നം രൂക്ഷമാണ്. മഞ്ഞപ്രയിൽ മരുന്ന് സൗജന്യമായി നൽകി പട്ടികളെ കുത്തി വയ്പിക്കുക. ലൈസൻസില്ലാത്ത പട്ടികളെ കൊല്ലുവാൻ ഏർപ്പാടു ചെയ്യുക

14 ഓരോ കുടുംബത്തിന്റെയും ആരോഗ്യ പരിപാലനത്തിന് അടിയന്തിരാവശ്യമാണ് കക്കൂസ്. നിർഭാഗ്യകരമെന്ന് പറയട്ടെ, മഞ്ഞപ്രയിൽ അനേകം കുടുംബങ്ങൾക്ക് സുരക്ഷിതമായ കക്കൂസില്ല. അവ നിർമ്മിക്കുവാൻ സബ്സീഡി നിരക്കിൽ തുക അനുവദിക്കണം. പല പകർച്ചവ്യാധികളും തടയാൻ കക്കൂസ് നിർമ്മാണം സഹായിക്കും

കുടിവെള്ളം

ഏതൊരു വ്യക്തിക്കും സമൂഹത്തിനും അത്യന്താപേക്ഷിതമാണ് ശുദ്ധജലം. ഓരോ വർഷം കഴിയുന്തോറും കുടിവെള്ള ക്ഷാമം ഏറുകയാണ്. മഞ്ഞപ്ര പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും വേനൽ കാലമായാൽ കുടിവെള്ള ക്ഷാമം രൂക്ഷമാണ്. ചാലക്കുടി ഇറിഗേഷൻ പ്രോജക്റ്റിൽ നിന്ന് ഇടതുകര കനാലിൽ വെള്ളം വിടാതെ വരുമ്പോഴും കിണറുകളും വറ്റിവരളുന്നു. കനാലുകളും വർഷങ്ങളായി വൃത്തിയാക്കുന്നില്ല. ആയതിനാൽ വെള്ളം വിട്ടാലും കനാലിൽ കൂടി ഒഴുകുന്നില്ല. ലിഫ്റ്റ് ഇറിഗേഷൻ സിസ്റ്റം നിലവിലുണ്ടെങ്കിലും അത് മഞ്ഞപ്രയുടെ എല്ലാ ഭാഗത്തും എത്തിച്ചിട്ടില്ല. ആവശ്യത്തിന് ടാപ്പുകളും സ്ഥാപിച്ചിട്ടില്ല. പഞ്ചായത്തിൽ 16 പൊതു കിണറുകളും ഉണ്ട്. ഇതിൽ മിക്കതിലും വേനൽക്കാലത്ത് വെള്ളമില്ല.

നിർദ്ദേശങ്ങൾ

1 പഞ്ചായത്തിലെ പൊതു കിണറുകളും. കുളങ്ങളും ഇവ ശുചിയാക്കി ഉപയോഗ യോഗ്യമാക്കുക.

2 കിണറുകളും നെറ്റ് ഇട്ട് മൂടി കരിയില, പുഴുക്കളും, പ്രാണികളും ഇവ വെള്ളത്തിൽ വീഴാതെ സൂക്ഷിക്കുക.

3 വാർഡ് ജലസമിതികളും രൂപീകരിച്ച് പ്രവർത്തനം നടത്തുക. സമിതിയുടെ ചെയർ പേഴ്സൺ, വാർഡ് മെമ്പർ, കൺവീനർ, ഒരു വനിത, അംഗങ്ങളും 10 പേർ. ഓരോ കിണറിനും കുളത്തിനും നിരീക്ഷകരെ വേണം. ജല നിരപ്പ് രേഖപ്പെടുത്തണം. ജല അതോറിട്ടിയുടെ പ്രവർത്തനം മഞ്ഞപ്രയിലുണ്ട്. എങ്കിലും പൈപ്പുകളും പൊട്ടിയാൽ ശരിയാക്കാൻ കാല താമസം ഉണ്ടാകുന്നു. ഇതൊക്കെ ഒഴിവാക്കാൻ ജല അതോറിട്ടിയുടെ ഒരു ഓഫീസ് മഞ്ഞപ്രയിൽ സ്ഥാപിക്കണം. ബ്ലോക്ക് വഴി ദശ ലക്ഷം കിണർ പദ്ധതി ഇവിടെ നടപ്പാക്കിയിട്ടുണ്ട്. ഒരു കൊല്ലം ജലവിതരണത്തിന് പഞ്ചായത്ത്.....രൂപ ചെലവ് ചെയ്യുന്നുണ്ട്.

നടപ്പുപദ്ധതികൾ

1 പൊതു കിണറുകളും സ്ഥാപിക്കുക.

2 കുടിവെള്ളം എത്തിക്കുന്നതിനും ഗ്രാമീണ ശുചീകരണത്തിനും വേണ്ടിയുള്ള സമീകൃത പരിപാടി.

3 കേന്ദ്രാവിഷ്കൃത ഗ്രാമീണ ശുചീകരണ പദ്ധതി.

4 2500 രൂപ ചിലവിൽ പാവപ്പെട്ടവർക്ക് കക്കൂസ് ഉണ്ടാക്കുക.

5 കേന്ദ്ര ഗ്രാമീണ ശുചിത്വ പരിപാടി, സ്ത്രീകൾക്ക് കക്കൂസ്, തുണി അലക്കാനുള്ള സൗകര്യങ്ങളും.

6 കേന്ദ്ര ഗ്രാമീണ ശുചിത്വ പരിപാടിയിൽ സ്ക്കൂളുകളിൽ കക്കൂസ് ഉണ്ടാക്കുക.

7 കേന്ദ്ര ഗ്രാമീണ ബോധവത്ക്കരണ പദ്ധതി

8 ലക്ഷം കിണർ പദ്ധതി.

9 ജല അതോറിറ്റി.

10 രാജീവ്ഗാന്ധി ഡ്രിൻകിംഗ് വാട്ടർ മിഷൻ.

മഞ്ഞപ്ര പഞ്ചായത്തിൽ പല ടാപ്പുകളും ലീക്കാണ് അത് മാറ്റി സ്ഥാപിക്കുക. പൈപ്പ് ലൈൻ എടുത്തിട്ടില്ലാത്ത സ്ഥലങ്ങളിൽ ടാപ്പ് സ്ഥാപിക്കുകയും ചെയ്യുക. പഞ്ചായത്തിലെ പല പ്രദേശത്തും രൂക്ഷമായ വെള്ള ക്ഷാമമുണ്ട്.

I മഞ്ഞപ്രയിലെ ശുദ്ധ ജല വിതരണ പദ്ധതിക്കുള്ള ഓവർ ഹെഡ് ടാങ്ക് സ്ഥിതി ചെയ്യുന്നത് മേരിഗിരിയിലാണ്. നീലീശ്വരം പുഴയിൽ നിന്നും ഈ ടാങ്കിലേക്ക് പമ്പ് ചെയ്യുന്ന വെള്ളം പോകുന്ന കുഴലും തിരിച്ച് ഓരോ ടാപ്പുകളിലേക്ക് ജലം വരുന്ന കുഴലും ഒന്നായതിനാൽ പമ്പിംഗ് ഉള്ളപ്പോഴും മാത്രമേ ടാപ്പുകളിൽ വെള്ളം ലഭിക്കുകയുള്ളൂ. ഇതു മാറ്റി, ടാങ്കിലേക്ക് വെള്ളം വരുന്ന പൈപ്പും വിതരണ ലൈനും വേറെ വേറെ സ്ഥാപിക്കുകയാണെങ്കിൽ ഈ പ്രദേശത്ത് പമ്പിംഗ് ഇല്ലാത്ത സമയത്തും ടാപ്പുകളിൽ വെള്ളം കിട്ടും.

II ഈ പഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളിൽ പല ഭാഗങ്ങളിലും കുടിവെള്ള ക്ഷാമമുള്ളതിനാൽ വാട്ടർ അതോർട്ടിയുടെ വിതരണലൈൻ ഈ പ്രദേശത്തേക്കു നീട്ടുകയും, പുതിയ ടാപ്പുകൾ സ്ഥാപിക്കുകയും, പുതിയ ഹൗസ് കണക്ഷനുകൾ ഉടനടി നൽകുകയും ചെയ്യണം. 1100 അപേക്ഷകർ കണക്ഷനുവേണ്ടി കാത്തിരിക്കുന്നുണ്ട്.

III ഈ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ ജലദൗർലഭ്യത്തിനു മുഖ്യകാരണം ചാലക്കുടി ഇടതുകര കനാലിന്റെ മഞ്ഞപ്ര ബ്രാഞ്ച് കനാലിൽ വെള്ളം വരാത്തതാണ്. കനാൽ അറ്റകുറ്റ പണിനടത്തി വെള്ളം എത്തിച്ചാൽ കിണറുകളിൽ യഥേഷ്ടം ഉറവുണ്ടാകുകയും അതുവഴി ആവശ്യത്തിന് വെള്ളം ലഭിക്കുന്നതുമാണ്.

വ്യവസായം

മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പുരാതന കാലം മുതൽ പരമ്പരാഗത വ്യവസായങ്ങളിലും കുടിൽ വ്യവസായങ്ങളിലും ഏർപ്പെട്ട് ഉപജീവന മാർഗം നടത്തി വരുന്നവരാണ് ഇവിടത്തെ ജനങ്ങളും. ഒരു കാർഷിക പ്രദേശമായ മഞ്ഞപ്രയിൽ ഉപതൊഴിൽ എന്ന നിലയിൽ ധാരാളം ഇടത്തരം കുടുംബങ്ങളും ഈ വ്യവസായ സംരംഭങ്ങളുമായി ഏർപ്പെട്ട് കഴിയുന്നു. ഇവിടത്തെ മുഖ്യ പരമ്പരാഗത വ്യവസായം ഈറ–പനമ്പ്–നെയ്ത്ത് മേഖലയാണ്. ഒരു പൊതു മേഖല സ്ഥാപനമായ ബാംബു കോർപ്പറേഷൻ സ്ഥാപിതമായിട്ട് കാൽ നൂറ്റാണ്ടായെങ്കിലും അതിനു മുമ്പേ ഇവിടത്തെ ജനങ്ങളും മലകളിൽ പോയി ഈറ ശേഖരിച്ചുകൊണ്ടുവന്ന് പനമ്പ് നെയ്ത്ത് വിപുലപ്പെടുത്തിയിരുന്നു, നാമമാത്രമായ വില ലഭിച്ചിരുന്ന ഈ മേഖലയിൽ ബാംബുകോർപ്പറേഷന്റെ ആരംഭം മുതൽ കൂടുതൽ വില ലഭ്യമാകാൻ ഇടയായിട്ടുണ്ട്. എന്നാൽ നിലവിൽ കോർപ്പറേഷനിൽ നിന്ന് പനമ്പിന് ലഭിക്കുന്ന വിലയേക്കാളും ഉയർന്ന വില നൽകി സ്വകാര്യ വ്യക്തികളും ഈ വ്യവസായത്തിന് ഭീഷണിയായി ഉയർന്നു വന്നിട്ടുണ്ട്. ഈ പഞ്ചായത്ത് അതിർത്തിയിൽ മഞ്ഞപ്ര സൗത്ത് കരിങ്ങാലിക്കാട്, തവളപ്പാറ, കരമല എന്നിവിടങ്ങളിലായി യഥാക്രമം ഒരു മെയിൻ ഡിപ്പോയും, രണ്ട് സബ് ഡിപ്പോയും, ഒരു കൗണ്ടർ ഡിപ്പോയും പ്രവർത്തിക്കുന്നു. 540 കുംബങ്ങളും ഈ തൊഴിലിൽ ഏർപ്പെട്ട് കഴിയുന്നു. 80% സ്ത്രീകളാണ്. ഈ തൊഴിലിൽ ഉപജീവന മാർഗം തേടുന്നത്. ഇടത്തരം കർഷക കുടുംബങ്ങളും, അർദ്ധപട്ടിണി-ദാരിദ്ര കുംടുബങ്ങളും വീടുകളിൽ ഇരുന്ന് ചെയ്യാവുന്ന തൊഴിലായതുകൊണ്ടാണ് ഈ വ്യവസായത്തോട് കൂടുതൽ ആഭിമുഖ്യം പുലർത്തുന്നത്. മറേറതൊരു തൊഴിലിനേക്കാളും കുറഞ്ഞ വേതനമാണ് തൊഴിലാളികൾക്ക് ലഭിച്ചുക്കൊണ്ടിരിക്കുന്നത്. ശരാശരി ഇരുപത്തിയഞ്ച് ഈറകോൽ അടങ്ങുന്ന ഒരു കെട്ട് ഈറയ്ക്ക് കോർപ്പറേഷൻ വില നിശ്ചയിച്ചിട്ടുള്ളത് 40 രൂപയാണ്. ഇത്രയും ഈറകൊണ്ട് ഉൽപ്പാദിപ്പിക്കുന്ന പനമ്പിന് (5×3 സ്കയർ ഫിറ്റ് 15 എണ്ണം) വിലയായി ലഭിക്കുന്നത് 100 രൂപ 50 പൈസ മാത്രമാണ്. രണ്ടു പേർ പത്ത് മണിക്കൂർ ജോലിചെയ്താൽ കിട്ടുന്നതുകയിൽ ഈറ വില കിഴിച്ച് ഒരാൾക്ക് ലഭിക്കുന്ന വേതനം 30 രൂപ 25 പൈസയാണ്. സ്വകാര്യ വ്യക്തികളും ഇതിനേക്കാളും 40% വിലവർദ്ധനവ് നൽകി പനമ്പ് വാങ്ങി വരുന്നതായി അറിയുന്നു. സ്ഥിരമായി പനമ്പ് നെയ്യുന്നവരെ സംബന്ധിച്ച് വാതം തുടങ്ങിയ വിവിധ രോഗങ്ങൾക്ക് അടിമകളായി മാറുന്നതുകൊണ്ടും മതിയായ വേതനം ലഭ്യമല്ലാത്തതുകൊണ്ടും ഈ മേഖല ഇന്ന് മുരടിച്ചുകൊണ്ടിരിക്കുകയാണ്. ഏറ്റവും കുറഞ്ഞ മൂലധനം മുടക്കി ഉയർന്ന ലാഭം നേടുന്ന കോർപ്പറേഷൻ തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യങ്ങളും നൽകുന്നതിൽ വിമുഖത പ്രകടിപ്പിച്ചുവരുന്നു.

നിർദ്ദേശം

ഓരോ മെയിൻ ഡിപ്പോ കേന്ദ്രീകരിച്ച് തൊഴിലാളി കുടുംബങ്ങൾക്ക് ഉപയുക്തമായ രീതിയിൽ ചികിത്സാസൗകര്യം ലഭിക്കുന്നതിന് ക്ഷേമ പദ്ധതി വിപുലപ്പെടുത്തുക. കുറഞ്ഞ നിരക്കിൽ നിത്യോപയോഗ സാധനങ്ങളും ലഭിക്കുന്നതിന് കൺസ്യൂമർ സ്റ്റോറുകൾ ഡിപ്പോകളോടും സ്ഥാപിക്കുക. സാമാന്യ വിദ്യാഭ്യാസം നേടിയിട്ടുള്ള യുവതീ യുവാക്കളും ഈ പരമ്പരാഗത വ്യവസായത്തെ നിലനിർത്തുന്നതിന് നവീന രീതിയിലുള്ള ബാംബു പ്ലൈവുഡ് കമ്പനി മഞ്ഞപ്രയിൽ സ്ഥാപിക്കുക. 60 വയസു കഴിഞ്ഞ ഈറ – പനമ്പ് തൊഴിലാളികൾക്ക് പെൻഷൻ സമ്പ്രദായം ഏർപ്പെടുത്തുക. വർഷത്തിലൊരിക്കൽ തൊഴിലാളി കുടുംബങ്ങൾക്കായി ടൂർ പ്രോഗ്രാം നടപ്പിലാക്കുക. കരിങ്ങാംപുറം, വടക്കുംഭാഗം, മേരിഗിരി എന്നിവിടങ്ങളിൽ ഓരോ ഡിപ്പോകൂടി സ്ഥാപിക്കുക. ഈറകൊണ്ട് കരകൗശല വസ്തുക്കളും നിർമ്മിക്കുന്നതിന് യൂണിറ്റുകളും തുടങ്ങുക. അതിനുള്ള പരിശീലനം ഏർപ്പെടുത്തുക.

2 കളിമൺ വ്യവസായം

ഈ പ്രദേശത്ത് വളരെ വർഷങ്ങളായി ഏതാനും കുടുംബങ്ങൾ നടത്തിവരുന്ന കുടിൽ വ്യവസായമാണിത്. ഒന്നാം വാർഡിൽ ആക്കുന്ന് ചവ്വരിക്കുന്ന് ഭാഗങ്ങളിലായി 18 കുടുംബങ്ങൾ ഈ തൊഴിലിൽ ഏർപ്പെട്ടുവരുന്നു. കളിമൺ വ്യവസായത്തിന് അനുയോജ്യമായ മണ്ണ് 1–ാം വാർഡിന്റെ കിഴക്ക് തെക്ക് പ്രദേശങ്ങളിൽ നി

ന്ന് ലഭ്യമായിരുന്നു. എന്നാൽ അടുത്ത കാലത്തായി മറ്റ് വ്യവസായിക ആവശ്യങ്ങൾ രൂപപ്പെട്ടതിനാൽ മണ്ണ് ലഭിക്കുന്നില്ല. പുറംനാടുകളിൽ നിന്ന് മണ്ണ് കൊണ്ടുവന്നാണ് ഈ തൊഴിൽ നില നിർത്തി വരുന്നത്. മതിയായ വേതനം ലഭ്യമല്ല, ഈ കുടുംബങ്ങളിലെ വിദ്യാഭ്യാസ നിലവാരം വളരെ താഴ്ന്നതാണ്. അടിയന്തിരമായി സർക്കാർ ഈ പരമ്പരാഗത കുടിൽ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനും നിലനിർത്തുന്നതിനും കുറഞ്ഞത് 5 ലക്ഷം രൂപയെങ്കിലും സഹായധനം ഗ്രാൻറായി അനുവദിച്ച് ഇവരുടെ ക്ഷേമത്തിനായി ഉപയോഗപ്പെടുത്തേണ്ടതാണ്. കെട്ടിടം പണിയുന്നതിന്, വാഹനങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് ചികിൽസാ സൗകര്യത്തിന് ഈ ഫണ്ട് ഉപയോഗപ്പെടുത്താം. ഇവയ്ക്ക് പഞ്ചായത്തു തലത്തിൽ ഒരു കൺട്രോൾ ബോഡി രൂപീകരിക്കേണ്ടതാണ്. സമൂഹത്തിൽ ഏറ്റവും താഴെ കിടക്കുന്ന തൊഴിൽ വൈദഗ്ധ്യമുള്ളവരെ പുനരുദ്ധരിക്കുന്നതിന് ഒരു വ്യവസായ സഹകരണ സംഘം രൂപീകരിക്കുകയും സർക്കാരിന്റെ പങ്കാളിത്തം ഉറപ്പാക്കണം.

പപ്പട വ്യവസായം

പഞ്ചായത്തിൽ 15 കുടുംബങ്ങളിൽ കുടിൽ വ്യവസായം എന്ന നിലയിൽ ഈ തൊഴിൽ ചെയ്യുന്നു. എക്സ്പോർട്ടിംങ് സാധ്യതയുള്ള ഈ വ്യവസായം കൂടുതൽ വിപുലീകരിക്കപ്പെടേണ്ടതായിട്ടുണ്ട്.

ഇഷ്ടിക

അഞ്ച് ഇഷ്ടിക യൂണിറ്റുകൾ ഈ പഞ്ചായത്തിൽ അതിർത്തിയിൽ പ്രവർത്തിക്കുന്നു. ഏകദേശം 150ഓളം തൊഴിലാളികൾ ഈ മേഖലയിൽ ഉപജീവനമാർഗം തേടുന്നു. അന്യ സംസ്ഥാനങ്ങളിൽ നിന്നും ധാരാളംപേർ ഈ തൊഴിലിനായി ഇവിടെ എത്തിച്ചേർന്നിട്ടുണ്ട്. കാർഷിക മേഖലയ്ക്കു ഭീഷണിയായി വളർന്നുവന്ന ഒരു വ്യവസായമാണിത്.

ചിപ്സ്

പഞ്ചായത്തിൽ 5 ചിപ്സ് നിർമ്മാണ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. കാർഷിക മേഖലയായ ഈ പ്രദേശത്തുനിന്ന് നേന്ത്രക്കായ, ചക്ക, മരച്ചീനി എന്നിവ സുലഭമായി ലഭിക്കുന്നതുകൊണ്ട് ഈ വ്യവസായത്തെ പ്രോൽസാഹിപ്പിക്കേണ്ടതാണ്.

തയ്യൽ

SSI രജിസ്ട്രേഷനുള്ള നാല് അംഗീകൃത തയ്യൽക്കടകളാണ് പ്രവർത്തിക്കുന്നത്. SSI രജിസ്ട്രേഷനില്ലാത്ത ധാരാളം തയ്യൽ യൂണിറ്റുകളും ഉണ്ട്. മഞ്ഞപ്രയിലെ ജനവാസവും വസ്ത്രങ്ങളുടെ ഉപയോഗവും കണക്കിലെടുക്കുമ്പോൾ ഇത് വളരെയേറെ അപര്യാപ്തമാണ്. പത്ത് പേർക്കുവീതം തൊഴിൽ ലഭിക്കാവുന്ന രീതിയിൽ 8 തയ്യൽ പരിശീലന കേന്ദ്രങ്ങളും, റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റുകളും ആരംഭിക്കാൻ സാദ്ധ്യത ഇവിടെ ഉണ്ട്.

അച്ചാർ

നിലവിൽ അംഗീകൃത യൂണിറ്റുകൾ ഒന്നും തന്നെയില്ല. ഏറെ സാദ്ധ്യതകളുള്ള ഒരു സംരംഭമാണ് അച്ചാർ നിർമ്മാണം. ചില വ്യക്തികൾ നടത്തിവരുന്ന യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

മെഴുകുതിരി നിർമ്മാണം

മെഴുകുതിരി യൂണിറ്റുകൾ മെഴുക് കിട്ടാൻ സാധ്യതയുണ്ടെങ്കിൽ തുടങ്ങാവുന്നതാണ്.

ബേക്കറി

മഞ്ഞപ്ര പഞ്ചായത്തിൽ ബേക്കറി നിർമ്മാണ യൂണിറ്റുകളുമായി 5 എണ്ണവും വിൽപ്പന കേന്ദ്രങ്ങളായി 32 എണ്ണവും ഉണ്ട്. മിഠായി യൂണിറ്റുകൾ ഒന്നും തന്നെയില്ല. ഈ രംഗത്ത് മിഠായി നിർമ്മാണ യൂണിറ്റുകൾക്ക് സാദ്ധ്യത ഏറെയുണ്ട്.

തീപ്പെട്ടി വ്യവസായം

1981-ൽ ഖാദി വില്ലേജ് ഇൻഡസ്ട്രീസ് സൊസൈറ്റിയുടെ കീഴിൽ ഒരു തീപ്പെട്ടി നിർമ്മാണ യൂണിറ്റ് ആരംഭിച്ചിരുന്നു. നിലവിൽ ഈ വ്യവസായ യൂണിറ്റ് പ്രവർത്തിക്കുന്നില്ല. ടി സഹകരണ സംഘം വക 12 സെൻറ് സ്ഥലം മഞ്ഞപ്ര പഞ്ചായത്തിൽ മൂന്നാം വാർഡിൽ നിലവിലുണ്ട്. 25 പേർക്ക് തൊഴിൽ (സ്ത്രീകൾക്ക്) ലഭ്യമാകുന്ന ഈ യൂണിറ്റ് സർക്കാർ പുനഃരുദ്ധരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

കാർപ്പെൻറി

നാല് അംഗീകൃത കാർപെൻറി യൂണിറ്റുകളും അംഗീകൃതമല്ലാത്ത നിരവധി യൂണിറ്റു

കളും പ്രവർത്തിക്കുന്നു. മുൻകാലങ്ങളെ അപേക്ഷിച്ച് മരം കിട്ടുന്നതിന് ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ടെങ്കിലും ഈ വ്യവസായ യൂണിറ്റിനെ പരിപോഷിപ്പിച്ചെടുക്കേണ്ടത് അത്യാവശ്യമാണ്. കാർപെൻറിയിൽ 16 പേർക്ക് ബ്ലോക്കിൽ നിന്നും പരിശീലനം കിട്ടി.

റൈസ് മില്ല്

28 റൈസ് മില്ലുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. അതിൽ 5 എണ്ണം ആധുനിക റൈസ് മില്ലുകളാണ്. ഭക്ഷ്യോൽപ്പാദന രംഗത്ത് ഒരു കമ്മിപ്രദേശമായ മഞ്ഞപ്രയിൽ പുറമെ നിന്നും നെല്ല് കൊണ്ടുവന്ന് അരിയാക്കി വിൽപ്പന നടത്തുന്നു. ഏകദേശം 120 പേർ ഇവിടെ തൊഴിൽ ചെയ്യുന്നു. 10 HP മുതൽ 98 HP വരെയുള്ള മോട്ടോർ ഉപയോഗപ്പെടുത്തുന്നു.

ട്രാക്ടർ

പഞ്ചായത്തിൽ 7 ട്രാക്ടറുകൾ പ്രവർത്തിക്കുന്നു. മഞ്ഞപ്രയുടെ തെക്കുഭാഗത്തായി (കുഴിയംപാടം) ആധുനികവൽക്കരിക്കപ്പെട്ട ഈ വ്യവസായം നടത്തിവരുന്നു കാർഷിക മേഖലയ്ക്ക് വൻഭീഷണിയായി വളർന്നു വന്ന ഈ വ്യവസായം തുടങ്ങിയിട്ടുള്ള പ്രദേശം ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റായി രൂപാന്തരപ്പെടുത്തുന്നതാണ് അഭികാമ്യമെന്ന് പറയപ്പെടുന്നു. ആരോഗ്യത്തിനും പരിസ്ഥിതി പ്രശ്നങ്ങൾക്കും ഹാനികരമാകാൻ സാദ്ധ്യതയുള്ള ഈ വ്യവസായം ഗുണകരമല്ല. പഞ്ചായത്തിന്റെ താൽപ്പര്യത്തിന് വിരുദ്ധമായി ഉന്നത ഉദ്യോഗസ്ഥന്മാരുടെ ഒത്താശയോടെയാണ് ലൈസൻസ് കിട്ടി പ്രവർത്തിക്കുന്നത്. ഏകദേശം 60 പേർ ഇവിടെ പണിയെടുത്തുവരുന്നു.

ഇടിമില്ല്

ഒമ്പത് ഇടിമില്ലുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഭക്ഷ്യധാന്യങ്ങളും, കറി പൗഡറുകളും നിർമ്മിക്കുന്നതിന് ഉപയോഗിക്കുന്നു. 30 പേർ ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു. വിപുലികരിക്കപ്പെടുവാൻ സാദ്ധ്യതയുള്ള ഒരു വ്യവസായമാണിത്.

വർക്ക് ഷോപ്പ്

21 വർക്ക്ഷോപ്പുകൾ പഞ്ചായത്തിൽ നിലവിലുണ്ട്. മൂന്ന് ഓട്ടോമൊബൈൽ വർക്ക് ഷോപ്പും, 18 ചെറുതരം വർക്കുഷോപ്പുകളുമാണ് നിലവിലുള്ളത്.

പ്രസ്

5 പ്രിൻറിംഗ് പ്രസുകൾ പഞ്ചായത്തിൽ നിലവിലുണ്ട്. ഇവയിൽ ഒരെണ്ണം ഓട്ടോമാറ്റിക് മെഷീൻ ഉപയോഗിച്ചുള്ള ലാമിനേഷൻ സെൻറർ കൂടിയാണ്. 20 പേർ ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നു.

ഫർണ്ണിച്ചർ

ഏഴ് വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഫർണീച്ചർ നിർമ്മാണം, ഫ്രീസിയർ യൂണിറ്റുകൾ, ബുഷ് നിർമ്മാണം, ഗ്രില്ല്, ഗേറ്റ് തുടങ്ങിയവ നിർമ്മിക്കപ്പെടുന്നു. ഈ മേഖലയിൽ 40 പേർ തൊഴിൽ ചെയ്യുന്നു. കൂടുതൽ സാദ്ധ്യതയുള്ള ഒരു വ്യവസായ രംഗമാണിത്.

റബ്ബർ വ്യവസായ യൂണിറ്റ്

ഒരു യൂണിറ്റ് പ്രവർത്തിക്കുന്നു. മഞ്ഞപ്രയിൽ റബ്ബർ വ്യവസായം വളർത്തിയെടുക്കാൻ ആവശ്യമായ അസംസ്കൃത വസ്തുക്കൾ ധാരാളം ലഭ്യമാണ്. എന്നാൽ സാങ്കേതിക വിജ്ഞാനത്തിൻറെയും, മൂലധനത്തിൻറെയും അപര്യാപ്തത അതിന് തടസം നിൽക്കുന്നു. വൻമൂലധന നിക്ഷേപം ആവശ്യമായതിനാൽ സർക്കാരും, വിവിധ ധനസഹായ ഏജൻസികളും വ്യക്തിഗതവും സഹകരണ മേഖലയിലും സാമ്പത്തിക സഹായങ്ങൾ നൽകി പ്രോത്സാഹിപ്പിക്കണം.

ഹോളോബ്രിക്സ്, സിമൻറ് ഇഷ്ടിക നിർമ്മാണം

ഒരു മഹിളാ സമാജവും, ഒരു വനിതാ വ്യവസായ യൂണിറ്റും ഒരു ജനറൽ യൂണിറ്റും പ്രവർത്തിക്കുന്നു. കെട്ടിട നിർമ്മാണ സാമഗ്രികൾ (കട്ടിള, ജനൽ) തുടങ്ങിയവയും ഇവിടെ നിർമ്മിക്കുന്നു.

വ്യാപാര സ്ഥാപനങ്ങൾ

പ്രധാന വ്യാപാര സ്ഥാപനങ്ങളായി തുണിക്കടകൾ. ഇരുമ്പുകടകൾ, പ്ലൈവുഡ്കടകൾ, സിമൻറ് വ്യാപാരം, പലചരക്ക് കടകൾ, ഇംഗ്ലീഷ്മരുന്നുകടകൾ, ആയുർവേദ നിർമ്മാണ വിൽപ്പനകേന്ദ്രങ്ങൾ, ബേക്കറികൾ, മലഞ്ചരക്ക് വ്യാപാരം, ഹോട്ടൽ ആൻറ് ടീ ഷോപ്പ്, ഇറച്ചിവിൽപ്പനശാലകൾ, സ്റ്റേഷനറി കടകൾ, വാച്ച്-റേഡിയോ-ടി. വി. റിപ്പയറിംഗ് യൂണിറ്റുകൾ, ഫോട്ടോ സ്റ്റുഡിയോകൾ, കണ്ണാടി-ഫോട്ടോ

ഫ്രെയിം യൂണിറ്റുകളും, മിൽക്ക് കളക്ഷിംഗ് യൂണിറ്റുകളും, കോഴിവിൽപ്പന കേന്ദ്രങ്ങളും, സ്വർണ്ണം, വെള്ളി വ്യാപാര കേന്ദ്രങ്ങളും, ആഭരണനിർമ്മാണ യൂണിറ്റുകളും, ബാർബർ ഷോപ്പുകളും, ന്യായവിലഷോപ്പുകളും, മാവേലിസ്റ്റോർ, വളം, കീടനാശിനി വിൽപ്പന കേന്ദ്രങ്ങളും, വൈദ്യുതി ഉപകരണങ്ങളും വിൽപ്പനശാലകളും, ഓഡിയോ, വീഡിയോ കാസറ്റുസെന്ററുകളും, ലൈറ്റ് & സൗണ്ട്, മേശ-കസേര ടാർപ്പായ-പന്തൽ ഡെക്കറേഷൻ എന്നിവ വാടകയ്ക്ക് ചെയ്യുന്ന സ്ഥാപനങ്ങളും, പച്ചക്കറി കടകളും, സൈക്കിൾ ഷോപ്പുകളും കള്ളുഷാപ്പുകളും, മൽസ്യ വിൽപ്പന കേന്ദ്രങ്ങളും, തുടങ്ങിയ 157 വ്യാപാര സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. കൂടാതെ മോട്ടോർ ഉപയോഗിച്ചുള്ള 65 വ്യവസായസ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. 50 H P യ്ക്ക് മുകളിലായി 9 വ്യവസായ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു.

സ്വർണ്ണപ്പണി ശാലകൾ

പഞ്ചായത്തിൽ 15 സ്വർണ്ണപ്പണിശാലകളും പ്രവർത്തിച്ചു വരുന്നതായി അറിയുന്നു. 50 പേർ ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു.

കൊല്ലപ്പണിശാലകൾ

ആറ് ആലപ്പുരകളും പ്രവർത്തിക്കുന്നു. കാർഷികോപകരണങ്ങളും, വീട്ടുപകരണങ്ങളും തുടങ്ങിയവ ഇവിടെ നിർമ്മിക്കപ്പെടുന്നു. 12 പേർ ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നു.

കണ്ണാടി നിർമ്മാണ യൂണിറ്റുകൾ

രണ്ട് കണ്ണാടി നിർമ്മാണ യൂണിറ്റുകളും പ്രവർത്തിക്കുന്നു. 20 സ്ത്രീകളും ഇവിടെ തൊഴിൽ ചെയ്തു വരുന്നതായി അറിയുന്നു. തൊഴിൽ സാദ്ധ്യതയുള്ള ഒരു വ്യവസായ മേഖലയാണിത്.

P V C പൈപ്പ് നിർമ്മാണയൂണിറ്റ്

P V C പൈപ്പ് നിർമ്മാണയൂണിറ്റ് പ്രവർത്തിക്കുന്നു. 30 HP മോട്ടോർ ഉപയോഗിച്ച് പ്രവർത്തിക്കുന്നു. 5 പേർക്ക് ഇവിടെ തൊഴിൽ ഉണ്ട്.

ഐസ്ക്രീം നിർമ്മാണ യൂണിറ്റ്

മഞ്ഞപ്ര ലോട്ടസ് മഹിളാ സമാജത്തിന്റെ കീഴിൽ ക്ഷേമമിൽക്ക് പ്രോസസിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നു. 5 വനിതകൾ തൊഴിൽ ചെയ്യുന്നു.

കള്ള് ചെത്ത് വ്യവസായം

രണ്ട് കള്ള് ഷാപ്പുകൾ പ്രവർത്തിക്കുന്നു. ഇത് പരമ്പരാഗത വ്യവസായ തൊഴിലാണ്. 20 ഓളം കുടുംബങ്ങൾ ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു.

കുമ്മായ വ്യവസായം

ഒരു യൂണിറ്റ് പ്രവർത്തിക്കുന്നു. സാദ്ധ്യതയുള്ള യൂണിറ്റാണ്.

പ്രശ്നങ്ങൾ

വൻവ്യവസായങ്ങൾ ആരംഭിക്കുന്നതിന് സ്ഥല പരിമിതി പ്രശ്നമാണ്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഈ പ്രദേശത്ത് പരിസ്ഥിതി പ്രശ്നങ്ങൾ പല വ്യവസായ സംരംഭങ്ങൾക്കും തടസ്സം നിൽക്കുന്നു. വ്യവസായം തുടങ്ങുന്നതിന് ആവശ്യമായ ലൈസൻസുകൾ കിട്ടുന്നതിന് കാലതാമസം അനുഭവപ്പെടുന്നുണ്ട്. യഥാസമയം വായ്പകളും, സബ്സിഡിയും ലഭിക്കുന്നില്ല. വൈദ്യുതി കണക്ഷൻ ലഭിക്കാൻ ഏറെ താമസം നേരിടുന്നു. വിദഗ്ധ തൊഴിലാളികളെ വേണ്ടത്ര കിട്ടുന്നില്ല. പരമ്പരാഗത വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് അർഹമായ കൂലി വർദ്ധന ലഭിക്കുന്നില്ല.

സാദ്ധ്യതകൾ

വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുക. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക, പരമ്പരാഗത വ്യവസായങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും നവീകരിക്കുകയും ചെയ്യുക. (ഓരോ വ്യവസായത്തിനേറെയും അഭിവൃദ്ധി മേൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്.) വ്യവസായ സംരംഭകർക്ക് പരിശീലനം നൽകുക. സഹകരണ മേഖലയിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക. പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത വസ്തുക്കളുടെ അടിസ്ഥാനത്തിൽ വ്യവസായ വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കി സംരംഭകർക്ക് നിർദ്ദേശങ്ങൾ നൽകുക. ഗൾഫ് മലയാളികളെ വ്യവസായ രംഗത്ത് മുതൽ മുടക്കാൻ പ്രേരിപ്പിക്കുക.

ആവശ്യങ്ങൾ

ഈ പ്രദേശത്ത് അനുയോജ്യമായതും സർക്കാർ ധനസഹായം ലഭിക്കേണ്ടതുമായ 10 ചെറുകിട വ്യവസായ യൂണിറ്റുകളും സഹകരണ സംഘം രൂപീകരിച്ച് നടപ്പാക്കുക.

	വ്യവസായം	പദ്ധതി തുക ലക്ഷം	സ്ഥലം Sq. M	പവ്വർ KW	വാട്ടർ Litter	തൊഴിൽ വസരം
1	ഇലക്ട്രോജ് ചോക്ക്&റെഗുലേറർ	5	180	5	5000	10
2	പേപ്പർ കാർട്ടൻസ്	6	100	5	500	8
3	നോട്ട്ബുക്ക് നിർമ്മാണം	3	50	2	500	7
4	കണ്ണട ഫ്രെയിം	3	100	10	1000	15
5	ഹോളോ ബ്രിക്സ്	3	150	5	2000	8
6	റെഡിമെയ്ഡ് ഗാർമെൻറ്സ്	2	50	5	500	9
7	ടോയി ബലൂൺസ്	5	100	10	5000	10
8	കറിപൗഡർ യൂണിറ്	3	100	10	500	10
9	ഡ്രിംങ്കിംഗ് സ്ട്രാ യൂണിറ്	2	50	5	500	8
10	കരകൗശല വസ്തുനിർമ്മാണം	4	100	5	500	15

1 സ്റൗ കമ്പനി –10 പേരടങ്ങുന്ന യൂണിറ് മുതൽ മുടക്കിന്റെ 80% വായ്പ

2 പാക്കിംഗ് കെയ്സ്– 15 പേർക്ക് തൊഴിൽ

3 ഫർണീച്ചർ വ്യവസായം– അസംസ്കൃതസാധനങ്ങം യഥേഷ്ടം കിട്ടാനുണ്ട്.

4 റബ്ബർ ഉൽപ്പന്നങ്ങം നിർമ്മാണം– റബ്ബർ യഥേഷ്ടം ലഭ്യമായതുകൊണ്ട് ഇവിടെ സഹകരണ അടിസ്ഥാനത്തിൽ യൂണിറുകം സ്ഥാപിക്കാൻ കഴിയും.

5 സിമൻറ് ക്രാസി, കട്ടിള, ജനൽ നിർമ്മാണം– അസംസ്കൃത സാധനങ്ങം യഥേഷ്ടം ലഭ്യമാണ്.

6 ഒരു വീട്ടിൽ ഒരു വ്യവസായം–വിവിധയിനം കുടിൽ വ്യവസായം തുടങ്ങാൻ സാമ്പത്തിക സഹായവും സബ്സീഡിയും നൽകിയാൽ ഒരു വീട്ടിൽ ഒരു വ്യവസായം എന്ന തോതിലേക്ക് ഇത് വളർത്താൻ കഴിയും. തഴപ്പായ നെയ്ത്ത്, ചന്ദനത്തിരി, മെഴുകുതിരി നിർമ്മാണം.

7 വനിതാ വ്യവസായം– വനിതകൾക്ക് നേരിട്ട് ചെയ്യാവുന്ന ചെറുകിട വ്യവസായങ്ങൾക്ക് ധനസഹായം നൽകുക.

1 റബ്ബർ–മര സംസ്കരണ ഫാക്ടറി സ്ഥാപിക്കുക.

2 കാർഷിക ഉൽപ്പന്നങ്ങളുടെ വിപണന കോ–ഓപ്പറേറ്റീവ് സൊസൈറ്റി സ്ഥാപിക്കുക.

3 വിപണന സാദ്ധ്യതകം വർദ്ധിപ്പിക്കുന്നതിന് ചന്ദ്രപ്പുര ജംഗ്ഷനിൽ 10 നിലകളുള്ള പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിക്കുക.

1 മഞ്ഞപ്രയിൽ വിപണന സാദ്ധ്യതകം വർദ്ധിപ്പിക്കുന്നതിന് ഒരു മാർക്കറ് നിർമ്മിക്കണം. നിലവിൽ ഈ പ്രദേശത്ത് കാർഷികോൽപ്പന്നങ്ങളും, വ്യവസായികോൽപ്പന്നങ്ങളും വിറഴിക്കുന്നതിനുവേണ്ടി പെരുമ്പാവൂർ,ആലുവ തുടങ്ങിയ മാർക്കറുകളെയാണ് ആശ്രയിക്കുന്നത്. ഉൽപ്പാദകന് നഷ്ടം വരാതിരിക്കാനും ഉപഭോക്താവിന് ന്യായ വിലയ്ക്ക് സാധനങ്ങം ലഭ്യമാക്കുന്നതിനും ഈ പ്രദേശത്ത് ഒരു പൊതുമാർക്കറ് വളരെ അത്യാവശ്യമാണ്.

2 സഹകരണ അടിസ്ഥാനത്തിൽ നാളികേരം, കൊപ്ര സംസ്കരണ യൂണീറുകം ആരംഭിക്കുക. നമ്മുടെ നാട്ടിൽ ലഭിക്കുന്ന ഗണ്യമായ നാളികേരം ഉപയോഗപ്പെടുത്തി വെളിച്ചെണ്ണയും, ചിരട്ട, ചകിരി എന്നിവ ഉപയോഗപ്പെടുത്തി കരകൗശലവസ്തുക്കളും നിർമ്മിക്കുന്നതിന് പദ്ധതി രൂപപ്പെടുത്തുക. (കൊപ്ര ഉപയോഗിച്ച് ബിസ്ക്കറും മധുര പലഹാരങ്ങളും നിർമ്മിക്കാം.)

1 കാലിത്തീറ ഫാക്ടറി ആരംഭിക്കുക.

2 കൃഷിയെ വ്യവസായമായി അംഗീകരിക്കുക.

1 വനിതാ സഹകരണ മേഖലയിൽ ഒരു തയ്യൽ പരിശീലന കേന്ദ്രം അനുവദിക്കുക.

2 മുട്ടക്കോഴി വളർത്തൽ, ഇറച്ചിക്കോഴി വളർത്തൽ എന്നിവയ്ക്ക് വീട്ടമ്മമാർക്കും, വനിതകൾക്കും പ്രോൽസാഹനം നൽകുക. ഒരു വീട്ടിൽ 25 മുട്ടക്കോഴികളേയും, ഇറച്ചിക്കോഴികളേയും വളർത്തുന്നതിന് ധനസഹായം നൽകുകയും ദിവസേന വാർഡുകൾ തോറും മുട്ടശേഖരണ കേന്ദ്രങ്ങളും, വിൽപ്പനകേന്ദ്രങ്ങളും സ്ഥാപിച്ചാൽ ഈ മേഖലയിൽ ഈ തൊഴിൽ അഭിവൃദ്ധിപ്പെടുത്താനും, ഉൽപ്പാദകന് അർഹമായ വില നൽകാനും, ഉപഭോക്താവിന് ന്യായമായ വിലയ്ക്ക് സാധനം നൽകാനും സാധിക്കും,

വാർഡിലെ ഗ്രാമസഭായോഗത്തിൽ നിന്ന് വന്ന നിർദ്ദേശങ്ങൾ മുകളിൽ ചേർത്തീട്ടുണ്ട്.

മഞ്ഞപ്ര ഗ്രാമപഞ്ചായത്തിൽ കൂടുതൽ പേർക്ക് തൊഴിൽ ലഭിക്കുന്ന ഒരു വ്യവസായം നിലവിൽ ഇല്ല. ഏറെ വിപണന സാദ്ധ്യതകൾ വർദ്ധിച്ചുവരുന്ന ഒരു പവ്വർലൂം നിർമ്മാണ യൂണിറ്റ് ഇവിടെ തുടങ്ങാവുന്നതാണ്. കുറഞ്ഞത് 100 വനിതകൾക്കെങ്കിലും തൊഴിൽ ലഭ്യമാകും വ്യവസായങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ ധനസഹായം ലഭ്യമാക്കുന്നതിന് ദേശവൽകൃത ബാങ്ക്, ജില്ലാ സഹകരണ ബാങ്ക് ICBI, KFC എന്നിവയുടെ ശാഖകൾ ആരംഭിക്കുക. വ്യവസായ സംരംഭകർക്ക് ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനും, കാലതാമസം ഒഴിവാക്കുന്നതിനും വേണ്ടി സ്മോൾ ഇൻഡസ്ട്രീസ് സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട്, ജില്ലാവ്യവസായ കേന്ദ്രം, ധനസഹായ ഏജൻസികൾ, സാങ്കേതിക വിദഗ്ധർ, ഇലക്ട്രിസിറ്റി ഉദ്യോഗസ്ഥർ, ഹെൽത്ത് ഡിപ്പാർട്ടുമെൻറ്, സെയിൽടാക്സ് ഉദ്യോഗസ്ഥർ എന്നിവരെ പങ്കെടുപ്പിച്ചു കൊണ്ട് ഏകജാലക പരിപാടി നടപ്പിലാക്കണം. വ്യവസായ വളർച്ചക്ക് വൈദ്യുതി ക്ഷാമം ഒരു തടസ്സമായി നില്ക്കുന്നതു കൊണ്ട് അത് പരിഹരിക്കുന്നതിന് മാർഗം കണ്ടെത്തേണ്ടിയിരിക്കുന്നു. നെടുമ്പാശേരി അന്താരാഷ്ട്ര വിമാനത്താവളം സ്ഥാപിതമാകുന്നതോടുകൂടി ഈ പ്രദേശത്തിൻെറ വ്യവസായിക അഭിവൃദ്ധിയിൽ ഗണ്യമായ സ്വാധീനം ഉണ്ടാക്കാൻ അതിന് കഴിയുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു.

മഞ്ഞപ്ര ഗ്രാമ പഞ്ചായത്തിൻെറ വിവിധ നികുതിയിനത്തിൽ വർദ്ധനവ് കാണപ്പെടുന്നതിന് വ്യവസായിക അഭിവൃദ്ധി ഉപകരിക്കും എന്നതിൽ സംശയമില്ല. നിലവിലുള്ള മഞ്ഞപ്ര ഗവ. ഹൈസ്ക്കൂളിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഏർപ്പെടുത്തുന്നതിലൂടെ വ്യവസായ മുന്നേറ്റത്തിലേക്ക് ഒരു തലമുറയ്ക്ക് രൂപം കൊടുക്കുവാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു. വികസിത രാജ്യങ്ങളിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകിയതിൻെറ ഫലമായി ഇലക്ട്രോണിക്സ് മാധ്യമങ്ങളിലും കളിക്കോപ്പുകളിലും വരെ ഗണ്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത് മാതൃകാപരമായി നാം സ്വീകരിക്കേണ്ട നടപടിയാണ്. കാർഷീക ഭൂപ്രദേശമായ നമ്മുടെ നാട്ടിൽ കാർഷീകരംഗത്ത് പണിയെടുക്കുന്നതിന് തൊഴിലാളികളെ ലഭിക്കുന്നതിന് ബുദ്ധിമുട്ട് നേരിട്ടുകൊണ്ടിരിക്കുന്ന ഈ കാലയളവിൽ യന്ത്രവത്കൃത സഹായം (യന്ത്രകലപ്പ, കൊയ്ത്തുമെഷീൻ. കീടനാശിനി പ്രയോഗപമ്പുകൾ, തെങ്ങുകയറ്റ മെഷീൻ മോട്ടോർ പമ്പുസെറ്റുകൾ എന്നിവയുടെ നിർമ്മാണം) ഒഴിച്ചുകൂടാൻ വയ്യാത്ത ഒന്നാണ്.

ഗതാഗതം

ഗ്രാമീണ ജനതയുടെ പുനരുദ്ധാരണത്തിനും പുരോഗതിക്കും ഏറെ സഹായകരമായ ഒന്നാണ് ഗതാഗതം. സഞ്ചാരയോഗ്യമായ റോഡുകൾ നിർമ്മിക്കുക എന്നുള്ളതു് ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന പരിപാടികളിൽ പ്രാമുഖ്യമുള്ളതാണ്. ഈ പഞ്ചായത്തിൽ അങ്കമാലി–മഞ്ഞപ്ര, കാലടി-മഞ്ഞപ്ര, മലയാറ്റൂർ-മഞ്ഞപ്ര, കാലടി പ്ലാന്റേഷൻ-മഞ്ഞപ്ര, ചുള്ളി-മഞ്ഞപ്ര എന്നീ റോഡുകളാണ് P. W. D. യുടെ കീഴിലുള്ളത്. എട്ടു മീറ്റർ വീതിയും എട്ടു കിലോ മീറ്റർ നീളവും ടി റോഡുകൾക്ക് മഞ്ഞപ്ര പഞ്ചായത്തിൽ ഉണ്ട്. സുഗമമായ സഞ്ചാരത്തിന് ഈ റോഡുകളിലെ വളവുകൾ പരിഹരിക്കപ്പെടേണ്ടതാണ്. നാലുറോഡുകൾ സന്ധിക്കുന്ന പ്രധാന ജംഗ്ഷനായ ചന്ദ്രപ്പുര വളരെ അപകട ഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുകയാണ് PWD റോഡുകളുടെ അറ്റകുറ്റ പണികൾ കാലാകാലങ്ങളിൽ യഥാവിധം നടത്തുന്നതിൽ വീഴ്ച കണ്ടുവരുന്നു. ചന്ദ്രപ്പുര പടിഞ്ഞാറു ഭാഗത്ത് സ്ഥിതിചെയ്യുന്ന ട്രാൻസ് ഫോർമർ സൗകര്യപ്രദമായ ഭാഗത്തേക്ക് മാറ്റി സ്ഥാപിക്കേണ്ടതാണ്. PWD റോഡുമായി ബന്ധിക്കുന്ന നിരവധി പഞ്ചായത്ത് റോഡുകൾ ഉണ്ട്. ഈ ഗ്രാമ പഞ്ചായത്തിൽ ആകെ 133 റോഡുകൾ നിലവിൽ ഉള്ളതായി കാണപ്പെടുന്നു. ഇവയിൽ രണ്ടു മീറ്റർ വീതി തുടങ്ങി എട്ടു മീറ്റർ വീതി വരെ കാണപ്പെടുന്ന ഈ റോഡുകളുടെ ആകെ നീളം 103 kms ആണ്.

വാർഡു തിരിച്ചു റോഡുകളുടെ എണ്ണം

I	—	17
II	—	12
III	—	14
IV	—	15
V	—	15
VI	—	20
VII	—	22
VIII	—	18

മറ്റു വാർഡുകളുമായി ബന്ധിപ്പിക്കുന്നവ 40 എണ്ണം

P W D റോഡിൽ നിന്നും തുടങ്ങി പഞ്ചായത്ത് ഏറ്റെടുക്കാനുള്ള റോഡുകൾ മുൻഗണനാ ക്രമത്തിൽ

1. സുഭാഷ് റോഡ്

മഞ്ഞപ്ര–അയ്യമ്പുഴ റോഡിൽ നിന്നും തുടങ്ങി മഞ്ഞപ്ര-ചുള്ളി റോഡിൽ പ്രവേശിക്കുന്നതും മഞ്ഞപ്രയുടെ ഹൃദയ ഭാഗമായ വടക്കുഭാഗം കവലയിൽ വൺവേ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുള്ളതുമായ സുഭാഷ് റോഡ് നാലു മീറ്റർ വീതി – 800 മീറ്റർ നീളം റീ മെറ്റലിങ്ങ് ആൻറ് ടാറിങ്ങ്

2. കരിങ്ങേൻപുറം–കുരുശിൻ തൊട്ടി J. B. S.

നവംബർ ഒന്നിന് നാട്ടുകാർ ശ്രമദാനമായി നിലവിലുണ്ടായിരുന്ന രണ്ടു മീറ്റർ വീതി നാലു മീറ്ററാക്കി വർദ്ധിപ്പിക്കുകയും മണ്ണുപണി തീർന്ന് കിടക്കുന്നതും ആണ്. ഈ റോഡിന്റെ നീളം ഒന്നേ കാൽ കിലോ മീറ്റർ ആണ്.

പ്രയോജനം

മഞ്ഞപ്ര മലയാറ്റൂർ P W D റോഡിൽ നിന്നും തുടങ്ങി (J B S കവലയിൽ) മഞ്ഞപ്ര–കാലടി റോഡിൽ സന്ധിക്കുന്നതുമാണ് കൂടാതെ മലയാറ്റൂർ പഞ്ചായത്തിൽപെട്ട കൊറ്റമം ഭാഗത്തേക്ക് പ്രവേശിക്കപ്പെടുന്നതുമാണ്. ചന്ദ്രപ്പുര കവലയിൽ ഗതാഗതക്കുരുക്ക് ഉണ്ടാകാൻ ഇടയുള്ളതുകൊണ്ട് കാലടി–അങ്കമാലി ഭാഗത്തേക്ക് വാഹനങ്ങൾ തിരിച്ചു വിടാൻ ഈ റോഡ് ഉപകാരപ്രദമാണ്. ദിവസേന മഞ്ഞപ്ര–മലയാറ്റൂർ റോഡിലൂടെ നൂറുകണക്കിന് കരിങ്കൽ, മണൽ മറ്റു ആവശ്യങ്ങൾ എന്നിവക്കായി വാഹനങ്ങൾ വരികയും പോവുകയും ചെയ്യുന്ന തിരക്ക് ഒഴിവാക്കാൻ കൂടി ഈ റോഡ് സഹായകരമായിരിക്കും. ഈ പ്രദേശത്തെ മുന്നൂറോളം കർഷകർക്ക് ആശ്വാസകരമായ ഒരു ഫാം റോഡ് കൂടിയാണ്. ഉപാധിരഹിത ഫണ്ടിൽ നിന്നും, M P ഫണ്ടിൽ നിന്നും തുക സമാഹരിച്ച് ഈ ജനകീയ റോഡ് നിർമ്മാണം, സൈഡ് കെട്ട്, മെറ്റലിങ്ങ് ടാറിങ്ങ് എന്നിവ ചെയ്ത് പൂർത്തീകരിക്കേണ്ടതാണ്.

3 കരിങ്ങാലിക്കാട് മുളരിപ്പാടം S N D P കവല റോഡ്

നാലു മീറ്റർ വീതി രണ്ടു കിലോ മീറ്റർ നീളം വരുന്ന ഗ്രാമീണ റോഡാണ് മഞ്ഞപ്ര–അങ്കമാലി P W D റോഡുമായും കാലടി–മഞ്ഞപ്ര

P W D റോഡുമായും ബന്ധിക്കുന്നു. ചന്ദ്രപ്പുര കവലയിൽ ഗതാഗത തിരക്ക് ഒഴിവാക്കപ്പെടുവാൻ കാലടി മലയാറ്റൂർ ഭാഗത്തേക്ക് (J B S കരിങ്ങേൻപുറം വഴി) വാഹനങ്ങൾ നിയന്ത്രിച്ച് വിടാവുന്നതാണ്.

4. അയ്യുണ്ണിപാടം – വള്ളിക്കുത്തോട്

കരിങ്ങാലിക്കാട് റോഡ് അങ്കമാലി–മഞ്ഞപ്ര P W D കരിങ്ങാലിക്കാട് ഭാഗത്തു നിന്നും തുടങ്ങി അയ്യുണ്ണിപാടം വഴി വള്ളിക്കുത്തോട് റോഡുമായി ബന്ധിപ്പിച്ചാൽ തുറവൂർ പഞ്ചായത്ത് പ്രദേശത്തേക്കും മൂക്കന്നൂർ ഭാഗങ്ങളിലേക്കും പോകുന്നതിന് എളുപ്പമാർഗ്ഗമായിരിക്കും ഇതിനിടയിൽ വരുന്ന പാടത്തുള്ള പ്രദേശത്തെ ആവശ്യത്തിന് സ്ഥലം ജനങ്ങൾ വിട്ടുതരുവാൻ തയ്യാറാണ്. $3\frac{1}{2}$ Mrs വീതി 1 km നീളം.

5. മഞ്ഞപ്ര ഗവൺമെൻറ് ഹൈസ്ക്കൂൾ R C ചർച്ച് റോഡ്

വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു ബൈപാസ് റോഡാണ്. മഞ്ഞപ്ര മാർസ്ലീബ പള്ളി ആശുപത്രി – സെൻറ് മേരീസ് L. P. and U. P. എന്നീ സ്ക്കൂളുകൾ സ്ഥിതി ചെയ്യുന്ന പ്രദേശത്തേക്ക് മഞ്ഞപ്ര കാലടി – അങ്കമാലി P W D റോഡുമായി ബന്ധിക്കുന്നു. 800 മീറ്റർ നീളം നാലു മീറ്റർ വീതി.

6. മഞ്ഞപ്ര - ആനപ്പാറ റോഡ്

രണ്ടു കിലോ മീറ്റർ നീളവും എട്ടു മീറ്റർ വീതിയും ഉള്ളതായ ഈ റോഡ് എത്രയും വേഗം സഞ്ചാരയോഗ്യമാക്കി P W D ക്ക് കൈമാറുക.

7. മേരിഗിരി - കരമല

ആനപ്പാറ റോഡ് മുഴുവനായും ടാർ ചെയ്ത് സഞ്ചാര യോഗ്യമാക്കുക. $1\frac{1}{2}$ km നീളം.

8. മഞ്ഞപ്ര – ആനപ്പാറ – മേരിഗിരി റോഡ്

ആനപ്പാറ കരമല വഴി 1.400കി. മീ. നീളവും ആറു മീറ്റർ വീതിയും ഉള്ള ഈ റോഡ് ചുള്ളി അയ്യമ്പുഴ ഭാഗത്തേക്കുള്ള എളുപ്പമാർഗ്ഗമാണ് ഈ റോഡ് വീതി കൂട്ടി ടാർ ചെയ്യുവാൻ നടപടി ഉണ്ടാകണം. കാലടി പ്ലാന്റേഷൻ ഭാഗത്തേക്കും ചുള്ളി അയ്യമ്പുഴ ഭാഗത്തേക്ക് നൂറുകണക്കിന് തൊഴിലാളികളും കർഷകരും ഈ വഴി പ്രയോജനപ്പെടുത്തുന്നു.

9. പാറക്കുളം പല്ലിക്കുന്ന് റോഡ്

8 മീറ്റർ വീതി 800 മീറ്റർ നീളം. മഞ്ഞപ്ര –കാലടി P W D റോഡിൽ നിന്ന് തുടങ്ങി 60 വീട്ടുകാർ താമസിക്കുന്ന പ്രദേശത്തേക്കുള്ളതും കൃഷിയിടങ്ങൾ തുടങ്ങിയ വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗിക്കപ്പെടുന്നതുമായ വഴി. മെറ്റലിംഗ് ടാറിങ്ങ്.

10. ചെന്നേക്കാടൻ കവല മുളരിപ്പാടം റോഡ്

1 കി. മീ. നീളം 4 മീ. വീതി ഗ്രാമീണ റോഡാണ്. കാലടി–മഞ്ഞപ്ര P W D റോഡിൽ നിന്നു തുടങ്ങി മുളരിപ്പാടം കരിങ്ങാലിക്കാട് റോഡിൽ അവസാനിക്കുന്നു.

11. പുതുമന–ആറാഞ്ചേരി റോഡ്

മഞ്ഞപ്ര–അങ്കമാലി P W D റോഡിൽ നിന്നും തുടങ്ങി കിഴക്കോട്ട് കൈതകം ഡാമിലേക്കും പാടശേഖരങ്ങളിലേക്കുമുള്ള റോഡ്. 100 വീട്ടുകാർ സ്ഥിരമായി ഉപയോഗിക്കുന്നതും 3, 5 എന്നീ വാർഡുകളെ ബന്ധിക്കുന്നതുമായ റോഡാണ്. മെറ്റലിംഗ് ടാറിംഗ് നടത്തപ്പെടണം.

12. J. C. ചർച്ച്–വള്ളിക്കാത്തോട് റോഡ്

4 മീറ്റർ വീതി 400 മീറ്റർ നീളം. അങ്കമാലി–മഞ്ഞപ്ര P W D റോഡിൽ നിന്നു തുടങ്ങുന്നതും ആകെ 800 മീറ്ററിൽ 400 മീറ്റർ മെറ്റലിംഗ് ടാറിംഗ് കഴിഞ്ഞിട്ടുള്ളതും ബാക്കി 400 മീറ്റർ III, IV വാർഡുകളെ ബന്ധിക്കുന്നതുമായ റോഡാണ്. മെറ്റലിംഗ് – ടാറിംഗ് നടത്തപ്പെടണം.

13. സുഭാഷ് റോഡിൽ നിന്നും നടമുറിയിലേക്കുള്ള റോഡ് വീതികൂട്ടി ടാർ ചെയ്യുക. 4 മീറ്റർ വീതി 1 കി. മി. നീളം. മഞ്ഞപ്ര-ചുള്ളി P W D റോഡിൽ നിന്ന് തുടങ്ങുന്നതും കർഷകർക്ക് ഏറെ ഉപകരിക്കുന്നതുമായ റോഡാണ്. ഏറെക്കാലമായി ജനങ്ങൾ ഉന്നയിച്ചിട്ടുള്ള ആവശ്യം.

14. നടമുറി കപ്പേള–ഹെൽത്ത് സെൻറർ റോഡ്

മഞ്ഞപ്ര–ചുള്ളി P W D റോഡിൽ നിന്നു തുടങ്ങി മഞ്ഞപ്ര തവളപ്പാറ റോഡിൽ സന്ധിക്കുന്നതും ഹെൽത്ത് സെൻററിലേക്ക് പ്രവേശി

ക്കപ്പെടാവുന്നതുമായ റോഡ്. $1\frac{1}{2}$ കി. മീ. നീളം 4 മീ. വീതി. മെറ്റലിംഗ്, ടാറിംഗ്.

15. മേരിഗിരി വെളിയത്തുപാറ-റോഡ്

1.4 കി. മീ. നീളം $4\frac{1}{2}$ മീ. വീതി.മഞ്ഞപ്ര-ചുള്ളി P W D റോഡിൽ നിന്നു തുടങ്ങി ആനപ്പാറവരെ എത്തിച്ചേരാവുന്ന വഴിയാണ്. ടാറിംഗ് നടത്തുക.

16. മഞ്ഞപ്ര-ആനപ്പാറ റോഡ്

തവളപ്പാറ നിന്നും ആനപ്പാറ വരെ 1.800km നീളം വരുന്നതും 8 മീ. വീതിയുള്ളതും വളരെ പ്രാധാന്യമർഹിക്കുന്നതുമായ റോഡ് സഞ്ചാരയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. ഈ റോഡ് മഞ്ഞപ്ര ജംഗ്ഷനിൽ നിന്നും ആരംഭിക്കുന്നതും ബസ്സർവ്വീസ് നിലവിലുള്ളതുമായ റോഡാണ്.

17. കാർപ്പിള്ളിക്കാവ് കുത്തുകല്ല് റോഡ്

മഞ്ഞപ്ര - മലയാറ്റൂർ P W D റോഡിൽ നിന്ന് തുടങ്ങി മഞ്ഞപ്ര കാലടി P W D റോഡിൽ സന്ധിക്കുന്ന 4 മീറ്റർ വീതി 300 മീറ്റർ നീളം മെറ്റലിംഗ് ടാറിംഗ് നടത്തിയാൽ ഒരു വൺവെ റോഡായി പ്രയോജനപ്പെടുത്താം.

18. മിനി സ്റ്റേഡിയം റോഡ്

പഞ്ചായത്തിലെ മിനി സ്റ്റേഡിയത്തിലേക്കുള്ള റോഡ്. മഞ്ഞപ്ര അങ്കമാലി P W D റോഡിൽ നിന്ന് തുടങ്ങുന്നതും 4 മീറ്റർ വീതി 500 മീറ്റർ നീളം ടാറിംഗ്.

19. നാലുസെന്റ് കോളനി റോഡ്

അങ്കമാലി-മഞ്ഞപ്ര P W D റോഡിൽ നിന്നും കരിങ്ങാലിക്കാട് നടുവട്ടം ബ്രാഞ്ച് കനാൽ ബണ്ടിലൂടെ നാലുസെന്റ് കോളനിയിലേക്കുള്ള റോഡ് ടാർ ചെയ്യുക.

20. സുഭാഷ് റോഡിൽ നിന്നും പാലാട്ടി കവലയിലേക്കുള്ള റോഡ് വീതി കൂട്ടി ടാർ ചെയ്യുക. 6 മീറ്റർ നീളം.

21. മിഡ് വൈഫറി സെന്റർ പള്ളിപ്പാടം റോഡ്

1 കി. മീ. നീളം 4 മീറ്റർ വീതിയാക്കി ടാർ ചെയ്യണം. ആനപ്പാറ മഞ്ഞപ്ര റോഡിൽ നിന്നും തുടങ്ങുന്നതും VI, IV എന്നീ വാർഡുകളും തമ്മിൽ ബന്ധിക്കുന്നതും, മഞ്ഞപ്ര R C ചർച്ച്, ആശുപത്രി L. P.& U. P. സ്ക്കൂളുകൾ എന്നിവ സ്ഥിതി ചെയ്യുന്ന പ്രദേശത്തേക്കുള്ള മാർഗം.

22. തവളപ്പാറ വാതക്കാട് റോഡ്

8 മീറ്റർ വീതി 600 മീറ്റർ നീളം റോഡ് ടാർ ചെയ്യണം. തുറവൂർ മഞ്ഞപ്ര പഞ്ചായത്തുകൾ തമ്മിൽ ബന്ധിക്കുന്നു.

23. കാർപ്പിള്ളിക്കാവ് കിഴക്കപ്പാടം റോഡ്

4 മീറ്റർ വീതി 1 km നീളം മെറ്റലിംഗ്, ടാറിംഗ്. കാലടി മഞ്ഞപ്ര P W D റോഡിൽ നിന്നും തുടങ്ങി കിഴക്കേ പാടശേഖരങ്ങളിലേക്കുള്ള റോഡ്.

24. കാർപ്പിള്ളിക്കാവ് കുഴിയാംപാടം റോഡ്

$1\frac{1}{2}$ കി. മീ. നീളം $3\frac{1}{2}$ മീറ്റർ വീതി. ഗ്രാമീണ റോഡ് പട്ടികജാതി പട്ടികവർഗ്ഗ കോളനിയിലേക്കുള്ള ഏക വഴി. കാലടി മഞ്ഞപ്ര P W D കുഴിയാംപാടം ഭാഗത്തു നിന്ന് തുടങ്ങി I, II എന്നീ വാർഡുകളും സന്ധിക്കുന്നതും പ്രസിദ്ധ കാർപ്പിള്ളിക്കാവ് ശിവ ക്ഷേത്രത്തിലേക്കുള്ള റോഡ്.

25. ചാത്തക്കുളം-പുതുമന ഫാം റോഡ്

മഞ്ഞപ്ര, അയ്യമ്പുഴ എന്നീ രണ്ടു പഞ്ചായത്തുകളും തമ്മിൽ ബന്ധിപ്പിക്കുന്നതും നൂറുകണക്കിന് കർഷകർക്ക് ഉപകരിക്കപ്പെടുന്നതുമായ പുതിയ റോഡ് നിർമ്മിക്കേണ്ടതാണ്.

26. വടക്കുംഭാഗം ചാറുപാടം റോഡ്

മഞ്ഞപ്ര വടക്കുംഭാഗം P W D റോഡിൽ നിന്നും ചാറുപാടം വഴി R C അങ്ങാടിയിൽ എത്തിച്ചേരുന്നു. വീതി കൂട്ടി ടാർ ചെയ്യുക. ഒരു വൺവെ റോഡാക്കി മാറ്റാൻ സാധ്യതയുള്ളതാണ്.

27. എളേലി-ശാന്തിനഗർ റോഡ്

മഞ്ഞപ്ര അയ്യമ്പുഴ P W D റോഡിൽ നിന്നും തുടങ്ങുന്നു. 300 മീ. നീളം. വീതി കൂട്ടി ടാർ ചെയ്യുക.

28. മഞ്ഞപ്ര ജംഗ്ഷൻ തവളപ്പാറ കനാൽ ബണ്ട് റോഡ് നിരപ്പാക്കി ടാർ ചെയ്യുക.

29. എലവന്തി ലക്ഷംവീട് മഞ്ഞിക്കാട് റോഡ് ടാർ ചെയ്യുക. 500 മീറ്റർ നീളം 6 മീ. വീതി.

30. **ഇടമലയാർ കനാൽ റോഡ്**

കല്ലുകുളവുമായി ബന്ധിക്കുന്ന ഒരു പുതിയ റോഡ് നിർമ്മിക്കണം. ആവശ്യമായ സ്ഥലം തദ്ദേശവാസികളം വിട്ടുതരാൻ തയ്യാറാണ്.

31. J. B. S. **കിഴക്കേപ്പാടം റോഡ്**

മഞ്ഞപ്ര, കാലടി, PWD റോഡിൽ നിന്നു തുടങ്ങി കിഴക്കേപ്പാടം വരെ 1 km നീളവും 4 മീ വീതിയുമുള്ള ഈ റോഡ് കൊറമം പ്രദേശവുമായി ബന്ധിക്കാൻ കഴിയുന്ന റോഡാണ്.

32. **ചെന്നക്കാടൻ കവല കനാൽ ബണ്ട് റോഡ്**

കാലടി മഞ്ഞപ്ര PWD റോഡിൽ നിന്നും ചാലക്കുടി ഇടതുകര കനാലിന്റെ ചെന്നെക്കാടൻ കവലയിൽ നിന്നും തെക്കോട്ടേക്കുള്ള 300 മീ. നീളം വരുന്ന ബണ്ട് നിരപ്പാക്കി വാഹനങ്ങൾക്ക് സഞ്ചാരയോഗ്യമാക്കി തീർക്കുക.

33. ചന്ദ്രപ്പുര കവലയിൽ നിന്നും ഗവ. ഹൈസ്ക്കൂൾ വരെയുള്ള കനാൽ ബണ്ട് റോഡ് വീതി കൂട്ടി ടാർ ചെയ്യുക. മഞ്ഞപ്ര മലയാറ്റൂർ PWD റോഡിൽ തുടങ്ങി മഞ്ഞപ്ര വടക്കുംഭാഗത്ത് എത്തിച്ചേരുന്നു. III ,V വാർഡുകളം തമ്മിൽ ബന്ധിപ്പിക്കുന്നു. ഗതാഗതക്കുരുക്ക് ഒഴിവാക്കപ്പെടുന്നു.

34. **തുപ്പൻചിറ ഫാം റോഡ്**

എളേലി റോഡിൽ നിന്നും തുപ്പൻചിറ വഴി പുതുമനയിലേക്ക് ഒരു ഫാം റോഡ് നിർമ്മിക്കണം. 450 മീ. നീളം കർഷകർക്ക് ഏറെ ഗുണകരമായ റോഡാണ്.

35. **ആനപ്പാറ കാറിപ്പാടം റോഡ്** (ഫാം റോഡ്)

ആനപ്പാറ ട്രാൻസ് ഫോർമർ ഭാഗത്ത് നിന്ന് കാറിപ്പാടത്തേക്കുള്ള ഫാം റോഡ് നന്നാക്കണം.

36. മേരിഗിരി – ഒഴുപ്പിള്ളി റോഡ് ടാർ ചെയ്യുക

37. തവളപ്പാറ യാക്കോബായ പള്ളിയുടെ പടിഞ്ഞാറ് ഭാഗത്തേക്കുള്ള റോഡ് 800 മീ. നീളം 6 മീ. വീതി സഞ്ചാരയോഗ്യമാക്കുക

38. ചാലക്കുടി ഇറിഗേഷൻ കനാൽ ബണ്ട് റോഡ് വീതി കൂട്ടി ടാർ ചെയ്യുക. ചന്ദ്രപ്പുര കവലയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കപ്പെടുന്നതിന് ജീപ്പ്, ടെമ്പോ, ഓട്ടോറിഷ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുവാൻ കഴിയും. മഞ്ഞപ്ര മലയാറ്റൂർ P W D റോഡിൽ നിന്നും തുടങ്ങി 500 മീ. നീളം കാലടി മഞ്ഞപ്ര P W D റോഡിൽ ബന്ധിക്കുന്നു.

39. അങ്കമാലി ചന്ദ്രപ്പുര P W D റോഡിൽ നിന്നും ആറാഞ്ചേരി റോഡിൽ എത്തിച്ചേരുന്ന 600 മീറ്റർ നീളം വീതി കൂട്ടി ടാർ ചെയ്യുക.

40. പാലാട്ടിക്കവല കോതായി റോഡ് വീതി കൂട്ടി ടാർ ചെയ്യുക. 300 മീ. നീളം അയ്യമ്പുഴ മഞ്ഞപ്ര P W D റോഡിൽ നിന്ന് തുടങ്ങുന്നു.

41. **ഇലവന്തി തരംകുട്ടി റോഡ്**

2½ k. m. നീളം 6 m വീതി ഏലവന്തിയിൽ നിന്നും തുടങ്ങി മഞ്ഞപ്ര തവളപ്പാറ റോഡിൽ (കരമല വഴി) ബന്ധിക്കുന്നു. VI, VII, VIII വാർഡുകളം തമ്മിൽ ബന്ധിപ്പിക്കുന്നു.

42. **കരമല സിൽവർസ്റ്റാർ ക്ലബ്ബ് റോഡ്**

ആനപ്പാറ ടെലഫോൺ എക്സ്ചേഞ്ച് കവലയിൽ ചെന്നു ചേരുന്ന 4 മീ. വീതിയിൽ 1 km നീളമുള്ള ഈ റോഡ് വീതി കൂട്ടി ടാർ ചെയ്യണം.

43. **വേലൻപാറ J B S റോഡ്**

4 മീ. വീതി 500 മീ. നീളം സൈഡ് കെട്ടി മെറ്റലിംഗ് ടാറിങ്ങ് ചെയ്യുക.

44. **ആക്കുന്ന് ടെമ്പിൾ ഹരിജൻ റോഡ്**

4 മീ. വീതി 500 മീ. നീളം ടാറിങ്ങ് നടത്തുക. പട്ടികജാതി പട്ടികവർഗ്ഗ കോളനി റോഡ് ആക്കുന്ന് ക്ഷേത്രത്തിലേക്കുള്ള പ്രധാന വഴി.

45. **കളരിയ്ക്കൽ ചിറ മാപ്പിളമുക്ക് പുഞ്ച റോഡ്**

പാടശേഖരത്തിലേക്കുള്ള ഏക റോഡ് 3 മീ. വീതി 400 മീ. നീളം.

46. **കരിങ്ങാലിക്കാട് തോട്ടകം പുഞ്ച റോഡ്**

കൃഷി സ്ഥലത്തേക്ക് പോകുന്ന റോഡ് 3 മീ. വീതി 300 മീ. നീളം

47. **J C ചർച്ച് കനാൽ ബണ്ട് റോഡ്**

J C ചർച്ച് റോഡിൽ നിന്നും നടുവട്ടം ബ്രാഞ്ച് കനാൽ ബണ്ട് റോഡിലൂടെ ചന്ദ്രപ്പുര ഭാഗത്തേക്കുള്ള റോഡ് വീതി കൂട്ടി ടാർ ചെയ്യുക

48. **പൊയ്ത്തുരുത്ത് പള്ളിപ്പാടം റോഡ്**

700 മീ. നീളവും 4 മീ. വീതി മെറ്റലിംഗ് ടാറിംഗ് നടത്തുക.

49. സുഭാഷ് റോഡ് മുതൽ ഇരുമ്പാലി വരെയുള്ള റോഡ്. വീതി കൂട്ടി ടാർ ചെയ്യുക. 400 മീ. നീളം

50. **നരിക്കുഴി തവളപ്പാറ റോഡ്**

1 km നീളം റോഡ് വീതി കൂട്ടി ടാർ ചെയ്യണം.

51. നരിക്കുഴി – കോഴികുളം ഫാം റോഡ് നിർമ്മിക്കണം.

52. **പാലയ്ക്കാമറ്റം ബാലവാടി റോഡ്**

700 മീ. നീളം മെറ്റലിംഗ് ടാറിങ്ങ് നടത്തണം

53. തവളപ്പാറ കനാൽ ബണ്ട് സൈഡ് കെട്ടി സഞ്ചാരയോഗ്യമാക്കണം.

54. തവളപ്പാറ കത്തോലിക്കാ പള്ളിയുടെ വടക്കുവശത്തുകൂടി പോകുന്ന റോഡ് ടാറിങ്ങ് നടത്തണം.

55. ചക്കുങ്ങപ്പാടത്തുകൂടി വടക്കോട്ടു പോകുന്ന കരമല റോഡ് വീതി കൂട്ടി സഞ്ചാരയോഗ്യമാക്കിത്തീർക്കണം

56. **ചുണങ്ങാക്കുന്ന് കിഴക്കേപ്പാടം റോഡ്**

4 മീ. വീതി 600 മീ. നീളം മെറ്റലിംഗ്, ടാറിംഗ് രണ്ടു കുന്നുകളും തമ്മിൽ ബന്ധിപ്പിക്കുന്ന റോഡാണിത്. കർഷകർക്ക് ഏറെ ഗുണകരമായ റോഡ്.

57. **ആക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ കനാൽ ബണ്ട് റോഡ്**

ആക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ സ്ഥിതി ചെയ്യുന്ന രണ്ടു വശത്തേക്കും ബണ്ട് നിരപ്പാക്കി സഞ്ചാരയോഗ്യമാക്കുക

58. **മൂശാരിപ്പടി തോട്ടകം പുഞ്ച റോഡ്**

പാടശേഖരത്തിലേക്കുള്ള വഴി കർഷകർ കാലങ്ങളായി ഉപയോഗിച്ചു വരുന്നു. 3 മീ. വീതി 200 മീ നീളം.

59. **കരിങ്ങാലിക്കാട് വിശ്വകർമ്മപുരം റോഡ്**

ഈ റോഡ് 300 മീ. പണിതു നിൽക്കുന്നു 200 മീ. നീളത്തിൽ വ്യക്തികളുടെ സ്ഥലമാണ് ഇവരുടെ സഹകരണത്തോടെ റോഡ് തുറന്നാൽ ഒരു ലിങ്ക് റോഡായി ഉപയോഗിക്കാം.

60. പുത്തുർപ്പിള്ളി ചിറ നടമുറി ചുള്ളി റോഡ് വീതി കൂട്ടി ടാർ ചെയ്യുക.

61. മേരിഗിരി കർമ്മലീത്താമഠം അപ്രോച്ച് റോഡ് 100 മീ. നീളം ടാറിംഗ് ചെയ്യുക

62. മുരിങ്ങാടത്തുപാറ അപ്രോച്ച് റോഡ് ടാർ ചെയ്യുക.

63. മേരിഗിരി ചക്കിങ്ങ റോഡ് 700 മീ. നീളം 6 മീ. വീതി ടാറിംഗ് നടത്തുക.

64. കല്ലുകുളം -നരിക്കുഴി ഫാം റോഡ് നിർമ്മിക്കുക.

65. 2/6 കനാൽ ബണ്ട് റോഡ് നിർമ്മിക്കണം.

66. ശൗരിക്കുന്ന് കനാൽ റോഡ് 4 മീ. സ്ലാബ് നിർമ്മിച്ച് സഞ്ചാരയോഗ്യമാക്കുക.

67. കരിങ്ങേമ്പുറം 5 ഹരിജൻ കുടുംബങ്ങളിലേക്കുള്ള നടപ്പാത വീതി കൂട്ടി ജീപ്പ് പോകുന്നതിനുള്ള സൗകര്യമേർപ്പെടുത്തുക.

68. കാർപ്പിള്ളിക്കാവ് കരിങ്ങേമ്പുറം 300 മീ. നീളം 4 മീ വീതി ടാറിംഗ് നടത്തുക

69. കരിങ്ങാലിക്കാട് റോഡിൽ നിന്നു തുടങ്ങി 10 കുടുംബങ്ങളും ഉപയോഗിക്കുന്ന ഗാന്ധി റോഡ്, റോഡിനു 200 മീ. നീളം 3 മീ. വീതി ടാറിങ്ങ് നടത്തുക.

70. അറയ്ക്കൽ ചൊക്കി റോഡ് മുളരിപ്പാടം റോഡിൽ നിന്ന് തുടങ്ങി ഏതാനും കുടുംബങ്ങളും ഉപയോഗിക്കുന്ന 400 മീ. നീളം 3 മീ. വീതി ടാറിംഗ് നടത്തുക

71. **പഞ്ചായത്തുകുളം റോഡ്**

200 മീ. നീളം 3 മീ. വീതി കൃഷിക്കാർ ഉപയോഗിച്ചു വരുന്നു.

72. **മുളരിപ്പാടം കാച്ചപ്പിള്ളി റോഡ്**

300 മീ. നീളം 3 മീ. വീതി ഏതാനും കുടുംബങ്ങളും ഉപയോഗിച്ചു വരുന്നു. സഞ്ചാരയോഗ്യമാക്കണം

73. നിലവിലുള്ള കനാൽ ബണ്ടുകളുടെ അതിർത്തി നിർണ്ണയിച്ച് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ അനുവാദത്തോടെ ബൈപാസ് റോഡുകളും നിർമ്മിച്ച് യാത്രാക്ലേശം പരിഹരിക്കുക.

മഞ്ഞപ്ര പഞ്ചായത്ത് റോഡുകളുടെയും P. W. D. റോഡുകളുടെയും പൊതുസ്ഥിതി വളരെ പരിതാപകരമാണ്. റോഡുകളും വേണ്ടവണ്ണം സംരക്ഷിക്കപ്പെടുന്നതിൽ അധികാരികളും ജനങ്ങളും തികഞ്ഞ അനാസ്ഥ പ്രകടിപ്പിക്കപ്പെടുകയാണ്. റോഡുകളിൽ മഴക്കാലത്ത് വെള്ളം

കെട്ടിനിൽക്കപ്പെടുന്നത് ഒഴിവാക്കുന്നതിനു് ആവശ്യമായ ഓടകളും നിർമ്മിക്കുന്നതിലും നിലവിലുള്ള ഓടകളും ഉപയോഗപ്പെടുത്തുന്നതിലും പൊതുവേ അവഗണിക്കപ്പെടുന്നു. P.W.D. റോഡുകളിൽ ഓടകളും നിർമ്മിക്കപ്പെട്ടിരുന്നതാണെങ്കിലും കാലാകാലങ്ങളിൽ മണ്ണു് കോരി മാറാത്തതു് കാരണം ഓടകളും പ്രയോജനപ്പെടുന്നില്ല റോഡിനു് ഇരുവശവും താമസിക്കുന്നവരും ഇക്കാര്യത്തിൽ ശ്രദ്ധിക്കപ്പെടേണ്ടതാണു്. റോഡു് സുരക്ഷ ഉറപ്പു് വരുത്തുന്നതിലേക്കു് ആവശ്യമായ ഇടങ്ങളിൽ സൈഡു് കെട്ടുന്നതിനും ഓടകളും തീർക്കുന്നതിനും പഞ്ചായത്തു് തലത്തിൽ ഒരു ടാസ്ക്കു് ഫോഴ്സു് രൂപീകരിക്കേണ്ടതാണു്.

മഞ്ഞപ്രയിൽ കാലടി ഭാഗത്തേക്കു് 9 ബസു് സർവ്വീസും അങ്കമാലി ഭാഗത്തേക്കു് 15 ബസു് സർവ്വീസും കാലടി പ്ലാന്റേഷൻ അയ്യംപുഴ വഴി 10 സർവ്വീസും പാണ്ടുപാറ വഴി 3 എണ്ണവും ചുള്ളി പ്രദേശത്തേക്കു് 8 എണ്ണവും ചുള്ളി വഴി ചാലക്കുടിക്കു് 2 എണ്ണവും ആനപ്പാറ ഭാഗത്തേക്കു് 2 എണ്ണവും ബസു് സർവ്വീസു് നിലവിലുള്ളതായി കാണുന്നു. ഇവയിൽ 7 എണ്ണം K.S.R.T.C. യാണു്. കൂടാതെ 30 ടാക്സി ജീപ്പുകളും 15 ടെമ്പോകളും 50 ഓട്ടോറിക്ഷകളും മഞ്ഞപ്രയിൽ സ്റ്റാന്റു് ചെയ്തു് സർവ്വീസു് നടത്തിവരുന്നു കൂടാതെ കരിങ്കൽ, മണൽ, മെറ്റൽപൊടി മറ്റു സാമഗ്രികളും എന്നിവ വിവിധ പ്രദേശങ്ങളിൽ നിന്നും കൊണ്ടു പോകുന്നതിനു് ദിവസേന 150 വാഹനങ്ങളും ഈ റോഡുകളിലൂടെ സഞ്ചരിക്കുന്നു. എന്നാൽ യാത്രക്കാർക്കും വാഹനങ്ങൾക്കു ഉപകരിക്കത്തക്ക രീതിയിൽ ഒരു ബസു് സ്റ്റാന്റു് പോലു ഇന്നാട്ടിലില്ല അടിയന്തിരമായി മഞ്ഞപ്രയിൽ ഒരു ബസു് സ്റ്റാന്റു് നിർമ്മിക്കപ്പെടണം. കൂടാതെ ചന്ദ്രപ്പുര വടക്കുംഭാഗം എന്നിവിടങ്ങളിൽ ജീപ്പു് ടെമ്പോ ഓട്ടോറിക്ഷ പാർക്കിംങ്ങിനു് കനാൽ ബണ്ടുകളിൽ സ്റ്റാന്റു് നിർമ്മിച്ചു് ക്രമീകരണം ഏർപ്പെടുത്തണം.

ഈ പഞ്ചായത്തിൽ രണ്ടു് ഹരിജൻ റോഡുകളാണു് നിലവിൽ കാണപ്പെടുന്നതു്. ഈ രണ്ടു് റോഡുകളും ടാറിങ്ങു് സൗകര്യം ചെയ്യുന്നതിനു് മേൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്.

വടക്കുംഭാഗം പുത്തോൻ കവല എന്നിവിടങ്ങളിലെ കലങ്കുകളും വീതികൂട്ടി നിർമ്മിക്കണം. തവളപ്പാറ നരിക്കുഴി റോഡിൽ കനാൽ കലുങ്കു് വീതി കൂട്ടണം. ആനപ്പാറ–മേരിഗിരി റോഡിലുള്ള മേരിഗിരി ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ സമീപമുള്ള കലുങ്കു് പുനർ നിർമ്മിക്കണം. ടി റോഡിലുള്ള ചപ്പാത്തുകളും മാറ്റി കലങ്കുകളും നിർമ്മിക്കണം, മഞ്ഞപ്ര – ആനപ്പാറ റോഡിൽ ഇഗ്നേഷ്യസു് നഗറിനു് പടിഞ്ഞാറോട്ടു് പോകുന്ന വഴിയിൽ ഒരു കലുങ്കു് നിർമ്മിക്കണം. തവളപ്പാറ – കല്ലുകുളം റോഡിൽ കലുങ്കു് നിർമ്മിക്കണം. ഇലവുന്തി – ചുള്ളി പാലത്തിന്റെ പണി ഊർജ്ജിതമാക്കണം. മഞ്ഞപ്ര സൗത്തു് ഭാഗത്തുള്ള കലുങ്കു് പുനർനിർമ്മിക്കുക. പാലക്കാമറ്റത്തു് ഒരു പാലം നിർമ്മിക്കിക

വെയിറ്റിംഗു് ഷെഡു്

1. S.N.D.P. കവല സൗത്തു്
2. മേരിഗിരി കവല 3. പുല്ലേത്താൻ കവല
4. തവളപ്പാറ

ബസു് സർവ്വീസു് പുതിയ നിർദ്ദേശങ്ങൾ

1. മഞ്ഞപ്ര – കാടപ്പാറ (മലയാറ്റൂർ) ഭാഗത്തു് മുളംകുഴി ഭാഗത്തുകൂടി ബസു് സർവ്വീസു് ആരംഭിക്കുക
2. ആനപ്പാറ – എറണാകുളം
3. മഞ്ഞപ്ര – ആനപ്പാറ – പൂതംകുറ്റി
4. മഞ്ഞപ്ര - കാലടി - അങ്കമാലി - ആലുവ KSRTC ബസു് പുനരാരംഭിക്കുക
5. മഞ്ഞപ്ര, ചുള്ളി, ചാലക്കുടി KSRTC സർവീസു്

മാർക്കറ്റു് നിർമ്മാണം

മഞ്ഞപ്ര പഞ്ചായത്തിൽ അറവുശാലകളോ, മീൻ വില്പന ശാലകളോ ക്രമീകരിക്കപ്പെട്ട സംവിധാനമില്ല. മഞ്ഞപ്ര വടക്കും ഭാഗം, ചന്ദ്രപ്പുര എന്നീ പ്രദേശങ്ങളിൽ പൊതുജന ആരോഗ്യം സംരക്ഷിക്കപ്പെടുന്നതിന്റെ ഭാഗമായി രണ്ടു് പൊതു മാർക്കറ്റുകളും നിർമ്മിക്കണം. ഇതുമൂലം വഴിയോരങ്ങളിലെ മത്സ്യ–മാംസ വില്പന തടയുവാനും ഗതാഗത തടസ്സങ്ങളും ഒഴിവാക്കുവാനും സാധിക്കും. കൂടാതെ പച്ചക്കറി മറ്റു് കാർഷികോല്പന്നങ്ങളും ജനങ്ങൾക്കാവശ്യമായ മറ്റു് നിത്യോപയോഗ സാധങ്ങളും എന്നിവയും വിപണനം നടത്തുവാൻ സാധിക്കും.

കക്കൂസു്, മൂത്രപ്പുര

മഞ്ഞപ്ര വടക്കുംഭാഗത്തും ചന്ദ്രപ്പുരയിലും ഏറെ യാത്രക്കാർ കേന്ദ്രീകരിക്കുന്ന സ്ഥലങ്ങളാണു്. രണ്ടു് പ്രദേശങ്ങളിലും ഒരോ പൊതു കക്കൂസും, മൂത്രപ്പുരയും കുളിമുറിയും സ്ഥാ

പിക്കണം. മലയാറ്റൂർ കാലടി എന്നീ രണ്ട് ടൂറിസറ്റ് കേന്ദ്രങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് മഞ്ഞപ്ര-മലയാറ്റൂർ റോഡിന്റെ പാർശ്വങ്ങളിലായി ഒരു Comfort Station നും വാഹന Parking Ground ഉം സ്ഥാപിക്കണം.

റെയിൽവെ

ഈ പ്രദേശത്ത് 8 km ദൂരെ അങ്കമാലി റെയിൽവേ സ്റ്റേഷനാണ് ഏറെ ആശ്രയം. അങ്കമാലിയിൽ നിന്ന് മഞ്ഞപ്ര- പാണ്ടുപാറ-മലയാറ്റൂർ വഴി മധുരയ്ക്ക് റെയിൽവേ പാതയ്ക്കു വേണ്ടി സ്ഥലം M. P. യുടെ നേതൃത്വത്തിൽ ഒരു ആക്ഷൻ കൗൺസിൽ രൂപീകരിക്കുക.

നിർദ്ദേശം

വാഹന അപകടങ്ങൾ ഒഴിവാക്കപ്പെടുന്നതിനും, യാത്രാതടസ്സങ്ങൾ കുറയ്ക്കുന്നതിനും ഡ്രൈവർമ്മാർ, ജനങ്ങൾ, P W D ഉദ്യോഗസ്ഥർ, നിയമപാലകർ എന്നിവരെ ഉൾപ്പെടുത്തി ബോധവൽക്കരണ സെമിനാറുകളും, മാർഗ്ഗ നിർദ്ദേശക സമിതികളും രൂപീകരിക്കുക.

റോഡ് അപകട മേഖലകൾ

1. കുഴിയമ്പാടം കയറ്റവും, വളവും, വീതി കുറവും മൂലം അപകടങ്ങൾ സാധാരണയാണ്.
2. പാറക്കുളം ബാംബു ഡിപ്പോയുടെ വളവും കയറ്റവും.
3. J B S കവല
4. ചെന്നേക്കാടൻ കവലയ്ക്കും കാർപ്പിള്ളിക്കാവ് അമ്പലത്തിനിടയ്ക്കുള്ള വളവുകൾ.
5. ചന്ദപ്പുര ജംഗ്ഷൻ
6. പാലച്ചുവട് (G. H. S.) വളവ്.
7. പുല്ലത്താൻ കവല
8. വടക്കും ഭാഗം കവല

ഈ ഭാഗങ്ങളിലെ വളവും ഒഴിവാക്കുകയും റോഡിന് വീതി കൂട്ടുകയും ചെയ്യേണ്ടതാണ്. വിദ്യാലയപരിസരത്തുള്ള റോഡുകളിലും, ജംഗ്ഷനുകളിലും ഹമ്പ് സ്ഥാപിക്കുക.

ഊർജ്ജം

മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ജനങ്ങൾ പുരാധന കാലം മുതൽ ഗാർഹികാവശ്യങ്ങൾക്ക് വിറക്, മണ്ണെണ്ണ എന്നിവയാണ് ഉപയോഗിച്ച് വന്നിരുന്നത്. എന്നാൽ ആധുനിക വത്കരിക്കപ്പെട്ട സാമൂഹ്യ ജീവിതത്തിന്റെ ഭാഗമായി മുഖ്യമായും വൈദ്യുതി, പാചകഗ്യാസ്, മണ്ണെണ്ണ എന്നിവയാണ് ഉപയോഗിച്ചുവരുന്നത്. അവിഭക്ത പഞ്ചായത്ത് പ്രദേശമായ അയ്യമ്പുഴയുടെ മലമ്പ്രദേശങ്ങളിൽ നിന്നും സുലഭമായി കിട്ടികൊണ്ടിരിക്കുന്ന വിറക്, കരി എന്നിവ ഇപ്പോൾ ലഭ്യമല്ലാതായി തീർന്നിട്ടുണ്ട്. ഈ പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന വൈദ്യുതി സെക്ഷൻ ഓഫീസ് സ്ഥിതി ചെയ്യുന്നുണ്ട്. ഈ ഓഫീസിന്റെ കീഴിൽ മഞ്ഞപ്ര, അയ്യമ്പുഴ, നീലീശ്വരം, തുറവൂർ(ഭാഗികമായി) എന്നീ പഞ്ചായത്തുകളാണ് നിലവിലുള്ളത്. 12 ട്രാൻസ്ഫോമറുകൾ ഈ പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്നു. ഇവയിൽ ആക്കുന്ന് ഭാഗത്തുള്ള ഒരെണ്ണം പ്രവർത്തനരഹിതമാണ്. 1680 K. V വൈദ്യുതി കപ്പാസിറ്റിയാണ് ഇവയ്ക്കുള്ളത്. ഇവയിൽ 1530 K .V കറൻറ് ഉപയോഗിക്കപ്പെടുന്നു. 3680 വീടുകൾ വൈദ്യുതീകരിക്കപ്പെട്ടിട്ടുണ്ട്. ഗാർഹികാവശ്യത്തിനായി പ്രതിദിനം 9000 യൂണിറ്റ് വൈദ്യുതി ഉപയോഗിക്കപ്പെടുന്നു. വ്യവസായിക ആവശ്യങ്ങൾക്കായി 98 H. P വരെ 65 യൂണിറ്റുകൾക്ക് 3000 യൂണിറ്റ് വൈദ്യുതിയും, വ്യാപാര സ്ഥാപനങ്ങൾക്കായി 500 യൂണിറ്റ് വൈദ്യുതിയും, തെരുവ് വിളക്കുകൾക്കായി 600 യൂണിറ്റ് വൈദ്യുതിയും, കാർഷികാവശ്യങ്ങൾക്കായി 1200 യൂണിറ്റ് വൈദ്യുതിയും, ആരാധനാലയങ്ങളും, ആതുരാലയങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾ 1000 യൂണിറ്റ് വൈദ്യുതിയും പ്രതിദിനം ഉപയോഗിക്കുന്നു. (വൈദ്യുതീകരിച്ച 3 ലക്ഷം വീട്, കോളനി വൈദ്യുതീകരിച്ചിട്ടുണ്ട്.)

കഴിഞ്ഞ നടപ്പു പദ്ധതിയേക്കാൾ 30% വൈദ്യുതി ഉപയോഗം വർദ്ധിച്ചതായികാണുന്നു. വൈദ്യുതി ഉത്പാദന രംഗത്ത് ഇടുക്കി പദ്ധതിയ്ക്ക് ശേഷം കാര്യമായ പുരോഗതി കൈവരിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. വൈദ്യുതി ഉപയോഗം വർദ്ധിച്ചു വരുന്ന സാഹചര്യം കണക്കിലെടുത്ത് വൻകിട താപനിലയങ്ങൾ സ്ഥാപിക്കുന്നതിന് കാലതാമസം വരുന്നതിനാൽ മിനി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്റ്റുകൾക്ക് പ്രാധാന്യം നൽകി നടപ്പിൽ വരുത്തേണ്ടതാണ്.

നിർദ്ദേശം

1. ആനട്ടാം കുഴിലിഫ്റ്റ് ഇറിഗേഷൻ & മിനി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്റ്റ്

2. കോതായി മിനി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ററ്
3. കൈതകം ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ററ്

ആയിരക്കണക്കിന് കർഷകർക്ക് ജലസേചന സൗകര്യവും അതോടൊപ്പം വൈദ്യുതി ഉൽപ്പാദനവും നടത്തുവാൻ കഴിയുന്ന ഈ പ്രോജക്ററുകളും സമഗ്ര പഠനത്തിന് അടിയന്തിരമായി വിധേയമാക്കേണ്ടതാണ്.

മഞ്ഞപ്ര ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് 368 ബൾബുകളും, 6 ട്യൂബുകളും തെരുവ് വിളക്കുകളായി ഉപയോഗിക്കുന്നു. ഇവയിൽ ഗണ്യമായ ഭാഗം പലപ്പോഴും പ്രകാശിപ്പിക്കുന്നില്ല. തെരുവ് വിളക്കുകൾ കത്തിക്കുന്നതിലേക്ക് പ്രതിമാസം 4382 രൂപ പഞ്ചായത്തിൽ നിന്നും വൈദ്യുതി ബോർഡിന് നൽകി വരുന്നു. രാത്രികാലങ്ങളിൽ ജനങ്ങൾക്ക് അത്യാവശ്യം സഞ്ചരിക്കുന്നതിനും സംഘർഷരാഹിത്യം ഒഴിവാക്കപ്പെടുന്നതിനും വഴിവിളക്കുകൾ മുഴുദിനം ഉപയോഗപ്പെടുത്തേണ്ടതാണ്.

നിർദ്ദേശം

സൗരോർജ്ജ വിളക്കുകൾ, അടുപ്പുകളും സ്ഥാപിക്കുന്നതുമൂലം വൈദ്യുതി ഉപയോഗം കുറയ്ക്കുവാനും, പഞ്ചായത്തിന്റെ സാമ്പത്തിക ഭാരം ലഘൂകരിക്കുന്നതിനും കഴിയും. മുളത്തുരുത്തിയിലുള്ള അനർട്ടിന്റെ സഹായം ഇതിന് ഉപയോഗിക്കാവുന്നതാണ്.

ആവശ്യങ്ങൾ

1. ഒന്നാം വാർഡിൽ 15 സ്ട്രീററ് ലൈററ് (ബൾബ്)
2. രണ്ടാം വാർഡിൽ 15 ,, ,,
3. മൂന്നാം വാർഡിൽ 15 ,, ,,
4. നാലാം വാർഡിൽ 15 ,, ,,
5. അഞ്ചാം വാർഡിൽ 20 ,, ,,
6. ആറാം വാർഡിൽ 14 ,, ,,
7. ഏഴാം വാർഡിൽ 12 ,, ,,
8. എട്ടാം വാർഡിൽ 15 ,, ,,

121 അഡീഷ്ണൽ സ്ട്രീററ് ലൈററ് വാർഡ് മെമ്പർമാരുടെ നിർദ്ദേശങ്ങൾക്ക് വിധേയമായി ബൾബുകളോ, ട്യൂബുകളോ സ്ഥാപിക്കേണ്ടതാണ്.

9. മഞ്ഞപ്ര ഗ്രാമ പഞ്ചായത്തിലെ പ്രധാന ജംഗ്ഷനുകളിലും വീഥികളിലും സോഡിയം വേപ്പർ ലാംബ് സ്ഥാപിക്കേണ്ടതാണ്. 20 എണ്ണം

വൈദ്യുതി ലൈൻ

1. മഞ്ഞപ്രയുടെ വൈദ്യുതി ലഭിക്കാത്തവിവിധ പ്രദേശങ്ങളിൽ പുതിയ ലൈൻ വലിക്കുക
2. നാലുസെൻറ് കോളനി വൈദ്യുതീകരിക്കുക
3. നടുമുറി, വടക്കുംഭാഗം കവല, എന്നി വിടങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും, ആക്കുന്ന് ഭാഗത്ത് പ്രവർത്തനരഹിതമായി കിടക്കുന്ന ട്രാൻസ്ഫോർമർ മാററി സ്ഥാപിക്കുകയും, ചന്ദപ്പുര ഭാഗത്ത് സ്ഥിതി ചെയ്യുന്ന ട്രാൻസ്ഫോർമർ ഗതാഗത തടസ്സം ഒഴിവാക്കുന്നതിനും വേണ്ടി സൗകര്യപ്രഥമായ സ്ഥലത്തേക്ക് മാററി സ്ഥാപിക്കുകയും ചെയ്യണം
4. KSEB മഞ്ഞപ്ര ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് മേജർ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസായി ഉയർത്തണം
5. വൈദ്യുതി നഷ്ടം ഒഴിവാക്കുന്നതിന് ലൈനുകളിൽ ടച്ച് ചെയ്ത് നിൽക്കുന്ന വൃക്ഷലതാദികൾ കാലാകാലങ്ങളിൽ വെട്ടി നീക്കം ചെയ്യണം
6. വൈദ്യുതി കണക്ഷനുവേണ്ടി അപേക്ഷ നൽകി കാത്തിരിക്കുന്നവർക്ക് മെററീരിയൽസ് ലഭ്യമല്ല എന്ന കാരണത്താൽ വൈദ്യുതി കണക്ഷൻ നിഷേധിക്കരുത്. ആവശ്യമായ മെററീരിയൽസ് കണ്ടെത്തി പ്രശ്നം പരിഹരിക്കണം

മണ്ണെണ്ണ

പ്രതിമാസം 11,360 ലിററർ മണ്ണെണ്ണ ഗാർഹികാവശ്യങ്ങൾക്ക് റേഷൻ കടകൾ വഴി ഉപയോഗിക്കപ്പെടുന്നു. കൂടാതെ മണ്ണെണ്ണ പെർമിററുകൾ വഴി 6000 ലിററർ മണ്ണെണ്ണയും ഉപയോഗിക്കപ്പെടുന്നു. മഞ്ഞപ്രയുടെ പുരോഗതി കണ

ക്കിലെടുക്കുമ്പോൾ ഇവ വളരെ അപര്യാപ്തമാണ്. നിലവിൽ നൽകുന്ന റേഷൻ കടകളിലെ തോത് വർദ്ധിപ്പിക്കേണ്ടതാണ്.

ആവശ്യം

1. വൈദ്യുതീകരിക്കാത്ത വീടുകൾക്ക് പ്രതിമാസം 10 ലിറ്ററും വൈദ്യുതീകരിച്ച വീടുകൾക്ക് പ്രതിമാസം 5 ലിറ്ററും മണ്ണെണ്ണ റേഷൻ കടകൾ വഴി വിതരണം ചെയ്യുക.

2. ഇന്ധനക്ഷാമം പരിഹരിക്കുന്നതിന് ബയോഗ്യാസ് പ്ലാൻറുകളും, പുകയില്ലാത്ത അടുപ്പുകളും സർക്കാർ ധനസഹായത്തോടെ നടപ്പാക്കുക.

3. വാഹന ഉപയോഗം വർദ്ധിച്ചത് പരിഗണിച്ച് മഞ്ഞപ്ര ചന്ദ്രപ്പുര കേന്ദ്രീകരിച്ച് ഒരു പെട്രോൾ, ഡീസൽ പമ്പ് സ്ഥാപിക്കുക. കാലടി, മലയാറ്റൂർ, അതിരപ്പിള്ളി തുടങ്ങിയ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് അടിയന്തിരമായി നടപടിസ്വീകരിക്കേണ്ടതാണ്.

പാചകവാതകം

നിലവിൽ മഞ്ഞപ്ര പഞ്ചായത്തു പ്രദേശത്ത് 250 വീടുകളിൽ പാചകഗ്യാസ് ഉപയോഗിച്ചുവരുന്നതായി കാണുന്നു. വിറകുക്ഷാമം രൂക്ഷമായികൊണ്ടിരിക്കുന്ന ഈ പ്രദേശത്ത് സർക്കാർ സബ്സിഡിയോടുകൂടി പഞ്ചായത്തു തലത്തിൽ ഗ്യാസ് വിതരണ ഏജൻസികൾ ആരംഭിക്കേണ്ടതാണ്. കൂടാതെ ഇന്ധന നഷ്ടം ഒഴിവാക്കപ്പെടുന്നതിലേക്ക് വർഷത്തിൽ രണ്ട് പ്രാവശ്യത്തിലേക്ക് ഗുണഭോക്താക്കളെ സംഘടിപ്പിച്ച് സെമിനാറുകൾ നടത്തി ബോധവൽക്കരിക്കേണ്ടതാണ്.

വാർത്താവിനിമയം

ഏതൊരു രാജ്യത്തിന്റേയും അഭിവൃദ്ധിയ്ക്ക് ഏറ്റവും സഹായകരമായ ഒരു ഘടകമാണ് വാർത്താവിനിമയ മാദ്ധ്യമങ്ങളം. പ്രാചീന കാലത്ത് സന്ദേശങ്ങളം കൈമാറിയിരുന്ന രീതികളം വളരെ കാലതാമസത്തിനു ഇടയാക്കിയിരുന്നു. എന്നാൽ ആധുനികയുഗത്തിൽ ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ വളർച്ചയുടെ ഫലമായി ലോകത്തിന്റെ ഏതൊരുഭാഗത്തേയ്ക്കും തൽസമയം സന്ദേശം എത്തിക്കുന്നതിന് സൗകര്യം ഉണ്ടായിട്ടുണ്ട്. കേരളത്തിൽ രണ്ട് ടെലഫോൺ എക്സ്ചേഞ്ചുകളം പ്രവർത്തിക്കുന്ന ഏകപഞ്ചായത്താണ് മഞ്ഞപ്ര. (മഞ്ഞപ്ര, ആനപ്പാറ) 497 ടെലഫോൺ കണക്ഷനുകളം മഞ്ഞപ്ര എക്സ്ചേഞ്ചിന്റെ പരിധിയിൽ ഉണ്ട്. ആനപ്പാറ എക്സ്ചേഞ്ചിന്റെ കീഴിൽ 128 കണക്ഷനുകളും., ഭൂമിശാസ്ത്രപരമായി ഈ രണ്ട് സ്ഥാപനങ്ങളം സ്ഥിതിചെയ്യുന്നത് മഞ്ഞപ്ര പഞ്ചായത്ത് അതിർത്തിക്കുള്ളിലാണെങ്കിലും ഉപഭോക്താക്കളം തൊട്ടടുത്ത പഞ്ചായത്ത് പ്രദേശത്തുള്ളവരും ഉണ്ട്. 425 ഫോർ നിലവിൽ ടെലഫോൺ കണക്ഷനു അപേക്ഷ നൽകി കാത്തിരിക്കുന്നവരായി ഉണ്ട്. എറണാകുളം വരെ ലോക്കൽ കോളുകളം ഉപയോഗിക്കപ്പെടാൻ നിലവിലുള്ള സമ്പ്രദായത്തിൽ സാധിക്കുന്നു. **STD, ISD** സൗകര്യങ്ങളം ലഭിക്കുന്നുണ്ട്. എന്നാൽ ഒരു പബ്ളിക് ടെലഫോൺ (STD, ISD) ബൂത്ത് മാത്രമേ പഞ്ചായത്തിൽ നിലവിലുള്ളൂ. മഞ്ഞപ്ര ടെലഫോൺ എക്സ്ചേഞ്ച് പ്രവർത്തനം ആരംഭിച്ചതിനുശേഷം പലപ്പോഴും യഥാസമയം ഗുണഭോക്താക്കൾക്ക് അത് ഉപകരിക്കപ്പെടുന്നില്ല.

ആവശ്യങ്ങൾ

1 മഞ്ഞപ്രയുടെ JBS ജംഗ്ഷൻ, ചന്ദ്രപ്പുര, തവളപ്പാറ, മേരിഗിരി എന്നിവിടങ്ങളിൽ പബ്ളിക് ടെലഫോൺ ബൂത്തുകളം സ്ഥാപിക്കുക.

2 ടെലഫോൺ തകരാറുകളം പരിഹരിക്കുന്നതിനു അടിയന്തിര നടപടികളം കൈക്കൊള്ളുക.

3 മഞ്ഞപ്ര പഞ്ചായത്തിൽ ഒരു സബ്പോസ്റ്റാഫീസ് മാത്രമാണ് പ്രവർത്തിക്കുന്നത്. 1935–ൽ അഞ്ചലാഫീസായി പ്രവർത്തനമാരംഭിച്ച ഈ സ്ഥാപനം ബ്രാഞ്ചാഫീസായി മാറിയിയത് 1950 ൽ ആണ്. 1978–ൽ ഇത് സബ്പോസ്റ്റാഫീസായി ഉയർത്തപ്പെട്ടത്.

ഇവിടത്തെ ജനസംഖ്യവർദ്ധനവ് കണക്കിലെടുത്തും, ഭൂരിഭാഗം സർക്കാർ ഓഫീസുകളം സ്ഥിതിചെയ്യുന്ന സ്ഥലം കണക്കിലെടുത്തും ചന്ദ്രപ്പുരഭാഗത്ത് ഒരു ബ്രാഞ്ച് പോസ്റ്റാഫീസുകൂടി സ്ഥാപിക്കേണ്ടതാണ്. 50 വർഷംമുമ്പ് മഞ്ഞപ്രയിൽ സ്ഥാപിതമായ തപാൽ വിതരണ സംവിധാനത്തിൽ തപാൽ വകുപ്പ് കാര്യമായ മാറ്റം വരുത്തിയിട്ടില്ല. രണ്ട് ഇ. ഡി. ജീവനക്കാർ മാത്രമാണ് ഇപ്പോളം ഉള്ളത്. കത്തുകളും, രെജി:കത്തുകളും, മണിഓർഡറുകളും മറ്റ് തപാൽ ഉരുപ്പടികളും യഥാസമയം ഗുണഭോക്താക്കൾക്ക് എത്തിച്ചു കൊടുക്കുന്നതിൽ തപാൽ വകുപ്പ് തികഞ്ഞ പരാജയമായിട്ടാണ് കാണുന്നത്. പ്രതിദിനം 760 സാധാരണ കത്തുകളും 120 രജി:കത്തുകളും 60 മണിഓർഡറുകളും ഇവിടെ വിതരണം ചെയ്യപ്പെടേണ്ടതായി അറിയുന്നു. 5 ഇ. ഡി. ജീവനക്കാരെങ്കിലും ഈ ആവശ്യത്തിലേയ്ക്ക് നിയമിക്കപ്പെടേണ്ടതാണ്. നിലവിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ടെലഗ്രാം സൗകര്യം ഇല്ല. ഇത് അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതാണ്.

4 എറണാകുളം ജില്ലയുടെ വിവിധഭാഗങ്ങളിലേയ്ക്ക് കോഡുകൂടാതെ വിളിക്കാൻ സൗകര്യമുണ്ടെങ്കിലും ഇവിടെ നിന്നും പുറത്തേക്കുള്ള ലൈനുകളുടെ എണ്ണം കുറവായതുകൊണ്ട് ഈ സൗകര്യം ഫലപ്രദമായി ലഭ്യമല്ല. അതുകൊണ്ട് ഈ എക്സ്ചേഞ്ചിൽ നിന്നും പുറത്തേക്കുള്ള ജംഗ്ഷനുകളുടെ എണ്ണം കാര്യക്ഷമമായി വർദ്ധിപ്പിക്കണം. ഏറ്റവും പുതിയ രീതിയിലുള്ള ഒപ്റ്റിക്കൽഫൈബർ സമ്പ്രദായം കാലടി വരെ നിലവിലുണ്ട്. ഇത് മഞ്ഞപ്രയ്ക്കു കൂടി വ്യാപിപ്പിക്കുകയും അങ്ങനെ ലൈനുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതാണ്.

5 നിലവിലുള്ള അപേക്ഷകർക്ക് കണക്ഷൻ കൊടുക്കുവാൻ എത്രയും വേഗം കപ്പാസിറ്റി കൂടിയ ബോർഡുകളം സ്ഥാപിക്കേണ്ടതാണ്. നിലവിലുള്ള കെട്ടിടത്തിൽ ഇതിനുള്ള സൗകര്യമുണ്ട്.

ഭവനനിർമ്മാണം
സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ രംഗത്ത് ദാരിദ്ര്യരേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കാൻ വിവിധ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളും നിലവിലുണ്ടെങ്കിലും എല്ലാവർക്കും അതിന്റെ ഫലം ലഭിച്ചിട്ടില്ല.

ജനസംഖ്യയിൽ 32% ദാരിദ്ര്യരേഖക്ക് താഴെ കിടക്കുന്ന ഈ പഞ്ചായത്തിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ വിവിധ ഇനങ്ങളിലായി 13% കുടുംബങ്ങൾക്ക് I R D P ആനുകൂല്യങ്ങൾ കിട്ടിയിട്ടുണ്ട്. ഏറ്റവും അവശതയനുഭവിക്കുന്നവരും ഗത്യന്തരമില്ലാതെ കനാൽ പുറംമ്പോക്കുകളിൽ കൂര കെട്ടി കഴിയുന്നവരുമായ നിരവധി കുടുംബങ്ങളെ അടിയന്തിരമായി പുനരധിവസിപ്പിക്കേണ്ടതുണ്ട്. പുനരധിവാസപാർപ്പിട പദ്ധതിയിൽ ഇപ്പോൾ ഭൂമി വാങ്ങുന്നതിന് ഗവൺമെൻറ് നൽകുന്ന സാമ്പത്തിക സഹായം സെൻറിന് 3500/രൂപ എന്ന കണക്കിലാണ്. ഈ പ്രദേശത്ത് ഈ വിലയ്ക്ക് ഒരിടത്തും ഭൂമി ലഭ്യമല്ല. അതുകൊണ്ട് കാലാനുസൃതമായി തുക വർദ്ധിപ്പിച്ചില്ലെങ്കിൽ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്ന പ്രയോജനം ലഭിക്കുകയില്ല.

ഈ ഗ്രാമത്തിൽ നിന്നും വിദേശങ്ങളിൽ പോയി ജോലി ചെയ്യുന്ന ആയിരത്തോളം പേരുണ്ട്. ഇവർ നാട്ടിലേക്കയക്കുന്ന പണം മിക്കതും കോൺക്രീറ് കെട്ടിടങ്ങൾ പണിയുന്നതിനു വേണ്ടി ചിലവഴിക്കുന്നതായി കാണുന്നു. തികച്ചും പ്രത്യുല്പാദനപരമല്ലാത്ത സമ്പത്തിന്റെ ഈ രംഗത്തുള്ള ഒഴുക്ക് മറ്റു വികസന പ്രവർത്തനങ്ങൾക്ക് ഒരർത്ഥത്തിൽ തടസ്സമാണ്. മേലിലെങ്കിലും ഇപ്രകാരം നാട്ടിലേയ്ക്ക് വരുന്ന സംഖ്യയുടെ ഒരു ഭാഗമെങ്കിലും പ്രത്യുല്പാദനപരമായ മേഖലയിലേയ്ക്ക് തിരിച്ചുവിടുന്ന കാര്യം സജീവമായി പരിഗണിക്കേണ്ടതാണ്.

ഈ പഞ്ചായത്തിൽ ഭവനനിർമ്മാണരംഗത്ത് ധനസഹായം നൽകുന്ന 3 സ്ഥാപനങ്ങൾ ഉണ്ട്.

1 കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്

2 ജില്ലാസഹകരണ ബാങ്ക്

3 കാർഷിക വികസന സഹകരണ ബാങ്ക്

1992 മുതൽ 1996 വരെ ബ്ലോക്കിൽനിന്നും നടപ്പാക്കിയ ഭവന നിർമ്മാണത്തെ സംബന്ധിച്ച വിവരം:

പട്ടിക-C

വാർഡ്	വിവിധ പരിപാടികളിലായി അനുവദിച്ച വീടുകളും കക്കൂസുകളും		പൂർത്തീകരിച്ചവ	
	വീട്	കക്കൂസ്	വീട്	കക്കൂസ്
1	1	3	1	3
2	2	9	2	9
3	2	2	2	2
4	1	4	1	4
5	1	2	1	2
6	1	2	1	2
7	1	2	1	2
8	1	2	1	2

പട്ടിക–1

വാർഡ്തലത്തിൽ വീടുകളുടെ തരംതിരിവ്

വാർഡ് ക്രമ നമ്പർ	വീടുകളുടെ എണ്ണം	ഓട്	ടെറസ്സ്	ഓല	ഇരുനില	കുടിൽ	ആകെ
1	595	447	125	17	5	ഇല്ല	595
2	549	418	111	10	6	,,	549
3	571	408	140	12	11	,,	571
4	561	341	155	6	7	,,	561
5	620	392	200	1	28	,,	620
6	472	324	145	1	11	,,	472
7	559	387	155	10	7	,,	559
8	463	324	135	2	2	,,	463
ആകെ							4390

പട്ടിക–B

വാർഡ്	വീടില്ലാത്തവർ	കക്കൂസില്ലാത്തവർ	പുറംമ്പോക്കിൽ താമസിക്കുന്നവർ
1	86	62	7
2	72	61	7
3	69	59	4
4	65	57	3
5	63	58	3
6	61	60	10
7	70	66	5
8	71	65	8
	557	488	47

എന്നാൽ അമിതമായ പലിശയും സങ്കീർണ്ണമായ ജാമ്യവ്യവസ്ഥകളും കാരണം ഉപഭോക്താവിന് ബുദ്ധിമുട്ടും സമയത്തിന് വായ്പ ലഭിക്കാത്ത സ്ഥിതിയുമുണ്ട്. സാധാരണക്കാരന് ഇതുമൂലം പലപ്പോഴും വായ്പ ലഭിക്കാതെയും വരുന്നുണ്ട്. അതുകൊണ്ട് ഈ ഏജൻസികളും നൽകുന്ന ഭവന വായ്പകളും സാധാരണക്കാരന് ലഭിക്കത്തക്ക രീതിയിൽ വായ്പാവ്യവസ്ഥകളും കൂടുതൽ ഉദാരമാക്കേണ്ടതുണ്ട്.

നിർദ്ദേശങ്ങൾ

1 നിർമ്മിക്കുന്ന ഭവനം ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കുക.

2. പലിശനിരക്ക് 10%മായി നിജപ്പെടുത്തുക. 3 പ്ലോട്ട് അടിസ്ഥാനത്തിൽ തവണ വ്യവസ്ഥയോടുകൂടി വീട് നിർമ്മിച്ച് നൽകുക.

പട്ടിക–D

ട്രൈസം – തൊഴിൽ പരിശീലനം

വാർഡ്	പരിശീലനം	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ
1	തയ്യിൽ – ഇലക്ട്രോണിക്	2	—	2
2	തയ്യിൽ – T. V. ഇലക്ട്രീഷ്യൻ കാർപെൻറർ	2	—	2
3	,,	2	—	2
4	,,	2	—	1
5	,,	2	1	2
6	,,	2	—	—
7	,,	2	—	—
8	,,	2	1	1
		16	2	10

പട്ടിക–E

R A P പരിപാടി

വാർഡ്	I R D P സർവ്വേ പ്രകാരം കൈത്തൊഴിലുകാരുടെ എണ്ണം	സഹായം ലഭിച്ചവരുടെ എണ്ണം	ഇനി സഹായത്തിന് അർഹതയുള്ളവർ
1	—	—	—
2	22	6	16
3	3	—	3
4	—	—	—
5	—	—	—
6	—	—	—
7	—	—	—
8	1	—	1
	26	6	20

പട്ടിക

D. W. C. R. A. പദ്ധതി (അവലംബം V. E. O.)

വാർഡ്	തൊഴിൽ സംരംഭത്തിന്റെ ഇനം	ആരംഭിച്ച വർഷം	അംഗങ്ങളുടെ എണ്ണം
1, 2, 3	റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം	1994–95	8
3, 4	ചിപ്സ് നിർമ്മാണം	1994-95	10

പട്ടിക (അവലംബം റേഷൻ കട)

1995–96 റേഷൻ കടകളെ സംബന്ധിച്ച്

കടകളുടെ നമ്പർ	കാർഡുടമകളുടെ എണ്ണം	ഗുണഭോക്താക്കളുടെ എണ്ണം	മണ്ണെണ്ണ പെർമിറ്റുകളുടെ എണ്ണം	
A. R. D. 125	304	2893	16	
,, 132	339	1689	29	
,, 131	549	2630	42	
,, 128	511	2762	37	
,, 127	427	2526	36	
,, 126	433	2734	28	
,, 198	411	2532	26	
,, 135	448	2897	33	

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ രംഗത്തു ദാരിദ്ര്യരേഖക്കു താഴെയുള്ളവരെ ഉദ്ധരിക്കുവാൻ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും–സംഘടിത, അസംഘടിത–തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമപദ്ധതികളുമാണ് നിലവിലുള്ളത്.

പൂർണ്ണമായും കേന്ദ്രസംസ്ഥാന ഗവൺമെൻറുകളും വഹിക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും തൊഴിലാളി–തൊഴിലുടമ–സഹകരണത്തോടെ ക്ഷേമനിധി ബോർഡുകളും വഴി നടപ്പാക്കപ്പെടുന്നവയുമായി രണ്ടായി തിരിക്കാം. ഈ പദ്ധതികൾക്കു പുറമെ പട്ടികജാതി വികസനത്തിനും ഉന്നമനത്തിനുമായി പട്ടികജാതി വികസന കോർപ്പറേഷനും വനിതകളുടെ പുരോഗതിക്കായി വനിതാവികസന കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്.

ഇവയിൽ ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ മുഖേനയുള്ള സഹായങ്ങളാണ് വലിയ തോതിൽ അല്ലെങ്കിലും പഞ്ചായത്തിൽ ലഭിക്കുന്നത്. നാമമാത്രമായി മറ്റു പദ്ധതികളും പഞ്ചായത്തിൽ ജനങ്ങൾ ഉപയോഗിക്കുന്നുണ്ട്.

നിലവിലുള്ള പല പദ്ധതികളെപ്പറ്റിയും ജനങ്ങൾക്കുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് കിട്ടാതെ വരിക, ഉദ്യോഗസ്ഥതലത്തിലുള്ള അഴിമതി, ആവശ്യത്തിനും സമയത്തിനും സഹായം കിട്ടാതെ വരിക, ഉപയോഗപ്പെടുത്തുമ്പോൾ ഉള്ളവാകുന്ന സാങ്കേതിക നൂലാമാലകൾ മുതലായവ എടുത്തുപറയേണ്ടതാണ്. ★

പട്ടിക–1

പഞ്ചായത്ത് I R D P സർവ്വെപ്രകാരം ദാരിദ്ര്യരേഖക്കു താഴെയുള്ളവരുടെ വിവരം
(1992–ലെ സർവ്വെലിസ്റ്റു പ്രകാരം)

വാർഡ് നമ്പർ സർവ്വെപ്രകാരം

	കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ Se/St കുടുംബങ്ങം	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങം	ഇതിൽ Sc. /St	സഹായം ലഭിച്ചതു വഴി ദാരിദ്ര്യ രേഖക്കുമുകളിൽ എത്തിയ കുടുംബങ്ങം	ദാരിദ്ര്യരേഖക്കു താഴെയുള്ള ആകെ കുടുംബങ്ങം സഹായം ലഭിച്ചവർ ഉംപ്പെടെ
1	209	12	11	12	1	209
2	219	—	10	—	2	219
3	159	—	12	—	2	159
4	123	—	10	—	1	123
5	153	—	11	—	1	153
6	158	2	12	2	—	158
7	194	2	15	2	—	194
8	173	0	11	—	2	173
	1398	16	92	16	9	1398

മുകളിൽ കൊടുത്ത പട്ടികയിൽ നിന്നും വ്യക്തമാകുന്ന ഒരു സംഗതി യഥാർത്ഥ ഗുണ ഭോക്താവിന് ലഭിക്കേണ്ട ആനുകൂല്യങ്ങം ലഭിക്കുന്നില്ല. ഇതിനുള്ള കാരണങ്ങളിൽ മുഖ്യമായത് സഹായം കൊടുക്കുവാൻ നിശ്ചയിക്കപ്പെട്ട ധനകാര്യ സ്ഥാപനങ്ങം കൊടുക്കാത്തതാണ്. ദൗർഭാഗ്യകരം എന്നുപറയട്ടെ ഈ ഗ്രാമത്തിൽ ദേശസാൽകൃത ബാങ്കിന്റെ ബ്രാഞ്ച് പ്രവർത്തിക്കുന്നില്ല.

പ്ലാന്റേഷൻ കോർപ്പറേഷന്റെ സമീപപ്രദേശത്തുള്ള കല്ലാല, വെറ്റിലപ്പാറ, അതിരപ്പിള്ളി തോട്ടങ്ങളിൽ നിന്നും റിട്ടയർ ചെയ്ത രണ്ടായിരത്തോളം ജീവനക്കാർ ഈ പ്രദേശത്തു താമസിക്കുന്നുണ്ട്. വർഷങ്ങംക്കുമുമ്പ് നാമമാത്രമായ ആനുകൂല്യങ്ങളോളുകൂടി പിരിഞ്ഞുപോന്നിട്ടുള്ളവരെ, കേന്ദ്രഗവൺമെന്റ് അടുത്ത കാലത്ത് ഏർപ്പെടുത്തിയ പ്രൊവിഡൻഫണ്ട് പെൻഷൻ പദ്ധതിയുടെ കീഴിൽ കൊണ്ടുവരികയുണ്ടായി. ഇതനുസരിച്ച് നാമമാത്രമായ പ്രതിമാസ പെൻഷൻ ദേശസാൽകൃത ബാങ്കായ കാനറബാങ്ക് മുഖാന്തിരമാണ്. പക്ഷെ ഈ ബാങ്കിന്റെ ഏറ്റവും അടുത്ത ശാഖ ഇവിടെനിന്നും 12 കി: മീ: അകലെയുള്ള ശ്രീമൂലനഗരത്താണ്. അതുകൊണ്ട് മേൽ വിവരിച്ച തുച്ഛമായ പെൻഷൻ വാങ്ങുന്നതിന് ഓരോമാസവും ഇത്രയും ദൂരം സഞ്ചരിക്കേണ്ട അവസ്ഥയാണ്. പ്രസ്തുത ബാങ്കിന്റെ ഒരു ശാഖ എത്രയും വേഗം ഈ ഗ്രാമത്തിൽ അനുവദിക്കുവാൻവേണ്ട നടപടികം അധികൃതരിൽനിന്നും ഉണ്ടാകണം

1 പാർപ്പിട സൗകര്യമില്ലാത്തവർക്ക് സബ്സിഡിയോടുകൂടി വീടുകം നിർമ്മിക്കുന്നതിനുള്ള സാമ്പത്തികസഹായം നൽകുക.

2 ലക്ഷംവീട് കോളനികളുടെ ശോചനീയാവസ്ഥ പരിഹരിക്കുവാൻ ഒരു വീടിന് 10000 രൂപയെങ്കിലും സാമ്പത്തിക സഹായം നൽകുക.

3 വിദൂരസ്ഥലങ്ങളിൽ നിന്ന് മഞ്ഞപ്രയിൽ വന്ന് ജോലിചെയ്യുന്നവർക്കു വേണ്ടി കുറഞ്ഞ വാടകക്ക് വീടുകൾ നിർമ്മിച്ചു നൽകണം.

4 മഞ്ഞപ്ര ചന്ദ്രപ്പുര കവലയിൽ ദേശസാൽകൃത ബാങ്കിന്റെ ഒരു ശാഖ ആരംഭിക്കണം.

5 മഞ്ഞപ്രയിൽ ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കണം.

6 60 വയസ്സ് പൂർത്തിയായ സാമ്പത്തിക ബുദ്ധിമുട്ടുള്ള എല്ലാവർക്കും പെൻഷൻ നൽകണം.

7 അടിയന്തിരഘട്ടങ്ങളിൽ കഷ്ടതയനുഭവിക്കുന്ന രോഗികൾക്ക് ഗ്രാമപഞ്ചായത്ത് സാമ്പത്തികസഹായം ലഭ്യമാക്കണം.

8 വിധവകൾ, വികലാംഗർ, നിരാലംബർ എന്നിവർക്ക് തൊഴിൽ സൗകര്യം, പാർപ്പിട സൗകര്യം എന്നിവ ലഭ്യമാക്കണം.

9 പട്ടികജാതിയിൽപ്പെട്ട ആളുകൾ താമസിക്കുന്ന സ്ഥലങ്ങളിലേക്കുള്ള റോഡുകൾ നന്നാക്കുക.

10 പട്ടികജാതിയിൽപ്പെട്ട എല്ലാകുട്ടികളും സ്കൂളിൽ പോകുന്നതിനുള്ള ശ്രമങ്ങൾ നടത്തുക.

11 പട്ടികജാതിയിൽപ്പെട്ട ആളുകൾക്ക് തൊഴിലുപകരണങ്ങൾ വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായം നൽകുക.

12 ഈ വിഭാഗത്തിൽപ്പെടുന്ന ആളുകളുടെ വീടുകൾ സൗജന്യമായി വൈദ്യുതീകരിക്കുകയും സൗജന്യമായി വൈദ്യുതി നൽകുകയും ചെയ്യുക.

13 ഇനിയും വീട് ലഭിച്ചിട്ടില്ലാത്തവർക്ക് സൗജന്യമായി വീടുകൾ നൽകുക.

14 പട്ടികജാതിയിലുള്ളവർ അംഗങ്ങളായി സഹകരണസംഘം രൂപീകരിക്കുകയും, സംഘത്തിന്റെ ആഭിമുഖ്യത്തിൽ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുകയും, കുടിൽ വ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കുകയും ചെയ്യുക.

15 തരിശായി കിടക്കുന്ന പുറംമ്പോക്കുഭൂമി, ഭൂമിയില്ലാത്ത പട്ടികജാതിക്കാർക്കു പതിച്ചു നൽകുക.

16 വനിതകളുടെ സഹകരണസംഘം സ്ഥാപിച്ച്, സംഘം വഴി റെഡിമെയ്ഡ് ഉടുപ്പു നിർമ്മാണം, ചിപ്സ് നിർമ്മാണം തുടങ്ങിയ യൂണിറ്റുകൾ ആരംഭിക്കുക.

17 ഇടയ്ക്ക് പഠനം നിറുത്തിയ പെൺകുട്ടികൾക്ക് തുടർന്ന് പഠിക്കുവാനുള്ള സൗകര്യമുണ്ടാക്കുക.

പെൻഷനുകൾ

1 വിധവപെൻഷൻ

വിധവപെൻഷൻ കിട്ടിക്കൊണ്ടിരുന്ന...33.. പേരുടെ ലിസ്റ്റ് ആലുവ താലൂക്കിൽ നിന്നും പഞ്ചായത്തിൽ തന്നിട്ടുണ്ടെങ്കിലും കഴിഞ്ഞ 9 മാസക്കാലമായി ഇവർക്ക് പെൻഷൻ ലഭിച്ചിട്ടില്ല. ഇവരുടെ പെൻഷൻ പഞ്ചായത്തുവഴിയാക്കി എന്നുപറയുന്നുവെങ്കിലും ഇതുവരെ സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടില്ല.

2 വികലാംഗപെൻഷൻ

വികലാംഗപെൻഷന്റെ അപേക്ഷ വില്ലേജ് വഴിയാണ് സ്വീകരിക്കുന്നത്. എന്നാൽ പെൻഷൻ കിട്ടുന്നതിന് വികലാംഗ സർട്ടിഫിക്കറ്റ് കിട്ടുന്നതിനുള്ള കാലതാമസവും ബുദ്ധിമുട്ടും വളരെ വലുതാണ്. പെൻഷൻ കൊടുക്കാനുള്ള അധികാരം പഞ്ചായത്തിന് നൽകണം.

3 കർഷകത്തൊഴിലാളി പെൻഷൻ

ജില്ലാ പഞ്ചായത്തുവഴിയാണ് ഇപ്പോൾ വിതരണം. പുതിയ അപേക്ഷ എടുക്കുന്നതിനും അർഹരായവരെ കണ്ടുപിടിക്കുന്നതിനുമുള്ള അവകാശം ഗ്രാമപഞ്ചായത്തിനു നൽകണം.

4 വാർദ്ധക്യകാലപെൻഷൻ

വാർദ്ധക്യകാലപെൻഷൻ നിലവിലുള്ളത് .....36.....പേർക്കാണ്. നിരവധി അപേക്ഷകളിൻമേൽ തീരുമാനം ആകാതെ കിടക്കുന്നു. ഈ പെൻഷന് അർഹതയുള്ളവരെ തെരഞ്ഞെടുക്കാനുള്ള പരിപൂർണ്ണാധികാരം ഗ്രാമപഞ്ചായത്തിന് തന്നെ നൽകണം.

ബാലവാടികൾ

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന ബാലവാടികൾ നമ്മുടെ പഞ്ചായത്തിൽ 8 എണ്ണം പ്രവർത്തിക്കുന്നു. നിലവിലുള്ള ബാലവാടികളിൽ പ്രാധമികസൗകര്യത്തിന്റെ അഭാവംമൂലമുള്ള പ്രയാസം കുട്ടികളിലും രക്ഷിതാക്കളിലും അസന്തുഷ്ടിയുണ്ടാക്കുന്നുണ്ട്.

ബാലവാടികളുടെ പട്ടിക

	പേര്	കുട്ടികൾ	കെട്ടിടം ഉള്ളവ
1	ഉഷസ്സ് മേരിഗിരി	48	ഉണ്ട്
2	ദേശക്ഷേമം	18	,,
3	പ്രിയ ബാല്വാടി	45	,,
4	ലോട്ടസ്	22	,,
5	രശ്മി ബാലവാടി	22	,,
6	I. Y. C. മഹിളാസമാജം	30	,,
7	ഗ്രാമോദ്ധാരണ മഹിളാസമാജം	25	,,

പൊതുവിതരണം

പഞ്ചായത്തിലാകെ 8 റേഷൻഷാപ്പുകളുണ്ട്. ഇതിൽ 3422 കാർഡുകളുണ്ട്. പൊതുവിതരണരംഗത്ത് ഒരു മാവേലി സ്റ്റോർ മഞ്ഞപ്രയിൽ ഉണ്ട്. മാവേലിസ്റ്റോറിന്റെ പ്രവർത്തനം ശ്രദ്ധേയമാണ്. റേഷൻകടകളിൽകൂടി കൃത്യമായി അരിവിതരണം നടക്കുന്നില്ലന്നുള്ള പരാതി കാലങ്ങളായുണ്ട്. റേഷൻകാർഡുകൾ കിട്ടുന്നതിനുള്ള അപേക്ഷ പഞ്ചായത്ത്തലത്തിൽ സ്വീകരിച്ച് പരിഹാരം കാണണം. പുതിയ 2 റേഷൻ കടകൾ ഈ പഞ്ചായത്ത് പ്രദേശത്ത് അനുവദിക്കണം.

സംസ്കാരം

ആദിശങ്കരന്റെ ജന്മംകൊണ്ട് പരിപാവനവും വിശുദ്ധ തോമാശ്ലീഹായുടെ പാദസ്പർശം കൊണ്ട് പുണ്യമേറ്റ മലയാറ്റൂരിന്റേയും മടിത്തട്ടിൽ സ്ഥിതി ചെയ്യുന്ന മഞ്ഞപ്ര ഗ്രാമം എറണാകുളം ജില്ലയിലെ ഏറ്റവും ജനസംഖ്യ കുറഞ്ഞ പ്രദേശമാണ്. മലയോര പ്രദേശത്തോട് ചേർന്ന ഗ്രാമമാണെങ്കിലും ഇവിടത്തെ ജനങ്ങളും സാംസ്കാരിക രംഗത്ത് അമൂല്യമായ സംഭാവനകളും നൽകിയിട്ടുണ്ട്. ഇതിന്റെ ഏറ്റവും പ്രകടമായ ഉദാഹരണമാണ് അരശതാബ്ദം പിന്നിട്ട ഈ ഗ്രാമപഞ്ചായത്തിലെ ഗ്രാമക്ഷേമം ലൈബ്രറി.

1946-ൽ പുരോഗമന ചിന്താഗതിക്കാരും വിജ്ഞാന തല്പരരുമായ ഏതാനും ചെറുപ്പക്കാർ ചേർന്ന് എ. ജി. പ്രഭാകരൻ പിള്ളയുടെ പീടികമുറിയിൽ ഇത് പ്രവർത്തനമാരംഭിച്ചു. ഗവൺമെന്റിൽ നിന്നും ലൈബ്രറിക്ക് ലഭിച്ച 2 സെന്റ് സ്ഥലത്ത് സ്വന്തം കെട്ടിടം നിർമ്മിച്ച് പ്രവർത്തിച്ച് വരുന്നു. ഗ്രന്ഥശാലാ സംഘത്തിന്റെ 'എ' ഗ്രേഡിൽ പ്രവർത്തിക്കുന്ന പതിനായിരത്തോളം പുസ്തകങ്ങളും ഉണ്ട്. സാമൂഹ്യ വിജ്ഞാനകേന്ദ്രവും ജനവിദ്യാകേന്ദ്രവും ഇവിടെ പ്രവർത്തിക്കുന്നു. അമൂല്യങ്ങളായ ഒട്ടേറെ ഗ്രന്ഥങ്ങളും ഇവിടത്തെ പുസ്തക ശേഖരത്തിലുണ്ട്. മഹാകവി വള്ളത്തോളിന്റെ കൈപ്പടയും, അയച്ചുകിട്ടിയ അഭിനന്ദന സന്ദേശവും ഈ സ്ഥാപനത്തിന് ഒരു മുതൽക്കൂട്ടാണ്. ഇപ്പോഴും നിലവിലുള്ള കെട്ടിടം ഉദ്ഘാടനം ചെയ്തത് യശശരീരനായ ജയപ്രകാശ് നാരായണനായിരുന്നു.

ഗ്രാമപഞ്ചായത്തിന്റെ വടക്കുഭാഗത്ത് തവളപ്പാറയിൽ ജനപങ്കാളിത്തത്തോടുകൂടി സ്ഥലവും കെട്ടിടവും ഉണ്ടാക്കി 1975-ൽ സ്ഥാപിച്ച 'സന്തോഷ്' ലൈബ്രറിയും സാംസ്കാരിക രംഗത്ത് തനതായ സംഭാവനകൾ നൽകുന്നുണ്ട്. ഈ രണ്ട് സ്ഥാപനങ്ങൾക്കും പ്രതിവർഷം 2500 രൂപ ഗ്രാന്റ് നൽകി വരുന്നു.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കലാ കായിക സാംസ്കാരിക രംഗത്തെ പരിപോഷിപ്പിക്കുവാൻ പല ക്ലബ്ബുകളും ഉണ്ടെങ്കിലും അവയെല്ലാം നാമമാത്രമായിട്ടുള്ള പരിപാടികൾ നടത്തുന്നവയാണ്. ഈ ഗ്രാമത്തിലെ ഫൈൻ ആർട്ട് സ് സൊസൈറ്റിയും വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ഈ പ്രദേശത്തെ ആരാധനാലയങ്ങൾ എല്ലാം തന്നെ വളരെ പഴക്കം ചെന്നവയാണ്. ഇവിടങ്ങളിലെ ഉത്സവാഘോഷങ്ങളിൽ ജാതി മത ഭേദമന്യെ എല്ലാവരും സഹകരിച്ച് സജീവമായി പങ്കെടുക്കുകയും ചെയ്യുന്നത് മതസൗഹാർദ്ദത്തിന്റെ ഉത്തമ പ്രതീകമാണ്. ക്രിസ്ത്യൻ പള്ളിയിൽ തിരുന്നാളാഘോഷത്തിന് കൊടിയേറ്റ് പിടിക്കുന്നത് ഇന്നും ഹിന്ദുക്കളാണ്.

സാഹിത്യരംഗത്ത് അമൂല്യമായ സംഭാവനകൾ നൽകിയ ചില പ്രമുഖ വ്യക്തികളെ ഇവിടെ പരാമർശിക്കപ്പെടേണ്ടതുണ്ട്. കവിയെന്ന നിലയിൽ പ്രസിദ്ധനായ യശശരീരനായ കെ. പി. രാമൻപിള്ള ഭാഷാപണ്ഡിതനും സാഹിത്യകാരനുമായിരുന്ന ടി. പി. ബാലകൃഷ്ണൻ നായർ. കൽക്കട്ടയുടെ ചരിത്രത്തെപ്പറ്റി ഇതിഹാസം രചിച്ച് അവിടെ തന്നെ സ്ഥിരതാമസമാക്കിയിട്ടുള്ള സി. പി. തങ്കപ്പൻ നായർ ഇവരെല്ലാം ഈ ഗ്രാമത്തിന്റെ സന്തതികളാണ്.

ഗ്രന്ഥശാല വായനശാലകളെക്കുറിച്ച്

ക്രമ നമ്പർ	പേരും മേൽവിലാസവും	സ്ഥാപിച്ച വർഷം	കെട്ടിടത്തിന്റെ വിവരം	നിലവിലുള്ള മെമ്പർമാരുടെ എണ്ണം	പുസ്തകങ്ങളുടെ എണ്ണം	കീഴിൽ പ്രവർത്തിക്കുന്നവരുടെ വിവരം	സർക്കാർ ഗ്രാൻറ് ലഭിക്കുന്നുണ്ടോ
1	ഗ്രാമക്ഷേമം ലൈബ്രറി & റീഡിംഗ് റൂം Reg. No. 459	1946	സ്വന്തം	262	9587	ജനവിദ്യാകേന്ദ്രവും ഗ്രാമീണ പുസ്തക വിതരണ പദ്ധതി	ഉണ്ട്.
2	സന്തോഷ് ലൈബ്രറി & റീഡിംഗ് റൂം Reg. No. 4483	1975	സ്വന്തം	525	5122	ജനവിദ്യാകേന്ദ്രം	ഉണ്ട്.

ആവശ്യങ്ങൾ

1 ലൈബ്രറികളുടെ നിലവിലുള്ള ഗ്രാൻറ് വർദ്ധിപ്പിക്കുക.

2 കായിക പരിശീലനത്തിന് ആവശ്യമായി വരുന്ന ഉപകരണങ്ങളും സൗജന്യമായി സ്പോർട്സ് ക്ലബ്ബുകൾക്ക് വിതരണം ചെയ്യുക.

3 പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കലാ കായിക സമിതികൾക്ക് പ്രോൽസാഹനം നൽകുക

4 എല്ലാവർഷവും സാഹിത്യ മത്സരങ്ങളും സംഘടിപ്പിക്കുക.

5 മതസൗഹാർദ്ദം നിലനില്ക്കുവാൻ ഉതകും വണ്ണം എല്ലാ വർഷവും സർവ്വമത സമ്മേളനം പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുക.

6 നാടൻ കലകളെ പരിചമുട്ട്, കോൽക്കളി, ഉടുക്ക് കൊട്ട്, എന്നിവയെ പ്രോൽസാഹിപ്പിക്കുവാൻ നടപടി സ്വീകരിക്കുക.

7 ദിനപത്രം എല്ലാവർക്കും വാങ്ങിവായിച്ച് അറിവ് സമ്പാദിക്കുവാൻ ആ മേഖലയിൽ സബ്സിഡി അനുവദിക്കുക.

വനിത

ആമുഖം

ഇന്ത്യയിലെ ജനാധിപത്യ പ്രക്രിയയുടെ പ്രധാന ദൗർബല്യങ്ങളിലൊന്ന് സ്ത്രീയുടെ അദൃശ്യതയാണ്. ഇന്ത്യൻ പാർലമെൻറിൽ സ്ത്രീകളുടെ എണ്ണം ഒരു കാലത്തും 8% ത്തിലധികം വന്നിട്ടില്ല. കേരളത്തിലെ സ്ഥിതിയും ഇതുതന്നെ. ഇക്കഴിഞ്ഞ പഞ്ചായത്ത് രാജ് തെരഞ്ഞെടുപ്പിൽ സ്ത്രീകൾക്ക് അംഗത്വത്തിലും, പ്രസിഡൻറ് സ്ഥാനത്തിലും മൂന്നിലൊന്ന് സംവരണം ചെയ്തിരിക്കുന്നതിന്റെ പ്രാധാന്യം തെളിയുന്നത്. 4543 വനിതകൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഇവരിൽ 472 പേർ വിവിധ സമിതി അദ്ധ്യക്ഷകളായിട്ടുണ്ട്. 364 പേർ പട്ടികജാതിയിൽ പെട്ടവരാണ്. സംവരണാടിസ്ഥാനത്തിൽ സ്ത്രീകൾക്ക് ലഭിക്കുന്ന പ്രാതിനിധ്യം കൊണ്ട് മാത്രം സ്ത്രീകളുടെ ഭരണപങ്കാളിത്തം ഉറപ്പാക്കാനാവുകയില്ല. സ്ത്രീകളുടെ ഭരണപങ്കാളിത്തം ഫലപ്രദമാകണമെങ്കിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പ്രവർത്തന ശൈലിയിൽ ഒട്ടേറെ മാറ്റങ്ങൾക്കൂടിയേ തീരൂ. നമ്മുടെ ഗ്രാമ പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 14463 ആണ് ഇതിൽ 7325 പേർ സ്ത്രീകളാണ്.

ഈ പഞ്ചായത്തിലെ കാർഷിക മേഖലയിൽ തൊഴിലെടുത്തിരുന്നവരാണ് ഭൂരിപക്ഷം വനിതകളും. എന്നാൽ കാർഷിക മേഖലയിലെ കുലിക്കുറവും മറ്റും ഈ മേഖലയിൽ നിന്ന് ഇഷ്ടികകളം, ക്രഷർ മറ്റ് വ്യവസായ യൂണിറ്റുകളം പാർമട എന്നിവയിൽ ജോലി ചെയ്യുന്നു. കൂടാതെ കെട്ടിടം പണി പനമ്പുനെയ്ത്ത്, പായനെയ്ത്ത്, മൃഗപരിപാലനം, തയ്യൽ എന്നീ ഇതര തൊഴിലുകളിലും ഏർപ്പെട്ട് ജീവിക്കുന്നു. കന്നുകാലി സംരക്ഷണം, ആട് വളർത്തൽ, കോഴി വളർത്തൽ, മുയൽ വളർത്തൽ എന്നിവ ഫലപ്രദമായി പ്രവർത്തിക്കാവുന്ന മേഖലയാണെങ്കിലും സ്ത്രീ പങ്കാളിത്തം ഇവിടെ കുറവാണ്. നമ്മുടെ കാർഷിക മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം തീരെ കുറവാണ്. സാമൂഹ്യവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്നവർ. പ്രവർത്തന സന്നദ്ധരായ സ്ത്രീകളും ഇവരെയെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് പച്ചക്കറി കൃഷി, ഉദ്യാന കൃഷി, ഔഷധസസ്യ കൃഷി, കുറ്റിമുല്ല കൃഷി, ക്ഷീര സംസ്കരണ യൂണിറ്റ് എന്നിവ തുടങ്ങാനുള്ള സാദ്ധ്യത ഈ പഞ്ചായത്തിനുണ്ട്. അഞ്ചുറോളം പനമ്പുനെയ്ത്ത് കുടുംബങ്ങളുള്ള ഈ പഞ്ചായത്തിൽ ഭൂരിപക്ഷവും ഒർബല വിഭാഗത്തിൽപ്പെട്ട വനിതകളാണ്. ചെറുകിട വ്യവസായ മേഖലയിൽ ഐ. ആർ. ഡി. പി. വനിതാവികസന കോർപ്പറേഷൻ, വനിതാ സഹകരണസംഘം ജില്ലാ വ്യവസായ കേന്ദ്രം, എന്നീ ഏജൻസികളുടെ സഹായം ഗ്രാമ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ കാര്യക്ഷമമാക്കുകയും റെഡിമെയ്ഡ്, തയ്യൽ, കാർപെന്റർ, കുടനിർമ്മാണം, ബുക്ക് ബൈൻറിംഗ്, ഹാൻഡി ക്രാഫ്റ്റ് എന്നീ മേഖലകളിൽ സ്ത്രീകൾക്ക് പരിശീലനം കൊടുക്കാൻ കഴിയണം. ഹരിജൻ കോളനികൾ കേന്ദ്രീകരിച്ച് ഓരോ വ്യവസായ യൂണിറ്റുകൾ ആരംഭിക്കാൻ സാദ്ധ്യതയുണ്ട്.

ഈ പഞ്ചായത്തിൽ 8 ബാലവാടികൾ പ്രവർത്തിക്കുന്നുണ്ട്. നമ്മുടെ പ്രദേശത്തെ വനിതാ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ പ്രധാന കേന്ദ്രമായി മാറിയെടുക്കേണ്ടതുണ്ട്. ഇന്ന് ബാലവാടികളുടെ പ്രവർത്തനം ലോപിച്ചിലുള്ളമഹിളാസമാജങ്ങളുടെ പേരിലാണ്. ടീച്ചർ, ഹെൽപർ, കുടികൾ ഭാഗികമായി മാതൃസംരക്ഷണ പ്രവർത്തനങ്ങളുമായി ഒത്തുണ്ടി നിൽക്കുന്നു. രണ്ട് ഗ്രാമീണ വായനശാലകളും നിരവധി പ്രാദേശിക യുവജന ക്ലബ്ബുകളും, മഹിളാ സമാജങ്ങളും നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് ഉണ്ട്. എങ്കിലും ഇവിടേക്ക് കടന്നുചെല്ലാനും പ്രവർത്തനങ്ങളിൽ പങ്കെടുക്കാനുള്ള മൻകൈ വനിതകൾക്കില്ല. ഇത് കണക്കിലെടുത്ത് നമ്മുടെ വനിതകൾക്ക് മാത്രമായി വായനശാലയും, സഞ്ചരിക്കുന്ന വായനശാലയും അത്യന്താപേക്ഷിതമാണ്. പഞ്ചായത്തിലെ വനിതകൾക്ക് ആരോഗ്യപരിപാലനത്തിൽ വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല. നിരവധി രോഗങ്ങൾ സ്ത്രീകളെ ബാധിക്കുന്നുണ്ടെങ്കിലും ഇവിടെ ഒരു ഹെൽത്ത് സെൻറോ, ലേഡി ഡോക്ടറോ, ഗൈനക്കോളജിസ്റ്റ് എന്നിവരുടെ സേവനം ലഭ്യമല്ലാത്തതിനാൽ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടി വരുന്നു. നമ്മുടെ സാക്ഷരതാ പ്രവർത്തനത്തിൽ ഭൂരിഭാഗം ഇൻസ്ട്രക്ടർമാരും വനിതകളായിരുന്നു. പ്രാഥമിക വിദ്യാഭ്യാസം ഉള്ള വനിതകളാണ് 90 ശതമാനവും. സാങ്കേതിക വിദ്യാഭ്യാസമുൾപ്പെടെയുന്നത ബിരുദങ്ങളും നേടിയ സ്ത്രീകളും ധാരാളമുണ്ടെങ്കിലും സ്വയം തൊഴിൽ കണ്ടെത്തുന്നവർ കുറവാണ്. ഉന്നത വിദ്യാഭ്യാസം നേടിയ വനിതകളിൽ ഭൂരിഭാഗവും തൊഴിൽ രഹിതരാണ്. ഇവരെ അടുക്കള പശ്ചാത്തലത്തിൽ നിന്നും ഒരു പരിധിവരെയെങ്കിലും മോചിപ്പിച്ച് ഇതര മേഖലകളുമായി ബന്ധപ്പെടുത്തി പ്രവർത്തിപ്പിക്കാൻ അവസരമുണ്ടാകണം. സ്ത്രീകൾക്കെതിരെയുള്ള കടന്നാക്രമണങ്ങളെചെറുക്കാനുംപീഡനങ്ങൾക്ക് വിധേയരായ സ്ത്രീകളെ പുനരധിവാസത്തിന് പ്രത്യേക പദ്ധതികൾ നടപ്പാക്കണം.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1 ഓരോ വാർഡുകളിലും ചെറുകിട വ്യവസായ വനിതാ സഹകരണ സംഘം രൂപീകരിക്കുകയും ഇതിന് സർക്കാർ ഏജൻസികളുടെ സഹായം കിട്ടുമെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

2 പഞ്ചായത്തിലെ ബാലവാടികളുടെ അറ്റകുറ്റപ്പണികൾ നടത്തി മഹിളാ സമാജങ്ങളെ പുനഃസംഘടിപ്പിച്ച് കാര്യക്ഷമമാക്കുകയും 8 ബാലവാടികളും ക്രോഡീകരിച്ച് ഉപദേശക സമിതി രൂപീകരിക്കുകയും ചെയ്യുക.

3 വ്യാജ മദ്യ വിൽപന കർശനമായി നിരോധിക്കാൻ മഹിളാ സമാജ സംഘടനകളുടെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിക്കുക.

4 സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടെത്താൻ വായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും സബ്സിഡി നൽകുകയും ചെയ്യുക.

5 വനിതാ വികസന കോർപ്പറേഷൻ വഴി 500 വനിതകൾക്ക് ഓരോ യൂണിറ്റിനും 500 രൂപ വീതം ധനസഹായം നൽകുക.

6 വ്യവസായ കേന്ദ്രം വഴി നടപ്പാക്കിയിട്ടുള്ള ശ്രീജ്യോതി പദ്ധതി വിപുലീകരിക്കുക.

7 ഫാമിലി കൗൺസിൽ സെൻറർ സ്ഥാപിക്കുക.

8 ഗ്രാമീണ സ്ത്രീകൾക്ക് ബോധവൽക്കരണം നടത്തുന്നതിന് ഒരു ക്യാമ്പിന് 3000 രൂപ വീതം അനുവദിക്കുക.

9 വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ ജില്ലാ സാമൂഹ്യ ക്ഷേമവകുപ്പിന്റെ വിവിധ പദ്ധതികൾ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം എന്നിവയിൽ അർഹതയുള്ളവരെ തെരഞ്ഞെടുക്കാനും ഫണ്ട് നൽകുന്നതിനുള്ള അവകാശം ഗ്രാമപഞ്ചായത്തിനു നൽകുകയും ഇതിനുവേണ്ടി ഒരു അഡൈവസറി കമ്മറ്റി രൂപീകരിക്കുകയും ചെയ്യുക.

10 സ്ത്രീധനത്തിനെതിരെ ബോധവൽക്കരണ പരിപാടി നടത്താൻ ക്യാമ്പുകൾ സംഘടിപ്പിക്കുക.

11 പുതിയതായി മാതൃ ശിശു സംരക്ഷണ കേന്ദ്രം സ്ഥാപിക്കുക.

12 വനിതാ നിയമ സാക്ഷരതാ പ്രവർത്തനം സംഘടിപ്പിക്കുക.

13 DWCRA – യുടെ പ്രവർത്തനം വർദ്ധിപ്പിക്കുക.

14 മുലയൂട്ടലിന്റെ പ്രാധാന്യത്തെക്കുറിച്ച് അമ്മമാർക്കുവേണ്ടി ഘട്ടം ഘട്ടമായി സെമിനാറുകളും ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിക്കുക.

15 ഗർഭിണികൾക്ക് ആരോഗ്യരംഗത്ത് അനുഷ്ഠിക്കേണ്ട കർമ്മ പരിപാടികളെപ്പറ്റി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക.

സഹകരണ മേഖല

മഞ്ഞപ്ര പഞ്ചായത്തിൽ സഹകരണ മേഖലയിൽ ഒരു സഹകരണ ബാങ്കും, നാല് ക്ഷീരോല്പന്ന സഹകരണ സംഘങ്ങളും പ്രവർത്തിക്കുന്നു. കൂടാതെ കുന്നത്തുനാട് റബ്ബർ മാർക്കറ്റിംങ്ങ് സൊസൈറ്റിയുടെ ഒരു ബ്രാഞ്ചും വടക്കുംഭാഗം ജംഗ്ഷനിൽ പ്രവർത്തിക്കുന്നുണ്ട്.

സഹകരണ മേഖലയിലെ പഞ്ചായത്തിലെ പ്രധാന സ്ഥാപനം സഹകരണ ബാങ്കാണ്. ഈ ബാങ്കാണ് ആദ്യമായി നിലവിൽ വന്ന സഹകരണ സംരംഭവും. 1958 മാച്ച് മാസം ഒന്നാം തീയതിയാണ് ഇത് നിലവിൽ വന്നത്. കാർഷിക മേഖലയുടെ വികസനത്തിന് പ്രാധാന്യം നല്കികൊണ്ടാണ് ഇത് പ്രവർത്തനമാരംഭിച്ചത്. കാടു കൃഷി നെല്ലുല്പാദനം നിരവധി വർഷം സംഘം ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. കാർഷിക ധനസഹായ വായ്പകൾ ബാങ്കിൽ നിന്ന് നല്കിവരുന്നു. ഇപ്പോൾ വ്യവസായ മേഖലയുടെ വികസനത്തിനും ബാങ്കിൽ നിന്ന് വായ്പകൾ നല്കിവരുന്നുണ്ട്. ഈ പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും നിരവധി ആളുകൾ ഈ സഹകരണ ബാങ്കിന്റെ സഹകാരികളായി പ്രവർത്തിക്കുന്നുണ്ട്. ഏകദേശം 25,10,000 രൂപ അംഗീകൃത മൂലധനമായുള്ള ബാങ്കിൽ 6406 പേർ ഇപ്പോൾ അംഗങ്ങളായിട്ടുണ്ട്. ഒരാൾക്ക് അംഗമാകണമെങ്കിൽ 10 രൂപയുടെ ഓഹരിയാണാവശ്യം 14,60,000 രൂപ ഓഹരി ഇനത്തിൽ സഹകരണ ബാങ്കിന് പിരിഞ്ഞു കിട്ടിയിട്ടുണ്ട്. സർക്കാർ ഓഹരിയായിട്ട് 1,00,000 രൂപ ബാങ്കിന് ലഭിച്ചിട്ടുണ്ട്. നിക്ഷേപങ്ങൾ സ്വീകരിക്കലും കാർഷിക– കാർഷികേതര വായ്പകൾ നല്കലുമാണ് സഹകരണ ബാങ്കിന്റെ പ്രധാന പ്രവർത്തനങ്ങൾ. ഭവനനിർമ്മാണ വായ്പകൾ, സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള വായ്പകൾ തുടങ്ങിയവ ഇതിൽ പെടുന്നു. കൂടാതെ കർഷകർക്ക് വളം, കീടനാശിനി തുടങ്ങിയവ ആവശ്യാനുസരണം കുറഞ്ഞ നിരക്കിൽ നൽകുന്നതിനായി ബാങ്കിന്റെ കീഴിൽ ഒരു വിൽപന കേന്ദ്രം പ്രവർത്തിക്കുന്നു. ചിട്ടികൾ നടത്തുകയും,

സ്വർണ്ണത്തിനുമേൽ പണയ വായ്പകളും നല്കുകയും ചെയ്യുന്നു. 4 പേർ ഇവിടെ അംഗീകൃത ജീവനക്കാരായുണ്ട്.

നിർദ്ദേശങ്ങൾ

1 കാർഷിക വായ്പകൾക്കും വ്യവസായിക വായ്പകൾക്കും പലിശ കുറയ്ക്കുക.

2 പ്രാതിനിധ്യ പൊതു യോഗം ഇടയ്ക്ക് വിളിച്ചു ചേർക്കുക.

3 എല്ലാ സഹകാരികൾക്കും ബാങ്കിൽ നിന്ന് ലഭിക്കുന്ന സഹായങ്ങൾ കിട്ടുമെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

4 സഹകരണ ബാങ്കിന് ഗവ: കൂടുതൽ സാമ്പത്തിക സഹായം നല്കുക.

5 വായ്പ സംവിധാനം ലഘൂകരിക്കുകയും, വായ്പ ഉയർത്തുക.

6 സഹകരണ ബാങ്കിന്റെ പ്രവർത്തനം വൈവിധ്യവൽക്കരിക്കുക.

സഹകരണബാങ്ക് കൂടാതെ മറ്റ് നാല് ക്ഷീരോല്പാദക സഹകരണസംഘങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇതും ലാഭകരമായാണ് പ്രവർത്തിക്കുന്നത്. ഇതിൽ 2 എണ്ണം ചാരിറ്റബിൾ ആക്ട് പ്രകാരവും (PDDP) 2 എണ്ണം ഗവ. കോ-ഓപ്പറേറ്റീവ് ആക്ട് പ്രകാരം മിൽമ യൂണിറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്നു. കൂടാതെ ഒരു മിൽമ പാൽ അളവുകേന്ദ്രം മേരിഗിരിയിൽ പ്രവർത്തിക്കുന്നുണ്ട്. അവരവരുടെ സംസ്ഥരണ സ്ഥാപനങ്ങൾക്കുവേണ്ടി പാൽ കളക്ടുചെയ്യുകയാണ് ഈ സംഘത്തിന്റെ പ്രധാന ചുമതല. ഏകദേശം 980 ലിറ്റർ പാൽ ഈ പഞ്ചായത്തിൽ നിന്ന് പ്രതിദിനം കളക്ട് ചെയ്യുന്നതായി അറിയുന്നു.

സഹകരണ മേഖലയിൽ (ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി) പ്രവർത്തിച്ചിരുന്ന ഒരു സംരംഭമാണ് തീപ്പെട്ടി നിർമ്മാണ സഹകരണ സംഘം. ഇതിന്റെ പ്രവർത്തനം നിലച്ചിട്ട് കുറേ വർഷങ്ങളായി. 25 തൊഴിലാളികൾ ഇവിടെ തൊഴിലിൽ ഏർപ്പെട്ടിരുന്നു. ഇതിന്റെ പ്രവർത്തനം പുനഃരാരംഭിക്കാൻ വേണ്ട നടപടി സ്വീകരിക്കണം.

ഒരു കൺസ്യൂമർ സഹകരണ സംഘവും പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നു. കുറഞ്ഞ നിരക്കിൽ ജനങ്ങൾക്ക് സാധനങ്ങൾ ഇവിടെ നിന്ന് വിതരണം ചെയ്തിരുന്നു. മാനേജ്മെന്റിന്റെ കാര്യക്ഷമത ഇല്ലായ്മ ഇതിന്റെ പ്രവർത്തനം നിലയ്ക്കാൻ ഇടയാക്കി. ഇത് പുനരാരംഭിക്കാൻ നടപടി ഉണ്ടാകണം. കൂടാതെ കുന്നത്തുനാട് റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയുടെ ഒരു ബ്രാഞ്ച് മഞ്ഞപ്രയിൽ പ്രവർത്തിക്കുന്നുണ്ട്.

സഹകരണ മേഖലയിലെ പ്രശ്നങ്ങൾ

1 സാങ്കേതിക നവീകരണത്തിന്റെ അഭാവം

2 പുതിയ പ്രവർത്തന മേഖലകൾ കണ്ടെത്തുകയോ, നടപ്പിലാക്കുകയോ ചെയ്യാത്തതിന്റെ അഭാവം.

3 മാനേജ്മെന്റിൽ സുതാര്യത വേണം.

മുകളിൽ പറഞ്ഞിരിക്കുന്ന പ്രശ്നങ്ങൾക്ക് ഒരു ശാശ്വത പരിഹാരം ആവശ്യമാണ്. എങ്കിൽ മാത്രമേ നമ്മൾ ഉദ്ദേശിക്കുന്ന ഗുണം ഈ സഹകരണ പ്രസ്ഥാനങ്ങൾ കൊണ്ട് ലഭിക്കുകയുള്ളൂ. അതിന് ആവശ്യമായ നടപടികൾ എത്രയും പെട്ടെന്ന് കൈക്കൊള്ളേണ്ടതാണ്.

നിർദ്ദേശങ്ങൾ

1 പഞ്ചായത്തിലെ ഒന്ന്, രണ്ട്, മൂന്ന്, നാല് എന്നീ വാർഡുകൾ കേന്ദ്രീകരിച്ച് എറണാകുളം സഹകരണ കാർഷിക വികസന ബാങ്കിന്റെ ഒരു ശാഖ ചന്ദ്രപ്പുരയിൽ ആരംഭിക്കണം. 4500ഓളം കർഷകർ ഈ വാർഡുകളിലായുണ്ട്.

2 ഉപഭോക്തൃ താല്പര്യം സംരക്ഷിക്കുന്നതിന് ഉപഭോക്തൃ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

3 സർവ്വീസ് സഹകരണ ബാങ്കിലെ നിയമനങ്ങൾ P S C യ്ക്ക് വിടുക.

4 വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

5 പാൽ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

6 ബാംബു മേഖലയിൽ കൺസ്യൂമർ സൊസൈറ്റി സ്ഥാപിക്കുക.

7 കളിമൺ, കരകൗശല വ്യവസായ സഹകരണ സംഘങ്ങളും രൂപീകരിക്കുക.

8 റബ്ബർ, കശുവണ്ടി, കരയാംപൂ, അടയ്ക്ക, ചുക്ക്, മഞ്ഞൾ തുടങ്ങിയവയുടെ ഉപവിപണനത്തിനായി കേന്ദ്രങ്ങളും സഹകരണാടിസ്ഥാനത്തിൽ രൂപീകരിക്കുക.

9 വനിതാ സഹകരണസംഘങ്ങളും ആരംഭിക്കുക

10 പഞ്ചായത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ കൺസ്യൂമർ സൊസൈറ്റികളും സ്ഥാപിക്കുക

11 അംഗങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള സ്റ്റോറുകളും സഹകരണ ബാങ്കുകളും നടപ്പിലാക്കുക.

12 ഉല്പാദക സഹകരണ സംഘങ്ങളുടെ നിലവിലുള്ള ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുക.

13 കേര ഉല്പാദക ഉപവിപണന സഹകരണ സംഘം, പച്ചക്കറി ഉല്പാദക ഉപവിപണന സഹകരണ സംഘം, നെല്ലുല്പാദക സഹകരണ സംഘം തുടങ്ങിയ സംരംഭങ്ങളും ആരംഭിക്കുക.

പട്ടികജാതി - പട്ടികവർഗ ക്ഷേമം

ഒമ്പതാം പഞ്ചവത്സരപദ്ധതി ജനപങ്കാളിത്തത്തോടെ രൂപപ്പെടുത്തുന്നതിനു സംസ്ഥാന സർക്കാരും ആസൂത്രണ ബോർഡും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ജനകീയ ആസൂത്രണ പദ്ധതിയുടെ ഭാഗമായി മഞ്ഞപ്ര പഞ്ചായത്തിലെ മൊത്തം 'എട്ട്' വാർഡുകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള തീരുമാനങ്ങളുടേയും നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ രൂപംകൊണ്ട വികസന റിപ്പോർട്ട്.

ആമുഖം

പട്ടിക ജാതി – പട്ടിക വർഗ്ഗത്തിൽപ്പെട്ട ജനങ്ങളും ഭൂപരിഷ്കൃത നിയമം നടപ്പിലാക്കുന്നതിനു മുമ്പ് കുടിയാൻമാരായി ജന്മികൾക്ക് കീഴ്പ്പെട്ടാണ് ജീവിച്ചു പോന്നിരുന്നത്. നവ കേരളത്തിന്റെ പിറവിയോടെ രൂപംകൊണ്ട പുരോഗമന സർക്കാരിന്റെ നിയമ പരിഷ്കാരങ്ങളുടെ ഫലമായി കുടിയാന്മാർ കർഷകരായും കർഷക തൊഴിലാളികളായും ഭൂമിയുടെ ഉടമകളായി തീർന്നു.

ഉച്ചനീചത്വങ്ങളും ഭ്രഷ്ടും നിലനിന്നിരുന്നതും വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടതുമായ ഈ വിഭാഗത്തിനു പ്രത്യേകം പരിഗണനകളും നല്കി പ്രോൽസാഹിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പട്ടിക-ജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ട ജനങ്ങളും ഇന്നു നമ്മുടെ സമൂഹത്തിന്റെ ഉന്നതതലങ്ങളിൽ വരെ പ്രവർത്തനോന്മുഖരായിട്ടുണ്ട്.

മഞ്ഞപ്ര പഞ്ചായത്തിൽ പട്ടികജാതിയിൽപ്പെട്ടവർ കർഷക തൊഴിലാളികളും, നിർമ്മാണ തൊഴിലാളികളും, പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ, നാമമാത്രമായി സർക്കാർ സർവ്വീസിൽ ജോലി ചെയ്യുന്നവരും ഉണ്ട്. പട്ടിക ജാതിയിൽ പെട്ടവർ പുലയർ, പറയർ, വേലൻ, പാണൻ എന്നീ വിഭാഗത്തിൽ പെട്ടവരാണ് ഇവിടെ വസിക്കുന്നത്.

കോളനികൾ

നിലവിൽ ആക്കുന്ന് ഹരിജൻ കോളനിയാണ് പഞ്ചായത്തിലെ അംഗീകൃത കോളനി, ചൂണങ്ങാംകുന്ന്, ചൗരികുന്ന്, കരിങ്ങാംപുറം, കരിങ്ങലക്കാട്ട്, വടക്കുംഭാഗം കാക്കനാട്ടുഞാല്, എലവന്തി എന്നീ സെറ്റിൽമെന്റ് കോളനി പ്രദേശങ്ങളിൽ ഹരിജനങ്ങൾ കൂട്ടതലായി തിങ്ങി പാർക്കുന്നു. ഈ കോളനികളിൽ പ്രാഥമിക ആവശ്യങ്ങളായ കുടിവെള്ളം, വൈദ്യുതി, കക്കൂസ്, പാപ്പിടം തുടങ്ങിയ സൗകര്യങ്ങളും വളരെ കുറവാണ്. ആക്കുന്ന് ഹരിജൻ കോളനിയിൽ നിലവിൽ ഒരു ടി. വി. കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. ഈ പ്രദേശങ്ങളിലേക്കുള്ള ഗതാഗത സൗകര്യങ്ങളും കൂടുതൽ വിപുലീകരിക്കേണ്ടതാണ്. വിദ്യാഭ്യാസപരമായി പൊതുവെ പിന്നോക്കം നിൽക്കുന്നവരാണ് കൂടുതൽ. എസ്. എസ്. എൽ. സി. യ്ക്കു ശേഷം വിദ്യാഭ്യാസമുള്ളവർ 10% ത്തോളം മാത്രമാണുള്ളത്.

ഇടയ്ക്ക് വച്ച് വിദ്യാഭ്യാസം നിർത്തുന്നവരാണ് ഭൂരിഭാഗവും. പ്രാഥമിക വിദ്യാഭ്യാസത്തിനായി കുട്ടികളിൽ മുഴുവൻ പേരും സ്കൂളിൽ പോകുന്നുണ്ടെങ്കിലും കുടുംബപശ്ചാത്തലങ്ങളും മറ്റ് സാഹചര്യങ്ങളും മൂലം അവരെ വിദ്യാഭ്യാസ കാര്യത്തിൽ നിന്നും അകറ്റുന്നു. ഈ വിഭാഗത്തിൽപ്പെട്ട 50 വയസ്സിന് താഴെയുള്ളവരിൽ ഭൂരിഭാഗം പേരും സാക്ഷരരാണ്. പട്ടികജാതി/വർഗ്ഗത്തിൽ പെട്ടവരിൽ സ്വന്തം വീടും, സ്ഥലവും ഇല്ലാത്തവർ ഏകദേശം 125-ഓളം കുടുംബങ്ങളും വരും. ഇവർ കനാൽ പുറമ്പോക്കിലും, വഴിവക്കിലുമായി കുടിലുകൾ കെട്ടി കഴിഞ്ഞുകൂടുന്നു. പഞ്ചായത്തിൽ ബഹുജന സംഘടനകളുടെ ഉത്തരവാദിത്വപ്പെട്ട സ്ഥാനങ്ങളിൽ ഇവരിൽ പലരും പ്രവർത്തിക്കുന്നുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, ഹരിജൻ വെൽഫയർ സൊസൈറ്റി എന്നിവയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി ധനസഹായം ലഭിക്കുന്നുണ്ട്.

കലാ- കായിക, സാമൂഹിക, സാംസ്കാരിക രംഗങ്ങളിൽ ഈ വിഭാഗക്കാർ തനതായ വ്യക്തിമുദ്ര പതിപ്പിക്കുന്നു. ഇവരുടെ സാമൂഹിക പദവി കഴിഞ്ഞ കാലങ്ങളിൽ നിന്നും വളരെയധികം ഉയർന്നിട്ടുണ്ട്. ഈ വിഭാഗത്തിൽ പെട്ടവരുടെ വീടുകളിൽ വിവാഹ ചടങ്ങുകളിലേയും മറ്റുപരിപാടികളിലും മറ്റു സമുദായത്തിൽപ്പെട്ടവർ ധാരാളം പേർ പങ്കെടുക്കുകയും അവരുടെ വീടുകളിൽ നിന്നും ഭക്ഷണം കഴിക്കുകയും ചെയ്യാറുണ്ട്.

നടപ്പുപദ്ധതികൾ

പട്ടികജാതി - പട്ടികവർഗ്ഗക്കാർക്ക് ബ്ലോക്കിൽ നിന്നും വീടിനും സഹായധനം ലഭിച്ചവർ 6

IRDP വായ്പകൾ	16
കക്കൂസ് സഹായധനം ലഭിച്ചവർ	10
കൈത്തൊഴിൽ സഹായധനം ലഭിച്ചവർ	16

പ്രശ്നങ്ങൾ

1 ഹരിജനങ്ങൾ തിങ്ങിപാർക്കുന്ന സ്ഥലങ്ങളിൽ വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങൾ ഇല്ല.

2 വിദ്യാഭ്യാസപരമായ ഉയർച്ചയില്ലായ്മ ഇവരുടെ തൊഴിൽപരമായ പിന്നോക്കാവസ്ഥയും ജീവിത പുരോഗതിയും തടസ്സം നിൽക്കുന്നു.

3 ഹരിജനങ്ങൾ കൂലിവേലക്കാരും, കൈത്തൊഴിലുകാരും, കർഷകരുമായതു കൊണ്ട് ഇവർക്ക് അർഹതപ്പെട്ട വേതനം ലഭിക്കാറില്ല. ഇതു മൂലം ഇവർക്ക് പട്ടിണിയും, ദാരിദ്ര്യവും കൂടുതലായി അനുഭവപ്പെടുന്നു.

4 അന്ധവിശ്വാസങ്ങൾക്കും, അനാചാരങ്ങൾക്കും ഇക്കൂട്ടർ ഒരുപരിധി വരെ കീഴ്പ്പെട്ടിട്ടുണ്ട്. ഇതോടൊപ്പം തന്നെ ഇവർക്കുവേണ്ടിയുള്ള പല പദ്ധതികളെക്കുറിച്ചും, അവകാശങ്ങളെക്കുറിച്ചും ഇക്കൂട്ടർ ബോധവാന്മാരല്ല.

ഈ പ്രശ്നങ്ങളെക്കുറിച്ച് ഇവരെ ബോധവൽക്കരിക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളണം കൂടാതെ ഇവരെ ഉദ്ധരിക്കുന്നതിന് എല്ലപ്പുത്തിൽ നടപ്പിലാക്കുവാൻ സാധിക്കുന്നതും കാര്യക്ഷമതയുമുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കണം.

നിർദ്ദേശങ്ങൾ

1 ഹരിജനങ്ങൾക്ക് വിദ്യാഭ്യാസം, പാർപ്പിടം വസ്ത്രം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

2 പട്ടികജാതി/വർഗ്ഗത്തിൽപ്പെട്ടവരെ ബോധവാന്മാരാക്കുന്നതിനായി സെമിനാറുകൾ, ചർച്ചാക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കണം.

3 പട്ടികജാതി/വർഗ്ഗ ക്ഷേമ സഹകരണ സംഘം രൂപീകരിക്കുക.

4 ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കുക. (സർക്കാർതല പദ്ധതികൾ, തൊഴിൽപരമായി സാമ്പത്തിക സഹായങ്ങൾ, തൊഴിൽ പരിശീലനം.)

5 കോളനികൾ കേന്ദ്രീകരിച്ച് സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കുക. ടെലിവിഷൻ, റേഡിയോ, വാർത്താപത്രങ്ങൾ, പുസ്തകങ്ങൾ എന്നിവ നൽകുക.

6 വിദ്യാർത്ഥികൾക്കുള്ള ലംപ്സംഗ്രാന്റ് വർദ്ധിപ്പിച്ച് കുട്ടികൾക്ക് ഉയർന്ന വിദ്യാഭ്യാസം നൽകുന്നതിന് പ്രോത്സാഹനം നൽകുക.

7 പ്രാഥമിക ആവശ്യങ്ങളായ കുടിവെള്ളം, വൈദ്യുതി, പാർപ്പിടം, കക്കൂസ്, ആരോഗ്യം എന്നീ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

8 പഞ്ചായത്തിൽ ഹരിജനങ്ങൾക്കായി ഒരു പൊതുശ്മശാനം സ്ഥാപിക്കുക.

9 കനാൽ പുറമ്പോക്കിലും, റോഡ് പുറമ്പോക്കിലും താമസിക്കുന്ന കുടുംബങ്ങൾക്ക് 4 സെന്റ് സ്ഥലം വീതം നൽകി അവക്ക് വീട് പണിത് കൊടുക്കുക.

10 തൊഴിൽ പരിശീലനകേന്ദ്രം തുടങ്ങി അവിടെ ടൈപ്പ്റൈറ്റിംഗ്, തയ്യൽ ക്ലാസ്സ്, റെഡിമെയ്ഡ് ഉടുപ്പ് നിർമ്മാണം. മുതലായവ അരംഭിക്കുക.

11 വനിതകൾക്കായി പഞ്ചായത്തിൽ ഒരു മഹിളാ സമാജം സ്ഥാപിച്ച് അവർക്ക് സാമ്പത്തിക സഹായം നൽകുക.

12 വൈദ്യുതി ഇല്ലാത്തവക്ക് സൗജന്യനിരക്കിൽ വൈദ്യുതി കണക്ഷൻ നൽകുക.

13 കോളനികൾക്ക് ശുചീകരണ പ്രവർത്തനം ഏർപ്പെടുത്തുക.

14 നിലവിലുള്ള പട്ടികജാതി/വർഗ്ഗക്കാരുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി കിണറുകൾ ഇല്ലാത്തവർക്ക് കിണറുകൾ കുഴിക്കുവാനുള്ള സാമ്പത്തിക സഹായം അനുവദിക്കുക.

15 ചികിത്സയ്ക്കും, വിവാഹത്തിനും സാമ്പത്തിക സഹായം ഏർപ്പെടുത്തുക.

16 വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആശ്രിതർക്ക് ധനസഹായം നൽകുക.

17 കുട്ടികൾക്ക് നെഴ്സറി സ്കൂൾ സ്ഥാപിക്കുക.

18 സാമൂഹ്യപരമായ ഉന്നമനത്തിന് മിശ്രവിവാഹത്തെ പ്രോത്സാഹിപ്പിക്കുക.

വിഭവ സമാഹരണം

എറണാകുളം ജില്ലയിലെ വരുമാനം കുറഞ്ഞ പഞ്ചായത്തുകളിൽ ഒന്നാണ് മഞ്ഞപ്ര. ചുരുങ്ങിയ കെട്ടിട നികുതി, തൊഴിൽ നികുതി, വിനോദ നികുതി, സർക്കാരിൽ നിന്നുള്ള നികുതി വിഹിതം സർക്കാർ ഗ്രാൻറുകൾ എന്നിവ മാത്രമാണ് വരുമാനം.

1	മൊത്തം പഞ്ചായത്തിന്റെ വരുമാനം	12,98285 – 20
2	തനതു വരുമാനം	5,07048 – 00
3	നികുതിയേതര വരുമാനം	7,91237 – 00
	ഗ്രാൻറുകൾ ആകെ	7,84569 – 00
1	അൺടൈഡ് ഫണ്ട്	2,11740 – 00
2	J. R. Y	1,50000 – 00
3	പ്രത്യേക ഫണ്ട്	2,75000 – 00
4	എസ്റ്റാബ്ലിഷ്മെൻറ് ഗ്രാൻറ്	46549 – 00

ചിലവ്

1	എസ്റ്റാബ്ലിഷ്മെൻറ്	3,32709 – 00
2	പൊതുമരാമത്ത്	2,23889 – 00

പഞ്ചായത്തിലെ പൊതുമരാമത്ത് പണികൾ പഞ്ചായത്ത് നേരിട്ടും, ടെണ്ടർ മുഖേനയുമാണ്. പ്രത്യേക്ഷ ഉല്പാദന മേഖലയിൽ പഞ്ചായത്ത് 2 ലിഫ്റ്റ് ഇറിഗേഷനുകൾ പണി തീർത്തിട്ടുണ്ട്. പഞ്ചായത്തിന് നിലവിൽ സർക്കാർ ഏജൻസികളിൽ നിന്നും വായ്പ ഒന്നും ഇല്ല..

പഞ്ചായത്തിന് ഇതുവരെ ഉണ്ടായിരുന്ന ധനകാര്യ അവകാശങ്ങൾ വളരെ പരിമിതമാണ്. പുതിയ പഞ്ചായത്ത് രാജിൽ നിരവധി അധികാരങ്ങൾ ഗ്രാമപഞ്ചായത്തുകൾക്ക് നല്ല തോതിൽ നിശ്ചിത തുകയിൽ കൂടുതൽ ചിലവ് ചെയ്യണമെങ്കിൽ പ്രത്യേക അനുമതി വേണമെന്നുള്ളത് പല കാര്യങ്ങൾക്കും കാലതാമസം ഉണ്ടാക്കുന്നു. സംസ്ഥാന ഫിനാൻസ് കമ്മീഷനേറയും ഓഡിറ്റ് കമ്മീഷനേറയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സാരമായ മാറ്റങ്ങൾ പ്രതീക്ഷിക്കുന്നു. ചട്ടങ്ങളിലും അവകാശങ്ങളിലും കാതലായ മാറ്റങ്ങൾ ആവശ്യമാണ്.

പഞ്ചായത്ത് പ്രദേശത്തെ ധനകാര്യ സ്ഥാപനങ്ങൾ

1 വാണിജ്യ ബാങ്കുകൾ

മഞ്ഞപ്രയിൽ ഏകവാണിജ്യ ബാങ്ക് ഫെഡറൽ ബാങ്കിന്റെ ശാഖയാണ്. പഞ്ചായത്തിലെ 4, 5, 6, 7, 8 എന്നീ വാർഡുകളിൽ മാത്രമാണ് ഈ ബാങ്ക് വായ്പ നൽകുന്നത്. IRDP കാർഷിക വായ്പ, ദുർബല വിഭാഗങ്ങൾക്കുള്ള വായ്പ എന്നിവ കൊടുക്കുന്നതിൽ പലപ്പോഴും ബാങ്ക് വിമുഖത കാണിക്കുന്നുണ്ട്. ഈ പഞ്ചായത്തിലെ ജനങ്ങളിൽ ഭൂരിപക്ഷത്തിന്റെയും നിക്ഷേപങ്ങളും ഈ ബാങ്കിലാണ്. ഈ പഞ്ചായത്തിലെ 8 വാർഡുകളും ബാങ്കിന്റെ പരിധിയിൽ കൊണ്ടുവരാൻ നടപടി വേണം.

2 മഞ്ഞപ്ര സർവ്വീസ് സഹകരണ ബാങ്ക്

സഹകരണ മേഖലയിലെ ഏക ധനകാര്യ സ്ഥാപനമാണ് ഈ ബാങ്ക്. കാർഷിക മേഖലയ്ക്ക് ഈ ബാങ്ക് ഊന്നൽ നൽകുന്നില്ല കാർഷിക വായ്പകളും പലതും ചില ഇടത്തരം ബിസിനസുകാർക്കു നൽകുന്നത് ഗുണകരമല്ല. കൃഷിഭവൻ വഴിയുള്ള കിണർ, മോട്ടോർ എന്നിവയ്ക്ക് നൽകുന്ന സബ്സീഡി സഹകരണബാങ്ക് വഴി വേണമെന്ന് നിഷ്കർഷയുണ്ടെങ്കിലും ബാങ്ക്വായ്പ നൽകാത്തതിനാൽ പലർക്കും ഈ ആനുകൂല്യം കിട്ടുന്നില്ല. 6406 അംഗങ്ങളുള്ള ഈ സ്ഥാപനം പ്രാദേശിക മേഖലയ്ക്ക് പ്രാധാന്യം നൽകേണ്ടതുണ്ട്. ഇതിനുള്ള പ്രത്യേക സ്കീമുകളും തയ്യാറാകണം. പൊതുനിക്ഷേപം..... ശതമാനമാണ് ഇത് സംസ്ഥാനത്തെ ഈ രംഗത്തെ ശതമാനത്തേക്കാളും കൂടുതലാണ്.

സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ

10 ഓളം സ്വർണ്ണ പണയത്തിൽ വായ്പ നൽകുന്ന സ്വകാര്യധന ഇടപാട് സ്ഥാപനങ്ങളും ഇവിടെയുണ്ട്. ഈ സ്ഥാപനങ്ങളിലെ ഇടപാടുകാർ പലരും ദുർബല വിഭാഗത്തിൽപ്പെട്ടവരാണ്. വാണിജ്യ ബാങ്കുകളെക്കാളും ഉയർന്ന പലിശയ്ക്ക് പണം കൊടുക്കുന്ന ഇത്തരം സ്ഥാപനങ്ങളിൽ ചിലർ നിക്ഷേപങ്ങളും ഇടുന്നുണ്ട്.

ഗൾഫ് മലയാളികളുടെ സ്ഥിതി

ഈ പഞ്ചായത്ത് പ്രദേശത്തുനിന്നും വിദേശത്ത് പോയി ജോലി ചെയ്യുന്നവർ കുറച്ചുപേരുണ്ട്. പലരും തിരിച്ച് ഓരോ മേഖലകളിൽ സ്വയംതൊഴിൽ കണ്ടെത്താൻ ശ്രമിക്കുന്നുണ്ട്. ഇവരുടെ നിക്ഷേപങ്ങളും വാണിജ്യബാങ്ക്, സഹകരണബാങ്ക് എന്നിവയിലുണ്ട്.

സന്നദ്ധ പ്രവർത്തനത്താൽ നടത്താവുന്ന വികസന പ്രവർത്തനങ്ങളുടെ സാദ്ധ്യത

ഈ പഞ്ചായത്തിലെ 800 ഓളം ചെറുപ്പക്കാരുടെ അദ്ധ്വാനശേഷി സന്നദ്ധപ്രവർത്തനത്തിൽ ഉപയോഗിക്കാവുന്നതാണ്. നവംബർ 1 ന് ഈ സന്നദ്ധ പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിലെ 8 വാർഡുകളിലും തുടക്കമിട്ടു. ആയിരക്കണക്കിന് രൂപയുടെ അദ്ധ്വാനശേഷിയാണ് ഈ പ്രവർത്തനത്തിൽ കൂടി വിനിയോഗിച്ചത്. ഇനിയും ഈ പ്രവർത്തനങ്ങൾ നടത്താൻ യുവാക്കൾ തയ്യാറാണ്.

നാട്ടുകാരുടെ സംഭാവന

പൊതുസംഭാവനകൾ ശേഖരിച്ച് ഈ പഞ്ചായത്തിലെ സ്കൂൾ PTA കമ്മിറ്റികളും കാർഷികസമിതികളും ചില വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

പരിഹാരങ്ങൾ

1 പഞ്ചായത്തിന്റെ വരുമാന സാധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തൽ

2 പഞ്ചായത്തിലെ ചെറുതും വലുതുമായ സ്ഥാപനങ്ങൾക്കും ലൈസൻസ് ബാധകമാക്കുക.

3 ബഹുനില കെട്ടിടങ്ങൾക്ക് നികുതി വർദ്ധിപ്പിക്കുക.

4 പുതിയ വ്യവസായ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുക.

5 പഞ്ചായത്തിലെ ഭരണചിലവിലെ വർദ്ധനവ് കുറയ്ക്കുക.

6 കോൺട്രാക്ടർമാരും മറ്റ് ഇടത്തട്ടുകാരും തട്ടിയെടുക്കുന്ന അമിതലാഭം കുറയ്ക്കാൻ ഗ്രാമസഭകൾ നേരിട്ട് പണി നടത്തുക.

വികസന റിപ്പോർട്ട്

7 നികുതിപിരിവ് കാര്യക്ഷമമാക്കാൻ നികുതി പിരിവിലെ വെട്ടിപ്പ് തടയൽ

8 പുതിയ മേഖലയിൽ ചാർജ് ഈടാക്കൽ

9 നികുതിയുടെ മിനിമം നിരക്ക് ഉയർത്തുന്നതിനുള്ള നടപടി

10 സന്നദ്ധ പ്രവർത്തനങ്ങളും കൂടുതൽ കാര്യക്ഷമമാക്കൽ

11 വിദ്യാഭ്യാസ ആരോഗ്യരംഗത്തുള്ള പ്രവർത്തനങ്ങൾക്ക് പൊതുജനങ്ങളിൽ നിന്ന് നിധികളും സ്വരൂപിയ്ക്കൽ

12 ധനകാര്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള സ്കീമുകൾ തയ്യാറാക്കാൻ പ്രത്യേക സംവിധാനം.

13 പഞ്ചായത്തിന് ഒരു ക്രെഡിറ്റ് പ്ലാൻ.

14 പഞ്ചായത്തിന്റെ ചിലവുകൾ ലഘൂകരിക്കാൻ കണക്കുകൾ അച്ചടിച്ച് ഗ്രാമസഭയിൽ അവതരിപ്പിക്കുക.

15 സന്നദ്ധ സംഘടനകൾക്കുള്ള സഹായ പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുക.

16 ആഡംബര കെട്ടിടങ്ങൾക്ക് സർചാർജ് ഏർപ്പെടുത്തുക.

17 ഭൂക്രയ വിക്രയത്തിന്റെ ശതമാനം പഞ്ചായത്തിന് നൽകുക.

18 സന്നദ്ധ സംഘടനകൾക്ക് നബാർഡിന്റെ സഹായം കിട്ടുന്നതിന് ഏർപ്പാട് ചെയ്യുക.

ഉപസംഹാരം

ഗ്രാമസഭകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളും സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമായ വിവരങ്ങളുമാണ് ഈ റിപ്പോർട്ടിനാധാരം. ഗ്രാമസഭകളിലെ മിക്ക ഗ്രൂപ്പുകളും പരാതികൾ ഉന്നയിക്കാനാണ് താൽപ്പര്യം കാണിച്ചത്. പ്രായോഗികമായ പരിഹാര നിർദ്ദേശങ്ങളാണ് പദ്ധതി രൂപീകരണത്തിന് ആവശ്യം. ഈ രീതിയിൽ ഗൗരവമായ ഒരു ചർച്ചയും, ചിന്തയും ഉണ്ടാകാത്തതിനാലാണെന്നു കരുതണം, പ്രശ്നങ്ങൾക്ക് തനതായ പരിഹാര നിർദ്ദേശങ്ങൾ ഉണ്ടായിക്കണ്ടില്ല. പഠനപര്യടന ഗ്രൂപ്പിന് പ്ലാനിംഗിനും നിർവ്വഹണത്തിനും റിപ്പോർട്ടിംഗിനും വേണ്ടത്ര സമയവും സാവകാശവും ജനപങ്കാളിത്തവും ലഭ്യമാകാഞ്ഞതിനാൽ ഈദിശയിൽ ഒരു ഉണർത്തലുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. വകുപ്പുകളിൽ നിന്നുള്ള വിവരശേഖരണവും അപൂർണ്ണമാണ്. ഈ പരിമിതികൾ ഉൾക്കൊണ്ടുകൊണ്ട് ശരിയായ ദിശാബോധത്തോടെയുള്ള ചർച്ചകൾ ഓരോ വിഷയത്തിലും സെമിനാറിലുണ്ടായാലേ ജനകീയമായ ഒരു പദ്ധതിക്ക് രൂപം നൽകാനാവൂ. ചർച്ചയെ തുടർന്നുണ്ടാകുന്ന നിർദ്ദേശങ്ങൾ ക്രോഡീകരിച്ചുള്ള അനുബന്ധം അച്ചടിക്കുകയും വേണം.

9–ാം പദ്ധതി രൂപപ്പെടുത്താനുള്ള അതിബൃഹത്തായ പരിപാടിയാണ് സംസ്ഥാന ആസൂത്രണ ബോർഡ് നടപ്പാക്കികൊണ്ടിരിക്കുന്നത്. ഭാരിച്ച ഉത്തരവാദിത്തമാണ് ജനപ്രതിനിധികളായ ഞങ്ങളിൽ നിക്ഷിപ്തമായിട്ടുള്ളത്. ആ ഉത്തരവാദിത്വം നിറവേറ്റുന്നതിൽ ഈ വികസന റിപ്പോർട്ട് ചെറിയ തോതിലെങ്കിലും സഹായിക്കുമെന്ന പ്രതീക്ഷയോടെ.....

പഞ്ചായത്ത് ഭരണസമിതി

അധികാരം ജനങ്ങളിലേയ്ക്ക്.....

ജനകീയാസൂത്രണ പ്രസ്ഥാനം

"ഭാരതത്തിന്റെ ആത്മാവ് ഗ്രാമങ്ങളിലാണ്,
ഗ്രാമങ്ങൾ ഉണരാതെ രാഷ്ട്രം പുരോഗതി
നേടുകയില്ല."

മഹാത്മാഗാന്ധി

പങ്കെടുക്കുക.....വിജയിപ്പിക്കുക.....

മഞ്ഞപ്ര ഗ്രാമപഞ്ചായത്ത്
ജനകീയാസൂത്രണ സമിതി

ഏയ്ഞ്ചൽ പ്രിന്റേഴ്സ് & സ്ക്രീൻ പ്രിന്റിംഗ് ചന്ദ്രപ്പുര, മഞ്ഞപ്ര.